

# നബിതിരുമേനി
## മാനവികതയുടെ പ്രവാചകൻ

ബി. എ. ഹമീദ് പഴയങ്ങാടി

അവലംബം : **Life and Teachings of holy prophet** (SAS)

**By ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)**

# ON THE BOOK

This book is a free rendering into Malayalam of the great work,The Life and Teachings of the Holy Prophet Muhammed (Peace and blessings be upon him) by Hazrat Khalifatul Masih II

The author Late B A Hamid Sahib of Payangadi, Kerala took time andenergy off from his manifold dutiesas a Central Goverment Servant to see this blessed work is completed. May Allah bless his soul with his beneficent rewards.

ISLAM INTERNATIONAL PUBLICATION, KERALA.

# നബിതിരുമേനി ﷺ

## മാനവികതയുടെ പ്രവാചകൻ

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

സ്വതന്ത്ര വിവർത്തനം

ബി. എ. ഹമീദ് പഴയങ്ങാടി

അവലംബം: Life and Teachings of Holy Prophet (SAS)

ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള

**NABITHIRUMENI MANAVIKATHAYUDE PRAVACHAKAN**
Courtesy : Life and Teachings of Holy Prophet Muhammad (SAS)

By **HADRAT MIRZA BASHEERUDDEEN MAHMOOD AHMAD (R)**

Translation: B. A. HAMEED PAYANGADI

Published by : Ahmadiyya Muslim Jama'ath
Ernakulam Zone, Masjid Umar, St. Benedict Road,
Ernakulam North,Kochi-682018

For: Islam International Publications, Kerala
Fort Road, Kannur-670001

Layout & Typeset: C.Zameem

Cover Design: Ashraf

Printed at :Anaswara Offset, Ernakulam- 682026

| | | | |
|---|---|---|---|
| 1 st | Edition 1994 | Copies | 2000 |
| 2 nd | Edition 2006 | Copies | 5000 |
| 3 rd | Edition Nov 2012 | Copies | 8000 |
| 4 th | Edition Dec 2012 | Copies | 5000 |

Price 50/-

# അവതാരിക

ലോകാനുഗ്രഹിയായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിക്കെതിരിൽ ചില കുബുദ്ധികൾ ഈയിടെയായി നടത്തിയ അധിക്ഷേപങ്ങൾ തികച്ചും പ്രതിഷേധാർഹമാണ്. മനുഷ്യ മനസ്സുകളിൽ സൂര്യതേജസ്സോടെ നിൽക്കുന്ന പരിശുദ്ധ പ്രവാചകന്റെ വ്യക്തിത്വത്തിന് ഇത് യാതൊരു കളങ്കവും വരുത്തില്ലെങ്കിലും സുമനസ്സുകളെ വേദനിപ്പിക്കാൻ പോരുന്ന ഒരു പ്രക്രിയയാണ് ഇക്കൂട്ടരുടേത്. ഈ സാഹചര്യത്തിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനിയുടെ യശസ്സ് മുഴുലോകത്തിലും എത്തിക്കുക എന്ന ഉദ്യമത്തിനു വേണ്ടി ദൈവനിയോഗിതനായ ഹദ്റത്ത് അഹ്മദ് (അ)നാൽ സ്ഥാപിതമായ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് തങ്ങളുടെ സർവ്വ കഴിവുകളും ഇതിനുവേണ്ടി വിനിയോഗിച്ചുകൊണ്ടിരിക്കുകയാണ്. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഇപ്പോഴത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) തന്റെ പ്രഭാഷണങ്ങളിലൂടെയും ജുമുഅ ഖുത്ബകളിലൂടെയും അഹ്മദിയ്യാ സമൂഹത്തിന് അഹ്വാനം നൽകിക്കൊണ്ടിരിക്കുന്നത്, നിങ്ങൾ നിങ്ങളുടെ എല്ലാ കഴിവുകളും ഉപയോഗപ്പെടുത്തിക്കൊണ്ട് ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ) തിരുമേനിക്കെതിരെയുള്ള ആക്ഷേപങ്ങളെ പ്രതിരോധിക്കുകയും നബിതിരുമേനി(സ)യുടെ അന്യൂനമായ വ്യക്തിത്വത്തിന്റെ ചരിത്രം മുഴുവൻ മനുഷ്യകുലത്തിലേക്കും എത്തിക്കുകയും ചെയ്യുക എന്നതാണ്. ഇതിന്റെ ഭാഗമായി ലോകത്തെങ്ങുമുള്ള അഹ്മദികൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും പുസ്തക, പ്രഭാഷണങ്ങളിലൂടെയും നബിതിരുമേനി(സ)യുടെ ഉന്നത വ്യക്തിത്വം ലോകത്തിന് മസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ പല ജില്ലകളിലും സൗജന്യ നിരക്കുകളിലും തികച്ചും സൗജന്യമായിതന്നെയും നബിതിരുമേനി(സ)യുടെ ജീവചരിത്ര ഗ്രന്ഥം അഹ്മദീ മുസ്ലിംകൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എറണാകുളം മേഖല നബിതിരുമേനി(സ)യുടെ ലഘു ജീവചരിത്രം “നബി തിരുമേനി മാനവികതയുടെ പ്രവാചകൻ ” എന്ന പേരിൽ പ്രസിദ്ധീകരിക്കുകയാണ്. സൗജന്യ നിരക്കിൽ ലഭ്യമാക്കിയിട്ടുള്ള ഈ പുസ്തകം മനുഷ്യകുലത്തിന് ഉത്തമ മാതൃകയായ നബിതിരുമേനി (സ) യുടെ മഹനീയ ജീവിതത്തെക്കുറിച്ച് പഠിക്കാനാഗ്രഹിക്കുന്നവർക്ക് ഒരു തുടക്കം മാത്രമേ ആകുന്നുള്ളൂ. ഈ ഉദ്യമത്തിന് എല്ലാവിധ ദൈവികാനുഗ്രഹവും ഉണ്ടാകണമേ എന്ന് സർവ്വശക്തനോട് പ്രാർഥിക്കുന്നു.

ബി. ബി. അഹ്മദ് കബീർ
മേഖലാ അമീർ, എറണാകുളം

# നബിതിരുമേനി(സ)യെക്കുറിച്ച്
## ഹദ്റത്ത് അഹ്മദ്(അ)പറയുന്നു:

''ഞാൻ എപ്പോഴും അദ്ഭുത ദൃഷ്ടികളോടാണ് നോക്കിക്കാണുന്നത്. 'മുഹമ്മദ്' എന്ന് പേരുള്ള ഈ അറബി പ്രവാചകൻ (ആയിരം സലാത്തും സലാമും അവിടുത്തെ മേൽ വർഷിക്കട്ടെ!) എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽ പെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുന്ന വിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്ത് നിന്ന് തികച്ചും അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏക ദൈവവിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചു കൊണ്ട് വന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്ന് ദൈവത്തോട് അങ്ങേയറ്റം സ്നേഹം പുലർത്തി. മനുഷ്യ കുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപ്പണം ചെയ്തു."(റൂഹാനീ ഖസായിൻ, ഹഖീഖത്തുൽ വഹ്യ്)

"ഞാൻ എന്റെ നേതാവും യജമാനനും പ്രവാചകമകുടമണിയും മനുഷ്യകുലോത്തമനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)തിരുമേനിയുടെ കാല്പാടുകളെ പിന്തുടർന്നില്ലായിരുന്നെങ്കിൽ ഈ അനുഗ്രഹങ്ങളൊന്നും എനിക്ക് കൈവരിക്കാൻ കഴിയുമായിരുന്നില്ല. ഞാൻ നേടിയതത്രയും അവിടത്തെ പിന്തുടർച്ച മൂലം നേടിയവയത്രെ. ആ നബി ശ്രേഷ്ഠനെ പിൻപറ്റാതെ ദൈവപ്രാപ്തി കൈവരിക്കുകയും ദിവ്യജ്ഞാനത്തിന്റെ അംശം സമ്പാദിക്കുകയും ചെയ്യുവാൻ യാതൊരാൾക്കും സാധിക്കുകയില്ലെന്നു സത്യവും സമ്പൂർണവുമായ ജ്ഞാനം മുഖേന ഞാൻ മനസ്സിലാക്കുന്നു." (റൂഹാനീ ഖസായിൻ, വാള്യം 22 ഭാ:64,65, ഹഖീഖത്തുൽ വഹ്യ്)

"എല്ലാ പ്രവാചകന്മാരുടെയും ശ്രേഷ്ഠതകൾ നബി(സ) തിരുമേനിയിൽ സമ്മേളിച്ചിരിക്കുന്നു... മുഹമ്മദ് എന്ന പേര് തന്നെ ഇതിലെക്കാണ് വിരൽ ചൂണ്ടുന്നത്. അതിന്റെ അർഥം എറ്റവുമധികം സ്തുതിക്കപ്പെട്ടവൻ എന്നത്രെ."( റൂഹാനീ ഖസായിൻ, വാള്യം 5, ഭാ:343, ആയിനെ കമാലാത്തെ ഇസ്ലാം)

## ഉള്ളടക്കം


കുട്ടിക്കാലം ........................................................................ 7
മാതാവിന്റെ വിയോഗം ........................................................ 8
വിവാഹം ............................................................................ 10
അടിമകൾ മോചിതരാവുന്നു ............................................ 10
ദിവ്യ ബോധനം .................................................................. 11
പുതിയ സംഭവം ................................................................. 13
നഗരം എതിർപ്പിന്റെ മുഖം കാണിക്കുന്നു .................. 14
നബി(സ)തിരുമേനിയുടെ സമീപന രീതി ................. 15
അധ്യാപനങ്ങൾ ................................................................. 17
അഭയാർത്ഥികളായി അബിസീനിയയിലേക്ക് ............ 18
മക്കയിലെ ഇരുണ്ട ദിനങ്ങൾ ......................................... 20
പ്രലോഭനങ്ങൾ, വാഗ്ദാനങ്ങൾ ..................................... 21
ഉപരോധവും ബഹിഷ്കരണവും .................................. 21
ത്വായിഫ് യാത്ര .................................................................. 23
ഇസ്ലാം മദീനയിൽ ........................................................... 24
ഹിജ്റത്ത് ........................................................................... 24
മദീനയുടെ രാജാവ് ......................................................... 25
തിരുനബി(സ)യുടെ അധ്യാപനങ്ങൾ ......................... 26
മക്കക്കാരുടെ ശത്രുത ..................................................... 29
ഉഹ്ദ് യുദ്ധവും അനുയായികളുടെ വിശ്വാസവും .... 30
ഹുനൈൻ സംഭവം ........................................................... 32
യുദ്ധത്തിൽ പാലിക്കപ്പെടേണ്ട നിയമങ്ങൾ ............... 34
മക്കക്കാരോട് ദാക്ഷിണ്യം ............................................... 34
വ്യക്തിത്വവും സ്വഭാവവും ............................................... 34
ഹൃദയശുദ്ധിയും വൃത്തിയും .......................................... 36
ലളിതമായ ജീവിതം .......................................................... 37
അല്ലാഹുവുമായുള്ള ബന്ധം .......................................... 44
ആത്മപീഡനം ഇസ്ലാമികമല്ല ....................................... 54
ഉദാത്തമായ ധാർമ്മികഗുണങ്ങൾ ................................ 57
നബി(സ)തിരുമേനിയുടെ ആത്മനിയന്ത്രണം .......... 59
നീതിയും ന്യായവും .......................................................... 61

സാധുസംരക്ഷണം ........................................................ 64
ദരിദ്രരുടെ താല്പര്യസംരക്ഷണം .............................. 68
അടിമകളെ പരിചരിക്കൽ ............................................ 69
സ്ത്രീകളോടുള്ള പെരുമാറ്റം ........................................ 71
പരേതരോടുള്ള കടപ്പാടുകൾ ....................................... 76
അയൽവാസികളോടുള്ള പെരുമാറ്റം ........................... 76
ബന്ധുപരിചരണം ......................................................... 78
നല്ല സംസർഗ്ഗം............................................................. 81
ജനങ്ങളുടെ വിശ്വാസം സംരക്ഷിക്കൽ...................... 82
മറ്റുള്ളവരുടെ തെറ്റുകൾ അവഗണിക്കൽ ................... 82
സഹിഷ്ണുത ................................................................... 85
പരസ്പര സഹകരണം .................................................. 86
സത്യസന്ധത ................................................................ 87
അതിജിജ്ഞാസ ............................................................. 90
തുറന്ന മനസ്സോടെയുള്ള പെരുമാറ്റം .......................... 90
ദോഷൈകദൃഷ്ടിത്വം ..................................................... 91
മൃഗങ്ങളോടുള്ള ക്രൂരത .................................................. 91
മതകാര്യങ്ങളിലുള്ള സഹിഷ്ണുത ............................ 93
ധീരത ............................................................................ 93
സംസ്കാരരഹിതരുടെ നേരെയുള്ള പരിഗണന ..... 94
പ്രതിജ്ഞ പൂർത്തിയാക്കൽ .......................................... 94
മനുഷ്യ സേവകരോടുള്ള പരിഗണന ........................ 94

بسم الله الرحمن الرحيم نحمده ونصلى على رسوله الكريم

# നബിതിരുമേനിﷺ മാനവികതയുടെ പ്രവാചകൻ

## കുട്ടിക്കാലം

അറേബ്യാരാജ്യത്ത്, മക്കാപട്ടണത്തിൽ പതിനാലു നൂറ്റാണ്ടുകൾക്കുമുമ്പ് ക്രിസ്തുവർഷം 571 ഏപ്രിൽ 20ന് ഒരു ശിശു ജാതനായി. ലോകത്ത് ദിനംതോറും ജനിച്ചുകൊണ്ടിരിക്കുന്ന അനേകം ശിശുക്കളിൽ ഒരു സാധാരണ ശിശു. പക്ഷേ, ഭാവി അതിന്റെ പർദ്ദയ്ക്കുള്ളിൽ ധാരാളം കാര്യങ്ങൾ ഒളിച്ചുവെച്ചിട്ടുണ്ടായിരുന്നു.

ഈ കുട്ടിയുടെ മാതാവിന്റെ പേര് ആമിനയെന്നും പിതാവിന്റെ പേര് അബ്ദുല്ലാഹ് എന്നും പിതാമഹന്റെ പേര് അബ്ദുൽ മുത്തലിബ് എന്നും ആയിരുന്നു. ഈ കുട്ടിയുടെ ജനനം കുടുംബത്തിന് രണ്ട് വ്യത്യസ്ത ഭാവങ്ങൾ ഉളവാക്കി; സന്തോഷവും സന്താപവും. തങ്ങളുടെ കുടുംബത്തിൽ ഒരു കുട്ടി ജനിച്ചിരിക്കുന്നു, ആ നിലയ്ക്ക് തങ്ങളുടെ സന്താനപരമ്പര ലോകത്ത് നിലനിൽക്കുകയും കുടുംബനാമം സുരക്ഷിതമായിത്തീരുകയും ചെയ്യും എന്നുള്ളതായിരുന്നു സന്തോഷം. സന്താപമാകട്ടെ ഈ കുട്ടിയുടെ ജനനം മാതാവിന്ന് തന്റെ സ്നേഹധനനായ ഭർത്താവിന്റെയും പിതാമഹന്ന് തന്റെ വാത്സല്യനിധിയായ പുത്രന്റേയും ദുഃഖസ്മരണകൾ ഉണർത്തിക്കൊണ്ടിരുന്നു എന്നതാണ്. കുട്ടിയുടെ പിതാവ് കുട്ടി ജനിക്കുന്നതിന് ആറുമാസം മുമ്പേ മരിച്ചു. കുട്ടിയുടെ രൂപവും നിഷ്കളങ്കമായ പുഞ്ചിരിയും കൗതുകപൂർണ്ണമായ വീക്ഷണവും എന്നു വേണ്ട കുട്ടിയുടെ എല്ലാ ചലനങ്ങളും കുട്ടിയുടെ പിതാവിനെക്കുറിച്ചുള്ള ഓർമ്മകൾ ഉണർത്തിക്കൊണ്ടിരുന്നു. പക്ഷേ, സന്തോഷം സന്താപത്തെ കീഴടക്കുന്ന കാഴ്ചയാണ് കാണാനായത്. കാരണം കുട്ടിയുടെ ജനനം നിമിത്തം പിതാവിന്റെ നാമം എന്നേക്കുമായി സുരക്ഷിതമായിക്കഴിഞ്ഞു.

പിതാമഹൻ കുട്ടിക്ക് മുഹമ്മദ് എന്ന് പേര് വിളിച്ചു. കുട്ടികളെ വളർത്തുവാനും പാലൂട്ടുവാനും വേണ്ടി ഗ്രാമീണസ്ത്രീകളെ ഏൽപ്പിക്കുക എന്ന ഒരു പതിവ് മക്കയിലുണ്ടായിരുന്നു. നഗരം കുട്ടികൾക്ക് പറ്റിയ

ഒരു സങ്കേതമല്ലെന്ന് അവർ മനസ്സിലാക്കിയിരുന്നു. അവരുടെ ആരോഗ്യം നഗരത്തിൽ ക്ഷയിച്ചുപോകും എന്നും അവർക്ക് ആശങ്കയുണ്ടായിരുന്നു. അവിടെയുള്ള ഗ്രാമീണസ്ത്രീകളുടെ ഒരു പ്രധാന തൊഴിൽ നവജാതശിശുക്കളെ വളർത്തുക എന്നതായിരുന്നു. വളർത്തമ്മമാർക്ക് ധാരാളം പ്രതിഫലം ലഭ്യമാകുമെന്നതാണ് ഈ തൊഴിലിന്റെ ആകർഷണീയത.

മുഹമ്മദ്(സ)ന്റെ ജനനത്തിനുശേഷവും പതിവനുസരിച്ച് ഗ്രാമീണസ്ത്രീകൾ മക്കയിൽ വരികയുണ്ടായി. കുട്ടിയുടെ മാതാവായ ആമിന ഈ സ്ത്രീകളിൽ ആർക്കെങ്കിലും കുട്ടിയെ ഏൽപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ, അവരുടെ ശ്രമം ആ സ്ത്രീകളിൽ പ്രതീക്ഷിച്ച ഫലമുളവാക്കിയില്ല. കുട്ടി അനാഥനാണെന്നും ആ കാരണത്താൽ നിശ്ചിത കാലം കഴിഞ്ഞ് കുട്ടിയെ തിരിച്ചേൽപ്പിക്കുമ്പോൾ തങ്ങൾക്ക് മതിയായ പ്രതിഫലം ലഭിക്കുകയില്ലെന്നും അവർ ന്യായമായും ഊഹിച്ചു. ഭാവിയിൽ രാജാക്കൻമാരുടെ രാജാവും ലോകാനുഗ്രഹിയും ആകാനിരിക്കുന്ന ഈ കുട്ടിയെ, കഷ്ടം എന്നുതന്നെ പറയട്ടെ സർവ്വരും തിരസ്കരിച്ചു. ആരും തന്നെ കുട്ടിയെ ഏറ്റെടുക്കാൻ മുതിർന്നില്ല.

പക്ഷേ, അല്ലാഹുവിന്റെ ശക്തി ആരറിയുന്നു! ഈ അനുഗൃഹീത ശിശുവിന്റെ മാതാവിന്ന് മനസ്സമാധാനമുണ്ടാകുവാനും ശിശു ഗ്രാമത്തിൽ തന്നെ സംരക്ഷിക്കപ്പെടുവാനുമുള്ള ഏർപ്പാടുകൾ നടന്നു കഴിഞ്ഞിരുന്നു.

ഹലീമ എന്ന ഒരു സാധുസ്ത്രീയും ഇതുപോലൊരു അനുഭവത്തിന് വിധേയമായി ദുഃഖത്തോടെ കഴിയുകയായിരുന്നു. അതുകൊണ്ട് ഹലീമയും മറ്റു സ്ത്രീകളെപ്പോലെ നവജാതശിശുക്കളെ തേടിയിറങ്ങി. ഹലീമ ദരിദ്രയായിരുന്നു. ആ നിലയ്ക്ക് അവർക്ക് കുട്ടികളെ ഏൽപ്പിക്കാൻ ആരും തന്നെ മുതിർന്നില്ല. ഒരു ദരിദ്രകുടുംബത്തിൽ തങ്ങളുടെ കുട്ടികൾ വളർന്നുവരാൻ ആരും ഇഷ്ടപ്പെടുകയില്ലല്ലോ. നിരാശയോടെ തിരിച്ചുപോകാൻ തയ്യാറെടുത്ത ഹലീമയ്ക്ക് മുഹമ്മദ് ഒരാശ്വാസമായിമാറി.

## മാതാവിന്റെ വിയോഗം

വളർത്തുകാലം കഴിഞ്ഞപ്പോൾ ധാത്രി ഹലീമ കുട്ടിയെ മാതാവിനെ തിരിച്ചേൽപ്പിച്ചു. ആമിന കുട്ടിയെ മദീനയിലുള്ള ബന്ധുക്കളുടെ അടുത്തേക്ക് കൊണ്ടുപോയി. അവിടെ അല്പകാലം താമസിച്ചശേഷം കുട്ടിയുമായി അവർ മക്കയിലേക്ക് മടങ്ങിവരികയായിരുന്നു. പക്ഷേ, രോഗബാധിതയായ അവർക്ക് മക്കയിലെത്താൻ കഴിഞ്ഞില്ല. വഴിമദ്ധ്യേ അബവാ എന്ന സ്ഥലത്തു വെച്ച് ആമിന നിര്യാതയായി. അതോടെ ആറു

വയസുമാത്രമുള്ള ആ കുട്ടിക്ക് തന്റെ മാതാവിന്റെ സ്നേഹലാളനയും നഷ്ടമായി. പിന്നീട് മുഹമ്മദ്(സ)തിരുമേനിയുടെ സംരക്ഷണം പിതാമഹനായ അബ്ദുൽ മുത്തലിബിന്റെ കീഴിലായി. പക്ഷേ, അതും അധിക കാലം നീണ്ടില്ല. രണ്ടുകൊല്ലം കഴിഞ്ഞ് സ്നേഹധനനായ ആ പിതാമഹനും ജീവിതത്തിൽ നിന്ന് വിടവാങ്ങി. തുടർന്ന് പിതൃവ്യനായ അബൂത്വാലിബ് അദ്ദേഹത്തിന്റെ സംരക്ഷണം ഏറ്റെടുത്തു. ചുരുക്കത്തിൽ പലരുടേയും സംരക്ഷണത്തിലൂടെയായിരുന്നു അദ്ദേഹത്തിന്റെ ബാല്യകാല ജീവിതം.

അദ്ദേഹത്തിന്റെ പോറ്റുമ്മയായ ഹലീമ നിർദ്ധനയായിരുന്നു. മാതാവിന്റെ സംരക്ഷണമാണെങ്കിൽ അദ്ദേഹത്തിന് അധികം ലഭിച്ചതുമില്ല. പിന്നീടദ്ദേഹം വളർന്നതും സമ്പന്നരുടെ വീടുകളിലായിരുന്നില്ല. പിതൃവ്യനായ അബൂത്വാലിബിന്റെ വീട് ഏറെ ദരിദ്രമായിരുന്നു. അവിടെ കൃത്യമായ ഭക്ഷണമോ അതിനുള്ള തൃപ്തികരമായ സംവിധാനമോ ഉണ്ടായിരുന്നില്ല. ഭക്ഷണം മേശപ്പുറത്ത് വിളമ്പി മാന്യമായി കഴിക്കുന്ന രീതിയും അവിടെയുണ്ടായിരുന്നില്ല. ഭക്ഷണസമയത്ത് കുട്ടികളെല്ലാവരും തങ്ങളുടെ മാതാവിന്ന് ചുറ്റും ഒരുമിച്ച് കൂടി ഭക്ഷണത്തിന് വേണ്ടി മുറവിളികൂട്ടുന്ന ഒരവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. തനിക്ക് കൂടുതലെന്ന നിലയിൽ അധികം ഭക്ഷണം തട്ടിപ്പറിക്കാൻ ഓരോരുത്തരും മത്സരിക്കുകയും ചെയ്തിരുന്നു. എന്നാൽ, മുഹമ്മദ് എന്ന ബാലൻ ഒരിക്കലും ഭക്ഷണത്തിനു നേരെ ആർത്തി പ്രകടിപ്പിച്ചിരുന്നില്ലെന്ന് അബൂത്വാലിബിന്റെ പരിചാരിക പറയുമായിരുന്നു. ഭക്ഷണത്തിനു വേണ്ടി മറ്റു കുട്ടികൾ ബഹളം വെക്കുമ്പോൾ തന്റെ ഊഴമനുസരിച്ച് ഭക്ഷണം കിട്ടുന്നതുവരെ മുഹമ്മദ് നിശ്ശബ്ദനായി ഒരു ഭാഗത്ത് അടങ്ങി ഒതുങ്ങിനിൽക്കുകയും പിന്നീട് തനിക്ക് കിട്ടുന്ന ഭക്ഷണം കൊണ്ട് തൃപ്തിപ്പെടുകയും ചെയ്യുമായിരുന്നു.

മുഹമ്മദ്(സ)ന്ന് ഏതാണ്ട് ഇരുപത് വയസ്സായപ്പോൾ അദ്ദേഹം മക്കയിൽ നിലവിലുണ്ടായിരുന്ന ഒരു സാമൂഹിക സംഘടനയിൽ ചേർന്നു. ഏതു സമുദായത്തിൽപ്പെടുന്ന മർദിതനായാലും സഹായം ആവശ്യപ്പെടുന്ന പക്ഷം അവന്റെ അവകാശം അവന് ലഭ്യമാകുന്നതു വരെ സഹായിക്കുമെന്ന് ഈ സംഘടനയിലെ ഓരോ അംഗവും പ്രതിജ്ഞ ചെയ്തിരുന്നു. ഈ പ്രതിജ്ഞയിൽ ഭാഗഭാക്കായ മുഹമ്മദ്(സ) ആരെങ്കിലും അവഗണിക്കപ്പെടുകയോ മർദ്ദിക്കപ്പെടുകയോ ചെയ്തു എന്നറിഞ്ഞാൽ അവിടെ ക്ഷണത്തിൽ സഹായഹസ്തവുമായി ഓടി എത്തുമായിരുന്നു. നീതി നടപ്പാക്കിയെന്ന് ഉറപ്പുവരുത്തിയതിനുശേഷമേ അവിടന്ന് തൃപ്തനായിരുന്നുള്ളു.

## വിവാഹം

അദ്ദേഹത്തിന്റെ സത്യസന്ധതയും വിശ്വസ്തതയും നന്മയും വളരെ പ്രസിദ്ധമായിരുന്നു. ആളുകൾ അദ്ദേഹത്തെ സിദ്ദീഖ് (സത്യസന്ധൻ) എന്നും അമീൻ (വിശ്വസ്തൻ) എന്നും വിളിച്ചു. അദ്ദേഹത്തെക്കുറിച്ചുള്ള ഈ ഖ്യാതി പ്രചരിച്ചപ്പോൾ അദ്ദേഹത്തിന്റെ 25-ാമത്തെ വയസ്സിൽ മക്കയിലെ സമ്പന്നയായ ഒരു തരുണി ഹദ്റത്ത് ഖദീജ(റ) ലാഭത്തിൽ പങ്ക് ചേർക്കാമെന്ന വ്യവസ്ഥയിൽ അദ്ദേഹത്തെ ശാമിലേക്ക് കച്ചവട ത്തിനായി അയച്ചു. ഖദീജയുടെ അടിമ മൈസറത്തും ഈ യാത്രയിൽ അദ്ദേഹത്തെ അനുഗമിച്ചു. അദ്ദേഹത്തിന്റെ സത്യസന്ധത, സ്വഭാവ ശുദ്ധി, വിശ്വസ്തത, സാത്വികത എന്നീ ഗുണങ്ങൾ നിമിത്തം ഹദ്റത്ത് ഖദീജക്ക് മുമ്പൊരിക്കലും കിട്ടാത്തത്ര അധികം ഈ കച്ചവടത്തിൽ ലാഭം കിട്ടി. മുഹമ്മദ്(സ)ന്റെ സൽസ്വഭാവവും സൽപെരുമാറ്റവും കണ്ട് കൂടെപോയ മൈസറത്തിന് അദ്ദേഹത്തെ വളരെയേറെ ഇഷ്ടപ്പെട്ടു. യാത്രാവിവരണങ്ങളും കച്ചവടഫലങ്ങളുമറിഞ്ഞപ്പോൾ ഖദീജയുടെ മനസ്സിൽ അദ്ദേഹത്തെ ക്കുറിച്ച് വലുതായ മതിപ്പുണ്ടായി. ഈ മതിപ്പ് ക്രമേണ സ്നേഹമായി മാറുകയും അവർ തന്റെ ആഗ്രഹം സ്നേഹിത യായ മുൻയയുടെ മകൾ നുഫൈസ മുഖേന മുഹമ്മദ്(സ)നെ അറിയി ക്കുകയും ചെയ്തു. ഖദീജയുടെ വിവാഹാഭ്യർത്ഥന മുഹമ്മദ്(സ) സ്വീക രിച്ചു. അപ്പോൾ അദ്ദേഹത്തിന് 25 വയസ്സായിരുന്നു പ്രായം, ഹദ്റത്ത് ഖദീജയ്ക്ക് 40 വയസ്സും.

## അടിമകൾ മോചിതരാവുന്നു!

വിവാഹശേഷം തനിയ്ക്കുള്ളതെല്ലാം ഭർതൃസന്നിധിയിൽ ഖദീജ സമർപ്പിച്ചു; എല്ലാ അടിമകളും എല്ലാ സമ്പത്തും. ഇതെല്ലാം ഇന്ന് മുതൽ അങ്ങയ്ക്കുള്ളതാണ് അവർ പറഞ്ഞു. ദരിദ്രനായ നബി(സ) തിരുമേനി പെട്ടെന്ന് സമ്പന്നനാവുകയായിരുന്നു. യുവത്വം, എന്തും അനുസരിക്കുന്ന ഭാര്യ, വേണ്ടതിലേറെ സമ്പത്തും, ഒപ്പം എല്ലാ കല്പന കളും ചോദ്യം ചെയ്യാതെ അനുസരിക്കാൻ തയ്യാറായി നിൽക്കുന്ന അടിമസംഘവും. എന്നാൽ മുഹമ്മദ്(സ) അപ്പോഴും വിനയാന്വിതനും തന്റെ സ്രഷ്ടാവായ അല്ലാഹുവിന്റെ വഴിയിൽ അർപ്പിതനുമായിരുന്നു. മനുഷ്യർ മനുഷ്യരുടെ അടിമകളാകാനുള്ള വരല്ല. ഒരു മനുഷ്യൻ സ്വത ന്ത്രനാണെങ്കിൽ എല്ലാ മനുഷ്യരും സ്വതന്ത്രരാണ്. ഈ സ്വാതന്ത്ര്യത്തെ നിഷേധിക്കാൻ ആർക്കും അധികാരമില്ല.

അവിടന്ന് എല്ലാ അടിമകളെയും മോചിപ്പിച്ചു. ഒരു വലിയ സാമൂഹിക വിപ്ലവം സ്വയം ചെയ്തു തീർക്കുകയായിരുന്നു അദ്ദേഹം. ഔദ്ധത്യ മെന്യെ ഈ ജോലി ചെയ്തുതീർത്തപ്പോൾ അദ്ദേഹത്തിനനുഭവപ്പെ

ട്ടത് സമാധാനമായിരുന്നു, ആശ്വാസവും. അന്നോളമുള്ള ചരിത്രത്തിൽ ആർക്കും തന്നെ ചെയ്യാൻ കഴിയാതിരുന്ന ഒരു കാര്യം! ഒരു മാതൃക അദ്ദേഹം കാഴ്ചവെച്ചു.

അക്കാലത്തെ സാമൂഹികാവസ്ഥ വളരെ ശോചനീയമായിരുന്നു. എല്ലാ മതങ്ങളും ഒരു പോലെ ദുഷിച്ചുപോയിരുന്നു. ജനങ്ങൾക്ക് പരസ്പരം സ്നേഹമോ ബഹുമാനമോ ഉണ്ടായിരുന്നില്ല. ഒന്നിനും ക്രമമുണ്ടായിരുന്നില്ല. ശക്തിയുള്ളവൻ പറയുന്നതായിരുന്നു ന്യായവും നിയമവും. അജ്ഞതയാണെങ്കിൽ കൊടികുത്തിവാണിരുന്നു. അന്ധവിശ്വാസങ്ങൾ ആളുകളുടെ ഹൃദയങ്ങളെ ജീർണ്ണതയിൽ ആഴ്ത്തിയിരുന്നു. കലഹിക്കാനുള്ള വാസന അവരുടെ രക്തത്തിൽ കലർന്നിരുന്നു. ഒരു ചെറിയ കാര്യം മതി ഒരു യുദ്ധത്തിനിറങ്ങാൻ! ലൈംഗികരംഗം ആകെ കുത്തഴിഞ്ഞതായിരുന്നു. സുഖാഹ്ലാദത്തിനുള്ള ഉപകരണം മാത്രമായിരുന്നു സ്ത്രീ. ചുരുക്കത്തിൽ വികലവും സർവ്വത്ര വിപൽക്കരവുമായ ഒരു ജീവിതമായിരുന്നു അവർ നയിച്ചിരുന്നത്.

ഇതെല്ലാം കണ്ടും ഇതിനെക്കുറിച്ചോർത്തും മുഹമ്മദ്(സ) ദുഃഖിതനും, ചിന്താകുലനുമായി ഏകനായ അല്ലാഹുവിനോട് ഈ ദുഃസ്ഥിതിക്ക് ഒരു പരിഹാരമുണ്ടായിക്കാണുവാൻ ഹൃദയം നൊന്ത് പ്രാർത്ഥിച്ചു. ഈ പ്രാർത്ഥനയ്ക്കും ധ്യാനത്തിനും അദ്ദേഹം തിരഞ്ഞെടുത്തത് ഹിറാഗുഹയായിരുന്നു. മക്കയിൽ നിന്ന് മൂന്ന് നാഴിക ദൂരെ സ്ഥിതി ചെയ്യുന്ന ഈ ഗുഹയിൽ അദ്ദേഹം ധ്യാനനിമഗ്നനായി ദിവസങ്ങൾ കഴിച്ചുകൂട്ടി.

## ദിവ്യബോധനം

മുഹമ്മദ്(സ) തിരുമേനിക്ക് നാൽപത് വയസ്സ് പൂർത്തിയായപ്പോൾ അദ്ദേഹത്തിന് ദിവ്യബോധനം ലഭിച്ചു. ജിബ്‌രീൽ(അ) അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് അദ്ദേഹത്തോട് പറഞ്ഞു:

സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ നീ വായിക്കുക.

അവൻ മനുഷ്യനെ രക്തപിണ്ഡത്തിൽ നിന്ന് സൃഷ്ടിച്ചു. വായിക്കുക! പേന കൊണ്ട് പഠിപ്പിച്ച നിന്റെ നാഥൻ അത്യുദാരനാകുന്നു. മനുഷ്യൻ അറിഞ്ഞിട്ടില്ലാത്തത് അവനെ അല്ലാഹു പഠിപ്പിച്ചിരിക്കുന്നു.

*(വി. ഖുർആൻ)*

ഈ ദിവ്യബോധനം ലഭിച്ചപ്പോൾ അദ്ദേഹം പരിഭ്രാന്തിയോടെ ഞെട്ടിയുണർന്നു. അദ്ദേഹം സ്വയം ചോദിച്ചു. എന്താണിത്! അല്ലാഹു തന്നെ പരീക്ഷിക്കുകയാണോ? അസ്വസ്ഥചിത്തനായി അദ്ദേഹം ഖദീജയുടെ അടുത്തേക്കോടി. സംഭവങ്ങളെല്ലാം അവരോട് വിശദമായി പറഞ്ഞു. അപ്പോൾ ഖദീജ പറഞ്ഞു: അല്ലാഹു താങ്കളെ പരീക്ഷിക്കുകയോ?

അതൊരിക്കലും സംഭവിക്കുകയില്ല. താങ്കൾ എല്ലാവരേക്കാളും സദ്വൃത്തനാണ്. താങ്കൾ കുടുംബ ബന്ധങ്ങൾ ചേർക്കുന്നു. ജനങ്ങളെ എപ്പോഴും സഹായിക്കുന്നു. അതിഥിയെ സൽക്കരിക്കുന്നു. അഭയാർത്ഥിയെ സംരക്ഷിക്കുന്നു.

മുഹമ്മദ്(സ)നെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ജീവിതത്തിലെ രഹസ്യങ്ങളും പരസ്യങ്ങളുമെല്ലാമറിയുന്ന അദ്ദേഹത്തിന്റെ പ്രിയപത്നിയായിരുന്നു ഖദീജ. സംഭവം അറിഞ്ഞപ്പോൾ അശേഷം സംശയം കൂടാതെയുള്ള അവരുടെ പ്രതികരണം അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള മഹത്തായ ഒരു ഉദാഹരണമാണ്. ഒരു മനുഷ്യന്റെ സത്യതയ്ക്കു അത്രയ്ക്ക് അടുപ്പമുള്ള ഒരാൾക്കു മാത്രമേ ഈ രീതിയിൽ ആർജ്ജവത്തോടുകൂടി സാക്ഷ്യം പറയുവാൻ കഴിയു. പക്ഷേ, മുഹമ്മദ്(സ)ന്റെ പരിഭ്രാന്തി ഇതുകൊണ്ട് അടങ്ങിയില്ല. അപ്പോഴും അദ്ദേഹം ആശ്വാസം കാണാതെ പരിഭ്രാന്തചിത്തനായി തന്നെ നിന്നു. ഇതു മനസ്സിലാക്കിയ ഖദീജ(റ) പറഞ്ഞു: നമുക്ക് വറഖത്തിബ്നു നൗഫലിന്റെ അടുക്കൽ പോകാം. ഈ വക കാര്യങ്ങളെക്കുറിച്ച് അദ്ദേഹമാണല്ലോ ഏറ്റവും കൂടുതൽ അറിയുന്നത്.

വറഖത്തിബ്നു നൗഫൽ ഒരു ബൈബിൾ പണ്ഡിതനായിരുന്നു, ഖദീജയുടെ പിതൃവ്യപുത്രനും. വിവരങ്ങളെല്ലാം ശ്രദ്ധാപൂർവ്വം കേട്ടശേഷം അദ്ദേഹം പറഞ്ഞു: പരിഭ്രമിക്കാതിരിക്കുക. മൂസാനബിക്ക് വഹ്യ് ലഭിക്കാറുണ്ടായിരുന്നതുപോലെ ഇപ്പോൾ താങ്കൾക്കും അല്ലാഹുവിൽ നിന്ന് വഹ്യ് ലഭിച്ചിരിക്കുന്നു.തുടർന്ന് അല്പനേരത്തെ മൗനത്തിനു ശേഷം ആത്മഗതമെന്നോണം അദ്ദേഹം പറഞ്ഞു: കഷ്ടം! ഞാൻ വൃദ്ധനായി കഴിഞ്ഞിരിക്കുന്നു. താങ്കൾ ലോകോദ്ധാരണത്തിനായി എഴുന്നേൽപ്പിക്കപ്പെടുകയും താങ്കളുടെ ജനം താങ്കളെ ബഹിഷ്കരിക്കുകയും ചെയ്യുമ്പോൾ ഞാനൊരു യുവാവായി താങ്കളോടൊപ്പ മുണ്ടായിരുന്നുവെങ്കിൽ എത്ര നന്നായേനെ.അഹോരാത്രം നന്മ മാത്രം ചിന്തിക്കുകയും നന്മ മാത്രം പ്രവർത്തിക്കുകയും നാട്ടുകാരെ മുഴുവൻ സ്നേഹിക്കുകയും ചെയ്തിരുന്ന മുഹമ്മദ് നബി(സ) ഇതുകേട്ടപ്പോൾ അമ്പരന്നുപോയി. എന്റെ ജനം എന്നെ ബഹിഷ്കരിക്കുമെന്നോ?അസ്വസ്ഥചിത്തനായി അദ്ദേഹം ചോദിച്ചു. അപ്പോൾ വറഖത്തിബ്നു നൗഫൽ പറഞ്ഞു: ഇത് ജനങ്ങളുടെ സ്ഥിരമായ ഒരു സ്വഭാവമാണ്. താങ്കൾ കൊണ്ടുവന്ന സന്ദേശം പോലെയുള്ള പുതിയ സന്ദേശം സ്വീകരിക്കുന്നതിൽ നിന്നും ജനങ്ങൾ എപ്പോഴും പിൻമാറിയിരുന്നു. ഇതിനു മുമ്പുള്ളവർക്കും ഇതേ അനുഭവം തന്നെയായിരുന്നു ഉണ്ടായത്.പക്ഷേ, മുഹമ്മദ്(സ) തിരുമേനിക്കു ഈ വാക്കുകൾ വിശ്വസിക്കാൻ കഴിഞ്ഞില്ല.

തന്റെ ജനം തന്റെ ശത്രുക്കളായിത്തീരുമെന്ന ചിന്ത അദ്ദേഹത്തിന് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല.

ഒന്നാമത്തെ ഈ ദിവ്യബോധനത്തിനുശേഷം വീണ്ടും മറ്റൊരു ദിവ്യബോധനം ഉണ്ടാവുന്നത് മാസങ്ങൾക്കുശേഷമാണ്. മൂടിപ്പുതച്ചവനേ എഴുന്നേൽക്കുകഎന്ന സംബോധനയോടു കൂടി ആ ദിവ്യബോധനം ചരിത്രത്തിൽ ഒരു വഴിത്തിരിവായി മാറി. ആ ദിവ്യബോധനത്തിൽ അല്ലാഹു അദ്ദേഹത്തോട് ആവശ്യപ്പെട്ടു; ജനങ്ങളെ അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുക. തിന്മയെ ലോകത്ത് നിന്ന് നിർമ്മാർജ്ജനം ചെയ്യുക. നന്മയും ഭക്തിയും വളർത്തുക. അക്രമം ദുരീകരിക്കുക.

ഈ പ്രബോധനത്തോടുകൂടി മുഹമ്മദ്(സ) പ്രവാചകത്വപദവിയിൽ പ്രതിഷ്ഠിതനായി. അതായത് ഞാൻ നിന്റെ സഹോദരൻമാരിൽ നിന്ന് നിന്നെപ്പോലെയുള്ള ഒരു പ്രവാചകനെ എഴുന്നേൽപ്പിക്കുംഎന്ന ബൈബിൾ വചനം[1] ഇതോടുകൂടി സാക്ഷാൽക്കരിക്കപ്പെട്ടു. മുഹമ്മദ്(സ) ഇസ്രായീൽ സന്തതികളുടെ സഹോദരന്മാരായ ഇസ്മായീൽ സന്തതികളിൽപ്പെട്ട ഒരാളാണല്ലോ. ഹസ്റത്ത് മൂസാ(അ) ഒരു പുതിയ ന്യായപ്രമാണം കൊണ്ടുവന്നതുപോലെ ഇവിടെ മുഹമ്മദ്(സ) തിരുമേനിയും ഒരു പുതിയ ന്യായപ്രമാണം കൊണ്ടുവരുന്ന കാഴ്ചയാണ് നാം കാണുന്നത്.

## പുതിയ സംഭവം

ഈ പ്രവാചകത്വലബ്ധിയോടുകൂടി അറേബ്യയിലെ സാമൂഹികാന്തരീക്ഷം ഇളകിമറിഞ്ഞു. ആദ്യം സ്നേഹിച്ചിരുന്നവർ ഇപ്പോൾ അദ്ദേഹത്തെ വെറുത്തുതുടങ്ങി. ആദരിച്ചിരുന്നവർ നിന്ദിച്ചു തുടങ്ങി. സ്തുതിച്ചിരുന്നവർ ഇകഴ്ത്താൻ തുടങ്ങി. അദ്ദേഹത്തെ പീഡിപ്പിക്കാൻ വരെ ആളുകൾ ഉത്സുകരായി. പക്ഷേ, അദ്ദേഹവുമായി ഗാഢമായ ബന്ധമുണ്ടായിരുന്ന നാലുപേർ അപ്പോഴും അദ്ദേഹത്തോടൊപ്പം ഉറച്ചുനിന്നു. അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് ഖദീജ(റ), പിതൃവ്യപുത്രൻ ഹദ്റത്ത് അലി(റ), അദ്ദേഹത്തിന്റെ സന്തതസഹചാരിയായിരുന്ന ഹദ്റത്ത് അബൂബക്കർ(റ), അദ്ദേഹത്തിന്റെ പോറ്റുമകനായ ഹദ്റത്ത് സയ്ദ്(റ) എന്നിവരായിരുന്നു അവർ. ഒരിക്കലും തിരുമേനി(സ) കള്ളം പറയുകയില്ല എന്ന ദൃഢബോധമായിരുന്നു ഇവരുടെയെല്ലാം വിശ്വാസത്തിന്നു നിദാനം.

നബി(സ)തിരുമേനിക്ക് ദിവ്യബോധനം ലഭിക്കുകയും അദ്ദേഹം അതു പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തിരുന്ന സന്ദർഭത്തിൽ ഹദ്റത്ത് അബൂബക്കർ സ്ഥലത്തുണ്ടായിരുന്നില്ല. അദ്ദേഹം മക്കയിലെ

1. ആവർത്തനം 18-ാം അധ്യായം 18-ാം സൂക്തം.

തന്നെ ഒരു പ്രധാനിയുടെ വീട്ടിൽ ഇരിക്കുകയായിരുന്നു. പെട്ടെന്ന് ആ വീട്ടിലെ പരിചാരിക വന്ന് അദ്ദേഹത്തോട് പറഞ്ഞു: ഖദീജക്കെന്തുപറ്റി എന്നറിഞ്ഞുകൂടാ, അവർ പറയുന്നു ഹദ്റത്ത് മൂസാ പ്രവാചകനായതു പോലെ തന്റെ ഭർത്താവും പ്രവാചകനായിരിക്കുന്നുവെന്ന്. ഇപ്പോൾ ഈ വാർത്ത കേട്ട് ജനങ്ങൾ ചിരിക്കുകയും അവരെ പരിഹസിക്കുകയും ചെയ്യുന്നു.അതു കേട്ട മാത്രയിൽ ഹദ്റത്ത് അബൂബക്കർ എഴുന്നേറ്റു. അദ്ദേഹം നേരെ നടന്നുപോയത് ഖദീജയുടെ വീട്ടിലേക്കായിരുന്നു. മുഹമ്മദ്(സ)നെക്കുറിച്ച് അദ്ദേഹത്തെപ്പോലെ അറിഞ്ഞവർ മറ്റാരുണ്ട്?

ആത്മസുഹൃത്തായ മുഹമ്മദ്(സ)നെ കണ്ടപ്പോൾ ആമുഖമൊന്നും കൂടാതെ അദ്ദേഹം അന്വേഷിച്ചു. ഞാനീ കേൾക്കുന്നത് ശരിയാണാ? തിരുമേനി(സ) പറഞ്ഞു: അതെ. അല്ലാഹു എന്നെ ലോകപരിഷ്കരണത്തിനായി എഴുന്നേൽപ്പിച്ചിരിക്കുന്നു. ബഹുദൈവാരാധനയെ നിർമ്മാർജ്ജനം ചെയ്യാൻ എന്നോട് കല്പിച്ചിരിക്കുന്നു.ശാന്തനും അക്ഷോഭ്യനുമായി ഹദ്റത്ത് അബൂബക്കർ പറഞ്ഞു: എന്റെ മാതാപിതാക്കൾ അങ്ങയ്ക്കു ബലി. ഇന്നോളം താങ്കൾ ഒരു കളവു പോലും പറഞ്ഞിട്ടില്ല. ആ നിലയ്ക്ക് അല്ലാഹുവിനെക്കുറിച്ച് താങ്കൾ കളവു പറയുമെന്ന് വിചാരിക്കേണ്ട കാര്യം എനിക്കില്ല. അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ലെന്നും താങ്കൾ അല്ലാഹുവിന്റെ തിരുദൂതനാണെന്നും ഇതാ ഞാൻ സാക്ഷ്യം വഹിക്കുന്നു....

ഇതോടുകൂടി ഹദ്റത്ത് അബൂബക്കർ(റ) ഒരു പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന കാഴ്ചയാണ് ലോകം കാണുന്നത്. അദ്ദേഹത്തിന്റെ നിശ്വാസത്തിൽ പോലും ഏകനായ അല്ലാഹുവും അവനാൽ നിയോഗിതനായ റസൂലും മാത്രം നിറഞ്ഞുനിന്നു. ഈ വിചാരം അദ്ദേഹത്തെ നയിച്ചപ്പോൾ ഇതു മാത്രമായിരുന്നു അദ്ദേഹത്തിന്റെ മുഴുവൻ ജീവിതവും. സ്വാഭാവികമായും അദ്ദേഹം താൻ ദർശിച്ച ഈ അഭൗമ സത്യത്തെക്കുറിച്ച് തന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളോടും പരിചയക്കാരോടും വിസ്തരിച്ച് സംസാരിക്കാനും ആരംഭിച്ചു. അതിന്റെ ഫലമുണ്ടായതും പെട്ടെന്നാണ്. ഏഴു യുവാക്കൾ ഈ സത്യപ്രസ്ഥാനത്തിൽ ആകൃഷ്ടരാവുകയും ഇസ്ലാമിനെ പുണരുകയും ചെയ്തു.

## നഗരം എതിർപ്പിന്റെ മുഖം കാണിക്കുന്നു

സത്യം സ്വീകരിക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. ബിംബങ്ങളെ സംരക്ഷിക്കുകയും അവയെ ആരാധിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുകയെന്നത് ഒരു പ്രധാന ജീവിതവൃത്തിയായി സ്വീകരിച്ചിരുന്ന മക്കാനിവാസികൾക്ക് അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല

എന്ന ഏകദൈവവിശ്വാസത്തെ സഹിഷ്ണുതയോടെ ഉൾക്കൊള്ളുവാൻ സാധിക്കുമായിരുന്നില്ല. മനസ്സിനെ കാലാകാലങ്ങളായി ബഹുദൈവവിശ്വാസങ്ങളിൽ വിലയിപ്പിച്ചിരുന്ന സമൂഹം ഈ ഏകദൈവ വിശ്വാസത്തിനെതിരിൽ ഒരു സംഹാര താണ്ഡവം തന്നെ നടത്തുന്ന ദൃശ്യമാണ് പിന്നീട് ദർശിക്കാൻ കഴിഞ്ഞത്. ഹദ്റത്ത് ഉസ്മാൻ(റ)നെ കയറുകൊണ്ട് വരിഞ്ഞുകെട്ടി തടങ്കലിലാക്കിയതും ഹദ്റത്ത് സുബൈറി(റ)നെ പുക നിറച്ച ഒരു മുറിയിൽ പൂട്ടിയിട്ട് മർദ്ദനമുറകൾ പ്രയോഗിച്ചതും ഒക്കെ ഇതിന്റെ ഭാഗമായിരുന്നു. സ്വയം ആത്മപീഢ ഏറ്റുവാങ്ങിക്കൊണ്ട് തങ്ങൾക്ക് പ്രിയപ്പെട്ടവരെ ഇസ്ലാമിക മാർഗ്ഗത്തിൽ നിന്ന് തങ്ങളുടെ ബഹുദൈവ വിശ്വാസമാർഗ്ഗത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള ശ്രമവും നടന്നു. ഒരു സ്ത്രീ തന്റെ മകൻ ഇസ്ലാം മതം ഉപേക്ഷിച്ചാലല്ലാതെ ഭക്ഷണം കഴിക്കുകയില്ലെന്ന് പ്രതിജ്ഞയെടുത്ത് നിരാഹാരവ്രതം അനുഷ്ഠിച്ചു. മാതാപിതാക്കളെ ആത്മതുല്യം അനുസരിക്കുക എന്നത് ഇസ്ലാമിന്റെ ശാസനയാണെങ്കിലും അല്ലാഹുവിന്റെ അനുസരണത്തിന്ന് താഴെ മാത്രമേ അതു വരുന്നുള്ളു. ഇക്കാര്യം വ്യക്തമാക്കപ്പെട്ടപ്പോൾ ആ പദ്ധതിയും അവിടെ പൊളിയുകയാണുണ്ടായത്. ഇസ്ലാമിൽ ആദ്യമായി പ്രവേശിച്ച ഹദ്റത്ത് ഖദീജ(റ), ഹദ്റത്ത് അബൂബക്കർ(റ) എന്നിവരെ മാറ്റിനിർത്തിയാൽ പിന്നീട് ഇസ്ലാമിൽ പ്രവേശിച്ചവരെല്ലാം യുവാക്കളായിരുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അതുകൊണ്ട് തന്നെ ഇസ്ലാമിന്റെ ആദ്യകാലചരിത്രം പരിശോധിക്കുകയാണെങ്കിൽ ഒരർത്ഥത്തിൽ അത് യുവാക്കളുടെ മതമാണെന്ന് വിശേഷിപ്പിക്കാവുന്നതാണ്.

## നബി(സ)തിരുമേനിയുടെ സമീപനരീതി

ഒരു പ്രവാചകനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ പ്രഥമവും പ്രധാനവുമായ ചുമതല തനിക്ക് നൽകപ്പെട്ട സന്ദേശം സമൂഹത്തിനെത്തിച്ചുകൊടുക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി അദ്ദേഹം മക്കാനിവാസികളെ മുഴുവൻ വിളിച്ചുകൂട്ടുക എന്ന ഉദ്ദേശ്യത്തോടെ സഫാമലയുടെ മുകളിൽ കയറിനിന്ന് അവരെ ഉച്ചത്തിൽ വിളിച്ചു. മുഹമ്മദ്(സ)ന്റെ ശബ്ദം കേട്ടപ്പോൾ പല ഭാഗങ്ങളിൽ നിന്നും ആളുകൾ ഓടിക്കൂടി. അപ്പോൾ ആത്മവിശ്വാസത്തോടെ അദ്ദേഹം അവരോട് ചോദിച്ചു: അല്ലയോ മക്കാനിവാസികളേ! ഈ മലയുടെ മറുഭാഗത്ത് ഒരു വലിയ ശത്രുസൈന്യം താവളമുറപ്പിച്ചിട്ടുണ്ടെന്ന് ഞാൻ നിങ്ങളോടു പറയുകയാണെങ്കിൽ നിങ്ങൾ വിശ്വസിക്കുകയില്ലേ? മുഹമ്മദ്(സ)ന്റെ ചോദ്യം ഓടിക്കൂടിയ ജനങ്ങളെ ഒരുമാത്ര നിശബ്ദരാക്കി. ഒരു ശത്രുസൈന്യം മക്കയെ ആക്രമിക്കുക എന്നത് ആ അവസരത്തിൽ അസംഭാവ്യമാ

യിരുന്നു. അവർക്ക് അവരുടേതായ ചില നിരീക്ഷണ മാർഗ്ഗങ്ങളൊക്കെയുണ്ട്. അതിൽ പ്രധാനം ആടുമേയ്ക്കുന്ന ആട്ടിടയൻമാരുടേതാണ്. മലമുകളിലെല്ലാം തന്നെ വളരെ ദൂരങ്ങളോളം ഈ ആട്ടിടയൻമാർ തങ്ങളുടെ ആടുകളുമായി വിന്യസിച്ചിരുന്നു. അഥവാ ഒരു സൈന്യമോ മറ്റുദേശങ്ങളിൽ നിന്നുള്ള ആൾക്കൂട്ടമോ മക്കയെ സമീപിക്കുന്നുവെങ്കിൽ ഇത് ഇവരുടെ ദൃഷ്ടിയിൽ പതിയുകയും ഉടൻ തന്നെ വിവരം മക്കയിൽ എത്തുകയും ചെയ്യുമായിരുന്നു. പക്ഷേ, മുഹമ്മദാണിപ്പോൾ ചോദിക്കുന്നത്. അതുകൊണ്ടുതന്നെ ഈ അസാദ്ധ്യതകളെക്കുറി ച്ചൊന്നും ചിന്തിക്കാതെ അവർ പെട്ടെന്ന് മറുപടി പറഞ്ഞു: ഞങ്ങൾ വിശ്വസിക്കുന്നു. ഒരിക്കലും കള്ളം പറഞ്ഞിട്ടില്ലാത്ത നീ ഇക്കാര്യത്തിൽ കള്ളം പറയേണ്ട കാര്യമില്ലല്ലോ. തൃപ്തമാനസനായിക്കൊണ്ട് നബി(സ) തിരുമേനി അപ്പോൾ പറഞ്ഞു: ഞാൻ കള്ളം പറയുകയില്ല, സത്യമേ പറയുകയുള്ളുവെന്ന് നിങ്ങളിപ്പോൾ സാക്ഷ്യപ്പെടുത്തി ക്കഴിഞ്ഞു. അതുകൊണ്ട് തന്നെ ഞാൻ നിങ്ങളെ ഒരു ദിവ്യസന്ദേശം അറിയിക്കുന്നു. അല്ലാഹു ഏകനാണ്. അവൻ അവന്റെ സന്ദേശം നിങ്ങളെ അറിയിക്കുവാനും നിങ്ങളെ സത്യമാർഗ്ഗത്തിലേക്ക് ക്ഷണിക്കുവാനും എന്നെ നിയോഗിച്ചിരിക്കുന്നു.ഒരു മിന്നലേറ്റതു പോലെ ആളുകൾ തരിച്ചുനിന്നു. ഒരിക്കലും പ്രതീക്ഷിക്കാത്ത കാര്യമായിരുന്നു അത്. അനേകം ദൈവങ്ങളെ ആരാധിക്കുന്ന അവർക്ക് ദൈവം ഏകനാണെന്ന ശബ്ദത്തെപ്പോലും സഹിഷ്ണുതയോടെ കേൾക്കാൻ കഴിഞ്ഞില്ല. പെട്ടെന്നവർ പറഞ്ഞുതുടങ്ങി. ഇവൻ ഭ്രാന്തനാണ്. ഇവൻ തട്ടിപ്പുകാരനാണ്.ഇതും പറഞ്ഞ് അവർ പലവഴിക്ക് പിരിയുകയും ചെയ്തു.

പക്ഷേ, ഈ സംഭവം മക്കയിൽ ഒരു ചലനം തന്നെ സൃഷ്ടിച്ചു. ഇതിനെ തുടർന്ന് ഇസ്‌ലാംമതം ആശ്ലേഷിച്ചവരെയെല്ലാം ക്രൂരമായി മർദ്ദിക്കുവാനും പീഢിപ്പിക്കുവാനുമുള്ള ഒരു സംഘടിതശ്രമം തന്നെ മക്കയിൽ ആരംഭിച്ചു. ഇസ്‌ലാംമതം ആശ്ലേഷിച്ചു എന്ന ഒറ്റക്കാരണത്താൽ സഹോദരൻമാർ സഹോദരൻമാരാൽ കയ്യൊഴിക്കപ്പെട്ടു. മക്കൾ മാതാപിതാക്കളാൽ ബഹിഷ്ക്കരിക്കപ്പെട്ടു. അടിമകൾ ഒരിക്കലുമില്ലാത്ത വിധം പീഢിപ്പിക്കപ്പെട്ടു. എന്നാൽ, ഈ പീഢനങ്ങളൊന്നും സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവരെ അല്ലാഹുവിൽ നിന്നും അവന്റെ റസൂലിൽ നിന്നും പിന്തിരിപ്പിക്കാൻ പര്യാപ്തമായില്ല. പീഢനങ്ങളുടെ ശക്തി കൂടുന്നതനുസരിച്ച് അവരുടെ വിശ്വാസത്തിന് മൂർച്ച കൂടിയതേയുള്ളു. തങ്ങളുടെ വിശ്വാസസംരക്ഷണത്തിന് സ്വന്തം ജീവൻ പകരം നൽകാൻ അവർ തയ്യാറായിനിന്നു. പ്രത്യേകിച്ചും യുവാക്കളായ അടിമകൾ. മനുഷ്യത്വത്തെ വെല്ലുവിളിക്കുന്ന ക്രൂരതകളാണ്

അവർക്കെതിരിൽ അഴിച്ചുവിട്ടത്. അവരിൽ പലരേയും ഇരുമ്പുകവചം ധരിപ്പിക്കുകയും ദേഹത്തെ തൊലി കരുവാളിക്കുന്നതു വരെ അറേബ്യൻമരുഭൂമിയിലെ ചുട്ടുപഴുത്ത വെയിലിൽ നിർത്തുകയും ചെയ്തു. ചിലരുടെ കാലുകൾ കൂട്ടിക്കെട്ടി ചുട്ടുപഴുത്തമണലിലൂടെ വലിച്ചിഴച്ചു. ചൂളയിൽ വച്ച് പഴുപ്പിച്ചെടുത്ത ഇരുമ്പുകൊണ്ട് ചിലരുടെ ദേഹം പൊള്ളിച്ചു. ചിലരുടെ ദേഹത്ത് സൂചികൾ കുത്തിക്കയറ്റി. ഒരു ഭക്തയായ മുസ്‌ലിം സ്ത്രീയുടെ ദേഹത്ത് കുന്തം കയറ്റി അവരെ നിഷ്കരുണം വധിച്ചു. പക്ഷേ, ആരും തന്നെ പിന്തിരിഞ്ഞില്ല. പീഢനങ്ങളെല്ലാം ഏറ്റുവാങ്ങിക്കൊണ്ട് ഏകദൈവാരാധനയിൽ അവർ ഉറച്ചുനിന്നു.

പ്രവാചകശ്രേഷ്ഠനായ മുഹമ്മദ് നബി(സ)യും ഈ പീഢനങ്ങളിൽ നിന്ന് മുക്തനായിരുന്നില്ല. ശ്രേഷ്ഠകുടുംബത്തിലെ അംഗമായിരുന്നതുകൊണ്ട് അതിക്രൂരമായ മർദ്ദനങ്ങൾ അദ്ദേഹത്തിനെതിരിൽ അഴിച്ചുവിടാൻ അവർ മടിച്ചുനിന്നു. ആ മഹാനുഭാവൻ പലപ്പോഴും അവരാൽ അധിക്ഷേപിക്കപ്പെട്ടു. ഒരിക്കൽ അദ്ദേഹം നമസ്കരിച്ചു കൊണ്ടിരുന്നപ്പോൾ സുജൂദ് ചെയ്യുന്ന അവസരത്തിൽ ശത്രുക്കൾ ഒട്ടകത്തിന്റെ കുടൽമാല അദ്ദേഹത്തിന്റെ കഴുത്തിൽ ഇടുകയുണ്ടായി. മറ്റൊരിക്കൽ അദ്ദേഹം സുജൂദിലായിരിക്കുമ്പോൾ ഒരു ശത്രു അദ്ദേഹത്തിന്റെ കഴുത്തിൽ ചവിട്ടിപ്പിടിക്കുകയുണ്ടായി. വേറൊരിക്കൽ അദ്ദേഹം പള്ളിയിലേക്ക് പോകുമ്പോൾ പുറകേ വന്ന ശത്രുക്കൾ കഴുത്തിൽ മുണ്ടിട്ട് ശ്വാസം മുട്ടിക്കുകയുണ്ടായി. എന്നാൽ ശത്രുക്കളെ എതിരിടാനോ അവരെ ആക്ഷേപിക്കുവാനോ ആ പുണ്യാത്മാവ് തുനിഞ്ഞില്ല. ഈ അവസരങ്ങളിലെല്ലാം അത്ഭുതകരമായി അദ്ദേഹം രക്ഷപ്പെടുകയാണുണ്ടായത്.

## അധ്യാപനങ്ങൾ

അല്ലാഹു ഏകനാണെന്നതായിരുന്നു നബി(സ)യുടെ അധ്യാപനങ്ങളുടെ അടിസ്ഥാനം. ഏകനായ അല്ലാഹുവാണ് ആരാധനയ്ക്കർഹൻ. അവനല്ലാതെ മറ്റൊരു ശക്തിയോ വ്യക്തിയോ ആകാശത്തിലോ ഭൂമിയിലോ ആരാധനയ്ക്കർഹനായിട്ടില്ല. അവന്ന് സന്താനങ്ങളില്ല. അവൻ ആരുടേയും സന്താനവുമല്ല. അവൻ ആശ്രയരഹിതനാണ്. മറ്റെല്ലാ സൃഷ്ടികളും മനുഷ്യരടക്കം അവനെ ആശ്രയിച്ചാണ് കഴിയുന്നത്. മനുഷ്യൻ അവനെ മാത്രം ആരാധിക്കുകയും അവനോട് മാത്രം സഹായം അഭ്യർത്ഥിക്കുകയും ചെയ്യണം. അവൻ സ്ഥൂലശരീരത്തോട് കൂടിയവനല്ലാത്തതിനാൽ ദൃഷ്ടിഗോചരനല്ല. എല്ലാ ശക്തികളുടേയും അധിപനാണ് അല്ലാഹു. ഈ പ്രപഞ്ചം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവനാണവൻ. മനുഷ്യൻ അവന്റെ സൃഷ്ടിയാണ്.

അവനിലേക്കാണ് എല്ലാവരും തിരിച്ചുപോവുന്നതും. ഈ ജീവിതത്തിനു ശേഷം മറ്റൊരു ജീവിതം മനുഷ്യനുണ്ട്. ഈ ജീവിതത്തിന്റെ എല്ലാ കണക്കുകളും മനുഷ്യൻ ബോധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അതിന്നനുസരിച്ചുള്ള പ്രതിഫലം ആ അന്ത്യവിധി നാളിൽ മനുഷ്യർക്ക് നൽകപ്പെടുന്നതുമാണ്. അതുകൊണ്ട് മനുഷ്യർ അവരുടെ ഹൃദയവും വാക്കും പ്രവൃത്തിയും പരിശുദ്ധമാക്കണം. കുറ്റകൃത്യങ്ങൾ-കൊലയും കൊള്ളിവെപ്പും, ചൂഷണവും വഞ്ചനയും മറ്റെല്ലാതരം ഹീനകൃത്യങ്ങളും മനുഷ്യൻ ഒഴിവാക്കണം. സുഖലോലുപതയിൽ നിന്നും വിട്ടു നിൽക്കണം. സഹമനുഷ്യരുടെ സേവനത്തിനും അവരുടെ സഹായത്തിന്നുമായി സദാ സമൂഹത്തിൽ പ്രവർത്തിക്കുകയും ചെയ്യണം. ഇതൊക്കെയായിരുന്നു അദ്ദേഹം തന്റെ പ്രബോധനാരംഭകാലത്ത് ഉപദേശിച്ചു കൊണ്ടിരുന്നത്.

പക്ഷേ, ഈ അധ്യാപനങ്ങളൊന്നും തന്നെ സ്വീകരിക്കുവാൻ ഖുറൈശികളോ മറ്റു ഗോത്രക്കാരോ മുന്നോട്ടുവന്നില്ല. അല്ലാഹു ഏകനാണ് എന്ന വിശ്വാസത്തെ ക്ഷമാപൂർവ്വം വിലയിരുത്തുവാൻ പോലും അവർ തുനിഞ്ഞില്ല. അവരുടെ മനസ്സിൽ നൂറ്റാണ്ടുകളായി വേരോട്ടം നടത്തിയ വിഗ്രഹങ്ങളെ പിഴുതെറിയാൻ അവർക്കു കഴിഞ്ഞില്ല. അനേകം ദൈവങ്ങൾക്കെതിരിൽ ഒരൊറ്റ ദൈവമോ എന്നതാണ് അവരുടെ ഒരു ചോദ്യം. എന്നു മാത്രമല്ല മക്കയിലെ ദേവാലയവും അവിടെ കുടിയിരുത്തിയിട്ടുള്ള അനേകം വിഗ്രഹങ്ങളും അവിടെ നടത്തിക്കൊണ്ടിരുന്ന വഴിപാടുകളുമായിരുന്നു അവരിൽ പല കുടുംബങ്ങളുടേയും ജീവിത വരുമാനമാർഗ്ഗവും.

## അഭയാർത്ഥികളായി അബിസീനിയയിലേക്ക്

മുസ്‌ലിംകൾക്ക് നേരെയുണ്ടായ മർദ്ദനങ്ങൾ അസഹ്യമായി തീർന്നപ്പോൾ നബിതിരുമേനി(സ) വിശ്വാസ സംരക്ഷണത്തിനായി സ്വദേശം വിട്ട് ക്രൈസ്തവരാജാവിന്റെ ഭരണത്തിൻ കീഴിലുള്ള അബിസീനിയായിലേക്ക് പോകുവാൻ അനുയായികൾക്ക് അനുവാദം നൽകി. ഭൂരിഭാഗം മുസ്‌ലിം പുരുഷൻമാരും, സ്ത്രീകളും മക്കാനഗരത്തിലെ സ്വന്തം പാർപ്പിടങ്ങൾ വിട്ടുകൊണ്ട് അബിസീനിയായിലേക്ക് നീങ്ങി. എന്നാൽ മക്കക്കാരുടെ ശത്രുത മുസ്‌ലീംകളെ അവിടേയും പിന്തുടർന്നു. മക്കക്കാർ അബിസീനിയാ രാജ്യത്തേക്ക് ഒരു പ്രതിനിധിസംഘത്തെ അയക്കുകയും അവിടെ അഭയം തേടിയവരെ തങ്ങൾക്ക് വിട്ടുതരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ, ആ ക്രൈസ്തവ രാജാവ് നീതിമാനായ ഒരു ഭരണാധികാരിയായിരുന്നു. മക്കയിലെ പ്രതിനിധിസംഘത്തിന്റെ മൊഴി കേട്ടപ്പോൾ അദ്ദേഹം മറുപക്ഷത്തിന് (മുസ്‌ലിംകൾക്ക്)

പറയുവാനുള്ളത് കേൾക്കുവാൻ ആഗ്രഹം പ്രകടിപ്പിക്കുകയും അതിനായി മുസ്ലിംകളെ തന്റെ സന്നിധിയിൽ ഹാജരാക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു. ഇതൊരു ഹൃദയസ്പർശിയായ രംഗമായിരുന്നു. സ്വന്തം നാട്ടുകാരുടെ പീഢനങ്ങൾ സഹിക്ക വയ്യാതെ വിശ്വാസസംരക്ഷണത്തിനായി പിറന്ന നാടും വീടും ഉപേക്ഷിച്ച് സ്വദേശം വെടിയാൻ നിർബന്ധിതരായ നിരപരാധികളായ മുസ്ലിംകൾ അബിസീനിയാ രാജാവിന്റെ മുമ്പാകെ ഹാജരായി. തങ്ങളെ മക്കക്കാർക്ക് കൈമാറിയേക്കുമെന്നും അങ്ങനെ മുമ്പനുഭവിക്കേണ്ടി വന്നതിനേക്കാൾ കൂടുതൽ തീവ്രമായ പീഢനങ്ങൾ അനുഭവിക്കേണ്ടിവരുമെന്നും ഭയന്ന് അവർ തികച്ചും ദുഃഖിതരായിരുന്നു. സ്വന്തം നാടുവിട്ട് ഈ രാജ്യത്തേക്ക് വരാൻ കാരണമെന്താണ് എന്ന് രാജാവ് അവരോടു ചോദിച്ചു. മുസ്ലിംകളിൽ നിന്നും ഒരാൾ  മറുപടി നൽകി. അല്ലയോ രാജാവേ! ഞങ്ങൾ അജ്ഞരും നന്മതിന്മകൾ തിരിച്ചറിയുവാൻ കഴിവില്ലാത്തവരുമായിരുന്നു. ഞങ്ങൾ വിഗ്രഹാരാധകരും ദൈവത്തിന്റെ ഏകത്വത്തെപ്പറ്റി അറിവില്ലാത്തവരുമായിരുന്നു. ഞങ്ങൾ എല്ലാ ദുഷ്കൃത്യങ്ങളിലും വ്യാപൃതരുമായിരുന്നു. അക്രമവും പിടിച്ചു പറിയും കൊലപാതകവും വ്യഭിചാരവും കുറ്റകൃത്യങ്ങളായി ഞങ്ങൾ കണക്കാക്കിയിരുന്നില്ല. ആ സന്ദർഭത്തിൽ മുഹമ്മദിനെ പ്രവാചകനായി ദൈവം അവതരിപ്പിച്ചു. അദ്ദേഹം ഏകദൈവത്തെ മാത്രം ആരാധിക്കുവാനും എല്ലാ കുറ്റകൃത്യങ്ങളിൽ നിന്നും അകന്നു നിൽക്കുവാനും ഞങ്ങളെ പഠിപ്പിക്കുകയും നീതിയും ന്യായവും മുറുകെപ്പിടിക്കുവാൻ ആജ്ഞാപിക്കുകയും പരിശുദ്ധിയുടേയും ധർമ്മനിഷ്ഠയുടേയും പാതയിലൂടെ ജീവിക്കുവാൻ ഞങ്ങളോട് കല്പിക്കുകയും ചെയ്തു. ഇക്കാരണത്താൽ വിശ്വാസസംരക്ഷണത്തിനായി സ്വന്തം വീട് വിട്ട് ഈ രാജ്യത്തേക്ക് വരുന്നതുവരെ ഞങ്ങളുടെ സഹോദരൻമാർ ഞങ്ങളെ ദ്രോഹിക്കുകയും കഠിനമായി പീഢിപ്പിക്കുകയും ചെയ്തു. ആ ജനങ്ങളാണ് ഞങ്ങളെ പിന്തുടർന്ന് ഇവിടെ ഞങ്ങളെ തിരികെ കിട്ടാൻ അവകാശവാദമുന്നയിക്കുന്നത്. എകദൈവത്തെ ആരാധിക്കുന്നു എന്നത് മാത്രമാണ് ഞങ്ങളുടെ മേൽ ഇവർ കാണുന്ന ഏക അപരാധം. ഇ  ൗ മറുപടി അബിസീനിയാ രാജാവിന്റെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. മുസ്ലിംകളെ തിരിച്ചു കിട്ടണമെന്ന മക്കക്കാരുടെ വാദം അദ്ദേഹം നിരാകരിച്ചു. മക്കക്കാർ രാജഭരണത്തിലെ ചില ഉദ്യോഗസ്ഥരുമായി ഗൂഢാലോചന നടത്തുകയും ഇവരെ കുരുക്കിലാക്കുവാൻ ഒരു ശ്രമം കൂടി നടത്തുകയും ചെയ്തു. അതിന്റെ ഭാഗമായി ഈ മുസ്ലിംകൾ എന്നു പറയുന്നവർ യേശു ക്രിസ്തുവിനെ അധിക്ഷേപിക്കുന്നവരാണെന്ന ഒരാരോപണവുമായി

അവർ വീണ്ടും രാജസദസ്സിലെത്തി. യേശുക്രിസ്തുവിനെപ്പറ്റിയുള്ള ഇസ്ലാമിക പാഠം എന്താണെന്ന് മുസ്ലിംകൾ രാജാവിനെ ധരിപ്പിച്ചു. യേശു അല്ലാഹുവിന്റെ പ്രിയപ്പെട്ട ദാസനും പ്രവാചകനുമാണ്. എന്നാൽ, യേശുവിനെ ഒരു ദൈവമായി ഞങ്ങൾ അംഗീകരിക്കുന്നില്ല. ദൈവം എകനാണെന്നതാണ് ഞങ്ങളുടെ വിശ്വാസം. ഇതുകേട്ടതിനെതുടർന്ന് ക്രൈസ്തവപണ്ഡിതൻമാർ പ്രകോപിതരാവുകയും മുസ്ലിംകൾക്ക് തക്കശിക്ഷ നൽകണമെന്ന് രാജാവിനോട് ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ, യേശുവിനെ പറ്റിയുള്ള തന്റെ വിശ്വാസവും ഇതു തന്നെയാണെന്നും ഈ വിശ്വാസത്തിന്റെ പേരിൽ മുസ്ലിംകളെ മക്കക്കാരെ ഏൽപ്പിക്കാൻ താൻ തയ്യാറല്ലെന്നും രാജാവ് ഖണ്ഡിതമായി പ്രഖ്യാപിച്ചു.

## മക്കയിലെ ഇരുണ്ട ദിനങ്ങൾ

മക്കയിൽ റസൂൽ(സ)തിരുമേനിയോടുള്ള പീഡനങ്ങൾ വർദ്ധിച്ചു കൊണ്ടിരുന്നു. നബിതിരുമേനി(സ)യുടെ പിതൃവ്യനായ അബൂതാലിബിനെ ശത്രുക്കൾ സമീപിച്ചു. അദ്ദേഹം അറേബ്യൻ ജനതയുടെ നേതാക്കളിൽ ഒരാളായിരുന്നതിനാൽ നബി(സ) തിരുമേനിക്കെതിരിൽ അതുവരെ അറ്റകൈ പ്രയോഗിക്കാൻ അവർ മുതിർന്നിരുന്നില്ല. പക്ഷേ, ഇപ്പോൾ അവർ ഒരു തീരുമാനമെടുത്തതു പോലെയാണ് അബൂതാലിബിനെ സമീപിച്ചത്. മുഹമ്മദിനെ തങ്ങൾക്ക് വിട്ടുകിട്ടണമെന്ന് അവർ ശഠിച്ചു. വേണമെങ്കിൽ മറ്റൊരു കുടുംബത്തിലെ കുലീനനും സുമുഖനുമായ ഒരു യുവാവിനെ പകരം നൽകാൻ തങ്ങൾ തയ്യാറാണെന്നും അവർ പറഞ്ഞു. അബൂതാലിബ് ശാന്തനായി മറുപടി പറഞ്ഞു. നിങ്ങളുടെ ആവശ്യം വളരെ വിചിത്രമായിതോന്നുന്നു. നിങ്ങൾക്കിഷ്ടമുള്ള ക്രൂരത കാണിക്കാൻ വേണ്ടി എന്റെ മകനെ ഞാൻ നിങ്ങൾക്ക് വിട്ടുതരിക. പകരം നിങ്ങളിലൊരാളുടെ മകനെ ഞാൻ ദത്തെടുത്ത് സ്നേഹത്തോടെ പോറ്റുക!. ഇതെന്തൊരു ന്യായമാണ്. ഒരു മൃഗം പോലും തന്റെ കുഞ്ഞിനെ കൊലക്ക് കൊടുത്ത് മറ്റൊരു കുഞ്ഞിനെ വളർത്താൻ സ്വീകരിക്കുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? തങ്ങളുടെ തന്ത്രം ഫലിച്ചില്ലെന്നറിഞ്ഞപ്പോൾ അവർ നിരാശരായി. എന്നാൽ അപ്പോഴും പിൻമാറാൻ അവർ തയ്യാറായിരുന്നില്ല. അബൂതാലിബിന്റെ മേൽ ഒരു സമ്മർദ്ദം കൂടി അവർ ചെലുത്തിനോക്കി. അതായത് മുഹമ്മദിനോട് ചുരുങ്ങിയ പക്ഷം ദൈവം ഏകനാണെന്ന സിദ്ധാന്തത്തിൽ നിന്നും അതിന്റെ പ്രചാരണത്തിൽ നിന്നും പിൻമാറണമെന്ന് നിർദ്ദേശിക്കുവാൻ അവർ അബൂതാലിബിനെ നിർബന്ധിച്ചു. ഈ നിർദ്ദേശത്തിന് അബൂതാലിബ് വഴങ്ങുകയും മുഹമ്മദിനെ വിളിച്ച് എന്തു കൊണ്ട് ചുരുങ്ങിയ പക്ഷം ഈ ആഗ്ര

ഹത്തിന് വഴിപ്പെട്ടുകൂടേ എന്ന് ചോദിക്കുകയും ചെയ്തു. എന്നാൽ അക്ഷോഭ്യനായ മുഹമ്മദ്(സ) പറഞ്ഞു: ഇവരുടെ ആഗ്രഹമോ മറ്റാരുടെയെങ്കിലും ആഗ്രഹമോ എനിക്ക് പ്രശ്നമല്ല. മനുഷ്യരാശിയുടെ നാഥൻ അല്ലാഹുവാകുന്നു. ആ അല്ലാഹുവിന്റെ കല്പനകൾക്ക് മാത്രമാണ് ഞാൻ വഴങ്ങുന്നത്. മറ്റാരുടേയും നിർദ്ദേശങ്ങളും അപേക്ഷകളും കല്പനകളും അല്ലാഹുവിന്റെ മുമ്പിൽ എനിക്ക് നിസ്സാരങ്ങളാണ്.

## പ്രലോഭനങ്ങൾ, വാഗ്ദാനങ്ങൾ

ഈ തന്ത്രവും പരാജയപ്പെട്ടപ്പോൾ അവർ തിരഞ്ഞെടുത്തത് പ്രലോഭനമാർഗ്ഗമായിരുന്നു. ഇതിനുവേണ്ടി അവരിൽ പ്രധാനിയായ ഉത്ബത്തു ബ്നു റബീഅത്നെ അവർ നബിതിരുമേനി(സ)യുടെ അടുക്കലേക്ക് പറഞ്ഞയച്ചു. ഈ നേതാവിന്റെ ദൗത്യം നബി(സ) തിരുമേനിയെ ഏകദൈവവിശ്വാസമാർഗ്ഗത്തിൽ നിന്നും എന്തുവിട്ടു വീഴ്ചയ്ക്കും തയ്യാറാ യിക്കൊണ്ടു പിന്തിരിപ്പിക്കുക എന്നതായിരുന്നു. അക്കാരണത്താൽ പ്രലോഭനങ്ങളുടെ ഒരുകെട്ടു തന്നെ അദ്ദേഹം മുഹമ്മദ്(സ)ന്റെ മുന്നിൽ അഴിച്ചു. മുഹമ്മദ് തന്റെ വിശ്വാസം കൈയൊഴിയുമെങ്കിൽ എന്താണോ ആവശ്യപ്പെടുകയും ആഗ്രഹിക്കുകയും ചെയ്യുന്നത് അത് താൻ നിറവേറ്റിക്കൊടുക്കാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. രാജ്യത്തിലെ ഏറ്റവും ബഹുമാന്യനായ വ്യക്തി എന്ന് അദ്ദേഹത്തെ വേണമെങ്കിൽ പ്രഖ്യാപിക്കാം. ധനമാണ് ആഗ്രഹിക്കുന്നതെങ്കിൽ എത്ര വേണമെങ്കിലും അത് നൽകാം. മക്കയിലെ ഏറ്റവും വലിയ ധനവാനായി വാഴിക്കാം. മക്കയിലെ രാജാവാകാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ തങ്ങൾ അതിനും തയ്യാറാണ്. സുന്ദരിയായ ഒരു തരുണിയെയാണ് ആവശ്യമെങ്കിൽ മക്കയിലെ മുഴുവൻ തരുണീമണികളേയും മുഹമ്മദിന്റെ മുന്നിൽ അണിനിരത്താം. ഒരു കാര്യം മാത്രം തങ്ങൾക്കു മതി. ഈ വിശ്വാസത്തിൽ നിന്നും പിന്തിരിയുക.

എന്നാൽ, മുഹമ്മദ്(സ) ദൈവദൂതനായിരുന്നു. ക്ഷമാപൂർവ്വം ഈ പ്രലോഭനങ്ങൾ അദ്ദേഹം കേൾക്കുകയുണ്ടായി. പിന്നീട് ശാന്തനായി, എന്നാൽ ദൃഢസ്വരത്തിൽ അദ്ദേഹം പറഞ്ഞു. നിങ്ങൾ എന്റെ വലതു കൈയിൽ സൂര്യനേയും ഇടതുകൈയിൽ ചന്ദ്രനേയും വെച്ചു തരികയാണെങ്കിൽ പോലും ഈ വിശ്വാസത്തിൽ നിന്ന് അണുപോലും മാറാൻ ഞാൻ തയ്യാറല്ല.

## ഉപരോധവും ബഹിഷ്കരണവും

മക്കയിലെ സംഭവവികാസങ്ങൾ രാജ്യം മുഴുവൻ സംസാര വിഷയമായി മാറിയപ്പോൾ ഈ പുതിയ വിശ്വാസം അറിയാനുള്ള താൽപര്യത്തോടെ ആളുകൾ മക്ക സന്ദർശിച്ചു തുടങ്ങി. ഇതോടുകൂടി മക്കക്കാർ കൂടുതൽ അസ്വസ്ഥരായി. സന്ദർശകർ നബി(സ) തിരുമേനിയെ കണ്ടു

മുട്ടാതിരിക്കാൻ വേണ്ടി അവരെ വഴിയിൽ വച്ചുതന്നെ മക്കക്കാർ തടഞ്ഞു നിർത്തുകയും പിന്തിരിഞ്ഞുപോകാൻ വേണ്ടി തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു. നബി(സ) തിരുമേനിയെ വധിക്കുക മാത്രമാണ് ഇതിന് ഏക പോംവഴി എന്നവർ മനസ്സിലാക്കുകയും അതിനുവേണ്ടി അവർ കരുനീക്കങ്ങൾ നടത്തുകയും ചെയ്തു. ഈ കരുനീക്കങ്ങൾ അറിഞ്ഞതോടെ അബൂതാലിബും ഹാശിം കുടുംബവും തൊട്ടടുത്തുള്ള മലഞ്ചെരുവിലേക്ക് ഉൾവലിഞ്ഞു. നബി(സ)തിരുമേനിയെ സംരക്ഷിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. മറുഭാഗത്ത് ഈ ചെറുസംഘത്തിന്നെതിരിൽ മക്കയിലെ ഗോത്രനേതാക്കൾ കഠിനമായ ബഹിഷ്കരണം ഏർപ്പെടുത്തി. ഭക്ഷണങ്ങളോ മറ്റാവശ്യസാധനങ്ങളോ അവർക്ക് വിൽക്കുകയോ എത്തിച്ചുകൊടുക്കുകയോ ചെയ്തുകൂടാത്തതാണെന്ന് അവർ വിളംബരപ്പെടുത്തി. ഹാശിം കുടുംബവുമായും മുസ്ലിംകളുമായും വിവാഹബന്ധങ്ങളുൾപ്പെടെ എല്ലാ ബന്ധങ്ങളും വിരോധിക്കുകയും ചെയ്തു. എന്നാൽ, മുഹമ്മദിനെ അവർക്ക് ഏൽപ്പിച്ചുകൊടുക്കുകയാണെങ്കിൽ ഈ ബഹിഷ്കരണം ഒഴിവാക്കാവുന്നതാണെന്നും അവർ വിളംബരം ചെയ്യുകയുണ്ടായി.

വിശാലമായ മരുഭൂമിയിലെ ഒറ്റപ്പെട്ട ഒരു പട്ടണമാണ് മക്ക. നാൽപത് നാഴിക വിസ്തൃതിക്കകത്ത് മറ്റൊരു പട്ടണമോ ജനവാസകേന്ദ്രമോ ഇല്ല. ഇതിൽ നിന്നുതന്നെ മുസ്ലികൾക്കും നബി(സ)തിരുമേനിയുടെ ബന്ധുക്കൾക്കും ഈ ബഹിഷ്കരണഫലമായി അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളെക്കുറിച്ച് ഊഹിക്കാവുന്നതേയുള്ളു.

മൂന്നുവർഷം നീണ്ടുനിന്നു ബഹിഷ്കരണം! ഒരു ഭാഗത്തു നിന്നും സഹായമെത്തിക്കൂടാ എന്ന ദൃഢനിശ്ചയത്തോടുകൂടി നാലുഭാഗത്തും മക്കക്കാരുടെ പ്രതിരോധനിര. എന്നാൽ, ഇതൊക്കെയായിട്ടും മുസ്ലിംകളും ഹാശിം കുടുംബവും ക്ഷമയോടെ ആ മലഞ്ചെരുവിൽ കഴിച്ചുകൂട്ടുക തന്നെ ചെയ്തു. ഇലകളും വേരുകൾ പോലും അവർക്ക് ആഹാരമായി ഭക്ഷിക്കേണ്ടിവന്നു. പലപ്പോഴും അവർ പട്ടിണികൊണ്ട് നീറി. അവരുടെ ആരോഗ്യം അനുദിനം ക്ഷയിക്കുകയും ചെയ്തു. പക്ഷേ, അപ്പോഴും ഏകദൈവത്തെ ഉപേക്ഷിക്കാനോ തങ്ങളുടെ പ്രിയപ്പെട്ടവനെ എതിരാളികൾക്ക് ഏൽപ്പിക്കുവാനോ അവർ തയ്യാറായില്ല. ആ ചിന്തപോലും അവരുടെ മനസ്സിൽ കടന്നു വന്നില്ല. എതിരാളികൾക്കു മുമ്പിൽ തലകുനിക്കുവാനും തയ്യാറായില്ല.

എന്നാൽ, ദൈവം എല്ലാറ്റിനും ഒരു പരിധി കല്പിച്ചിരിക്കുന്നുവെന്നാണ് മനസ്സിലാക്കേണ്ടത്. മക്കക്കാരാൽ ഏർപ്പെടുത്തപ്പെട്ട ഈ ഉപരോധം അവരാൽത്തന്നെ പരാജയപ്പെടുന്ന കാഴ്ചയാണ് പിന്നീട് നമു

ക്ക് കാണാൻ കഴിയുന്നത്. മക്കയിൽ സ്വാധീനമുള്ള ചില യുവാക്കൾ ഇതിന്നെതിരിൽ ശക്തിയായി പ്രചാരണമാരംഭിച്ചു. അവർക്ക് ഒരവസരം കൈവന്നപ്പോൾ കഅ്ബയിൽ സൂക്ഷിച്ചു വെച്ചിരുന്ന ഈ ഭ്രഷ്ട് കല്പന കൈക്കലാക്കി അതിനെ അവർ തുണ്ടം തുണ്ടമാക്കി കീറി വലിച്ചെറിഞ്ഞു. അതോടുകൂടി ഭ്രഷ്ട് അവസാനിക്കുകയും നബി(സ) തിരുമേനിയും സഖാക്കളും അവരുടെ ബന്ധുക്കളും പട്ടണത്തിലേക്ക് തിരിച്ചു വരികയും ചെയ്തു. പക്ഷേ, ദീർഘ കാലത്തെ ശാരീരികവും മാനസികവുമായ പീഢനങ്ങൾ അതിന്റെ ക്രൂരമായ ഫലങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞിരുന്നു. നബി(സ)തിരുമേനിയുടെ പിതൃവ്യനായ അബൂത്വാലിബും പ്രിയപത്നി ഖദീജയും അല്പനാളുകൾക്കുള്ളിൽ മരണമടഞ്ഞു.

## ത്വായിഫ് യാത്ര

തന്റെ അധ്യാപനങ്ങൾക്ക് നേരെ മക്കക്കാർക്കുള്ള അമർഷം ശരിക്കും അനു ഭവിച്ചറിഞ്ഞ നബിതിരുമേനി (സ) അറേബ്യയിലെ മറ്റേതെങ്കിലും പട്ടണത്തിലേക്ക് നീങ്ങണമെന്ന് തീരുമാനിക്കുകയും അതിനായി ത്വായിഫിനെ തിരഞ്ഞെടുക്കുകയും ചെയ്തു. ഏകദൈവാരാധനക്കായി ജനങ്ങളെ ക്ഷണിക്കുക എന്ന ദൗത്യം തുടരുവാനായി ത്വായിഫിലേക്ക് അദ്ദേഹം യാത്രചെയ്തു. മക്കയിൽ നിന്നും അറുപത് നാഴിക ദൂരെ സ്ഥിതി ചെയ്യുന്ന ഒരു പട്ടണമായിരുന്നു ത്വായിഫ്. ഈ പട്ടണത്തിലെ ജനങ്ങളുടെ മുമ്പാകെ അല്ലാഹുവിന്റെ വചനം അവതരിപ്പിച്ചപ്പോൾ അവർ മക്കക്കാരേക്കാൾ തങ്ങളാണ് കൂടുതൽ കിരാതരെന്ന് തെളിയിക്കുകയാണ് ചെയ്തത്. അവർ അദ്ദേഹത്തെ അവഹേളിക്കുകയും ത്വായിഫിൽ നിന്നും തുരത്തി ഓടിക്കുകയും ചെയ്തു. മാത്രമല്ല അവർ അദ്ദേഹത്തിന്റെ പിന്നാലെ നായ്ക്കളെ കെട്ടഴിച്ചുവിട്ടു. പേയിളകിയ മനുഷ്യർ ആ പുണ്യപ്രവാചകനു നേരെ ഭ്രാന്തമായ ആവേശത്തോടെ കല്ലെറിയുകയും ചെയ്തു. ഈ ദുരന്തങ്ങൾ ഏറ്റു വാങ്ങുകയായിരുന്നപ്പോഴും അവർക്കുവേണ്ടി ആ മഹാനുഭവന്റെ മനസ്സ് പിടയുകയായിരുന്നു. മുഖത്തു പൊടിഞ്ഞ ചോര തുടച്ചു മാറ്റിക്കൊണ്ട് നോവുന്ന ഹൃദയത്തോടെ അദ്ദേഹം തന്റെ ഏകനായ നാഥനോടു പ്രാർത്ഥിച്ചു. എന്റെ രക്ഷിതാവേ! ഞാൻ പറയുന്നത് സത്യമാണെന്ന് ഇന്ന് ഈ ജനത അറിയുന്നില്ല. ഈ ചെയ്യുന്നതൊക്കെ ന്യായമാണെന്ന് അവർ കരുതുന്നു. അതുകൊണ്ട് നീ അവരുടെ നേരെ ക്രോധം കാണിക്കരുതേ, അവരുടെ മേൽ നീ ശിക്ഷയൊന്നും ഇറക്കരുതേ! സത്യത്തിനു നേരെ നീ അവരുടെ കണ്ണുകൾ തുറപ്പിക്കുകയും അതു വിശ്വസിക്കാൻ നീ അവർക്ക് കഴിവ് നൽകുകയുംചെയ്യേണമേ.

## ഇസ്ലാം മദീനയിൽ

സത്യം അടിച്ചമർത്തുക അസാധ്യമാണ്. തിരുനബി(സ)യുടെ ഉപദേശങ്ങളും അധ്യാപനങ്ങളും പതുക്കെപ്പതുക്കെ പ്രചരിച്ചു തുടങ്ങി. മക്കയുടെ തൊട്ടടുത്ത പട്ടണമായ മദീനയിൽ നിന്നും വിവരമറിഞ്ഞെത്തിയ ചില തീർത്ഥാടകർ നബി(സ)തിരുമേനിയുമായി കണ്ടുമുട്ടി. എന്താണ് താങ്കളുടെ പ്രബോധനം! അവർ ചോദിച്ചു. മറുപടിയായി തനിക്കു ലഭിച്ച ദിവ്യസന്ദേശങ്ങൾ അവർക്ക് മുമ്പിൽ അദ്ദേഹം വിശദീകരിച്ചു. ഒരു പുതിയ അനുഭവമായിരുന്നു അവർക്കിത്. ഇതവരുടെ മനസ്സിനെയും ബുദ്ധിയേയും ഹഠാദാകർഷിച്ചു. മദീനയിൽ തിരിച്ചു ചെന്നപ്പോൾ ഈ അനുഭവങ്ങൾ അവർ തങ്ങളുടെ നാട്ടുകാരുമായി പങ്കുവെച്ചു. തീക്ഷ്ണമായ ഒരു സത്യം തങ്ങൾ ദർശിക്കുകയാണ് എന്ന അനുഭവത്തിന് അവരെല്ലാവരും പാത്രീഭൂതരാവുകയാണ് ചെയ്തത്. അടുത്ത വർഷം കൂടുതൽ ഉത്സാഹത്തോടെ അവർ മക്കയിലെത്തി. ഒരു ചെറിയ സംഘമല്ല, എഴുപതിലധികം പേർ. അവർ നബി(സ) തിരുമേനിയുമായി സന്ധിച്ചു. കൂടുതൽ വിവരങ്ങൾ, കൂടുതൽ ഉപദേശങ്ങൾ, കൂടുതൽ അധ്യാപനങ്ങൾ. മുസ്ലിംകളാകാൻ അവർക്ക് പിന്നെ താമസിക്കേണ്ടിവന്നില്ല. അവർ മുസ്ലിംകളായി എന്നു മാത്രമല്ല തങ്ങളുടെ ജൻമദേശത്തേക്ക് നബി(സ)തിരുമേനിയെ ക്ഷണിക്കുകയും ചെയ്തു. പക്ഷേ, മക്കവിടാൻ നബി(സ)തിരുമേനിക്ക് അപ്പോൾ ഉദ്ദേശ്യമുണ്ടായിരുന്നില്ല. മക്ക വിടേണ്ടിവരികയാണെങ്കിൽ നിശ്ചയമായും മദീനയിൽ വരുന്നതാണെന്ന് അവർക്ക് വാക്കുനൽകി ആശ്വസിപ്പിച്ചു.

## ഹിജ്റത്ത്

പുതിയ വിശ്വാസ സിദ്ധാന്തം മക്കക്ക് പുറത്ത് പ്രചരിക്കുന്നു എന്ന് ബോധ്യമായപ്പോൾ മുഹമ്മദിനെ തുടച്ചു നീക്കുക മാത്രമേ ഇതിനൊരു പരിഹാരമാർഗ്ഗമുള്ളു എന്ന് മക്കക്കാർ തീരുമാനമെടുക്കുകയും അതിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്തു. ഒരു രാത്രി കൂട്ടം ചേർന്ന് അദ്ദേഹത്തെ ആക്രമിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് അതിനു പറ്റിയ കുറെ യുവാക്കളെ അവർ തിരഞ്ഞെടുത്തു. ഒരു കുടുംബത്തിൽ നിന്ന് ഒരു യുവാവ് എന്ന കണക്കിൽ എല്ലാവരും ചേർന്ന് ആക്രമിക്കുന്ന ഒരു സാഹചര്യത്തിൽ ആക്രമണത്തിന്റെ ഉത്തരവാദിത്വം ഒരു കുടുംബത്തിനു മാത്രമായി ചുമത്താൻ സാധ്യമാവാതെ വരും. അതുകൊണ്ടുതന്നെ ഹാശിം കുടുംബത്തിന് പ്രതികാരം അസാധ്യമായി മാറുകയും ചെയ്യും. ഇതായിരുന്നു അവരുടെ പദ്ധതി. ഈ പദ്ധതി പരമരഹസ്യമായിട്ടായിരുന്നു ആവിഷ്കരിക്കപ്പെട്ടതെങ്കിലും ദൈവനിയോഗിതനായ നബിതിരുമേനി(സ)ക്ക് ഈ പദ്ധതിയെ കുറി

ച്ചുള്ള വ്യക്തമായ അറിവു ലഭിച്ചു. തുടർന്ന് ഈ പദ്ധതി നടപ്പിൽ വരുത്താൻ അവർ തിരഞ്ഞെടുത്തത് ഏതൊരു രാത്രിയിലാണോ അതേ രാത്രി തന്നെ തന്റെ ആത്മ മിത്രമായ അബൂബക്കറിനോടൊപ്പം അദ്ദേഹം മദീനയിലേക്ക് യാത്ര പുറപ്പെട്ടു. മദീനയും മദീനയിലെ ജനങ്ങളും അദ്ദേഹത്തെ സഹർഷം സ്വീകരിക്കുകയും ചെയ്തു. ഒരു ചുരുങ്ങിയ കാലത്തിനകം മദീനാനിവാസികളെല്ലാം തൗഹീദിൽ വിശ്വസിച്ചുകൊണ്ട് മുസ്‌ലിംകളായിത്തീർന്നു. അവർ പ്രവാചകശ്രേഷ്ഠനെ തങ്ങളുടെ രാജാവായി തിരഞ്ഞെടുത്തു. അങ്ങനെ കെട്ടിടം പണിയുന്നവരാൽ ഉപേക്ഷിക്കപ്പെട്ട മൂലക്കല്ല് മദീന എന്ന രാഷ്ട്രത്തിന്റെ സിംഹാസനമായി മാറുന്ന അത്യന്തം അത്ഭുതകരമായ കാഴ്ചയ്ക്ക് ലോകം സാക്ഷിയായി.

## മദീനയുടെ രാജാവ്

മദീനയുടെ രാജാവെന്ന നിലയിലും അദ്ദേഹം ജനങ്ങൾക്ക് പ്രബോധനം നൽകുന്നതിൽ മുഴുകി. തന്റെ എളിയ ജീവിതരീതി അദ്ദേഹം കൈവിട്ടില്ല. ഏകദൈവാരാധനയ്ക്കായി ജനങ്ങളെ ക്ഷണിക്കുകയും ആത്മീയവും സാമൂഹികവുമായ ഇസ്‌ലാമിക അനുശാസനകൾ അവരെ പഠിപ്പിക്കുകയും ചെയ്തുകൊണ്ട് അദ്ദേഹം പുതിയ ജീവിതമാരംഭിച്ചു. പള്ളിയിൽ വച്ച് ദിനേന അഞ്ചുനേരങ്ങളിൽ നടത്താറുള്ള പ്രാർത്ഥനകൾക്കും അദ്ദേഹം നേതൃത്വം നൽകി. സമുദായത്തിലെ അംഗങ്ങൾക്കിടയിലുണ്ടാകുന്ന അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞു തീർക്കുകയും കച്ചവടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ രാജ്യപുരോഗതിക്കാവശ്യമായ മണ്ഡലങ്ങളി ലെല്ലാം നിതാന്ത ശ്രദ്ധ പുലർത്തുകയും ചെയ്തു. ദരിദ്രരുടെ പ്രശ്നങ്ങളിലും അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധ ചെലുത്തി. ഈ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നടത്തുന്നതിനിടയിൽ യുവാക്കളോടൊപ്പം കായിക വിനോദങ്ങളിൽ പങ്കെടുക്കുന്നതിലും അവരുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിലും ശ്രദ്ധ ചെലുത്തുകയും ചെയ്തു. വീട്ടിൽ തിരിച്ചെത്തിയാൽ നബി(സ) പലപ്പോഴും ഭാര്യമാരെ വീട്ടുവേലകളിൽ സഹായിക്കുകയും ചെയ്യുമായിരുന്നു. പാതിരാവിൽ എല്ലാവരും സുഖനിദ്രയിൽ ആണ്ടുകിടക്കുമ്പോൾ അദ്ദേഹം പായ വിട്ടെഴുന്നേൽക്കുകയും രാത്രി മുഴുവൻ സ്രഷ്ടാവിനെ ആരാധിച്ചു കൊണ്ട് കഴിച്ചു കൂട്ടുകയും ചെയ്യുമായിരുന്നു. ഇങ്ങനെ ആരാധനയിൽ വളരെ നേരം തുടർച്ചയായി നിൽക്കുന്നകാരണത്താൽ അദ്ദേഹത്തിന്റെ പാദങ്ങളിൽ നീരുകെട്ടാറുണ്ടായിരുന്നു.

## തിരുനബി(സ)യുടെ അധ്യാപനങ്ങൾ

നബി(സ)തിരുമേനിയുടെ അധ്യാപനങ്ങൾ താഴെ വിവരിക്കുന്ന പ്രകാരം സംഗ്രഹിക്കാം.

**1. ഏകദൈവം :**

അല്ലാഹു ഏകനാണ്. മലക്കുകളും മനുഷ്യനുമെല്ലാം അവന്റെ സൃഷ്ടികളാണ്. ദൈവം മനുഷ്യനിലോ വിഗ്രഹങ്ങളിലോ അവതാരമെടുക്കുമെന്നോ ആരുടെയെങ്കിലും സൃഷ്ടിയാണെന്നോ അവന് സന്താനങ്ങളുണ്ടെന്നോ സങ്കൽപ്പിക്കുന്നത് ദൈവത്തെ അവഹേളിക്കുന്നതിനു തുല്യമാണ്. അല്ലാഹു എല്ലാവിധ ആശ്രിതത്വത്തിനും അതീതനാണ്. ജീവൻ നൽകുന്നതും ജീവൻ തിരിച്ചെടുക്കുന്നതും അവൻ മാത്രമാണ്. എല്ലാ പരിഷ്ക്കർത്താക്കളും പ്രവാചകൻമാരും അവന്റെ സേവകരാണ്. അവരിലാർക്കും സ്വന്തമായ ദിവ്യശക്തി ഇല്ല തന്നെ. എല്ലാ മനുഷ്യരും അവനെ മാത്രം ആരാധിക്കുകയും അവനോടുമാത്രം സഹായമഭ്യർത്ഥിക്കുകയും അവനിൽ മാത്രം വിശ്വാസമർപ്പിക്കുകയും ചെയ്യണം.

**2. മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യം :**

ആത്മീയവും ധാർമ്മികവും ബുദ്ധിപരവും സാമൂഹികവുമായ ഉന്നത മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ട് മുന്നേറുവാനാണ് മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നതെന്ന് റസൂൽ(സ)തിരുമേനി പഠിപ്പിച്ചു. ഈ ഉദ്ദേശ്യം പൂർത്തികരിക്കുവാനാണ് അല്ലാഹു എല്ലാ രാജ്യത്തും തുടർച്ചയായി പ്രവാചകൻമാരെ അയച്ചുകൊണ്ടിരുന്നത്. ഒരു പ്രത്യേക രാഷ്ട്രത്തിനു വേണ്ടി മാത്രമേ ദൈവം പ്രവാചകൻമാരെ നിയോഗിച്ചിരുന്നുള്ളു എന്ന സിദ്ധാന്തത്തെ അദ്ദേഹം തിരുത്തി. അത്തരം വിശ്വാസം സ്രഷ്ടാവായ അല്ലാഹു പക്ഷപാതം കാണിക്കുന്നുവെന്ന ആക്ഷേപത്തിനിടവരുത്തുകയും അത് അല്ലാഹുവിനെ തന്നെ നിഷേധിക്കുന്നതിന് കാരണമായിത്തീരുകയും ചെയ്യും. എല്ലാ രാഷ്ട്രങ്ങളിലും അവതരിച്ച പ്രവാചകൻമാരുടെ സത്യത്തെ അദ്ദേഹം സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

**3. ദിവ്യവെളിപാടുകൾ :**

വിവിധ കാലഘട്ടത്തിൽ അതാതു കാലത്തെ ആവശ്യങ്ങൾ ക്കനുസരിച്ച് ദൈവികവചനങ്ങൾ ഇറക്കപ്പെട്ടിട്ടുണ്ടെന്നും നബിതിരുമേനി(സ) പഠിപ്പിച്ചു. ഈ അന്ത്യകാലഘട്ടത്തിൽ ജനതയുടെ മാർഗ്ഗദർശനത്തിനായി അല്ലാഹു തന്നെ നിയോഗിച്ചിരിക്കുകയാണ്. അപ്രകാരം അവതീർണ്ണമായ ദൈവിക ഗ്രന്ഥങ്ങളിൽ വിശുദ്ധ ഖുർആനാണ് സമ്പൂർണ്ണ സംഹിതയെന്ന് പഠിപ്പിക്കുകയും മുഴുവൻ ജനതയെയും അതിലേക്ക് ക്ഷണിക്കുകയും ചെയ്തു.

**4. അല്ലാഹു തന്റെ ദാസരോട് സംസാരിക്കുന്നു :**

അല്ലാഹു തന്റെ വരിഷ്ഠദാസരോട് എപ്പോഴും സംസാരിച്ചു കൊണ്ടിരിക്കുമെന്നും അവന്റെ ആസ്തിക്യവും സ്നേഹവും തുറന്നുകാണിക്കുവാനായി അതിന്നുപോൽബലകമായ തെളിവുകൾ അവർക്ക് വെളിപ്പെടുത്തിക്കൊടുക്കുമെന്നും തന്റെ അദ്ധ്യാപനങ്ങളെ പിൻപറ്റുന്നവർക്കും ഇത്തരം അനുഭവം ഉണ്ടാകുമെന്നും നബി(സ)തിരുമേനി പഠിപ്പിച്ചു.

ഈ പ്രബോധനം സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുവാൻ എന്റെ വ്യക്തിപരമായ അനുഭവത്തിലൂടെ എനിക്ക് സാധിക്കും. മൂസാനബിയുടേയും ഈസാനബിയുടേയും കാലഘട്ടത്തിലെ ജനതക്ക് അനുഭവപ്പെട്ടതുപോലെ, ഇസ്‌ലാമികാധ്യാപനങ്ങൾ പിന്തുടരുക മൂലം, ഞാനും അല്ലാഹുവിന്റെ ഭാഷ്യം പല സന്ദർഭങ്ങളിലായി ശ്രവിച്ചിട്ടുണ്ട്. മനുഷ്യശക്തിക്കതീതമായി, എനിക്ക് പല അവസരങ്ങളിലും അല്ലാഹു അവന്റെ അടയാളം വ്യക്തമാക്കിതന്നിട്ടുണ്ട്.

**5. ജീവനുള്ള മതം :**

സത്യമതത്തിന്റെ പ്രധാന ലക്ഷണങ്ങളിലൊന്ന് അതിനെ ജീവനുള്ളതും പരിശുദ്ധവുമായി ഈ ലോകത്ത് നിലനിർത്തുവാനുള്ള മാർഗ്ഗങ്ങൾ അല്ലാഹു തന്നെ ആസൂത്രണം ചെയ്യും എന്നതാണ്. മനുഷ്യന്റെ കൈകടത്തലുകൾക്കെതിരെ ഇസ്‌ലാമിനെ അതിന്റെ തക്കതായ പരിശുദ്ധിയോടെ നിലനിർത്തുവാനായി അല്ലാഹു പ്രവാചകൻമാരെ നിയോഗിക്കുന്നതാണ്. ഈ ഉദ്ദേശ്യങ്ങൾക്കായി ഇന്ത്യയിലും അടുത്ത കാലത്ത് ഒരു പ്രവാചകൻ ജൻമംകൊണ്ടു. നബി(സ)യുടെ ശിഷ്യനായി അല്ലാഹു നിയോഗിച്ച ആ പ്രവാചകനാണ് ഹദ്റത്ത് അഹ്മദ് (അ). ആ മഹാത്മാവ് വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയുമാണ്.

**6. സമാധാന ജീവിതം :**

മതവിശ്വാസത്തിൽ അന്തരങ്ങളുണ്ടെങ്കിലും എല്ലാ ജനങ്ങളും അന്യോന്യം സമാധാനത്തിലും സഹവർത്തിത്വത്തിലും ജീവിക്കണമെന്ന് മുഹമ്മദ് നബി(സ)പഠിപ്പിച്ചു. മതത്തിന്റെ പേരിൽ ഒരിക്കലും കലഹിക്കരുത്. സത്യം ഒരാളുടെ ഭാഗത്തുണ്ടെങ്കിൽ ആ ആൾക്ക് ഒരു വിവാദത്തിലും ഏർപ്പെടേണ്ട ആവശ്യം വരില്ല. ആ സത്യം പ്രബോധിപ്പിക്കപ്പെടുമ്പോൾ അതുതന്നെ ജനഹൃദയങ്ങളെ ജയിച്ചടക്കും. അതുകൊണ്ടുതന്നെ നബിതിരുമേനി(സ) ക്രിസ്ത്യാനികളെ തന്റെ പള്ളിയിൽ ആരാധന നടത്താൻ അനുവദിച്ചു. പരിഷ്കൃതമായ ഈ ഇരുപതാം നൂറ്റാണ്ടിൽ പോലും കണികാണാൻ കഴിയാത്ത സഹിഷ്ണുതയുടെ സമ്പന്നമായ ഒരുദാഹരണമാണ് ഈ സംഭവത്തിലൂടെ ദർശിക്കാൻ കഴിയുന്നത്.

**7. ആത്മീയവും ഭൗതികവുമായ അവസ്ഥകൾ :**

മനുഷ്യജീവിതത്തിന് ആത്മീയാവസ്ഥ, ഭൗതീകാവസ്ഥ എന്നീ രണ്ടു വശങ്ങളുണ്ടെന്നും അവ വേർപ്പെടുത്തിക്കാണിക്കുക സാദ്ധ്യമല്ലെന്നും അവ രണ്ടും അന്യോന്യം പ്രതിപ്രവർത്തനം നടത്തുമെന്നും നബി(സ) പ്രത്യേകം ഊന്നിപ്പറഞ്ഞു. ഹൃദയശുദ്ധിയില്ലാതെ മതനിയമങ്ങളുടെ ബാഹ്യമായ മേൻമകൾ ഉൾക്കൊള്ളാൻ സാധിക്കുകയില്ല. ബാഹ്യമായ ഗുണവിശേഷങ്ങൾ ഉൾക്കൊള്ളാതെ മനസ്സിനെ നിയന്ത്രിക്കുവാനോ വികസിപ്പിക്കുവാനോ സാദ്ധ്യവുമല്ല. അതുകൊണ്ട് മനുഷ്യന്റെ ഈ രണ്ടു അവസ്ഥകൾക്കും പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു.

**8. സദാചാരനിഷ്ഠ :**

എല്ലാ മനുഷ്യരും പരിശുദ്ധവും നിഷ്ക്കളങ്കവുമായ പ്രകൃതിയോടെയാണ് പിറന്നുവീഴുന്നത്. അബദ്ധജടിലമായ ശിക്ഷണവും തെറ്റായ രീതിയിലുള്ള പരിലാളനങ്ങളും കാരണമാണ് മനുഷ്യനിൽ തെറ്റുകുറ്റങ്ങൾ കാണപ്പെടുന്നത്. അതിനാലാണ് നബിതിരുമേനി(സ) ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസവും ശിക്ഷണവും നിഷ്കർഷിച്ചത്.

**9. ആത്മശുദ്ധീകരണം :**

ധാർമ്മിക ഗുണങ്ങളുടെ ശരിയായ ഉദ്ദേശ്യം വ്യക്തിയെയും സമൂഹത്തെയും ശരിയായ രീതിയിൽ രൂപാന്തരപ്പെടുത്തിയെടുക്കുക എന്നതാണെന്ന് നബി(സ) വ്യക്തമാക്കുന്നു. ഒരു പ്രശ്നത്തിന്റെ ഒരു വശത്തിനുമാത്രം പ്രാധാന്യം കൊടുക്കാതെ അതിന്റെ പരിണിതഫലങ്ങളെക്കൂടി കണക്കിലെടുക്കേണ്ടതാണെന്ന് ആ മഹാത്മാവ് പഠിപ്പിക്കുകയുണ്ടായി. ഉദാഹരണമായി എല്ലാ കാര്യത്തിലും ദയകാണിക്കുകയോ മാപ്പു നൽകുകയോ ചെയ്യണമെന്ന് അദ്ദേഹം ഒരിക്കലും പറഞ്ഞില്ല. ഒരാൾ ദ്രോഹിക്കപ്പെടുകയോ മുറിവേൽപ്പിക്കപ്പെടുകയോ ചെയ്താൽ, ആ ദ്രോഹിയേയോ മുറിവേൽപ്പിച്ച ആളെയോ സൽസ്വഭാവിയാക്കിമാറ്റുവാൻഎന്താണ് ഉത്തമമായ മാർഗ്ഗം എന്ന് പീഢനത്തിന് വിധേയനായ ആൾ പരിചിന്തനം നടത്തേണ്ടതാണ്. അയാൾ ഒരു സാധാരണ വ്യക്തിയാണെങ്കിൽ ഒരു സന്ദർഭം ലഭിച്ചാൽ തെറ്റുതിരുത്തിയേക്കാം. അങ്ങനെയുള്ള വ്യക്തി ക്ഷമാപണത്തിനും കാരുണ്യത്തിനും അർഹനാണെന്ന് നബിതിരുമേനി(സ) പറയുമായിരുന്നു. പക്ഷേ, ആ ദ്രോഹി, നിങ്ങളുടെ വിട്ടുവീഴ്ചയെ, നിങ്ങളുടെ ദൗർബ്ബല്യമായോ ഭീരുത്വമായോ കണക്കാക്കി കൂടുതൽ ദ്രോഹങ്ങൾ പ്രവർത്തിക്കാനിടയുണ്ടെന്ന് തോന്നുകയാണെങ്കിൽ അത്തരം ആളുടെ നേരെ കർശനടപടികളെടുക്കേണ്ടതാണ്. അല്ലെങ്കിൽ അയാൾ നിങ്ങളെക്കൂടാതെ മറ്റു പലരേയും ദ്രോഹിച്ചെന്നിരിക്കും. അയാളുടെ കുറ്റത്തിന്റെ

ഗൗരവത്തിനനുസരിച്ച് ശിക്ഷ നടപ്പാക്കുക. അല്ലെങ്കിൽ നിരപരാധികളും ബലഹീനരും ദ്രോഹിക്കപ്പെട്ടേക്കാം.

**10. യുദ്ധത്തെപ്പറ്റിയുള്ള അധ്യാപനങ്ങൾ :**

അക്രമം അഴിച്ചുവിട്ടുകൊണ്ടുള്ള യുദ്ധം (Offensive War) ഒരിക്കലും ചെയ്യരുതെന്ന് മുഹമ്മദ് നബി(സ) പഠിപ്പിച്ചു. പ്രതിരോധത്തിനുവേണ്ടി മാത്രമാണ് യുദ്ധം അനുവദിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെയുള്ള ഒരു യുദ്ധത്തിൽ പോലും അക്രമികൾ തങ്ങളുടെ തെറ്റ് മനസ്സിലാക്കി പശ്ചാത്തപിച്ചു പിൻവാങ്ങുകയും സന്ധിസംഭാഷണത്തിനു മുതിരുകയും ചെയ്താൽ സമാധാനം സ്ഥാപിക്കാൻ തയ്യാറാവേണ്ടതാണ്.

**11. ആത്മാവ് ഒരിക്കലും നശിക്കുന്നില്ല :**

മനുഷ്യാത്മാവ് അനശ്വരമാണ്. മനുഷ്യശരീരം മരണത്തിന്നടിപ്പെടുമ്പോൾ ആത്മാവിന് മരണമില്ല. അത് ഒരു നാശത്തിന്നും ഇടയാവാതെ തുടർച്ചയായി പുരോഗതിക്ക് വിധേയമായിരിക്കും. പാപികളും, ദുഷ്ടരും കഠിനശിക്ഷയിലൂടെയുള്ള ശുദ്ധീകരണത്തിനുശേഷം എല്ലാ ദുർനിമിത്തങ്ങളെയും കഴുകിക്കളഞ്ഞുകൊണ്ട് അല്ലാഹുവിന്റെ ശാശ്വതമായ കാരുണ്യത്തിന് പാത്രമാവുകയും സ്വർഗ്ഗത്തിലേക്കുള്ള പാതയിലേക്ക് നയിക്കപ്പെടുകയും ചെയ്യും.

## മക്കക്കാരുടെ ശത്രുത

മദീനയിൽ തന്റെ അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്നതിൽ നബിതിരുമേനി(സ) ഗണ്യമായി പുരോഗമിക്കുന്നുവെന്നും മദീനാനിവാസികളിൽ ഭൂരിപക്ഷവും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിൽ ചേരുന്നുവെന്നും അറിവായപ്പോൾ അദ്ദേഹത്തിന്നെതിരിൽ മക്കക്കാർ സംഘടിച്ച് പല ആക്രമണങ്ങളും നടത്തി. എന്നാൽ അവയിലൊക്കെ അവർ പരാജയപ്പെടുകയാണുണ്ടായത്. ഇവിടെയും അദ്ദേഹത്തിന്റെ പ്രായോഗികക്ഷമത തെളിയിക്കപ്പെട്ടു. വലിയ സന്നാഹങ്ങളുമായി വന്ന, പലപ്പോഴും മൂന്നും നാലും ഇരട്ടി അംഗസംഖ്യയുള്ള ശത്രുക്കൾ നബിതിരുമേനി(സ)ക്കെതിരെ എപ്പോഴും പരാജയപ്പെട്ടതിനു കാരണം ആ പ്രായോഗികക്ഷമതയായിരുന്നു.

തുടർച്ചയായ പരാജയം വലിയ പ്രത്യാഘാതം ശത്രുപക്ഷത്ത് ഉണ്ടാക്കി. എല്ലാ ദുരിതങ്ങളെയും അതിജീവിച്ചുകൊണ്ട് തിരുനബി(സ) അറേബ്യയുടെ പരമോന്നത ഭരണാധികാരിയാവുകയായിരുന്നു. കഠിനമായ പരീക്ഷണങ്ങൾക്കിടയിലും നബിതിരുമേനി(സ) പ്രകടിപ്പിച്ച ഉന്നത ധാർമ്മികമൂല്യങ്ങൾ അദ്ദേഹത്തിന്റെ ശ്രേഷ്ഠതക്ക് മഹത്തായ നിദർശനമായി. ഏതു തരത്തിലുള്ള ത്യാഗമനോഭാവവും ആത്മവീര്യവുമാണ് നബി(സ) തന്റെ അനുയായികളിൽ ജീവിപ്പിച്ചത് എന്ന് ഈ പരീ

ക്ഷണങ്ങൾ വിളിച്ചറിയിക്കുന്നു.

## ഉഹ്ദ് യുദ്ധവും അനുയായികളുടെ വിശ്വാസവും

ഒരു വിശദീകരണമെന്നോണം ഉഹ്ദ് യുദ്ധത്തോടനുബന്ധിച്ച് നടന്ന ഒരു സംഭവം മാത്രം ഞാനിവിടെ വിവരിക്കാം. നബി(സ) മക്കയിൽ നിന്ന് മദീനയിലേക്ക് ഹിജ്റ ചെയ്തതിനു മൂന്ന് വർഷത്തിനുശേഷം ശേഷം 3000 വിദഗ്ധരായ സൈനികരെ ഒരു ശത്രുവ്യൂഹം എല്ലാവിധ യുദ്ധസന്നാഹങ്ങളുമായി മദീനയെ ആക്രമിക്കാൻ വന്നു. മക്കയിൽ നിന്ന് ഉദ്ദേശ്യം 200 മൈലുകൾക്കകലെയാണ് മദീന സ്ഥിതിചെയ്യുന്നത്. യുദ്ധത്തിൽ വിജയം സുനിശ്ചിതമാണെന്ന പൂർണ്ണ വിശ്വാസവുമായി ശത്രുസൈന്യം മദീനയുടെ സമീപത്തെത്തി. വിവരമറിഞ്ഞ നബി തിരുമേനി(സ) ആയിരം ഭടൻമാരോടുകൂടി മദീനയിൽ നിന്നും മൈലുകൾ അകലെയുള്ള ഉഹ്ദ് എന്ന സ്ഥലത്തേക്ക് നീങ്ങി. ഒരു വിഭാഗം സൈനികർക്ക് തിരുമേനി(സ)യുടെ കല്പനകൾ അനുസരിക്കുന്നതിൽ പറ്റിയ വീഴ്ച കാരണത്താൽ, തികച്ചും വിജയിക്കേണ്ടതായ ആ യുദ്ധം, പരാജയത്തിന്റെ വക്കിലെത്തി. മുസ്ലീംകൾ എല്ലാ യുദ്ധങ്ങളും വിജയിച്ചിരുന്നുവെങ്കിലും ഈ യുദ്ധത്തിൽ ചില സഹാബിവര്യൻമാരുടെ സമരതന്ത്രത്തിലുണ്ടായ പാളിച്ചകൾ കാരണത്താൽ ശത്രുസൈന്യം മുസ്ലീംകൾക്കു നേരെ ആഞ്ഞടിച്ചു. ഒരവസരത്തിൽ മുസ്ലീംകൾ വളരെ പിന്നോട്ട് തുരത്തപ്പെട്ടതായ ഘട്ടവുമെത്തി. നിഷ്ഠൂരരായ ശത്രുക്കളുടെ മദ്ധ്യത്തിൽ നബിതിരുമേനി(സ) ഒറ്റക്ക് അകപ്പെട്ടു. അനുയായികൾ പിന്നോട്ട് തള്ളപ്പെട്ടിട്ടും നബിതിരുമേനി(സ) ഒരടി പിൻമാറാതെ ഒറ്റക്ക് യുദ്ധക്കളത്തിൽ അടിയുറച്ചു നിന്നു. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയ അനുയായികൾ നിശ്ചയദാർഢ്യത്തോടെ ആ രംഗത്തെത്തിച്ചേരുവാൻ ഒരു ശ്രമം നടത്തിയെങ്കിലും വെറും 14 പേർക്ക് മാത്രമേ ശത്രുസൈന്യത്തെ ഭേദിച്ചുകൊണ്ട് അവിടെ എത്തിച്ചേരുവാൻ സാധിച്ചുള്ളു. ആ സമയം നബിതിരുമേനി(സ) യുടെ ദേഹത്ത് ഒരു കല്ല് വന്നു പതിക്കുകയും തലക്ക് പരുക്കേറ്റ അദ്ദേഹം ബോധംകെട്ട് വീഴുകയും ചെയ്തു. ആ പൂമേനി, അദ്ദേഹത്തെ രക്ഷിക്കുവാനായി പട പൊരുതി വീരമൃത്യു വരിച്ച മുസ്ലീംഭടൻമാരുടെ മൃതദേഹങ്ങൾക്കിടയിൽപ്പെട്ടു. മുഹമ്മദ് നബി(സ) രക്തസാക്ഷിത്വം വരിച്ചു എന്ന് എല്ലാവരും കരുതി. അദ്ദേഹത്തിന്റെ അനുയായികൾ സ്നേഹത്തിന്റെ മൂർത്തിമത് ഭാവങ്ങളായിരുന്നു. ഈ ദു:ഖവാർത്ത കേട്ടപ്പോൾ മുസ്ലീംകളിൽ ഭൂരിഭാഗംപേരും യുദ്ധക്കളത്തിൽ തങ്ങളുടെ ആയുധങ്ങൾ വലിച്ചെറിഞ്ഞുകൊണ്ട് പൊട്ടിക്കരയുവാൻ തുടങ്ങി. അപ്പോൾ, ഈ കിംവദന്തിയെക്കുറിച്ച് അറിയാതിരുന്ന ഒരു മുസ്ലിംഭടൻ അതുവഴി കടന്നുപോ

കാനിടയായി. അദ്ദേഹം പൊട്ടിക്കരയുന്ന സഹോദരങ്ങളോട് അവരുടെ നിരാശയ്ക്ക് കാരണമെന്താണെന്ന് തിരക്കി. തിരുനബി(സ) മരണമടഞ്ഞുവെന്ന വാർത്ത അയാളോട് പറഞ്ഞു. അപ്പോൾ ആ ഭടൻ പ്രതിവചിച്ചു. നാം കൂടുതൽ ശക്തമായി ആഞ്ഞടിക്കേണ്ടുന്ന സമയം ഇതാണ്. നമുക്കും നമ്മുടെ നേതാവിനെ പിന്തുടർന്ന്കൊണ്ട് വീരമൃത്യു വരിക്കാം. ഇങ്ങനെ പ്രഖ്യാപിച്ചുകൊണ്ട് ആ ഭടൻ ഊരിപ്പിടിച്ച വാളുമായി ശത്രുസൈന്യത്തിനുനേരെ കുതിക്കുകയും ഒറ്റക്ക് പോരാടി വീരമൃത്യുവരിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ മൃതശരീരം യുദ്ധക്കളത്തിൽവെച്ച് കണ്ടെടുത്തപ്പോൾ ദേഹത്ത് എഴുപത് മുറിവുകൾ ഉണ്ടായിരുന്നു.

മൃതശരീരങ്ങൾക്കിടയിൽ നിന്നും റസൂൽ തിരുമേനി(സ) യുടെ പുണ്യദേഹം കണ്ടെടുത്തപ്പോൾ അദ്ദേഹത്തിന് ജീവനുണ്ടെന്ന് അനുയായികൾക്ക് മനസ്സിലായി. ഈ വാർത്ത ചുറ്റും പരന്നു. മുസ്ലിം ഭടൻമാർ വീണ്ടും സംഘടിച്ചു മുന്നേറുകയും ശത്രുസൈന്യത്തെ പരിപൂർണ്ണമായും തുരത്തുകയും ചെയ്തു. യുദ്ധമവസാനിച്ചപ്പോൾ, ഒരു മുസ്ലീം ഭടൻ തന്റെ ഒരു ബന്ധുവിനെ കാണാത്തതിനാൽ അദ്ദേഹത്തെ തിരഞ്ഞുകൊണ്ട് നടന്നു. മാരകമായ മുറിവുകളേറ്റു മരണത്തോടു മല്ലടിച്ചുകഴിയുന്ന ആ ബന്ധുവിനെ അദ്ദേഹം കണ്ടെത്തി. മുറിവേറ്റ ആ ഭടൻ തന്റെ സുഹൃത്തിനെ കണ്ട ഉടനെ നബി(സ) തിരുമേനിയുടെ സുഖവിവരമാണ് അന്വേഷിച്ചത്. റസൂൽ തിരുമേനി(സ) സുരക്ഷിതനായിരിക്കുന്നു എന്ന് അറിഞ്ഞപ്പോൾ ആ മുഖം സന്തോഷം കൊണ്ട് തിളങ്ങി. ആ ചുണ്ടുകളുരുവിട്ടു: "ഞാനിതാ സന്തോഷത്തോടെ മരിക്കുന്നു". മരണത്തിലേക്ക് വഴുതിവീണുകൊണ്ടിരുന്ന ആ ഭടൻ ബന്ധുവിന്റെ കരങ്ങൾ പിടിച്ചുകൊണ്ട്, തന്റെ ബന്ധുമിത്രാദികളെ, താഴെ വിവരിക്കുന്ന സന്ദേശം അറിയിക്കുവാനഭ്യർത്ഥിച്ചു. "അല്ലാഹുവിന്റെ പ്രവാചകനായ മുഹമ്മദ്(സ) നമ്മുടെ കയ്യിൽ ഭരമേൽപ്പിക്കപ്പെട്ട ഒരു സൂക്ഷിപ്പുമുതലാണ്. ഇതിന് നാം അല്ലാഹുവിനോട് കണക്ക് പറയേണ്ടതായി വരും. ഈ അമൂല്യസ്വത്ത് സൂക്ഷിച്ചു സംരക്ഷിക്കുകയെന്നത് നമ്മുടെ കടമയാണ്. ഈ കടമ നിറവേറ്റുക, അല്ലെങ്കിൽ നിങ്ങൾ പരാജിതരുടെ പട്ടികയിലായിരിക്കും". ഇങ്ങനെയാണ് മുസ്ലീം ജനത, റസൂൽ തിരുമേനി(സ)യോടുള്ള ആത്മാർത്ഥമായ ആഭിമുഖ്യം കാണിച്ചത്. ആത്മാർത്ഥ സ്നേഹത്തിൽ മുസ്ലീംസ്ത്രീകൾ പുരുഷൻമാരേക്കാൾ ഒരു വിധത്തിലും പിന്നിലായിരുന്നില്ല. നബി(സ) യുദ്ധത്തിൽ വീരമരണമടഞ്ഞുവെന്ന തെറ്റായ വാർത്ത മദീനയിലും പ്രചരിച്ചപ്പോൾ മന:സ്താപവും അടക്കിനിർത്താനാവാത്ത ദു:ഖവും പേറി മുഴുവൻ

മദീനാവാസികളും യുദ്ധക്കളത്തെ ലക്ഷ്യമാക്കി നീങ്ങി. തിരുനബി(സ) ജീവിച്ചിരിക്കുന്നു എന്ന ആഹ്ളാദത്തോടെ യുദ്ധക്കളത്തിൽ നിന്നു മടങ്ങുകയായിരുന്ന മുസ്ലിം ഭടന്മാരെ അവർ വഴിക്കുവെച്ച് കണ്ടുമുട്ടി. ഒരു മുസ്ലിം സ്ത്രീ മുമ്പോട്ടുകുതിച്ചെത്തി, ചോദിച്ചു. "റസൂൽ തിരുമേനിയുടെ സ്ഥിതിയെന്ത്?" മുഹമ്മദ് നബി(സ) സുരക്ഷിതനായിരിക്കുന്നുവെന്ന് ബോദ്ധ്യമുള്ള ആ ഭടൻ ആ സ്ത്രീയുടെ ചോദ്യം ശ്രദ്ധിക്കാതെ ഇങ്ങനെ പറഞ്ഞു. "അല്ലയോ സഹോദരീ! നിങ്ങളുടെ പിതാവ് വധിക്കപ്പെട്ടു. അക്ഷമയോടെ ആ സ്ത്രീ പറഞ്ഞു. "എന്റെ പിതാവിന്റെ മരണത്തെപ്പറ്റി ഞാൻ ചോദിച്ചില്ലല്ലോ! റസൂൽ തിരുമേനിയുടെ സ്ഥിതിയെന്ത്?" റസൂൽ (സ) തിരുമേനിയെപ്പറ്റിയുള്ള ആ മഹിളാരത്നത്തിന്റെ ഉത്കണ്ഠ ശ്രദ്ധിക്കാതെ അയാൾ വീണ്ടും പറഞ്ഞു. "എന്റെ പ്രിയ സഹോദരി, നിങ്ങളുടെ രണ്ട് സഹോദരൻമാരും യുദ്ധത്തിൽ മരണപ്പെട്ടു പോയി". അതുകൂടി കേട്ടപ്പോൾ ആ സ്ത്രീയുടെ ക്ഷമ നശിച്ചു. "എന്റെ സഹോദരൻമാരുടെ തലവിധിയെപ്പറ്റി പറയുവാനൊന്നും ഞാൻ നിങ്ങളോടാവശ്യപ്പെട്ടില്ല. അല്ലാഹുവിന്റെ ദൂതരുടെ ഇപ്പോഴത്തെ സ്ഥിതിയെപ്പറ്റി പറയുവാൻ നിങ്ങളൊരുക്കമുണ്ടോ"? ആ ഭടൻ പറഞ്ഞു."നബിതിരുമേനി(സ) സുരക്ഷിതനാണ്". ഇതുകേട്ടപ്പോൾ ആ സ്ത്രീ പറഞ്ഞു. "അല്ലാഹുവിന്ന് സ്തുതി, അല്ലാഹുവിന്റെ പ്രവാചകർ ജീവിച്ചിരിക്കുന്നുവെങ്കിൽ മുഴുവൻ ലോകവും ജീവിച്ചിരിക്കുന്നു. മറ്റാര് മരിക്കുന്നു എന്നത് എനിക്കൊരു പ്രശ്നമേയല്ല"

## ഹുനൈൻ സംഭവം

ഒരിക്കൽ മുസ്ലീംസൈന്യം ഒരു മലയിടുക്കിലൂടെ നീങ്ങുകയായിരുന്നു. ആ മലയുടെ രണ്ടു പാർശ്വങ്ങളിലും ശത്രുസൈന്യത്തിലെ വില്ലാളി വീരൻമാർ ഒളിച്ചിരിപ്പുണ്ടെന്നകാര്യം മുസ്ലിംകൾ അറിഞ്ഞിരുന്നില്ല. അവർ മുസ്ലീംകൾക്ക് നേരെ തുരുതുരെ അമ്പുകൾ തൊടുത്തുവിടാൻ തുടങ്ങി. പെട്ടെന്നുള്ള ഈ ആക്രമണം കാരണം മുസ്ലീം സേനയുടെ ഒട്ടകങ്ങളും കുതിരകളും പരിഭ്രാന്തമാവുകയും അവയുടെ പുറത്തിരുന്ന ഭടൻമാർക്ക് അവയുടെ നിയന്ത്രണം കൈവിട്ടുപോകയും ചെയ്തു. നാലായിരത്തോളം വരുന്ന ശത്രുഭടന്മാരുടെ മദ്ധ്യേ നബി (സ) തിരുമേനിയും 16 അനുയായികളും കുടുങ്ങിപ്പോയി. ബാക്കി മുസ്ലിം ഭടൻമാരെല്ലാം നാനാവഴിക്കും ചിതറി. മുഹമ്മദ് നബി(സ) നിർഭയം ശത്രുസൈന്യത്തിന് നേരെ തങ്ങളുടെ കുതിരയെ നയിച്ചു മുന്നേറി. ഈ സാഹസം കണ്ട വിരലിലെണ്ണാവുന്ന മുസ്ലിം ഭടൻമാർ അസ്വസ്ഥരായി. അവർ കുതിരപ്പുറത്തുനിന്നും ഇറങ്ങി നബി(സ) തിരുമേനി കയറിയ കുതിരയുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് ഇങ്ങനെ അഭ്യർത്ഥി

ച്ചു. "ശത്രുസൈന്യം വിജയശ്രീലാളിതരായി മുന്നേറുകയാണ്. മുസ്ലിം ഭടൻമാർ ഛിന്നഭിന്നമായിക്കഴിഞ്ഞിരിക്കുന്നു. ഇസ്ലാമിന്റെ രക്ഷ താങ്കളുടെ സുരക്ഷയിലാണ് സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് അങ്ങ് ചിതറിപ്പോയ മുസ്ലിംസൈന്യം ഒത്തുചേരുന്നതുവരെ ദയവുചെയ്ത് പിൻവാങ്ങുക" "എന്റെ കുതിരയുടെ കടിഞ്ഞാൺ വിടൂ" തിരുനബി(സ) പറഞ്ഞു. തുടർന്ന് അദ്ദേഹം പരമാവധി ശബ്ദമുയർത്തിക്കൊണ്ട് ഇങ്ങനെ പ്രഖ്യാപനം ചെയ്തു. "ഞാൻ അല്ലാഹുവിന്റെ പ്രവാചകനാണ്, ഞാനൊരു കള്ളവാദിയല്ല. എനിക്ക് പോറലേല്പിക്കുവാൻ കഴിയുന്നവൻ അതു ചെയ്യട്ടെ". ഇത്രയും പറഞ്ഞ്കൊണ്ട് നബിതിരുമേനി (സ) 16 അനുചരൻമാരോടൊപ്പം ശത്രുസൈന്യത്തിനു നേരെ കുതിച്ചു. ഒരാൾക്കും അദ്ദേഹത്തിന് ഒരുപദ്രവവും ഏല്പിക്കുവാൻ സാധിച്ചില്ല. അപ്പോൾ നബി(സ) തന്റെ അനുയായികളിൽ ഒരാളോട് ഓടിപ്പോകു ന്ന മുസ്ലീംകളെ സംബോധന ചെയ്തുകൊണ്ട്, ശബ്ദമുയർത്തി ഇങ്ങ നെ വിളിച്ചുപറയുവാൻ കല്പിച്ചു. "അല്ലയോ മദീനാ നിവാസികളെ! അല്ലാഹുവിന്റെ പ്രവാചകൻ നിങ്ങളെ വിളിക്കുന്നു". ഈ സംഭവത്തെപ്പറ്റി ഒരു സഹാബി നിവേദനം ചെയ്യുന്നതിങ്ങനെയാണ്. ഞങ്ങളുടെ കുതിരകളും ഒട്ടകങ്ങളും അങ്ങേയറ്റം ഭയന്നിരുന്നു. അതിനാൽ അവ യുദ്ധഭൂമിവിട്ട് അകലേക്ക് ഓടുകയായിരുന്നു. അവയെ യുദ്ധക്കളത്തിലേക്ക് തിരിച്ചുവിടാനുള്ള ഞങ്ങളുടെ എല്ലാ ശ്രമവും നിഷ്ഫലമായി. ഞങ്ങൾ ആ വിളി (അല്ലയോ മദീനാ നിവാസികളെ! അല്ലാഹുവിന്റെ പ്രവാചകൻ നിങ്ങളെ വിളിക്കുന്നു എന്ന ആഹ്വാനം) കേട്ടപ്പോൾ ഞങ്ങളെല്ലാം മരണമടഞ്ഞവരാണെന്നും അല്ലാഹുവിന്റെ ശബ്ദമാണ് ഞങ്ങളെ വിളിക്കുന്നതെന്നും ഞങ്ങൾക്ക് തോന്നി. ഉടനെ ഞാനെന്റെ ഒട്ടകത്തെ തിരിച്ചുവിടാൻ ശ്രമിച്ചുവെങ്കിലും വിഫലമായി. "അല്ലാഹുവിന്റെ പ്രവാചകൻ നിങ്ങളെ വിളിക്കുന്നു" എന്ന ആ ശബ്ദം എന്റെ കർണ്ണങ്ങളിൽ അലയടിച്ചുകൊണ്ടിരുന്നു. യുദ്ധരംഗത്തു നിന്നും എന്റെ ഒട്ടകം എന്നെയും വഹിച്ചുകൊണ്ട് അകന്നകന്ന് പോകയാണെന്ന് കണ്ടപ്പോൾ, ഞാൻ ഉറയിൽ നിന്നും വാളൂരി അതിനെ കൊല്ലുകയും ആ ആഹ്വാനമുയർന്ന ഭാഗത്തേക്ക് ഒരു ഭ്രാന്തനെപ്പോലെ കുതിക്കുകയും ചെയ്തു". ഇതുപോലെ തന്നെയായിരുന്നു മുസ്ലീം സൈനിക വ്യൂഹത്തിലെ ഓരോ ഭടന്റെയും നില എന്ന് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. കുതിരയെയും ഒട്ടകത്തെയും യുദ്ധക്കളത്തിലേക്ക് തിരിച്ചു വിടാൻ സാധിച്ചവരൊക്കെ അങ്ങനെ ചെയ്തുകൊണ്ട്, തിരുനബി(സ)യുടെ അരികിലെത്തി. അതിനുകഴിയാത്തവർ നബി(സ) തിരുമേനിയുടെ അടുത്തേയ്ക്ക് ഇറങ്ങിയോടി. കുതിരകളുടെയും ഒട്ടകങ്ങളുടെയും പുറത്തുനിന്ന് ഇറങ്ങുവാൻ സാധിക്കാത്ത

വർ അവയെ വകവരുത്തിക്കൊണ്ട് തിരുമേനിയുടെ സമീപത്തെത്തി. അല്പനിമിഷങ്ങൾക്കകം എല്ലാ മുസ്ലീം ഭടൻമാരും, പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ടും, മരണഭയത്തെ നിഷ്പ്രഭമാക്കികൊണ്ടും തിരുനബി(സ) യുടെ സമീപത്ത് എത്തിച്ചേർന്നു.

### യുദ്ധത്തിൽ പാലിക്കപ്പെടേണ്ട നിയമങ്ങൾ

മുസ്ലിംകൾ ഒരു കാരണവശാലും ആദ്യമായി അക്രമത്തിന്നിറങ്ങരുതെന്നും പ്രതിരോധമെന്ന നിലയിലല്ലാതെ യുദ്ധം ചെയ്യരുതെന്നും നബി(സ) പ്രത്യേകം നിഷ്കർഷിച്ചിരുന്നു. യുദ്ധത്തിൽ സ്ത്രീകളെയും കുട്ടികളെയും, മതപുരോഹിതൻമാരെയും, വൃദ്ധൻമാരെയും, യുദ്ധം ചെയ്യാൻ അശക്തരാണെന്ന് തോന്നുന്നവരെയും കൊല്ലരുത്. ആയുധം വച്ച് കീഴടങ്ങുന്നവരെയും കൊല്ലരുത്. യുദ്ധവേളയിൽ മരങ്ങൾ വെട്ടി നശിപ്പിക്കുകയോ, കെട്ടിടങ്ങൾ തകർക്കുകയോ, പട്ടണങ്ങളോ താഴ്വരകളോ കൊള്ളയടിച്ച് നശിപ്പിക്കുകയോ ചെയ്യരുത്. ഇങ്ങനെ പഠിപ്പിച്ച അദ്ദേഹം ഈ നിയമങ്ങളിലേതെങ്കിലുമൊന്ന് തന്റെ അനുയായികൾ മറികടന്നതായി അറിയാനിടയായാൽ അസന്തുഷ്ടി പ്രകടിപ്പിക്കുകയും അങ്ങനെ ചെയ്ത വ്യക്തിയോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു.

## മക്കക്കാരോട് ദാക്ഷിണ്യം

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നബി(സ) തിരുമേനി മക്കാനഗരം കീഴടക്കിയപ്പോൾ ആ മഹാത്മാവിനോട് മുമ്പേ കാണിച്ച ക്രൂരതയോർത്ത് മക്കക്കാർ ഭയന്ന് വിറക്കുകയായിരുന്നു. മക്കയിലെ മുസ്ലീംകൾ അനുഭവിക്കേണ്ടി വന്ന ക്രൂരകൃത്യങ്ങൾ നേരിട്ട് കണ്ടിട്ടില്ലെങ്കിലും എല്ലാം കേട്ടറിഞ്ഞിരുന്ന മദീനാനിവാസികൾ വളരെ ക്ഷുഭിതരായി തീർന്നിരുന്നു. വിജയശ്രീലാളിതനായി മക്കയിലേക്ക് പ്രവേശിച്ച ഉടനെ നബി(സ) മക്കക്കാരോടായി ഇങ്ങനെ പറഞ്ഞു: “അല്ലയോ മക്കാനിവാസികളേ! നിങ്ങളെന്നോട് കാണിച്ച എല്ലാ തെറ്റുകുറ്റങ്ങളും ഞാൻ ഇന്ന് പൊറുത്തുതരുന്നു. നിങ്ങൾ ആ കാരണത്താൽ ശിക്ഷിക്കപ്പെടുകയില്ല”.

യുദ്ധങ്ങളൊന്നുമുണ്ടാകാതിരിക്കുകയും രാജ്യത്തിന്റെ പരമാധികാരം അദ്ദേഹത്തിന് ലഭിക്കാതിരിക്കുകയും ചെയ്യുകയായിരുന്നെങ്കിൽ നബി (സ)യ്ക്ക് ഇത്രപൂർണ്ണമായ മാതൃക കാണിക്കാൻ കഴിയുമായിരുന്നുവോ? എങ്ങനെയാണ് ഇത്ര സമുന്നതമായ ധാർമ്മിക നിലവാരം പ്രകടിപ്പിക്കാൻ കഴിയുക.?

## വ്യക്തിത്വവും സ്വഭാവവും

നബിതിരുമേനി(സ) യുടെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾ

ചുരുക്കി വിവരിച്ചു കഴിഞ്ഞു. ഇനിയങ്ങോട്ട് അദ്ദേഹത്തിന്റെ സ്വഭാവ ഗുണങ്ങളെപ്പറ്റി ഒരു ലഘുപഠനത്തിന് ശ്രമിക്കാം. താനൊരു പ്രവാചകനാണെന്ന വാദമുന്നയിക്കുന്നതിനു മുമ്പേ അദ്ദേഹത്തിന്റെ സ്വഭാവത്തെ വിലയിരുത്തിയ സ്വന്തം നാട്ടുകാരുടെ അഭിപ്രായങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ആ കാലഘട്ടത്തിൽ അദ്ദേഹം അൽ-അമീൻ (വിശ്വസ്തൻ) അസ്സിദ്ദീഖ് (സത്യവാൻ) എന്നീ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. യുഗങ്ങളിലൂടെ കടന്നുവരുമ്പോൾ എല്ലാ കാലങ്ങളിലും ജനങ്ങൾക്കിടയിൽ കാപട്യത്തിന്റെ കളങ്കമേശാത്ത അൽപം ചിലരെ കണ്ടെന്നുവരാം. കഠിനമായ പരീക്ഷണങ്ങൾക്കോ പ്രകോപനങ്ങൾക്കോ മുന്നിൽ തളരാതെ നിന്നവരെയും സത്യസന്ധതയും വിശ്വസ്തതയും ജീവിത പ്രമാണമായി സ്വീകരിച്ചവരെയും കാണാം. പക്ഷേ, ഇത്തരം കാരണങ്ങളാൽ മാത്രം അത്തരം വ്യക്തികൾ ഉന്നതരായി വാഴ്ത്തപ്പെടുന്നില്ല. യുദ്ധക്കളത്തിലേക്ക് നീങ്ങുന്ന ഓരോ ഭടനും തന്റെ വിലപ്പെട്ട ജീവിതം അപകടത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. എന്നാൽ അത്തരം ബ്രിട്ടീഷ് പട്ടാളക്കാരെല്ലാം "വിക്ടോറിയ ക്രോസ്സ്" (Victoria Cross). ബഹുമതിക്കർഹരാകാറില്ല. പടക്കളത്തിലിറങ്ങി യുദ്ധം ചെയ്ത ജർമ്മൻപട്ടാളക്കാർക്കെല്ലാം "അയൺ ക്രോസ്സ്" (Iron Cross) ബഹുമതിയും ലഭിക്കാറില്ല. ഫ്രാൻസിൽ പ്രഗത്ഭരായ ബുദ്ധിമാൻമാർ ആയിരക്കണക്കിന് ഉണ്ടെങ്കിലും അവർക്കെല്ലാം പ്രശസ്ത സേവനത്തിനുള്ള അംഗീകാര ബഹുമതിയായ Legion of Honour' ലഭിക്കാറുമില്ല. ഒരാൾ വിശ്വസ്തനും സത്യസന്ധനുമാണെന്ന കാരണത്താൽ മാത്രം അയാൾ പ്രശസ്തനാകണമെന്നില്ല. പക്ഷേ, മുഴുവൻ ജനതയും ഒറ്റക്കെട്ടായി ഒരു വ്യക്തിയുടെ മേൽ, "വിശ്വസ്തനെന്നും സത്യസന്ധനെന്നും" (Trusty and True) സ്ഥാനപ്പേര് നല്കി ബഹമാനിച്ചാദരിക്കുന്നുവെങ്കിൽ അയാൾ അനിതരസാധാരണമായ മഹത്ഗുണങ്ങൾ ഒത്തിണങ്ങിയ വ്യക്തിയായിരിക്കണം എന്നതിന് സംശയമില്ല. മക്കയിലെ ജനത ഓരോ തലമുറയിലും ഇങ്ങനെ വിശേഷസ്വഭാവഗുണങ്ങൾ ഉൾക്കൊള്ളുന്ന ഏതാനും വ്യക്തികളെ പദവികൾ നല്കി ബഹുമാനിക്കുന്ന സ്വഭാവക്കാരായിരുന്നുവെങ്കിൽ, അങ്ങനെ ആദരിക്കപ്പെടുന്നവരെ ഉന്നതസ്ഥാനീയരായി കണക്കാക്കാമായിരുന്നു. എന്നാൽ, മക്കയുടേയോ അറേബ്യയുടേയോ ചരിത്രം പരിശോധിച്ചാൽ, ഒരിടത്തും അങ്ങനെ തലമുറകളായി, അത്തരം സുപ്രധാന വ്യക്തികളെ തിരഞ്ഞെടുക്കുന്ന സമ്പ്രദായമുള്ളതായി ഒരു സൂചനപോലും ഇല്ല. നേരെ മറിച്ച്, അറേബ്യയുടെ ഗതകാലചരിത്രം പരിശോധിച്ചാൽ ഇസ്‌ലാംമത പ്രവാചകരായ മുഹമ്മദ് നബി(സ)യെ മാത്രമേ "വിശ്വസ്തൻ", "സത്യസന്ധൻ" (അൽ

-അമീൻ, അസ്സിദ്ദീഖ്) എന്നീ പദവികൾ നല്കി ബഹുമാനിച്ചതായി കാണുകയുള്ളു. നബി(സ) തിരുമേനി പരമോന്നത ഗുണവിശേഷങ്ങൾ ഉൾക്കൊണ്ട വ്യക്തിയാണെന്നതിന് ഇത് വ്യക്തമായ തെളിവാണ്. പൊതുവെ ബുദ്ധിയുള്ള ജനതയാണ് അറബികളെന്ന് അറിയപ്പെടുന്നു. അനിതരസാധാരണയായി ഒന്നിനെ അവർ തിരഞ്ഞെടുക്കുന്നുവെങ്കിൽ അത് അത്യപൂർവ്വവും അനുപമവുമായിരിക്കും.

പ്രവാചകത്വത്തിന്റെ ഭാരവും ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുവാനായി, അല്ലാഹു മുഹമ്മദ്(സ) നോട് ആജ്ഞാപിച്ചപ്പോൾ, അദ്ദേഹത്തിന്റെ ഭാര്യ ഖദീജ (റ:അ) അദ്ദേഹത്തിന്റെ ഉന്നതമായ ഗുണവിശേഷങ്ങൾ വിലയിരുത്തിയ രംഗം, മുമ്പ് വിവരിച്ചിട്ടുണ്ട്. ഇനി തിരുനബി(സ) യുടെ സ്വഭാവവിശേഷങ്ങളുടെ വിവിധ വശങ്ങൾ നമുക്കൊന്ന് പരിശോധനാവിധേയമാക്കാം.

## ഹൃദയശുദ്ധിയും വൃത്തിയും

നബിതിരുമേനി(സ) യുടെ സംഭാഷണം എപ്പോഴും കുറ്റമറ്റതായിരുന്നു. സമകാലീനരായ മറ്റുപലരിലും കാണാറുള്ളതുപോലെ അവിടന്ന് ഒരിക്കലും വാക്കിന് വാക്കിന് ദൈവത്തിൽ ആണയിട്ടുകൊണ്ട് സംസാരിക്കാറുണ്ടായിരുന്നില്ല *(തിർമദി).* അറബികളിൽ വളരെ അപൂർവ്വമായ ഒരു വസ്തുതയാണിത്. മുഹമ്മദ് നബി(സ) യുടെ ജീവിതകാലത്ത് അറബികൾ പതിവായി സംഭാഷണാവസരങ്ങളിൽ മോശമായ പദപ്രയോഗങ്ങൾ പ്രയോഗിക്കാറുണ്ടായിരുന്നു. കൂടാതെ, ഇന്നും നാം കാണുന്നതുപോലെ, എന്തു പറയുമ്പോഴും ആണയിടുന്ന സ്വഭാവവും അന്നും നിലനിന്നിരുന്നു. നബി തിരുമേനി(സ) ആകട്ടെ തനിക്ക് ന്യായമെന്ന് നല്ല ബോദ്ധ്യമുള്ള കാര്യങ്ങളിലല്ലാതെ അല്ലാഹുവിൽ ആണയിട്ടുകൊണ്ട് സംസാരിക്കാറില്ല.

ദേഹശുദ്ധിയുടെ കാര്യത്തിൽ നബി(സ) പ്രത്യേകം ശ്രദ്ധാലുവായിരുന്നു. ദിവസത്തിൽ പലതവണ അവിടന്ന് ദന്തശുദ്ധി വരുത്തിയിരുന്നു. ദിവസേനയുള്ള അഞ്ചുനേര നമസ്ക്കാരങ്ങൾക്കും മുമ്പേ പല്ല് തേക്കണമെന്ന് നിർബന്ധമാക്കാതിരുന്നത്, അത് തന്റെ അനുയായികൾക്ക് ഭാരമായി തീരുമോയെന്ന് ഭയന്നിട്ടാണെന്ന് പറയാറുണ്ടായിരുന്നു. അവിടന്ന് ഓരോ തവണയും ആഹാരത്തിനു മുമ്പും പിമ്പും കൈ വൃത്തിയാക്കുകയും വേവിച്ച ആഹാരം കഴിച്ച ശേഷം വായ കഴുകി വൃത്തിയാക്കുകയും ചെയ്യുമായിരുന്നു. “വേവിച്ച ആഹാരം കഴിച്ചാൽ വായ ശുദ്ധമാക്കിയതിന് ശേഷമേ പ്രാർത്ഥനയിൽ പങ്കെടുക്കാവൂ” എന്ന് അനുയായികളോട് അവിടന്ന് നിർദ്ദേശിച്ചിരുന്നു. *(ബുഖാരി)*

ഇസ്ലാമിക നിയമപ്രകാരം മുസ്ലിംകൾ ഒന്നിച്ച് ചേരാൻ നിർദ്ദേശിക്ക

പ്പെട്ട ഒരേയൊരു സ്ഥലം പള്ളി (മോസ്ക്ക്) ആണ്. പള്ളികൾ, പ്രത്യേകിച്ചും അവയിൽ ജനങ്ങൾ തടിച്ച് കൂടുന്ന അവസരങ്ങളിൽ, നല്ലപോലെ വൃത്തിയാക്കി വെക്കണമെന്ന് നബിതിരുമേനി(സ) പ്രത്യേകം നിഷ്കർഷിച്ചിരുന്നു. അത്തരം സന്ദർഭങ്ങളിൽ പള്ളിയിലെ വായുമണ്ഡലം ശുദ്ധീകരിക്കുന്നതിനായി പള്ളിക്കകത്ത് സുഗന്ധദ്രവ്യങ്ങൾ പുകയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു *(അബൂദാവൂദ്)*. രൂക്ഷഗന്ധമുളവാക്കുന്ന ഭക്ഷണസാധനങ്ങൾ കഴിച്ചവർ കൂട്ടപ്രാർത്ഥനക്കോ മറ്റ് സമ്മേളന അവസരങ്ങളിലോ പള്ളിയിൽ വരുന്നതിനെ നബിതിരുമേനി(സ) വിലക്കിയിരുന്നു.
*(ബുഖാരി)*

തെരുവുകൾ സദാ വൃത്തിയാക്കി വെക്കണമെന്നും വഴിയിൽ കിടക്കുന്ന ചില്ലകളും കല്ലുകളും ജനങ്ങൾക്ക് തടസ്സമുണ്ടാക്കിയേക്കാവുന്ന മറ്റു സാധനങ്ങളും അവിടെന്ന് നീക്കം ചെയ്യണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന എന്ത് സാധനങ്ങളും വഴിയിൽകണ്ടാൽ അവിടന്ന് അത് സ്വയം നീക്കം ചെയ്യുമായിരുന്നു. തെരുവുകളും മറ്റ് പൊതു സ്ഥലങ്ങളും വൃത്തിയാക്കുവാൻ സഹായിക്കുന്നവർ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ആത്മീയോന്നതിക്ക് അർഹരായിത്തീരുമെന്ന് നബി(സ) പറഞ്ഞു. ജനങ്ങൾക്ക് തടസ്സമുണ്ടാകുന്ന വിധത്തിൽ പൊതുവഴികൾ ഉപയോഗിക്കരുതെന്നും വൃത്തിയില്ലാത്തതും ആവശ്യമില്ലാത്തതുമായ വസ്തുക്കൾ പൊതുനിരത്തുകളിൽ ഇടരുതെന്നും ഒരു കാരണവശാലും പൊതുവഴികൾ മലിനമാക്കരുതെന്നും അത്തരം ദുഷ്കർമ്മങ്ങൾ അല്ലാഹുവിന്റെ അപ്രീതിക്ക് ഇടയാക്കുമെന്നും നബി(സ) ഉപദേശിച്ചു. ജനങ്ങളുടെ ഉപയോഗത്തിനായി കരുതിവെക്കുന്ന വെള്ളം വൃത്തിയായി സൂക്ഷിച്ചുവെക്കണമെന്നതിൽ അവിടന്ന് പ്രത്യേകം ശ്രദ്ധാലുവായിരുന്നു. കെട്ടികിടക്കുന്ന വെള്ളത്തിൽ എന്തെങ്കിലും വലിച്ചെറിയുന്നത് നിരോധിക്കുകയും വെള്ളം സൂക്ഷിക്കുന്ന റിസർവോയറുകൾ അശുദ്ധമാകാതെ ഉപയോഗിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. *(ബുഖാരി, മുസ്ലിം)*

## ലളിതമായ ജീവിതം

ആഹാരപാനീയാദികാര്യങ്ങളിൽ നബിതിരുമേനി (സ) അങ്ങേയറ്റം മിതത്വം പാലിച്ചിരുന്നു. രുചികരമല്ലാത്ത ഭക്ഷണങ്ങൾക്ക് നേരെ ഒരിക്കലും അതൃപ്തി കാണിച്ചിരുന്നില്ല. അതിന്റെ പാചകക്കാരെ നിരാശപ്പെടുത്തേണ്ടെന്ന് കരുതി അവ ഭക്ഷ്യയോഗ്യമാണെന്ന് കണ്ടാൽ അവ ഭക്ഷിക്കുമായിരുന്നു. തീരെ ഭക്ഷിക്കുവാൻ പറ്റിയതല്ലെന്ന് തോന്നിയാൽ അത്തരം വിരുന്നിൽ നിന്നും ഒഴിഞ്ഞ് മാറുമെന്നല്ലാതെ ഒരിക്കലും അതൃപ്തി പ്രകടിപ്പിച്ചിരുന്നില്ല. ആഹാരം കഴിക്കുവാനിരുന്നാൽ

മുമ്പിലിരിക്കുന്ന ഭക്ഷ്യവസ്തുക്കളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കും. ആഹാരപാനീയങ്ങളിൽ മാത്രമല്ല തന്റെ എല്ലാം നിലകൊള്ളുന്നതെന്ന് തോന്നത്തക്കവണ്ണം മുമ്പിലിരിക്കുന്ന ആഹാരസാധനങ്ങൾക്ക് നേരെ അലക്ഷ്യഭാവം കാണിക്കുന്ന ശീലം നല്ലതല്ലെന്ന് നബിതിരുമേനി(സ) പറയുമായിരുന്നു. ആരെങ്കിലും ഭക്ഷണസാധനങ്ങൾ നബിതിരുമേനി(സ)ക്ക് എത്തിച്ചുകൊടുത്താൽ അവ അവിടെ സന്നിഹിതരായിരിക്കുന്നവർക്കും വീതിച്ച് കൊടുക്കുമായിരുന്നു. ഒരിക്കൽ ഒരാൾ അല്പം കാരക്ക സമ്മാനമായി നൽകി. നബിതിരുമേനി(സ) ചുറ്റുമിരുന്ന ആളുകളെ എണ്ണിതിട്ടപ്പെടുത്തിയശേഷം അവ ഒരേതോതിൽ വീതിച്ചപ്പോൾ ഓരോരുത്തർക്കും ഏഴ് വീതം കിട്ടി. യവം കൊണ്ടുള്ള റൊട്ടിയാണെങ്കിൽ പോലും നബിതിരുമേനി(സ) വയറ് നിറയെ ഒരിക്കലും ഭക്ഷിച്ചിരുന്നില്ലെന്ന് അബൂഹുറയ്‌റ(റ) നിവേദനം ചെയ്യുന്നു. *(ബുഖാരി)*

ഒരിക്കൽ റോഡിലൂടെ നടന്ന്പോവുകയായിരുന്ന നബി(സ)തിരുമേനിയെ ചിലർ ക്ഷണിക്കുകയുണ്ടായി. പൊരിച്ച ആട്ടിറച്ചിയായിരുന്നു പ്രധാന വിഭവം. ആട്ടിറച്ചി നബിതിരുമേനി(സ)ക്ക് ഇഷ്ടപ്പെട്ട ഒരു വിഭവമായിരുന്നു. പക്ഷേ, ആ ക്ഷണം നബിതിരുമേനി(സ) നിരസിച്ചു. വഴിയരികിൽ ക്ഷണിക്കപ്പെടാത്ത ആളുകൾക്കിടയിൽവച്ച് ഭക്ഷണം കഴിക്കുന്നതിനെ അവിടന്ന് സ്വാഗതം ചെയ്തില്ല. "നബിതിരുമേനി(സ) ജീവിതത്തിലൊരിക്കലും, തുടർച്ചയായി മൂന്ന് ദിവസത്തിൽ കൂടുതൽ, വയറ് നിറയെ ഭക്ഷണം കഴിച്ചിരുന്നില്ല" എന്ന് ഭാര്യ ഹസ്‌റത്ത് ആയിശാ(റ) നിവേദനം ചെയ്തിരിക്കുന്നു. ക്ഷണിക്കപ്പെടാത്ത ഒരാളുടെ വീട്ടിൽ ഭക്ഷണം കഴിക്കാനായി പോകരുതെന്ന് നബിക്ക് (സ) നിർബന്ധമുണ്ടായിരുന്നു. ഒരിക്കൽ ഒരാൾ നബിതിരുമേനി(സ) യെ ഭക്ഷണത്തിനായി ക്ഷണിക്കുകയും 5 പേരെ കൂടെ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അവിടന്ന് ആതിഥേയന്റെ വീട്ടിൽ എത്തിയപ്പോൾ അവരുടെ കൂട്ടത്തിൽ ആറാമതൊരാൾ കൂടിയുണ്ടെന്ന കാര്യം മനസ്സിലായി. ആതിഥേയൻ വീട്ട് പടിക്കൽ അവരെ സ്വീകരിക്കാനായി വന്നപ്പോൾ തങ്ങൾ 6 പേരുണ്ടെന്ന വിവരം അദ്ദേഹത്തെ അറിയിക്കുകയും, ആ ആറാമത്തെ ആളെ കൂടെവരാൻ അനുവദിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് താങ്കളാണെന്ന് പറയുകയും ചെയ്തു. ആതിഥേയൻ ആ ആറാമത്തെ വ്യക്തിയെ ക്ഷണിച്ചു സ്വീകരിക്കുക തന്നെ ചെയ്തു *(ബുഖാരി)*

ഏതവസരത്തിലും നബി(സ) ആഹാരം കഴിക്കാനിരുന്നാൽ കഴിക്കുന്നതിനുമുമ്പേ അല്ലാഹുവിന്റെ നാമവും അവന്റെ അനുഗ്രഹങ്ങളും

വാഴ്ത്തുമായിരുന്നു. കഴിച്ചുകഴിഞ്ഞാൽ അല്ലാഹുവിന് നന്ദിയും പറയുമായിരുന്നു. ഏത് സൽപ്രവൃത്തി ചെയ്താലും അവിടന്ന് അല്ലാഹുവിന് നന്ദി പ്രകാശിപ്പിക്കുമായിരുന്നു. ചില അവസരങ്ങളിൽ നബിതിരുമേനി(സ) ഇങ്ങനെ ഉരുവിടുമായിരുന്നു. "നമ്മുടെ വിശപ്പും ദാഹവും ശമിപ്പിച്ച് തന്ന അല്ലാഹുവിനാണ് സർവ്വ സ്തുതിയും. നമ്മുടെ ഹൃദയം അവനെ സ്തുതിക്കുവാനായി വെമ്പൽകൊള്ളുമാറാകട്ടെ. ഒരിക്കലും അവനോട് നന്ദികേട് കാണിക്കാൻ ഇടവരാതിരിക്കട്ടെ". വയറ് നിറയുന്നതിനു മുമ്പെ ഭക്ഷണം നിർത്തണമെന്നും ഒരാളുടെ ഭക്ഷണം രണ്ടാൾക്ക് ഭക്ഷിക്കുവാൻ കഴിയണമെന്നും നബി(സ) അനുയായികളെ ഉപദേശിക്കാറുണ്ടായിരുന്നു. നബി(സ) തിരുമേനിയുടെ ഭവനത്തിൽ വിശേഷിച്ച് വല്ലഭക്ഷണവും ഉണ്ടാക്കിയാൽ അതിൽ ഒരു ഓഹരി അയൽവാസികൾക്ക് നൽകണമെന്ന് അവിടന്ന് ഉപദേശിക്കാറുണ്ടായിരുന്നു. *(മുസ്ലിം, ബുഖാരി)*

തിരുനബി(സ) തന്റെ കൂട്ടത്തിലാരെങ്കിലും വിശന്ന് വലയുന്നവരുണ്ടോ എന്ന് അവരുടെ മുഖം നോക്കി മനസ്സിലാക്കുമായിരുന്നു. താഴെ വിവരിക്കുന്ന സംഭവം ഹസ്രത്ത് അബുഹുറയ്റ (റ) നിവേദനം ചെയ്തിരിക്കുന്നു. ഒരിക്കൽ ഹസ്രത്ത് അബുഹുറയ്റ (റ) മൂന്ന് ദിവസം തുടർച്ചയായി പട്ടിണിയിലായിരുന്നു അവശനായ അദ്ദേഹം പള്ളിയുടെ പ്രവേശനകവാടത്തിൽ നിലയുറപ്പിച്ചു. അപ്പോൾ ഹസ്റത്ത് അബുബക്കർ(റ) അതുവഴി കടന്ന് വരുന്നതായി കണ്ടു. അദ്ദേഹം ഹദ്റത്ത് അബൂബക്കറിനോട് വിശുദ്ധഖുർആനിൽ വന്നിട്ടുള്ള . . .

وَيُطْعِمُونَ الطَّعَامَ عَلَىٰ حُبِّهِۦ مِسْكِينًا وَيَتِيمًا وَأَسِيرًا ٩

(അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അവർ അഗതികൾക്കും അനാഥർക്കും തടവുകാർക്കും ആഹാരം നൽകുന്നു 76:9) എന്ന വചനത്തിന്റെ പൊരുൾ എന്താണെന്ന് ചോദിച്ചു. ഹദ്റത്ത് അബൂബക്കർ (റ) അതിന്റെ അർത്ഥം പറഞ്ഞ്കൊടുത്തതിനു ശേഷം അകത്തേക്ക് കടന്ന് പോയി. ഈ സംഭവം നിവേദനം ചെയ്യവെ അബൂഹുറയ്റ (റ) പരിഭവത്തോടെ പറയുമായിരുന്നു, ഹദ്റത്ത് അബൂബക്കറിനെപ്പോലെ തന്നെ എനിക്കും വിശുദ്ധ ഖുർആനിലെ വാക്യങ്ങൾ നന്നായി മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. വിശുദ്ധ ഖുർആനിലെ ഈ പ്രത്യേക സൂക്തം കേട്ടാൽ എന്റെ വിശപ്പിനെക്കുറിച്ച് ഹദ്റത്ത് അബൂബക്കർ (റ) മനസ്സിലാക്കുമെന്നും എനിക്ക് ആഹാരം വല്ലതും നൽകുവാനുള്ള ഏർപ്പാട് അദ്ദേഹം ചെയ്യുമെന്നുമാണ് ഞാൻ കരുതിയത്. കുറച്ച് സമയം കഴിഞ്ഞപ്പോൾ അതുവഴി ഹദ്റത്ത് ഉമർ (റ) കടന്ന് വന്നു. അദ്ദേഹത്തോടും ഹദ്റത്ത് അബുഹുറയ്റ (റ) ആ വാക്യത്തിന്റെ അർത്ഥം ചോദിച്ചു. ഹദ്റത്ത് ഉ

മർ(റ) ഉം ആ ഖുർആൻ വാക്യത്തിന്റെ അർത്ഥം പറഞ്ഞ്കൊടുത്തു കൊണ്ട് കടന്ന് പോയി. തിരുനബി(സ) യുടെ മറ്റ് അനുയായികളെ പ്പോലെ ഹദ്റത്ത് അബൂഹറയ്റ(റ) യും മറ്റുള്ളവരോട് നേരിട്ട് സഹാ യാഭ്യർത്ഥന നടത്തുന്നതിനെ ഇഷ്ടപ്പെട്ടിരുന്നില്ല. തന്റെ ദയനീയാവ സ്ഥയുടെ നേരെ ശ്രദ്ധ പിടിച്ചുപറ്റാനുള്ള പരോക്ഷമായ ശ്രമങ്ങൾ ഫലിക്കുന്നില്ലെന്ന് കണ്ടപ്പോൾ അദ്ദേഹത്തിന് ബോധക്ഷയം സംഭ വിക്കുമോ എന്ന നിലയുളവായി. അപ്പോൾ തന്റെ പേര് വളരെ ആർദ്ര തയോടെ മൃദുവായ സ്വരത്തിൽ ആരോ വിളിക്കുന്നതായി ഹ. അബൂ ഹുറയ്റ(റ)ക്ക് അനുഭവപ്പെട്ടു. ആ ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കി യപ്പോൾ റസൂൽ തിരുമേനി (സ) വീടിന്റെ ജനലിൽ കൂടി വെളിയി ലേക്ക് നോക്കി പുഞ്ചിരിക്കുന്നതാണ് അദ്ദേഹം കണ്ടത്. അദ്ദേഹം അബൂഹുറയ്റ(റ) യോട് ചോദിച്ചു "താങ്കൾക്ക് വിശക്കുന്നുണ്ടോ"? അബൂഹുറയ്റ മറുപടി നൽകി "ഉണ്ട്, അല്ലാഹുവിന്റെ ദൂതരെ! എനിക്ക് വല്ലാതെ വിശക്കുന്നു". തിരുനബി(സ) പറഞ്ഞു. "ഞങ്ങളുടെ വീട്ടിലും ആഹാരമൊന്നുമില്ല. പക്ഷേ ആരോ ഞങ്ങൾക്ക് ഒരു കപ്പ് പാൽ കൊടു ത്തയച്ചിട്ടുണ്ട്. താങ്കൾ പള്ളിയിൽ പോയി താങ്കളെപ്പോലെ വിശന്നു വലഞ്ഞിരിക്കുന്ന മറ്റാരെങ്കിലും അവിടയുണ്ടോ എന്നു നോക്കുക". ഹദ്റത്ത് അബൂഹുറയ്റ(റ) ഈ സംഭവം വിവരിച്ചുകൊണ്ട് പറയുന്നു "ഞാൻ സ്വയം ചിന്തിച്ചു. 'ഒരു കപ്പ് പാൽ മുഴുവനായി കുടിച്ചാൽ മതി വരാത്തത്ര വിശപ്പ് എനിക്കുണ്ട്. പക്ഷേ എന്നെപ്പോലെ വിശന്നു വല യുന്നവരുണ്ടെങ്കിൽ അവരെക്കൂടി കൂട്ടികൊണ്ടുവരാൻ റസൂൽ തിരു മേനി(സ) കൽപിച്ചിരിക്കുകയാണ്. അങ്ങനെയെങ്കിൽ, ആ പാലിൽ ചെറിയൊരംശമേ എനിക്ക് ലഭിക്കുകയുള്ളു. എങ്കിലും പ്രവാചകന്റെ കല്പന അനുസരിച്ചേ തീരു. അതിനാൽ ഞാൻ പള്ളിയിലേക്ക് പോയി. അവിടെ എന്നെപ്പോലെ വിശന്നുവലയുന്ന ആറുപേരെ കാണുകയും അവരെയും കൂട്ടി നബിതിരുമേനി(സ)യുടെ വീട്ടുപടിക്കൽ എത്തു കയും ചെയ്തു. നബി(സ) ആ ഒരു കപ്പ് പാലെടുത്ത് ആ ആറുപേരി ലൊരാളുടെ കയ്യിൽ കൊടുത്ത് കുടിക്കുവാൻ പറഞ്ഞു. ആ ആൾ പാൽ കുടിച്ചു കോപ്പ ചുണ്ടിൽ നിന്നും എടുത്തപ്പോൾ നബിതിരു മേനി(സ) രണ്ടാമത്തെ ആളിനോടും തുടർന്ന് മുന്നാമത്തെ ആളിനോ ടും പാൽ മതിയാവോളം കുടിക്കാൻ പറഞ്ഞു. ഇതേപോലെ ആ ആറു പേരിൽ ബാക്കിയുള്ളവരോടും വയറു നിറയെ പാൽ കുടിക്കുവാനാ വശ്യപ്പെട്ടു. ഓരോരുത്തരോടും മാറിമാറി പാൽ കുടിക്കാൻ ആവശ്യ പ്പെടുമ്പോൾ എനിക്ക് കുടിക്കുവാൻ പാൽ ബാക്കിയുണ്ടാവില്ല എന്ന് ഞാൻ ഭയപ്പെടുകയായിരുന്നു. അവർ ആറുപേരും തൃപ്തിവരുവോളം

പാൽ കുടിച്ചു വയറു നിറച്ചശേഷം റസൂൽ തിരുമേനി(സ) ആ കപ്പ് വാങ്ങി എന്റെ കയ്യിൽ തന്നപ്പോൾ അതിൽ ധാരാളം പാൽ ബാക്കിയുണ്ടായിരുന്നതായി ഞാൻ കണ്ടു. എന്നോടും നബിതിരുമേനി (സ) വീണ്ടും വീണ്ടും കുടിക്കാവാനാവശ്യപ്പെട്ടു. ഞാൻ വയർ നിറയെ കുടിക്കുകയുണ്ടായി. ഒടുവിൽ നബി(സ) ആ കപ്പിൽ ശേഷിച്ച പാൽ സ്വയം കുടിക്കുകയും അല്ലാഹുവിനെ സ്തുതിച്ച ശേഷം വാതിലടക്കുകയും ചെയ്തു. *(ബുഖാരി)*

നബി(സ) എപ്പോഴും വലതുകൈ ഉപയോഗിച്ചു മാത്രമേ ആഹാരപാനീയങ്ങൾ കഴിച്ചിരുന്നുള്ളു. കുടിക്കുന്നതിന്നിടയിൽ മുന്നുതവണ ശ്വാസോച്ഛ്വാസത്തിനായി നിർത്തുമായിരുന്നു. ദാഹിക്കുന്ന വ്യക്തി ഒറ്റ ശ്വാസത്തിൽ കുടിക്കുകയാണെങ്കിൽ ആവശ്യത്തിലധികം ജലം അകത്താക്കിയേക്കുമെന്നും അങ്ങനെ അയാളുടെ ദഹനത്തെ അത് ദോഷകരമായി ബാധിക്കുമെന്നും ഉദ്ദേശിച്ചായിരിക്കാം ഇങ്ങനെ ചെയ്തത്. ഭക്ഷിക്കുന്ന കാര്യത്തിലും അദ്ദേഹത്തിന് ചില ചിട്ടകളുണ്ടായിരുന്നു. ശുദ്ധവും അനുവദനീയവുമായ ഭക്ഷണത്തിൽ പങ്കുചേരുമായിരുന്നുവെങ്കിലും ആവശ്യത്തിനു മാത്രം ലഘുവായി ഭക്ഷിക്കുന്നതിലും മറ്റുള്ളവരുടെ വിഹിതത്തിൽ കുറവുവരുത്താതിരിക്കുന്നതിലും അവിടന്ന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മുമ്പ് വിവരിച്ചതുപോലെ അവിടത്തെ ഭക്ഷണം വളരെ ലളിതമായ രീതിയിലുള്ളതായിരുന്നു. പക്ഷേ, ആരെങ്കിലും വിശേഷമായി വല്ല ആഹാരവുമുണ്ടാക്കി നൽകിയാൽ ഭക്ഷിക്കുകയും ചെയ്യുമായിരുന്നു. അതേസമയം നല്ല ആഹാരസാധനങ്ങൾക്ക് അമിതാവേശം കാണിച്ചിരിന്നുമില്ല. തേനും കാരക്കയും പ്രത്യേകം ഇഷ്ടപ്പെട്ട വിഭവങ്ങളായിരുന്നു. കാരക്കയെപ്പറ്റി അവിടന്ന് ഇങ്ങനെ പറയുമായിരുന്നു. “ഒരു മുസ്ലിമും കാരക്കയും തമ്മിൽ പ്രത്യേക ബന്ധമുണ്ട്. കാരക്ക വൃക്ഷത്തിന്റെ ഇലയും, കൊമ്പും, പഴുത്തതും, പഴുക്കാത്തതുമായ ഫലങ്ങളും അവയുടെ കുരുപോലും മനുഷ്യർക്ക് ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഉപയോഗപ്രദമാണ്. മനുഷ്യനുപകരിക്കാത്തതായി അതിലൊന്നുമില്ലതന്നെ. ഇതേ നിലതന്നെയായിരിക്കണം ഒരു യഥാർത്ഥ മുസ്ലിമിന്റേതും. അവന്റെ ഓരോ പ്രവൃത്തിയും നന്മനിറഞ്ഞതായിരിക്കണം. അവന്റെ ഓരോ ചലനവും മാനവരാശിയുടെ ക്ഷേമം വർദ്ധിപ്പിക്കുന്ന തരത്തിലുള്ളതായിരിക്കണം”.

*(ബുഖാരി മുസ്ലിം)*

നബിതിരുമേനി (സ) വളരെ ലളിതമായ വസ്ത്രധാരണരീതിയാണ് ഇഷ്ടപ്പെട്ടിരുന്നത്. ഒരു ഷർട്ടും ഇമ്പാറും (കണങ്കാൽവരെ തൂങ്ങിക്കിടക്കുന്നതും അരയിൽ ചുറ്റി നിർത്തുന്നതുമായ തുണി) അല്ലെ

ങ്കിൽ ഒരു ഷർട്ടും പൈജാമയും ആയിരുന്നു അവിടത്തെ പതിവായ വേഷം. അരയിൽ ചുറ്റുന്ന തുണിയോ പൈജാമയോ കണങ്കാലിനു മുകളിൽ എത്തത്തക്കവണ്ണമാണ് സ്ഥിരമായി ധരിച്ചിരുന്നത്. അത്യാവശ്യകാര്യങ്ങൾക്കല്ലാതെ അവിടന്ന് കാൽമുട്ടിന് മുകൾഭാഗം വെളിയിൽ കാണത്തക്കവണ്ണം പ്രദർശിപ്പിച്ചിരുന്നില്ല. എന്തെങ്കിലും രൂപങ്ങൾ തുന്നിച്ചേർത്തതോ പതിച്ചതോ ആയ തുണികൾ, വസ്ത്രങ്ങളായോ കർട്ടനായോ പോലും ഉപയോഗിക്കുന്നതിനെ അവിടന്ന് അനുവദിച്ചിരുന്നില്ല. അത്തരം രൂപങ്ങൾ വലുപ്പം കൂടിയവയാണെങ്കിൽ, തീരെ ഇഷ്ടപ്പെട്ടിരുന്നുമില്ല. അത്തരം ചിത്രങ്ങൾ ദൈവമായോ ദേവതയായോ ആരാധനാമൂർത്തികളായോ കണക്കാക്കപ്പെട്ടേക്കുമോ എന്ന ആശങ്കയായിരുന്നു ഇത്തരം എതിർപ്പിന്നു കാരണം. ഒരിക്കൽ നബി (സ) തന്റെ വീട്ടിൽ വലിയ ചിത്രങ്ങൾ പതിച്ച ഒരു കർട്ടൻ തൂങ്ങുന്നതുകണ്ടപ്പോൾ അതുടനെ നീക്കം ചെയ്യുവാനാവശ്യപ്പെട്ടു. വേറൊരു വിധത്തിൽ വ്യാഖ്യാനിക്കുവാനിടം നല്കാത്ത തരത്തിലുള്ള ചെറിയ ചെറിയ ചിത്രങ്ങൾ പതിച്ച തുണികളുപയോഗിക്കുന്നതിൽ അപാകതകൾ ദർശിച്ചിരുന്നുമില്ല. നബിതിരുമേനി(സ) പട്ടുവസ്ത്രം ധരിക്കുകയോ മുസ്ലിം പുരുഷൻമാർ അത്തരം വസ്ത്രങ്ങൾ ധരിക്കുന്നതു അംഗീകരിക്കുകയോ ചെയ്തിരുന്നില്ല. ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് ചില രാജാക്കൻമാർക്ക് അയക്കുന്ന കത്തുകളിൽ ആധികാരിക മുദ്ര പതിപ്പിക്കുവാനായി നബി(സ) ഒരു മുദ്രമോതിരം പണികഴിപ്പിക്കുവാനാവശ്യപ്പെട്ടപ്പോഴും അതു വെള്ളികൊണ്ടുമാത്രമേ പണിയാവു എന്നും സ്വർണ്ണമുപയോഗിക്കരുതെന്നും വിലക്കുകയുണ്ടായി. മുസ്ലിം പുരുഷൻമാർ സ്വർണ്ണാഭരണമുപയോഗിക്കുന്നത് വിലക്കിയിട്ടുണ്ടെന്ന് നബി(സ) പറഞ്ഞു. *(ബുഖാരി, മുസ്ലിം)*

മുസ്ലിം സ്ത്രീകൾ സിൽക്കും സ്വർണ്ണവും ധരിക്കുന്നതിനെ അനുവദിച്ചിരുന്നുവെങ്കിലും ഇതും അമിതമാകരുതെന്ന് നിർദ്ദേശിച്ചിരുന്നു. ഒരിക്കൽ സാധുക്കൾക്കായുള്ള ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുവാൻ നബി(സ)തിരുമേനി ആഹ്വാനം ചെയ്തപ്പോൾ ഒരു സ്ത്രീ അവരുടെ കയ്യിലണിഞ്ഞിരുന്ന രണ്ടു വളകളിലൊന്ന് ഊരിയെടുത്ത് തിരുസന്നിധിയിൽ വെച്ചു. ആ സ്ത്രീയോട് നബി(സ) ചോദിച്ചു. “നിങ്ങളുടെ മറ്റേ കൈ നരകാഗ്നിയിൽ നിന്ന് രക്ഷപ്രാപിക്കണമെന്ന് നിങ്ങളാഗ്രഹിക്കുന്നില്ലേ?” ഇതുകേട്ട ഉടനെ ആ സ്ത്രീ മറ്റേകൈയിലണിഞ്ഞിരുന്ന വള കൂടി അഴിച്ചെടുത്ത് നബിതിരുമേനി(സ)യുടെ ഉദ്ദേശ്യസാദ്ധ്യത്തിനായി അർപ്പിച്ചു. നബിതിരുമേനി(സ)യുടെ ഭാര്യമാരിൽ ആരും തന്നെ വിലപിടിപ്പുള്ള ആഭരണങ്ങളൊന്നും അണി

ഞ്ഞിരുന്നില്ല. അല്പം ചില മുസ്‌ലിം സ്ത്രീകൾ മാത്രമേ ആഭരണങ്ങൾ ധരിച്ചിരുന്നുള്ളു. പണവും പൊന്നും പുഴ്ത്തിവെക്കുന്നതിനെ നബിതിരുമേനി(സ) നിരോധിച്ചിരുന്നു. അത് ഖുർആനികാധ്യാപനങ്ങൾക്കെതിരാണ്. സാമ്പത്തിക ഭദ്രതയെ അത് ചോദ്യം ചെയ്യും. സമുദായത്തിലെ പാവങ്ങളുടെ താല്പര്യങ്ങൾക്ക് അത് ഹാനികരമായിത്തീരുകയും ചെയ്യും.

നബി തിരുമേനി(സ)ക്ക് പല രാജാക്കൻമാരുടെയും സ്ഥാനപതിമാരെ സ്വീകരിക്കേണ്ടതുള്ളതിനാൽ അത്തരം ചടങ്ങുകളിൽ ധരിക്കുവാൻ വർണ്ണശബളമായ ഒരു വസ്ത്രം തയ്യാറാക്കണമെന്ന് ഒരിക്കൽ ഹദ്റത്ത് ഉമർ(റ) നിർദ്ദേശിക്കുകയുണ്ടായി. ഈ നിർദ്ദേശം പാടെ നിരാകരിച്ചുകൊണ്ട് നബി(സ) പറഞ്ഞു. “ഇത്തരം വഴികൾ സ്വീകരിക്കുന്നതൊന്നും അല്ലാഹു ഇഷ്ടപ്പെടുകയില്ല. ഞാൻ സാധാരണ ധരിക്കാറുള്ള വേഷത്തിൽ തന്നെ അവരെ സ്വീകരിച്ചുകൊള്ളാം”. നബിതിരുമേനി(സ)ക്ക് ഒരിക്കൽ ആരോ സിൽക്ക് വസ്ത്രങ്ങൾ സമ്മാനമായി നൽകുകയുണ്ടായി. അവയിലൊന്ന് നബി(സ) ഹദ്റത്ത് ഉമർ(റ) ന്ന് കൊടുത്തയച്ചു. ഇത് ലഭിച്ചപ്പോൾ ഹദ്റത്ത് ഉമർ(റ) ചോദിച്ചു. “സിൽക്ക് വസ്ത്രങ്ങൾ ധരിക്കുന്നത് അങ്ങ് വിലക്കിയിരിക്കെ ഞാനെങ്ങനെയാണ് ഇത് ധരിക്കുക“. നബി(സ) പ്രതിവചിച്ചു. “കിട്ടുന്ന എല്ലാ സമ്മാനങ്ങളും സ്വന്തം ഉപയോഗിത്തിനു വേണ്ടിയുള്ളതല്ല”. ആ വസ്ത്രം പട്ടുകൊണ്ടുള്ളതായിരിക്കെ, ഉമർ(റ) അദ്ദേഹത്തിന്റെ ഭാര്യക്കോ മകൾക്കോ അത് സമ്മാനിക്കുകയോ വേറെ എന്തെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുകയോ ചെയ്യട്ടെ എന്നായിരുന്നു തിരുനബി(സ) ഉദ്ദേശിച്ചിരുന്നത്. *(ബുഖാരി).*

തിരുനബി(സ)യുടെ ശയ്യോപകരണങ്ങൾ വളരെ ലളിതമായിരുന്നു. കിടക്കയോ കട്ടിലോ ഉപയോഗിച്ചിരുന്നില്ല. ഒരു കഷണം തോൽ, അല്ലെങ്കിൽ രോമം കൊണ്ടുണ്ടാക്കിയ ഒരു വിരിപ്പ്. ഇതിലായിരുന്നു അവിടന്ന് ഉറങ്ങിയിരുന്നത്. ആയിശ(റ) പറയുന്നു. “ഞങ്ങളുടെ വിരിപ്പ് വളരെ ചെറുതായിരുന്നു. നബി(സ) നമസ്ക്കാരത്തിനായി രാത്രി ഉണർന്നാൽ ഞാൻ വിരിപ്പിന്റെ ഒരു ഭാഗത്തേക്ക് ഒതുങ്ങികിടക്കും. അവിടന്ന് നമസ്ക്കാരത്തിനായി നില്ക്കുന്ന അവസരങ്ങളിൽ ഞാനെന്റെ കാലുകൾ നീട്ടിവയ്ക്കുകയും അവിടന്ന് സുജൂദിൽ പോകുമ്പോൾ കാലുകൾ മടക്കിവെക്കുകയും ചെയ്യുമായിരുന്നു.

*(മുസ്‌ലിം, തിർമദി, ബുഖാരി).*

വീടും വീട്ടുപകരണങ്ങളും ഒരുക്കുന്ന കാര്യത്തിലും ഇതേ ലാളിത്യമാണ് നബി(സ) സ്വീകരിച്ചിരുന്നത്. ഒരു മുറിയും വരാന്തയും ഉൾക്കൊ

ണ്ടതായിരുന്നു നബിതിരുമേനി(സ)യുടെ വീട്. മുറിയുടെ മദ്ധ്യത്തിലൂടെ ഒരു കയർ കെട്ടിയിരുന്നു. ആരെങ്കിലും അതിഥികളുണ്ടെങ്കിൽ, മുറിയെ രണ്ടു ഭാഗമാക്കുവാനായി ഒരു കർട്ടൻ കയറിൽ തൂക്കിയിടും. അവിടത്തെ ജീവിതം വളരെ ലളിതമായിരുന്നു. നബിതിരുമേനി(സ)യുടെ ജീവിതകാലത്ത് തങ്ങൾക്ക് പലപ്പോഴും കാരക്കയും വെള്ളവും മാത്രം കഴിച്ചു കഴിഞ്ഞുകൂടേണ്ടി വന്നിട്ടുണ്ടെന്നും നബി(സ) തിരുമേനിയുടെ ചരമ സമയത്ത് ആഹാരസാധനമായി വീട്ടിൽ അല്പം കാരക്കയല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ലെന്നും ഹ. ആയിശ (റ) നിവേദനം ചെയ്തിട്ടുണ്ട്. (ബുഖാരി).

## അല്ലാഹുവുമായുള്ള ബന്ധം

അല്ലാഹുവുമായുള്ള അളവറ്റ സ്നേഹവും ഭക്തിയുമാണ് മുഹമ്മദ് നബി(സ)യുടെ ജീവിതത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്ത സുപ്രധാന ഘടകം. ഭാരിച്ച ഉത്തരവാദിത്വങ്ങളെല്ലാം അദ്ദേഹത്തിൽ നിക്ഷിപ്തമായിരുന്നിട്ടും പകലും രാത്രിയും അവിടന്ന് അല്ലാഹുവിനെ ആരാധിക്കുവാനും അവനെ സ്തുതിക്കുവാനുമായി ചെലവഴിച്ചിരുന്നു. പാതിരാസമയത്ത് തിരുമേനി(സ) കിടപ്പിടം വിട്ടു എഴുന്നേല്ക്കുകയും അതിരാവിലെ സമൂഹപ്രാർത്ഥനക്ക് പള്ളിയിലേക്ക് പോകുന്നതുവരെ ദൈവാരാധനയിൽ മുഴുകുകയും ചെയ്തു. പാതിരാ മുതൽ തുടർച്ചയായി നിന്ന് പ്രാർത്ഥിക്കുക കാരണം ചിലപ്പോൾ നബി(സ)യുടെ കാലിൽ നീരുവന്നു തടിക്കുമായിരുന്നു. അവിടത്തെ അനുചരൻമാർക്ക് ഇത് ഹൃദയസ്പർശിയായ ഒരു അനുഭവമായിരുന്നു. ഈ അവസ്ഥ കണ്ട് ഭാര്യ ആയിശ(റ) നബി(സ)യോടു പറഞ്ഞു. "അല്ലാഹു തന്റെ അപാരമായ സ്നേഹസാമീപ്യങ്ങളാൽ അങ്ങയെ ആദരിച്ചിരിക്കുന്നു. എന്നിട്ടും എന്തിനാണ് അങ്ങ് സ്വയം പീഡനമേല്പിച്ചുകൊണ്ട് ഇത്ര കഠിനമായി പ്രാർത്ഥിക്കുന്നത്?" നബി(സ) മറുപടി നൽകി. "അല്ലാഹു തന്റെ സ്നേഹവും സാമീപ്യവും കൊണ്ട് എന്നെ അനുഗ്രഹിച്ചിരിക്കെ ഞാനവന് കൂടുതൽ നന്ദി പ്രകാശിപ്പിക്കേണ്ടവനല്ലേ? നമുക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ തോതനുസരിച്ച് നന്ദിയും വർദ്ധിപ്പിക്കേണ്ടതല്ലേ?" *(ബുഖാരി).*

അല്ലാഹുവിന്റെ ആജ്ഞയോ അനുവാദമോ ഇല്ലാതെ നബിതിരുമേനി(സ) ഒരിക്കലും ഒരു പ്രവർത്തനത്തിനും മുന്നിട്ടിറങ്ങിയിരുന്നില്ല. മക്കാനിവാസികളിൽ നിന്നും അതികഠിനമായ മർദ്ദനങ്ങളേൽക്കേണ്ടതായി വന്നപ്പോഴും അല്ലാഹുവിന്റെ ആജ്ഞ ലഭിക്കുന്നതുവരെ ആ പട്ടണം വിട്ടു പോവുകയുണ്ടായില്ലെന്ന കാര്യം അവിടത്തെ ജീവചരിത്രത്തിൽ മുമ്പെ വിവരിച്ചിട്ടുണ്ട്. മർദ്ദനം അസഹ്യമായി തീർന്ന

പ്പോൾ അവിടന്ന് തന്റെ അനുയായികൾക്ക് മക്ക വിട്ട് അബിസീനിയായിൽ അഭയം തേടുവാൻ അനുവാദം നൽകി. അപ്പോൾ അവരിൽ ചിലർ നബി(സ)തിരുമേനിയും തങ്ങളുടെ കൂടെ വരണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. അങ്ങനെ ചെയ്യുവാൻ ദൈവികാനുവാദം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ ആ അഭ്യർത്ഥന അവിടന്ന് നിരസിക്കുകയാണ് ചെയ്തത്. സാധാരണയായി അത്യന്തം വിഷമകരമായ സാഹചര്യങ്ങളിൽ ഏറെ പീഡനങ്ങൾക്കിരയാകുമ്പോൾ ഉറ്റ സുഹൃത്തുക്കളെയും ബന്ധുക്കളെയും തങ്ങളുടെ സംരക്ഷണത്തിനായി ഒന്നിച്ചു നിർത്താനാണ് ആളുകൾ തയ്യാറാവുക. എന്നാൽ തിരുനബി(സ)യാവട്ടെ മക്ക വിട്ടു പോവാൻ അല്ലാഹു തനിക്ക് ആജ്ഞ നൽകിയിട്ടില്ല എന്ന കാരണത്താൽ മക്കയിൽ തന്നെ നിൽക്കാൻ തീരുമാനിക്കുകയും തന്റെ കൂട്ടുകാരോട് കുടുതൽ സുരക്ഷിതമായ അബിസീനിയായിൽ അഭയം തേടാൻ നിർദ്ദേശിക്കുകയുമാണ് ചെയ്തത്.

അല്ലാഹുവിന്റെ വചനങ്ങൾ പാരായണം ചെയ്തുകേൾക്കുമ്പോഴെല്ലാം അവിടന്ന് വികാരഭരിതനായി തീരുകയും അവിടത്തെ നയനങ്ങളിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുകയും ചെയ്യുമായിരുന്നു. അവ ആ മഹാത്മാവിന്റെ ഉത്തരവാദിത്വങ്ങൾ ഊന്നിപറയുന്നവയാണെങ്കിൽ പ്രത്യേകിച്ചും. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ നബിതിരുമേനി(സ) അദ്ദേഹത്തോട് വിശുദ്ധഖുർആനിലെ ഏതാനും വരികൾ പാരായണം ചെയ്തു കേൾപ്പിക്കുവാൻ ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു. “അല്ലാഹുവിന്റെ ദൂതരേ! വിശുദ്ധഖുർആൻ താങ്കൾക്കാണല്ലോ അവതരിച്ചത് (അതായത് എല്ലാവരേക്കാളും നന്നായി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുവാൻ അറിയുന്നത് താങ്കൾക്കാണല്ലോ) പിന്നെ ഞാനെന്തിനാണ് അങ്ങേക്ക് പാരായണം ചെയ്ത് കേൾപ്പിക്കുന്നത്. പക്ഷേ നബി(സ) അരുളി “മറ്റുള്ളവർ പാരായണം ചെയ്ത് കേൾക്കുന്നതും ഞാനിഷ്ടപ്പെടുന്നു. തുടർന്നു അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) വിശുദ്ധ ഖുർആനിലെ അന്നിസാഅ് എന്ന അദ്ധ്യായത്തിലെ ഏതാനും വരികൾ പാരായണം ചെയ്തു. “ഓരോ സമുദായത്തിൽ നിന്നും ഒരു സാക്ഷിയെ നാം കൊണ്ടുവരികയും ഇവരുടെ മേൽ ഒരു സാക്ഷിയായി നിന്നെ നാം കൊണ്ടുവരികയും ചെയ്യുമ്പോൾ എന്തായിരിക്കും നിന്റെ സ്ഥിതി?” എന്ന അർത്ഥമുള്ള “കൈഫ ഇദാ ജിഅ്നാ മിൻ കുല്ലി ഉമ്മത്തിൻ ബി ശഹീദിൻ വജിഅ്നാ ബിക അലാ ഹാ ഉലായി ശഹീദാ” എന്ന 42-ാം വാക്യം പാരായണം ചെയ്തപ്പോൾ നബി(സ)തിരുമേനി പറഞ്ഞു “മതി, മതി”. തലയുയർത്തി നോക്കിയപ്പോൾ, നബിതിരു

മേനി(സ) യുടെ കണ്ണിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകുന്ന താണ് ഹ. അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) കണ്ടത് *(ബുഖാരി).*

സമൂഹനിസ്ക്കാരത്തിനായി പള്ളിയിലെത്തിച്ചേരണമെന്ന കാര്യ ത്തിൽ നബി(സ)യ്ക്ക് വലിയ നിർബന്ധമുണ്ടായിരുന്നു. കഠിനമായ അസുഖം ബാധിച്ചു കിടക്കുകയായിരുന്നപ്പോൾ – അപ്പോൾ വീട്ടിൽവച്ചു കിടന്നുകൊണ്ടുള്ള നമസ്കാരം പോലും അനുവദനീയമാണ് – ഇമാ മത്ത് നിൽക്കുവാനായി അവിടന്ന് പള്ളിയിൽ പോകുമായിരുന്നു. ഒരി ക്കൽ പള്ളിയിൽ പോവാൻ ഒരുതരത്തിലും സാധ്യമാവാതെ വന്ന പ്പോൾ ഹദ്റത്ത് അബൂബക്കറിനോട് ഇമാമത്ത് നിൽക്കാൻ അവിടന്ന് ആവശ്യപ്പെടുകയുണ്ടായി. പക്ഷേ, അല്പം കഴിഞ്ഞ് ആരോഗ്യസ്ഥി തിക്ക് അല്പം ആശ്വാസം അനുഭവപ്പെട്ടപ്പോൾ, തന്നെ താങ്ങി പള്ളി യിലെത്തിക്കാൻ അവിടന്ന് ആവശ്യപ്പെട്ടു. രണ്ട് പേരുടെ തോളിൽ കയ്യിട്ടുകൊണ്ട് അവിടന്ന് നീങ്ങി. സ്വന്തം ശക്തിക്ഷയിച്ച സ്ഥിതിയി ലായിരുന്നു അത്. അന്ന് നബി(സ) തിരുമേനിയുടെ കാലുകൾ പ്രാഞ്ചി പ്പോയിരുന്നു എന്ന് ഈ സംഭവം വിവരിച്ചുകൊണ്ട് ഹസ്റത്ത് ആയിശ (റ) നിവേദനം ചെയ്തിട്ടുണ്ട്. (ബുഖാരി).

സന്തോഷം പ്രകടിപ്പിക്കുവാനോ മറ്റുള്ളവരുടെ ശ്രദ്ധ ക്ഷണിക്കു വാനോ കയ്യടിക്കുക എന്നത് സർവ്വസാധാരണമാണ്. അറബികളും ഈ രീതി തന്നെയാണ് സ്വീകരിച്ചിരുന്നത്. അല്ലാഹുവിനോടുള്ള അപാ രമായ സ്നേഹത്താൽ നബിതിരുമേനി(സ) ഇത്തരം സന്ദർഭങ്ങളിൽ കയ്യടിക്കുന്നതിന് പകരം അല്ലാഹുവിനെ വാഴ്ത്തികൊണ്ടോ സ്മരി ച്ചുകൊണ്ടോ ഉള്ള പദങ്ങൾ ഉച്ചത്തിൽ വിളിച്ചുപറയുവാനാണ് ആഗ്ര ഹിച്ചത്. ഒരിക്കൽ നബി(സ) സുപ്രധാനമായ എന്തോ ഒരു ജോലി യിൽ വ്യാപൃതനായത് കാരണം നമസ്കാരസമയമായപ്പോൾ ഇമാ മത്തു നിൽക്കുവാൻ ഹദ്റത്ത് അബൂബക്കർ(റ) നോട് നിർദ്ദേശിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ തന്റെ ജോലി പൂർത്തിയായതുകൊണ്ട് നബി (സ) വേഗം പള്ളിയിലെത്തി. അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) ന്റെ നേതൃത്വത്തിൽ പ്രാർത്ഥന നടക്കുകയായിരുന്നു. നബിതിരുമേനി (സ) പള്ളിയിൽ എത്തിച്ചേർന്നുവെന്ന് മനസ്സിലാക്കിയ അനുയായിക ൾ നമസ്ക്കാരത്തിന്നിടയിൽ തങ്ങളുടെ സന്തോഷം പ്രകടിപ്പിക്കു വാനും നബി(സ) എത്തിച്ചേർന്ന വിവരം ഇമാമത്ത് നിൽക്കുന്ന ഹദ്റത്ത് അബൂബക്കർ (റ) ന്റെ ശ്രദ്ധയിലെത്തിക്കുവാനുമായി കയ്യടിക്കു വാൻ തുടങ്ങി. കാര്യം മനസ്സിലാക്കിയ ഹദ്റത്ത് അബൂബക്കർ(റ) ഉട നെ ഇമാമിന്റെ സ്ഥാനത്തു നിന്നും പിൻവാങ്ങി. റസൂൽ തിരുമേനി(സ) ക്ക് ആ സ്ഥാനം ഒഴിഞ്ഞ് കൊടുത്തു. നമസ്ക്കാരം പൂർത്തിയാക്കിയ

ശേഷം തിരുനബി(സ) ഹദ്റത്ത് അബൂബക്കർ(റ) നോട് ചോദിച്ചു. “താങ്കളോട് നേതൃത്വസ്ഥാനത്തു നിന്നുകൊണ്ട് പ്രാർത്ഥന നയിക്കുവാൻ ഞാൻ ആവശ്യപ്പെട്ടിരിക്കെ താങ്കളെന്തിനാണ് പിന്നോട്ട് മാറിയത്?”. ഹദ്റത്ത് അബൂബക്കർ (റ) മറുപടി നൽകി. “അല്ലാഹുവിന്റെ ദൂതരേ! അല്ലാഹുവിന്റെ തിരുദൂതരുടെ സാന്നിദ്ധ്യത്തിൽ അബുഖൂഹാഫയുടെ മകൻ ഇമാമായി നിന്ന് പ്രാർത്ഥന നടത്തുന്നത് എങ്ങനെ ഉചിതമാകും”. നമസ്ക്കാരത്തിൽ ഇമാമിനെ പിന്തുടർന്ന് നമസ്ക്കരിച്ചവരെ അഭിമുഖീകരിച്ചുകൊണ്ട് തിരുമേനി(സ) പറഞ്ഞു. നിങ്ങളെന്തിനാണ് കയ്യടിച്ചത്? അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിരതരായിരിക്കുന്ന സമയത്ത് കയ്യടിക്കുന്നത് ഉചിതമല്ല. പ്രാർത്ഥനക്കിടയിൽ എന്തെങ്കിലും അത്യാവശ്യകാരണത്താൽ ശ്രദ്ധക്ഷണിക്കണമെന്നുണ്ടെങ്കിൽ തന്നെ കയ്യടിക്കുന്നതിനു പകരം സുബ്ഹാനല്ലാഹ് എന്ന് ഉറക്കെ പറയുകയാണ് വേണ്ടത്. ഇങ്ങനെ ചെയ്താൽ ഏത് കാര്യത്തിലാണെങ്കിലും ശ്രദ്ധ ക്ഷണിക്കുവാൻ സാധിക്കുന്നതാണ്. (ബുഖാരി).

ഒരു കായികാദ്ധ്വാനമെന്ന നിലയിലോ പ്രായശ്ചിത്തമെന്ന നിലയിലോ നമസ്ക്കാരം തുടർച്ചയായി അനുഷ്ഠിക്കുന്നതിനെ പ്രവാചകൻ അംഗീകരിച്ചിരുന്നില്ല. ഒരിക്കൽ അദ്ദേഹം വീട്ടിൽ വന്ന് കയറിയപ്പോൾ രണ്ട് തൂണുകൾക്കിടയിൽ ഒരു കയർ തൂങ്ങിക്കിടക്കുന്നത് കണ്ടു. ഇത് എന്തിന് കെട്ടിയിരിക്കുന്നു എന്ന് അവിടന്ന് ചോദിച്ചപ്പോൾ, അത് അവിടത്തെ ഭാര്യ സൈനബ കെട്ടിയതാണെന്നും നമസ്ക്കാരത്തിൽ ക്ഷീണം തോന്നുമ്പോൾ ഒരു താങ്ങിന് കയർ ഉപയോഗിക്കുന്ന ശീലം അവർക്കുണ്ടെന്നും മറുപടി കിട്ടി. നബിതിരുമേനി(സ) ഉടനെ തന്നെ ആ കയർ അഴിച്ച് കളയാൻ നിർദ്ദേശിച്ചു. അവിടന്ന് പറഞ്ഞു. “ആശ്വാസത്തോടും ഉൻമേഷത്തോടും കൂടി നമസ്ക്കാരം തുടർന്നു പോകുവാൻ സാധിക്കുന്നത് വരെ മാത്രമേ പ്രാർത്ഥിക്കേണ്ടതുള്ളു. ക്ഷീണം തോന്നിയാൽ ഇരിക്കേണ്ടതാണ്. നമസ്ക്കാരം എന്നത് ഒരു ശിക്ഷയല്ല. ദേഹം ക്ഷീണിച്ച ശേഷവും നമസ്ക്കാരം തുടരുകയാണെങ്കിൽ ആ നമസ്ക്കാരം കൊണ്ടുള്ള ഉദ്ദേശ്യം തന്നെ പാഴായിപ്പോകും”. *(ബുഖാരി).*

പരോക്ഷമായ നിലയിൽ പോലും വിഗ്രഹാരാധനയെന്ന് തോന്നിപ്പിക്കുന്ന ഏത് പ്രവർത്തിക്കും അനുഷ്ഠാനത്തിനും നേരെ തിരുമേനി (സ) അതൃപ്തി പ്രകടിപ്പിച്ചിരുന്നു. നബിതിരുമേനി (സ) യുടെ ജീവിതാന്ത്യത്തിൽ ഇടംവലം നോക്കിക്കൊണ്ട് വെപ്രാളത്തോടെ അദ്ദേഹം പറഞ്ഞു. “പ്രവാചകൻമാരുടെ ശ്മശാനങ്ങൾ (കല്ലറകൾ) ആരാധനാസ്ഥലങ്ങളാക്കി മാറ്റിയ ജൂതൻമാരുടേയും ക്രിസ്ത്യാനികളുടേയും മേൽ അല്ലാഹുവിന്റെ ശാപമിറങ്ങട്ടെ”. (ബുഖാരി) ജൂതൻമാരും ക്രിസ്ത്യാ

നികളും അവരുടെ പ്രവാചകൻമാരുടേയും പുണ്യവാളൻമാരുടേയും ശവകല്ലറകളിൽ കുമ്പിടുകയും അവരെ വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്തതിനെ അനുസ്മരിച്ചതിനോടൊപ്പം അനുയായികളായ മുസ്ലിം കൾക്ക് ഒരു മുന്നറിയിപ്പുകൂടി നബിതിരുമേനി(സ) ഇതിലൂടെ നൽകു കയായിരുന്നു. മുസ്ലിം ജനത ഒരിക്കലും ഈ ആചാരം സ്വീകരിച്ചു പോകരുത്. സ്വീകരിക്കുകയാണെങ്കിൽ അവർക്കും ശാപം ഉണ്ടാവു കയും അവർ തന്നിൽ നിന്ന് അകലുകയും ചെയ്യും.

അല്ലാഹുവിന്റെ ബഹുമാന്യ സ്ഥാനം ഉയർത്തിപിടിക്കുന്നതിൽ നബി തിരുമേനി(സ)ക്കുണ്ടായിരുന്ന അടങ്ങാത്ത അഭിലാഷം ഇതിനു മുമ്പേ പരാമർശിച്ചിട്ടുണ്ട്. വിഗ്രഹാരാധനയോടുള്ള അവിടത്തെ അടങ്ങാത്ത എതിർപ്പ് പരിത്യജിക്കുവാൻ പ്രേരിപ്പിക്കുന്നതിന് വേണ്ടി പലവിധ പ്രലോഭനങ്ങളും മക്കയിലെ ജനങ്ങൾ പ്രയോഗിച്ച് നോക്കിയിട്ടുണ്ട്. തിരുനബി(സ) യുടെ പിതൃസഹോദരൻ അബൂതാലിബും അത്തര ത്തിലുള്ള ശ്രമങ്ങൾ നടത്തി നോക്കുകയുണ്ടായി. വിഗ്രഹാരാധനയോ ടുള്ള എതിർപ്പിൽ ഉറച്ച് നിൽക്കുകയാണെങ്കിൽ തിരുനബി(സ)ക്ക് നൽകി വരുന്ന സംരക്ഷണം നിർത്തുകയോ അല്ലെങ്കിൽ മക്കാനിവാ സികളുടെ കഠിനമായ എതിർപ്പിന് പാത്രമാവുകയോ ചെയ്യേണ്ടതായി വരുമെന്ന തന്റെ ഭയം അബൂതാലിബ് നബി(സ)തിരുമേനിയെ അറി യിച്ചു. അതിന് ഒരേയൊരു മറുപടി മാത്രമേ നബി(സ)യ്ക്ക് നൽകു വാനുണ്ടായിരുന്നുള്ളു. തിരുനബി(സ)അരുളി "ഈ ജനത എന്റെ വല തുകൈയിൽ സൂര്യനെയും ഇടത് കൈയിൽ ചന്ദ്രനെയും വച്ച് തന്നാൽ പോലും അല്ലാഹു ഏകനാണ് എന്ന പ്രഖ്യാപനത്തിൽ നിന്നോ പ്രചാ രണത്തിൽ നിന്നോ ഞാൻ പിൻമാറുകയില്ല." (ദുർഖാനി) ഉഹ്ദ് യുദ്ധാ വസരത്തിൽ ഒരു മലഞ്ചെരുവിൽ പരുക്കേറ്റ് അവശരായ ഏതാനും മുസ്ലിംകൾ മാത്രം ചുറ്റും വട്ടം കൂടി നിൽക്കുന്ന വേളയിൽ ചിതറി യോടിയ മുസ്ലിംകൾക്കു നേരെ ശത്രുസൈന്യം ആഹ്ലാദതിമിർപ്പോടെ അട്ടഹസിക്കുവാൻ തുടങ്ങി. അവരുടെ നേതാവ് അബുസുഫ്യാൻ, "ഹുബ്ൽ (മക്കക്കാർ ആരാധിച്ചിരുന്ന ഒരു വിഗ്രഹം) വാഴ്ത്തപ്പെ ടട്ടെ"! എന്ന് ഉച്ചത്തിൽ വിളിച്ച് പറഞ്ഞു. തന്റെയും അനുയായികളു ടേയും ആത്മരക്ഷയെക്കരുതി നിശബ്ദതപാലിച്ചിരുന്ന നബിതിരുമേ നി(സ) പെട്ടെന്ന് പ്രകോപിതനായി സ്വയം മറന്ന് അനുചരനോട് ഇങ്ങ നെ വിളിച്ച് പറയാൻ കല്പിച്ചു. അല്ലാഹുവിന് മാത്രമാണ് വിജയവും പദവിയും,. അല്ലാഹുവിന് മാത്രം". *(ബുഖാരി).*

പ്രവാചകൻമാർ, പരിഷ്കർത്താക്കൾ, സമുന്നതരായ മറ്റു വ്യക്തി കൾ തുടങ്ങിയവരുടെ സുഖദു:ഖങ്ങൾ രേഖപ്പെടുത്തുവാൻ അഭൗമ

മായ അടയാളങ്ങൾ പ്രത്യക്ഷപ്പെടുമെന്നും സൂര്യചന്ദ്രഗ്രഹങ്ങളുടെ സഞ്ചാരം തന്നെ നിയന്ത്രിക്കാൻ അവർക്ക് കഴിവുണ്ടെന്നുമുള്ള ഒരു തെറ്റിദ്ധാരണ ഇസ്ലാമിന് മുമ്പ് സകല മതാനുയായികളും പുലർത്തി പോന്നിട്ടുണ്ട്. ഉദാഹരണമായി ചില കാരണങ്ങളാൽ സൂര്യൻ നിശ്ച ലമായി പോയെന്നും ചന്ദ്രന്റെ ഭ്രമണം തടയപ്പെട്ടുവെന്നും ഒഴുകുന്ന വെള്ളം ചലനരഹിതമായെന്നും ഒക്കെ അവർ വിശ്വസിച്ചിരുന്നു. അത്തരം ധാരണകൾ അടിസ്ഥാനരഹിതങ്ങളാണെന്നും മതഗ്രന്ഥങ്ങ ളിൽ വിവരിക്കപ്പെട്ട അത്തരം അത്ഭുതങ്ങൾ ആലങ്കാരികമായി മാത്രം ഉള്ളതാണെന്നും ശരിയായ അർത്ഥം മനസ്സിലാക്കാതെ വ്യാഖ്യാനി ച്ചതിനാലാണ് അങ്ങനെയുള്ള തെറ്റായ വിശ്വാസമുണ്ടായതെന്നും ഇസ്ലാം പഠിപ്പിച്ചു. നബിതിരുമേനി(സ) യുടെ ജിവിതത്തിലെ ചില സംഭവങ്ങളുമായി ബന്ധപ്പെടുത്തി ചില മുസ്ലീംകളും ഇത്തരം വിശ്വാ സങ്ങൾ വച്ച് പുലർത്തിയിരിന്നു. നബി തിരുമേനി(സ) യുടെ ജീവി താന്ത്യത്തിൽ രണ്ടര വയസ്സ് പ്രായമുള്ള മകൻ ഇബ്രാഹിം മരണമട ഞ്ഞു. അതേ ദിവസംതന്നെ സൂര്യഗ്രഹണം ഉണ്ടായി. നബി(സ)തിരു മേനിയുടെ മകന്റെ അകാല ചരമത്തിൽ ദൈവികമായി അനുശോചനം അറിയിക്കുന്നതിനുള്ള ഒരടയാളമായിട്ടാണ് സൂര്യൻ ഇരുണ്ട് പോയതെന്ന് മദീനയിലെ ചില മുസ്ലിംകൾ വിലയിരുത്തി. ഇത് തിരുമേനി (സ)യുടെ ശ്രദ്ധയിൽപെട്ടപ്പോൾ ഈ വിലയിരുത്തലിൽ അവിടന്ന് അസംതൃപ്തി പ്രകടിപ്പിക്കുകയും അത്തരം സങ്കൽപങ്ങളെ അതിനിശിതമായി അധി ക്ഷേപിക്കുകയും ചെയ്തു. സൂര്യനും ചന്ദ്രനും മറ്റു ഗ്രഹങ്ങളും ദൈവി കനിയമങ്ങൾക്കനുസൃതമായിട്ടാണ് നിയന്ത്രിക്കപ്പെടുന്നതെന്നും അവ യുടെ നീക്കവും ബന്ധപ്പെട്ട മറ്റു പ്രതിഭാസങ്ങളും ഒരു മനുഷ്യന്റെയും ജീവിതവുമായോ മരണവുമായോ ഒരു തരത്തിലും ബന്ധപ്പെടുന്നി ല്ലെന്നും നബി(സ) വിശദീകരിക്കുകയുണ്ടായി *(ബുഖാരി).*

മഴ എപ്പോഴും സ്വാഗതം ചെയ്യപ്പെടുകയും മഴക്ക് വേണ്ടി ആകാംക്ഷ യോടെ കാത്തിരിക്കുകയും ചെയ്യുന്ന ഒരു വരണ്ട രാജ്യമാണ് അറേ ബ്യ. നക്ഷത്രങ്ങളുടെ നീക്കങ്ങളാണ് മഴയെ നിയന്ത്രിക്കുന്നതെന്ന് അറബികൾ സങ്കല്പിക്കാറുണ്ടായിരുന്നു. ഇത്തരം ആശയങ്ങൾ ആരെ ങ്കിലും പ്രകടിപ്പിക്കുന്നത് കേട്ടാൽ റസൂൽ തിരുമേനി (സ) അതിനെ വെറുത്തിരുന്നു. മഴയും മറ്റു പ്രകൃതി പ്രതിഭാസങ്ങളും ദൈവിക നിയ മങ്ങളാൽ നിയന്ത്രിക്കപ്പെടുന്നുവെന്നും ദേവൻമാരുടേയോ ദേവതമാ രുടേയോ മറ്റു സാങ്കല്പിക ശക്തിയുടെയോ സന്തോഷമോ സന്താ പമോ അവയെ ഒരുവിധത്തിലും ബാധിക്കുന്നില്ലെന്നും നബി(സ) വിശ ദീകരിച്ചു. *(മുസ്ലിം)*

നബിതിരുമേനി(സ)ക്ക് അല്ലാഹുവിൽ പരിപൂർണ്ണ വിശ്വാസമുണ്ടായിരുന്നു. വിപരീത ചുറ്റുപാടുകൾക്കൊന്നും ആ വിശ്വാസത്തിന് ഇളക്കം തട്ടിക്കുവാൻ സാദ്ധ്യമായില്ല. ഒരിക്കൽ നബി തിരുമേനി(സ) ഒറ്റക്ക് കിടന്നുറങ്ങുന്നതു കണ്ട ഒരു ശത്രു ഊരിപിടിച്ച വാളുമായി അവിടത്തെ ശിരസ്സിന്നടുത്ത് വന്ന് നില്ക്കുകയും വധിക്കുമെന്ന് ഭീഷണി മുഴക്കുകയും ചെയ്തു. അങ്ങനെ ചെയ്യുന്നതിനുമുമ്പ് ആ ശത്രു നബി (സ) യോട് ചോദിച്ചു. "ഈ ആപൽസന്ധിയിൽ നിങ്ങളെ ആര് രക്ഷിക്കും?" വളരെ ശാന്തനായി, എന്നാൽ ദൃഢസ്വരത്തിൽ നബി തിരുമേനി(സ) മറുപടി പറഞ്ഞു. "അല്ലാഹു" "അല്ലാഹു" എന്ന ശബ്ദം അവിശ്വാസിയായ ആ ശത്രുവിന്റെ ഹൃദയത്തിൽ പതിച്ചപ്പോൾ അയാൾ അമ്പരന്നുപോയി. അയാളുടെ കയ്യിൽനിന്നും വാൾ താഴെ വീണു. നിമിഷങ്ങൾക്ക് മുമ്പ് കൊലവിളി നടത്തിയ ആ ശത്രു, കുറ്റവാളിയായി വിധിക്കപ്പെട്ടശേഷം വധശിക്ഷയും കാത്തുനില്ക്കുന്ന ഒരാളെപ്പോലെ തിരുനബി(സ)യുടെ മുമ്പിൽ നിന്നു. (മുസ്ലിം, ബുഖാരി)

തിരുനബി(സ)യുടെ ജീവിതമാകുന്ന തുലാസിന്റെ ഒരു വശത്ത് ദൈവിക പ്രചോദനങ്ങളാണെങ്കിൽ മറുവശത്ത് താഴ്മയും വിനയവുമായിരുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. തിരുനബി (സ) ഒരിക്കൽ ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു, - "സ്വന്തം സൽക്കർമ്മങ്ങൾ കൊണ്ടുമാത്രം ഒരു മനുഷ്യന് മോക്ഷം ലഭിക്കുകയില്ല" - എന്ന്. അപ്പോൾ ഞാൻ ചോദിച്ചു അങ്ങും അങ്ങനെ തന്നെയാണോ? ഇതിന്നു മറുപടിയായി തിരുനബി(സ) അരുളി അതെ! എനിക്കും എന്റെ കർമ്മങ്ങൾ കൊണ്ടുമാത്രം സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ സാധിക്കയില്ല. അല്ലാഹുവിന്റെ അനുഗ്രഹവും ദയാവായ്പും കൊണ്ട് ഞാൻ മൂടപ്പെട്ടാലല്ലാതെ" (ബുഖാരി)

ശരിയായ പാതമാത്രം ജീവിതത്തിൽ സ്വീകരിക്കുവാനും അല്ലാഹുവിന്റെ സാമീപ്യം അതുവഴി കരസ്ഥമാക്കുവാനും നബി (സ) ജനങ്ങളോട് ഉപദേശിച്ചു. മരണത്തെ സ്വയം വരിക്കുവാനാഗ്രഹിക്കരുതെന്ന് അവിടന്ന് പഠിപ്പിച്ചു. അങ്ങനെയുള്ള ആൾ നല്ലവനാണെങ്കിൽ, കൂടുതൽ കാലം ജിവിച്ചാൽ, കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യുവാൻ അയാൾക്ക് അവസരം ലഭിക്കുന്നതാണ്. അയാൾ പാപിയാണെങ്കിൽ കൂടുതലവസരം ലഭിച്ചാൽ പശ്ചാത്തപിച്ച് കുറ്റകൃത്യങ്ങളിൽ നിന്ന് പിന്മാറുവാനും നല്ല വഴിയിലൂടെ മുന്നേറുവാനും അയാൾക്ക് കഴിയും. അല്ലാഹുവിനോട്, നബി തിരുമേനി(സ)ക്കുണ്ടായിരുന്ന സ്നേഹവും വിശ്വാസവും അദ്ദേഹത്തിന്റെ പല പ്രവൃത്തികളിലൂടെയും ദൃശ്യമായിരുന്നു. ഉദാഹരണമായി, വരണ്ട കാലാവസ്ഥയെത്തുടർന്ന് മഴത്തുള്ളികൾ

വീണപ്പോൾ, അവിടന്ന് തന്റെ നാവ് പുറത്തേക്ക് നീട്ടി ഒരു മഴത്തുള്ളി അനുഭവിച്ചുകൊണ്ട് പറഞ്ഞു, "എന്റെ നാഥനിൽ നിന്നും ഏറ്റവും അടുത്തായി ലഭിച്ച അനുഗ്രഹമാണിത്." അല്ലാഹുവിനോട് ക്ഷമയും ഔദാര്യവും ലഭിക്കുവാൻ അവിടന്ന് നിരന്തരം പ്രാർത്ഥിക്കുമായിരുന്നു. പ്രത്യേകിച്ചും ആളുകളോടൊപ്പമിരിക്കുമ്പോൾ. അവർ അവിടത്തെ ബന്ധുക്കളാകാം, അനുചരൻമാരാകാം, അല്ലാത്തവരുമാകാം, അവർക്കെല്ലാം വേണ്ടി അല്ലാഹുവിൽ നിന്നുള്ള പാപപ്പൊറുതിയും രക്ഷയും അവിടന്ന് തേടിയിരുന്നു. താനെപ്പോഴും അല്ലാഹുവിന്റെ സന്നിധിയിലാണുള്ളതെന്ന ബോധം നബി(സ)ക്കുണ്ടായിരുന്നു. അവിടന്ന് ഉറങ്ങുവാനായി കിടക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. അല്ലാഹുവേ! നിന്റെ നാമം എന്റെ ചുണ്ടുകളിൽ തങ്ങിനിർത്തിക്കൊണ്ട് നീ എന്നെ മരിക്കാൻ (ഉറങ്ങാൻ) അനുവദിക്കേണമേ. നിന്റെ നാമം എന്റെ ചുണ്ടുകളിൽ നിലനിർത്തിക്കൊണ്ട് തന്നെ എന്നെ ഉണർത്തുകയും ചെയ്യേണമേ". ഉറക്കമുണർന്ന് കഴിഞ്ഞാൽ തിരുനബി(സ) ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. "മരണത്തിൽ (ഉറക്കത്തിൽ) നിന്നും ജീവൻ നല്കി അനുഗ്രഹിച്ച അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും. ഒരു ദിവസം നമ്മളെല്ലാം അവന്റെ മുമ്പിൽ ഒരുമിച്ച് ചേരുന്നതാണ്." *(ബുഖാരി)*

നബി തിരുമേനി(സ) എന്നുമെന്നും അല്ലാഹുവിന്റെ സാമീപ്യം മാത്രം അഭിലഷിച്ചു. അദ്ദേഹത്തിന്റെ നിരന്തരമായ പ്രാർത്ഥന ഇതായിരുന്നു. "അല്ലാഹുവേ നീ നിന്റെ പ്രകാശം കൊണ്ട് എന്റെ ഹൃദയം നിറച്ചാലും, നിന്റെ പ്രകാശം കൊണ്ട് എന്റെ കണ്ണുകൾ നിറച്ചാലും, നിന്റെ പ്രകാശം കൊണ്ട് എന്റെ കാതുകൾ നിറച്ചാലും, നിന്റെ പ്രകാശം കൊണ്ട് എന്റെ ഇടതും വലതും ഭാഗങ്ങൾ അനുഗ്രഹിച്ചാലും, നിന്റെ പ്രകാശം കൊണ്ട് എന്റെ മുകളിലും താഴെയും അനുഗ്രഹിച്ചാലും, നിന്റെ പ്രകാശം കൊണ്ട് എന്റെ മുമ്പിലും പിമ്പിലും അനുഗ്രഹിച്ചാലും. അല്ലാഹുവേ! എന്നെ മുഴുവനും നിന്റെ പ്രകാശം കൊണ്ട് നിറക്കേണമേ".
*(ബുഖാരി)*

ഇബ്നു അബ്ബാസ്(റ)നിവേദനം ചെയ്യുന്നു. തിരുദൂതരുടെ ചരമത്തിന് അല്പം മുമ്പേ കള്ളപ്രവാചകനായി രംഗപ്രവേശം ചെയ്ത മുസൈലിമ മദീനയിൽ വരികയും തന്നെ പിൻഗാമിയായി നിയോഗിക്കുകയാണെങ്കിൽ നബി(സ)യെ അംഗീകരിക്കുവാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അംഗബലത്തിൽ കൂടുതൽ ശക്തിയുള്ള അറേബ്യയിലെ ഒരു വംശത്തിൽപ്പെട്ട തന്റെ അനുയായികൾക്കൊപ്പമാണ് അയാൾ വന്നിരുന്നത്. മുസൈലിമയുടെ ആഗമനോദ്ദേശ്യം നബി തിരുമേനി(സ) അറിഞ്ഞപ്പോൾ അവിടന്ന് ഹദ്റത്ത് സാബിത്ബിൻ ഖയ്

സ്ബിൻ ശംസിനോടൊപ്പം മുസൈലിമയെ കാണാൻ പോയി. തിരുനബി(സ) യുടെകയ്യിലപ്പോൾ പനയുടെ ഒരു ഉണങ്ങിയ ചുള്ളിക്കമ്പുമുണ്ടായിരുന്നു. അവിടന്ന് മുസൈലിമയുടെ മുമ്പിൽ ചെന്ന് നിന്നു. അപ്പോഴേക്കും തിരുനബി(സ)യുടെ ഏതാനും അനുയായികളും അവർക്ക് ചുറ്റും നിലയുറപ്പിച്ചു. മുസൈലിമയെ സംബോധന ചെയ്ത് കൊണ്ട് നബി(സ) ഇങ്ങനെ പറഞ്ഞു. "എന്റെ പിൻഗാമിയായി നിന്നെ ഞാൻ നിയോഗിക്കുകയാണെങ്കിൽ എന്നെ പിൻപറ്റുവാൻ നീ തയ്യാറാണെന്ന് പറഞ്ഞതായി ഞാനറിഞ്ഞു. പക്ഷേ, അല്ലാഹുവിന്റെ ആജ്ഞക്കു വിരുദ്ധമായി നിനക്ക് പനയുടെ ഈ ഉണങ്ങിയ ഈർക്കിൽ കഷണം പോലും നല്കുവാൻ ഞാനൊരുക്കമല്ല. അല്ലാഹു നിശ്ചയിച്ചത് പോലെയായിരിക്കും നിന്റെ അന്ത്യം. എന്നിൽ നിന്നും പിന്തിരിഞ്ഞ് നിൽക്കുകയാണെങ്കിൽ, അല്ലാഹു നിന്നെ ഒന്നിനും കൊള്ളാത്തവനാക്കി മാറ്റുന്നതാണ്. എനിക്ക് വെളിപാട് ഇറക്കിയത് പോലെ നിന്നെ അല്ലാഹു കൈകാര്യം ചെയ്യുന്നതാണ്".തിരുമേനി(സ) തുടർന്നു. "ഞാൻ ഇപ്പോൾ പോകുന്നു. നിനക്കെന്തെങ്കിലും കൂടുതലായി പറയുവാനുണ്ടെങ്കിൽ സാബിതിബ്നു ഖയ്സിബ്നു ശംസിനോട് സംസാരിച്ചാൽ മതി. ഇദ്ദേഹം എന്റെ പ്രതിനിധിയായി പ്രവർത്തിക്കും". അവിടന്ന് തിരിച്ച് പോന്നു. ഒപ്പം ഹദ്റത്ത് അബൂഹുറയ്റ(റ) യും ഉണ്ടായിരുന്നു. "എനിക്ക് വെളിപാട് ഇറക്കിയത്പോലെ അല്ലാഹു മുസൈലിമയെ കൈകാര്യം ചെയ്യും" എന്ന് പറഞ്ഞതിന്റെ പൊരുളെന്താണെന്ന് ആരോ നബി തിരുമേനി(സ) യോട് തിരക്കി. തിരുമേനി പറഞ്ഞു. "ഞാനിഷ്ടപ്പെടാതെ എന്റെ കണങ്കൈകളിൽ രണ്ടുവളകൾ അണിഞ്ഞിരിക്കുന്നതായി ഞാൻ ഒരു സ്വപ്നത്തിൽ കണ്ടു. സ്വപ്നാവസ്ഥയിൽ തന്നെ ആ രണ്ടു വളകളും തച്ചുടക്കുവാൻ അല്ലാഹു എന്നോട് കല്പിച്ചു. ഞാനവയുടെ മേൽ അടിച്ചപ്പോൾ അവ രണ്ടും അപ്രത്യക്ഷമായി. എനിക്കു ശേഷം രണ്ട് കപട നബിത്വവാദികൾ പ്രത്യക്ഷപ്പെടുമെന്ന് ഞാനതിനെ വ്യാഖ്യാനിക്കുകയും ചെയ്തു" *(ബുഖാരി)* നബിതിരുമേനി(സ) യുടെ ജീവിതാന്ത്യത്തിനടുത്തായിരുന്നു ഈ സംഭവം നടന്നത്. ഇസ്ലാം മതമാശ്ലേഷിച്ചിട്ടില്ലാത്ത, അവസാനത്തേതും എണ്ണത്തിൽ ശക്തൻമാരുമായ ഗോത്രക്കാർ, അവരുടെ തലവനെ നബി തിരുമേനി(സ)യുടെ പിൻഗാമിയായി നിശ്ചയിക്കണമെന്ന വ്യവസ്ഥയിൽ ഇസ്ലാമിലേക്ക് പ്രവേശിക്കുവാൻ തയ്യാറാണെന്ന് ഇവിടെ അറിയിക്കുകയാണ് ചെയ്തത്. വ്യക്തിപരമായ ലാഭലക്ഷ്യത്തോടെ, നബി തിരുമേനി(സ), ഈ വ്യവസ്ഥ അനുവദിച്ചുകൊടുത്തിരുന്നുവെങ്കിൽ, ആ ജനസമൂഹത്തിന്റെ തലവനെ പിൻഗാമിയായി നിശ്ചയിക്കുക വഴി, അറേബ്യ മുഴുവൻ തന്റെ

പിന്നിൽ അണിനിരക്കുമായിരുന്നു. ഇത് ചെയ്യുന്നതിൽ ആരും തടസ്സം നിൽക്കുമായിരുന്നില്ല. നബി തിരുമേനി(സ)ക്ക് പുത്രൻമാരൊന്നും ജിവിച്ചിരിപ്പില്ലായിരുന്നു. രാജവാഴ്ചപോലെ, മക്കളിലേക്ക് അധികാരം കൈമാറുക എന്ന ലക്ഷ്യവും ഇങ്ങനെ ചെയ്യുന്നതിന് തടസ്സമായി ഉണ്ടായിരുന്നില്ല. പക്ഷേ, നബി(സ) ഒരു ചെറിയ വസ്തുപോലും തന്റെ സ്വന്തമായി കണക്കാക്കുയോ സ്വന്തം ഹിതത്തിനൊത്ത് കൈമാറ്റം നടത്തുവാൻ ഇഷ്ടപ്പെടുകയോ ചെയ്തിരുന്നില്ല. ഒരു പാരിതോഷികമായി മുസ്ലിംകളുടെ നേതൃത്വം ആർക്കെങ്കിലും കൈമാറുവാൻ സാധിക്കുമായിരുന്നില്ല. മുസ്ലീംകളുടെ നേതൃത്വ സ്ഥാനമെന്നത് പവിത്രമായ ഒരു ദൈവീക ട്രസ്റ്റായി നബി തിരുമേനി(സ) കാണുകയും അർഹനായി കാണുന്ന വ്യക്തിക്ക് അല്ലാഹു തന്നെ അത് കനിഞ്ഞ് നൽകുമെന്ന് വിശ്വസിക്കുകയും ചെയ്തു. അതിനാൽ, മുസൈലിമയുടെ നിർദ്ദേശം അവിടന്ന് അവജ്ഞയോടെ തള്ളിക്കളയുകയും മുസ്ലിംകളുടെ നേതൃത്വം കൊതിക്കേണ്ടതില്ലെന്നും ഈന്തപ്പനയുടെ ഒരു ഉണങ്ങിയ കൊള്ളികഷണം പോലും താൻ നൽകാൻ തയ്യാറല്ലെന്ന് അറിയിക്കുകയും ചെയ്തു.

നബി തിരുമേനി(സ) അല്ലാഹുവിനെപ്പറ്റി പരാമർശിക്കുകയോ പ്രസംഗിക്കുകയോ ചെയ്യുമ്പോഴെല്ലാം അവിടന്ന് പൂർണ്ണമായും അല്ലാഹുവിനോടുള്ള പ്രേമവായ്പിലും അഭിനിവേശത്തിലും ലയിച്ചുചേർന്നിരുന്നുവെന്ന് കാഴ്ചക്കാർക്ക് അനുഭവപ്പെട്ടിരുന്നു.

ദൈവാരാധനയിൽ എല്ലായ്പ്പോഴും വളരെ ലാളിത്യം കൈക്കൊള്ളുവാൻ അവിടന്ന് നിഷ്കർഷിച്ചിരുന്നു. അവിടന്ന് എല്ലായ്പ്പോഴും നമസ്ക്കാരത്തിന് നേതൃത്വം നല്കിയിരുന്ന മദീന പള്ളിയുടെ നിലം മണ്ണുപൂശിയതും ചുറ്റുപാടും മറയ്ക്കാത്തതും പായ വിരിക്കാത്തതുമായിരുന്നു. മേൽക്കൂര പനയോലയും പട്ടയും കൊണ്ട് മറച്ചതായിരുന്നതിനാൽ മഴപെയ്യുമ്പോൾ ചോർന്നൊലിക്കുമായിരുന്നു. നബി(സ)യും അനുയായികളും കൂട്ടപ്രാർത്ഥന നടത്തുമ്പോൾ മഴപെയ്യുകയാണെങ്കിൽ അവർ മഴവെള്ളത്തിലും ചെളിയിലും നനഞ്ഞു കുതിരാറുണ്ടായിരുന്നു. അത്തരം സന്ദർഭങ്ങളിലും നമസ്കാരം പൂർത്തിയാകുന്നതുവരെ നമസ്ക്കാരം തുടരുകയല്ലാതെ, അത് നീട്ടിവെക്കണമെന്ന സൂചന നല്കുകയോ, വേറെ സുരക്ഷിതമായ കെട്ടിടത്തിലേക്ക് മാറുകയോ ചെയ്തിരുന്നില്ല. *(ബുഖാരി).*

നബി(സ) അനുയായികളുടെ നീക്കങ്ങളെയും സൂക്ഷ്മമായി വീക്ഷിച്ചിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ(റ) പരമഭക്തനും പരിശുദ്ധനുമായിരുന്നു. ഒരിക്കൽ അദ്ദേഹത്തെപ്പറ്റി നബിതിരുമേനി(സ) ഇങ്ങ

നെ പറഞ്ഞു. “തഹജ്ജുദ് നമസ്ക്കാരം (പാതിരാ സമയത്ത് ഉണർന്നെഴുന്നേറ്റു അനുഷ്ഠിക്കുന്ന ഒരു പ്രാർത്ഥന) മുടങ്ങാതെ കൃത്യമായി അനുഷ്ഠിക്കുകയാണെങ്കിൽ അബ്ദുല്ലാഹിബ്നു ഉമർ കൂടുതൽ ശ്രേഷ്ഠനായ ഒരാളായേനെ!” ഈ വിവരം അബ്ദുല്ലാഹിബ്നു ഉമർ (റ)ന്റെ ശ്രദ്ധയിൽ പെട്ടതിനുശേഷം അദ്ദേഹം ഒരിക്കലും ഈ പ്രാർത്ഥന ഒഴിവാക്കിയിട്ടില്ല. വേറൊരു സംഭവം കൂടി രേഖപ്പെട്ടു കിടപ്പുണ്ട്. ഒരിക്കൽ നബിതിരുമേനി(സ) മകൾ ഫാത്വിമ (റ)യുടെ ഭവനത്തിൽ പോയ അവസരത്തിൽ അവരോട് തഹജ്ജുദ് നമസ്ക്കരിക്കാറുണ്ടോ എന്ന് തിരക്കി. അലി(റ) മറുപടി നല്കി. “അല്ലയോ അല്ലാഹുവിന്റെ ദൂതരേ! ഞങ്ങൾ തഹജ്ജുദ് നമസ്ക്കരിക്കുവാനായി എഴുന്നേല്ക്കുവാൻ ശ്രമിക്കാറുണ്ട്. പക്ഷേ, ചില അവസരങ്ങളിൽ, അല്ലാഹുവിന്റെ ഇച്ഛാനുസരണം കൃത്യസമയത്ത് എഴുന്നേല്ക്കുവാൻ സാധിക്കാറില്ല. അതിനാൽ ഈ നമസ്ക്കാരം ചിലപ്പോൾ വിട്ടുപോകാറുണ്ട്.” നബിതിരുമേനി(സ) തിരികെ പോകുമ്പോൾ മനുഷ്യൻ സ്വന്തം തെറ്റുകൾ സമ്മതിച്ചുകൊടുക്കുവാൻ തയ്യാറാകാതെ പല ഒഴികഴിവുകൾ പറഞ്ഞു അവയെ മൂടിവെക്കുവാൻ ശ്രമിക്കുന്നു” എന്ന അർത്ഥം വരുന്ന ഖുർആൻ വാക്യം പലതവണ ഉരുവിടുകയുണ്ടായി. (ബുഖാരി) അല്ലാഹുവിന്റെ ഇച്ഛക്കനുസരിച്ച് അവർക്ക് എഴുന്നേല്ക്കുവാൻ സാധിക്കാറില്ല എന്നു പറഞ്ഞുകൊണ്ട് അലി സ്വന്തം വീഴ്ചകൾ അല്ലാഹുവിന്റെ മേൽ ചാരാതെ, ഈ കാര്യത്തിലുള്ള തന്റെ ബലഹീനത സ്വയം സമ്മതിക്കുകയായിരുന്നു വേണ്ടിയിരുന്നത്. അതാണ് നബി(സ) ആഗ്രഹിച്ചത്.

## ആത്മപീഡനം ഇസ്‌ലാമികമല്ല

ദൈവാരാധനയുടെ പേരിൽ സ്വയം ആത്മപീഢനം ഏറ്റുവാങ്ങുന്ന സമ്പ്രദായത്തെ നബിതിരുമേനി(സ) തീർത്തും നിരാകരിച്ചു. അല്ലാഹു മനുഷ്യർക്കു കനിഞ്ഞുനല്കിയ കഴിവുകളെ പ്രയോജനപ്രദമായി ഉപയോഗിക്കുക എന്നതിലാണ് യഥാർത്ഥമായ ദൈവീകാരാധന അടങ്ങിയിരിക്കുന്നത്. അല്ലാഹു മനുഷ്യർക്ക് കണ്ണു നൽകിയത് കാണാൻ വേണ്ടിയാണ്. കണ്ണടച്ചു പിടിക്കുകയോ കണ്ണ് തന്നെ കുത്തിപ്പൊട്ടിക്കുകയോ ചെയ്യുന്നുവെങ്കിൽ അത് ആരാധനയല്ല. അല്ലാഹുവിനോടുള്ള ധിക്കാരമാണ്. കാണുക, എന്ന അനുഗ്രഹത്തെ അനുചിതമായി ഉപയോഗിക്കുമ്പോഴാണ് അത് പാപമായിത്തീരുന്നത്. ശ്രവണശക്തിയുടേയും സ്ഥിതി ഇതുതന്നെയാണ്. ശ്രവണശക്തി ഉചിതമായ നിലയ്ക്ക് ഉപയോഗിക്കാതിരിക്കുക എന്നത് മനുഷ്യരുടെ ഭാഗത്ത് നിന്നുള്ള കൃതഘ്നതയാണ്. ശ്രവണശക്തിയെ അനുചിതമായി, ഏഷണി, ഭീഷണി, പരദൂഷണം തുടങ്ങിയവയ്ക്കായി ഉപയോഗിക്കുമ്പോൾ മാത്രമാണ്

അത് പാപമായിത്തീരുന്നത്. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിലല്ലാതെ ആഹാരമുപേക്ഷിച്ച് പട്ടിണി സ്വയം വരിക്കുന്നത് ആത്മഹത്യയ്ക്ക് തുല്യമായ നടപടിയാണ്. ക്ഷമാർഹമല്ലാത്ത പാപവുമാണത്. വെറും തീറ്റയും കുടിയും ജീവിതത്തെ തരം താഴ്ത്തുകയും നിരോധിക്കപ്പെട്ട ഭക്ഷ്യവസ്തുക്കൾ പോലും നിർലജ്ജം ഉപയോഗിക്കുകയും ചെയ്യുകയാണെങ്കിൽ അതും പാപം തന്നെയാണ്.

പ്രവാചകപ്രഭുവായ നബി(സ) തിരുമേനിയുടെ പാഠങ്ങളാണിവ, സുവർണ്ണപാഠങ്ങൾ. മറ്റൊരു പ്രവാചകനും ഈ നിലയ്ക്കുള്ള പാഠങ്ങൾ പഠിപ്പിക്കുകയുണ്ടായിട്ടില്ല.

പ്രകൃതിദത്തമായ കഴിവുകൾ ശരിയായ വഴിക്ക് ഉപയോഗിക്കുന്നതിലാണ് ധാർമ്മികഗുണങ്ങൾ അടങ്ങിയിരിക്കുന്നത്. ആ ഗുണങ്ങളെ തടയുകയോ നിഷ്ഫലമാക്കുകയോ ചെയ്യുന്നത് വിഡ്ഢിത്തമാണ്. അവയുടെ അനുചിതമായ ഉപയോഗമാണ് അധമവും പാപകരവും. അവയുടെ ഉചിതമായ ഉപയോഗം ശരിയും സഹജവുമായ നന്മയാണ്. ഇതാണ് പ്രവാചകശ്രേഷ്ഠൻ പഠിപ്പിച്ച ധാർമ്മികാദ്ധ്യാപനങ്ങളുടെ സത്ത. ഇതുതന്നെയാണ്, ഏറ്റവും സംക്ഷിപ്തമായി പറഞ്ഞാൽ ആ പുണ്യാത്മാവിന്റെ ജിവിതം. ഹദ്റത്ത് ആയിശാ(റ) നിവേദനം ചെയ്യുന്നു. "പരിശുദ്ധ നബി(സ) ഏതെങ്കിലും രണ്ട് മാർഗ്ഗങ്ങളിൽ ഒരു മാർഗ്ഗം തിരഞ്ഞെടുക്കേണ്ടതായി വരുമ്പോൾ രണ്ടിലും വച്ച് ഏറ്റവും എളുപ്പമായതിനെയാണ് എപ്പോഴും സ്വീകരിക്കുക. അത് അന്യൂനമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുമായിരുന്നു. ഏതെങ്കിലും പ്രവൃത്തി ശരിയോ തെറ്റോ എന്ന് സംശയം തോന്നുകയാണെങ്കിൽ അതിൽ നിന്നും തിരുനബി (സ) അകന്നു നില്ക്കുമായിരുന്നു (മുസ്ലിം). ഇതാണ് തീർച്ചയായും മനുഷ്യന് ഉത്കൃഷ്ഠവും പ്രശംസാർഹവുമായ മാതൃക. പലരും മനപൂർവ്വം ദു:ഖവും ആപത്തും സ്വയം വലിച്ച്വെക്കാറുണ്ട്. ഇത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുവാനുള്ള വഴിയല്ല. ആവശ്യമില്ലാത്ത ദു:ഖവും ആപത്തും സ്വന്തം ജീവിതത്തിലേക്ക് അടിച്ചേൽപ്പിക്കുക വഴി ഒരിക്കലും ദൈവപ്രീതി കരഗതമാകുകയുമില്ല. അത്തരം പ്രവൃത്തികൾ മനുഷ്യനെ വഞ്ചിക്കാനേ ഉതകുകയുള്ളു. അത്തരം മനുഷ്യൻ വളരെക്കുറച്ച് നന്മകളെ ഉൾക്കൊള്ളുകയുള്ളു. കൃത്രിമമായ നന്മകൾ ഉൾക്കൊണ്ടുകൊണ്ട് മറ്റുള്ളവരുടെ കണ്ണിൽ ദൗർബ്ബല്യങ്ങൾ മറച്ചുപിടിക്കാനാണവർ ശ്രമിക്കുന്നത്. ശരിയായ നന്മകൾ ഉൾക്കൊള്ളുകയും അതുവഴി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുകയുമാണ് നബി(സ) യുടെ ലക്ഷ്യം. അവിടന്ന് നാട്യങ്ങൾക്കും കാപട്യങ്ങൾക്കും അതീതനായിരുന്നു. ലോകം തന്നെക്കുറിച്ച് എന്ത് കരു

തുന്നു എന്നത് നബി(സ)ക്ക് ഒരു പ്രശ്നമായിരുന്നില്ല. തന്നെക്കുറിച്ച് തനിക്കെന്ത് തോന്നുന്നു, അല്ലാഹു എങ്ങനെ തന്നെ വിലയിരുത്തുന്നു എന്നതിനായിരുന്നു അവിടന്ന് പ്രാമുഖ്യം കല്പിച്ചിരുന്നത്.

## കുടുംബ ബന്ധം

നബി തിരുമേനി (സ) ഭാര്യമാരോട് അങ്ങേയറ്റം ദയയോടും നിഷ്പക്ഷതയോടുമാണ് പെരുമാറിയിരുന്നത്. അദ്ദേഹത്തോട് അവരിൽ ആർക്കെങ്കിലും അഭിപ്രായവ്യത്യാസങ്ങളുണ്ടായാൽ തന്നെ അദ്ദേഹം ഒരു ചെറുചിരിയിലൊതുക്കി കൊണ്ട് പ്രശ്നം പരിഹരിക്കുമായിരുന്നു. ഒരിക്കൽ നബി(സ) ഹദ്റത്ത് ആയിശ(റ) യോട് പറഞ്ഞു. "ആയിശാ, എന്നോട് നിനക്ക് എപ്പോഴൊക്കെ അതൃപ്തി തോന്നിയിട്ടുണ്ടോ അപ്പോഴൊക്കെ ഞാനത് മനസ്സിലാക്കിയിട്ടുണ്ട്". "അതെങ്ങനെ?",ഹദ്റത്ത് ആയിശാ ചോദിച്ചു. തിരുനബി(സ) പറഞ്ഞു, "നീ എന്നോട് സന്തോഷമായി കഴിയുന്ന അവസരങ്ങളിൽ അല്ലാഹുവിനെക്കുറിച്ച് സംസാരിക്കുമ്പോൾ 'മുഹമ്മദിന്റെ നാഥനായ അല്ലാഹു എന്ന് പറയുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ നിനക്ക് പിണക്കമുള്ള അവസരങ്ങളിൽ ഇബ്രാഹിമിന്റെ നാഥനായ അല്ലാഹു എന്നാണ് നീ പറയാറ്." ഹദ്റത്ത് ആയിശ(റ) ചിരിച്ചുകൊണ്ട് പറഞ്ഞു. "അങ്ങ് പറഞ്ഞത് ശരിയാണ്". *(ബുഖാരി)* ഹസ്റത്ത് ഖദീജ(റ) യായിരുന്നു നബി തിരുമേനി(സ) യുടെ ആദ്യ ഭാര്യ. അദ്ദേഹത്തിന് വേണ്ടി അതിമഹത്തായ ത്യാഗങ്ങൾ വരിച്ച മഹിളാരത്നമായിരുന്നു അവർ. നബി(സ)തിരുമേനിയേക്കാൾ അവർക്ക് പ്രായക്കൂടുതലുണ്ടായിരുന്നു. അവരുടെ ദേഹവിയോഗത്തിനു ശേഷം മറ്റു വിവാഹം കഴിച്ചിരുന്നുവെങ്കിലും ഖദീജ(റ)യെ പറ്റിയുള്ള ഓർമ്മകൾക്ക് മങ്ങലേല്ക്കുവാൻ അദ്ദേഹം ഒരിക്കലും അനുവദിച്ചിരുന്നില്ല. ഹദ്റത്ത് ഖദീജ(റ) യുടെ സുഹൃത്തുക്കൾ തിരുനബി(സ) യെ സന്ദർശിക്കുവാൻ വരുമ്പോഴെല്ലാം അദ്ദേഹം എഴുന്നേറ്റ് നിന്ന് അവരെ സ്വീകരിക്കുമായിരുന്നു. (മുസ്ലിം) ഖദീജയുടെ സ്വന്തമോ അവരുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും വസ്തു കാണാനിടയായാൽ അദ്ദേഹം വികാരാധീനനാകുമായിരുന്നു. ബദർ യുദ്ധത്തിൽ, മുസ്ലിംകളാൽ തടവുകാരായി പിടിക്കപ്പെട്ടവരുടെ കൂട്ടത്തിൽ നബിതിരുമേനി(സ) യുടെ ഒരു ജാമാതാവുമുണ്ടായിരുന്നു. മോചനദ്രവ്യമായി നൽകുവാൻ അദ്ദേഹത്തിന്റെ പക്കൽ ഒന്നുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഭാര്യ സൈനബ് - തിരുനബി(സ) യുടെ മകൾ - തന്റെ മാതാവ് ഖദീജ ഉപയോഗിച്ചിരുന്ന ഒരു നെക്ലേസ് മദീനയിലേക്ക് കൊടുത്തയക്കുകയും, അത് തന്റെ ഭർത്താവിന്റെ മോചനമൂല്യമായി സമർപ്പിക്കുകയും ചെയ്തു. തിരുനബി(സ) ആ നെക്

ലേസ് തിരിച്ചറിയുകയും ദു:ഖനിമഗ്നനാവുകയും ചെയ്തു. തുടർന്ന് അദ്ദേഹം തന്റെ അനുയായികളോട് പറഞ്ഞു. "ഈ കാര്യത്തിൽ ഒരു നിർദ്ദേശം നൽകുവാനുള്ള യാതൊരധികാരവും എനിക്കില്ല. പക്ഷേ, ഈ മാല പരേതയായ മാതാവിന്റെ പാവനസ്മരണക്കായി അവൾ (സൈനബ്) കാത്തുസൂക്ഷിച്ച് വച്ചതാണെന്നെനിക്കറിയാം. നിങ്ങൾക്ക് സമ്മതമാണെങ്കിൽ ഈ മാല അവളുടെ കയ്യിൽ തന്നെ ഇരിക്കണമെന്നും അതിനാൽ, അവൾക്ക് തന്നെ ഇത് തിരികെ നല്കണമെന്നുമാണ് എന്റെ അഭിപ്രായം". നബി (സ) തിരുമേനിയുടെ അഭിലാഷം അംഗീകരിക്കുന്നതിനേക്കാൾ വലിയ സന്തോഷം തങ്ങൾക്കില്ലെന്നു അവർ അറിയിക്കുകയും ആ അഭിപ്രായം അംഗീകരിക്കുകയും ചെയ്തു. (ഹൽബിയ്യാ വോള്യം 2).

പലപ്പോഴും നബിതിരുമേനി(സ) ഹദ്റത്ത് ഖദീജ(റ) യെ പുകഴ്ത്തിക്കൊണ്ട് മറ്റു ഭാര്യമാരോട് സംസാരിക്കുമായിരുന്നു. അവരുടെ സ്വഭാവഗുണങ്ങളും ഇസ്‌ലാമിന്നു വേണ്ടി അവർ ചെയ്ത ത്യാഗങ്ങളും ഊന്നിപ്പറയുകയും ചെയ്യുമായിരുന്നു. അങ്ങനെയുള്ള ഒരവസരത്തിൽ ഹദ്റത്ത് ആയിശ (റ) ചൊടിച്ചുകൊണ്ട് പറഞ്ഞു. "അല്ലാഹുവിന്റെ ദുതരേ! അങ്ങെന്തിനാണ് ആ കിഴവിയെപ്പറ്റി എപ്പോഴും എപ്പോഴും ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. അല്ലാഹു താങ്കൾക്ക് ചെറുപ്പക്കാരികളും സുന്ദരികളുമായ നല്ല ഭാര്യമാരെ നൽകിയിട്ടുണ്ടല്ലോ!" ഇതുകേട്ടപ്പോൾ തിരുനബി(സ) വികാരാധീനനായിക്കൊണ്ട് പറഞ്ഞു "അങ്ങനെ പറയരുത് ആയിശാ. ഖദീജ എനിക്ക് എത്രത്തോളം നന്മ ചെയ്തിരുന്നു എന്ന് നിനക്കറിയില്ല''. *(ബുഖാരി).*

## ഉദാത്തമായ ധാർമ്മികഗുണങ്ങൾ

പ്രതികൂല സാഹചര്യങ്ങളിലും മുഹമ്മദ് നബി (സ) എപ്പോഴും ക്ഷമാശീലനായിരുന്നു. പ്രതികൂല സാഹചര്യങ്ങൾ ഒരിക്കലും അദ്ദേഹത്തെ ബലഹീനനാക്കിയില്ല. വ്യക്തിപരമായ ആഗ്രഹങ്ങൾ ഒരിക്കലും അദ്ദേഹത്തെ കീഴ്പ്പെടുത്തിയതുമില്ല. നബി(സ)യുടെ ജനനത്തിനു മുമ്പേ പിതാവ് മരണമടഞ്ഞിരുന്നു. ചെറുപ്രായത്തിൽ മാതാവും ഇഹലോകവാസം വെടിഞ്ഞു. എട്ടുവയസ്സുവരെ അദ്ദേഹം പിതാമഹന്റെ സംരക്ഷണത്തിൽ കഴിഞ്ഞു. പിതാമഹന്റെ വിയോഗത്തിന് ശേഷം പിതൃസഹോദരൻ അബൂത്വാലിബിന്റെ സംരക്ഷണത്തിലായി. പ്രകൃത്യായുള്ള വാത്സല്യത്താലും സ്വന്തം പിതാവിന്റെ അഭീഷ്ടമനുസരിച്ചും അബുത്വാലിബ് തന്റെ സഹോദരപുത്രൻ മുഹമ്മദിനെ ശ്രദ്ധയോടെ വളർത്തി. പക്ഷേ, മുഹമ്മദിന് അത്രത്തോളം പരിഗണന നൽകാൻ അബൂത്വാലിബിന്റെ ഭാര്യക്ക് കഴിഞ്ഞിരുന്നില്ല ചിലപ്പോഴെങ്കിലും മുഹമ്മ

ദിനെ ഒഴിച്ച് നിർത്തി സ്വന്തം കുട്ടികൾക്ക് മാത്രം അവർ ആഹാര സാധനങ്ങൾ വിതരണം ചെയ്തിരുന്നു. അത്തരം സന്ദർഭങ്ങളിൽ അബൂ ത്വാലിബ് വീടിനകത്തേക്ക് കടന്ന് വരാനിടയായാൽ, അങ്ങനെയൊന്ന് സംഭവിച്ച യാതൊരു ലക്ഷണവും കാണിക്കാതെ, പരാതിയോ പരിഭ വമോ പ്രകടിപ്പിക്കാതെ ഒരു ഭാഗത്ത് ഒഴിഞ്ഞ് മാറിയിരിക്കുന്ന തന്റെ കൊച്ചു സഹോദരപുത്രനെയാണ് കാണുക. സ്നേഹം കൊണ്ടും തന്നി ൽ അർപ്പിതമായ ഉത്തരവാദിത്വം ഓർത്തും അദ്ദേഹം കുട്ടിയെ മാറോ ടടക്കിപിടിച്ച് പറയും, "ഈ കുട്ടിയുടെ കാര്യം കൂടി ശ്രദ്ധിക്കുക."

യാദൃശ്ചികമോ ഒറ്റപ്പെട്ടതോ ആയ ഒരു സംഭവമായിരുന്നില്ല ഇത്. ഇതിനു സാക്ഷികളായവർ ഒരു കാര്യത്തിൽ ഏക അഭിപ്രായക്കാരാ യിരുന്നു. ബാലനായ മുഹമ്മദിൽ കണ്ട സ്വഭാവനൈർമ്മല്യം. ഒരി ക്കൽ പോലും പരാതിയോ മറ്റു കുട്ടികളോട് അസൂയയോ പ്രകടിപ്പി ക്കാത്ത ഉദാര മനസ്കത. ഇതിനുള്ള മകുടോദാഹരണമായിരുന്നു ചരി ത്രം പിന്നിട് ദർശിച്ചത്. അബുത്വാലിബിന്റെ രണ്ട് മക്കളുടെയും - അലിയുടെയും ജഅ്ഫറിന്റെയും സംരക്ഷണ ചുമതല മുഹമ്മദ് നബി(സ) പിൽക്കാലത്ത് ഏറ്റെടുക്കുകയും സ്തുത്യർഹമാംവിധം പ്രസ്തുത ചുമതല നിർവ്വഹിക്കുകയും ചെയ്തത് ചരിത്രത്തിലെ വാഴ് ത്തപ്പെട്ട ഒരു സ്വഭാവ വൈശിഷ്ട്യമാണ്.

റസൂൽ തിരുമേനി (സ)ക്ക് തന്റെ ജീവിതത്തിൽ അങ്ങോളമിങ്ങോളം കയ്പേറിയ സന്ദർഭങ്ങളെ അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ട്. അനാഥനായി ജന്മം കൊണ്ടു. ശിശുപ്രായത്തിൽ തന്നെ മാതാവ് വിട്ടു പിരിഞ്ഞു. എട്ട് വയസ്സായപ്പോൾ പിതാമഹനും നഷ്ടപ്പെട്ടു. വിവാഹ ശേഷം ഒന്നിന് പുറകെ മറ്റൊന്നായി മക്കളും നഷ്ടപ്പെടുന്നത് നോക്കി നിൽക്കേണ്ടതായി വന്നു. തുടർന്ന് തനിക്ക് ഏറ്റവും പ്രിയപ്പെട്ടവളും പരമഭക്തയുമായ തന്റെ ഭാര്യ ഖദീജ(റ)യും തന്നെ വിട്ട് പിരിഞ്ഞു. ഖദീജ(റ) യുടെ മരണശേഷം വിവാഹം കഴിച്ച ചില ഭാര്യമാരും അദ്ദേ ഹത്തിന്റെ ജീവിതകാലത്ത് മരണമടഞ്ഞു. തന്റെ ജിവിതാന്ത്യത്തിൽ മകൻ ഇബ്റാഹീമിന്റെ ദേഹവിയോഗത്തിനും സാക്ഷി നിൽക്കേണ്ട തായി വന്നു. ഈ നഷ്ടങ്ങളേയും ദു:ഖങ്ങളേയും അദ്ദേഹം പുഞ്ചിരി യോടെ നേരിട്ടു. അദ്ദേഹത്തിന്റെ അചഞ്ചലമായ നിശ്ചയദാർഢ്യത്തെ യോ സ്വഭാവഗുണങ്ങളേയോ ഈ ദുരന്തസംഭവങ്ങൾ അണുപോലും പ്രതികൂലമായി ബാധിച്ചില്ല. വ്യക്തിപരമായ അദ്ദേഹത്തിന്റെ ദു:ഖങ്ങൾ, ഒരിക്കലും പൊതുജനസമക്ഷം പ്രതിഫലിച്ചില്ല. എല്ലാവരോടും എല്ലാ യ്പ്പോഴും ദയാപൂർവ്വം പെരുമാറുകയും ഒരേ രീതിയിലുള്ള ഔദാര്യ ത്തോടെ എല്ലാവരെയും കാണുകയും ചെയ്തു. ഒരിക്കൽ തന്റെ ഒരു

കുട്ടി നഷ്ടപ്പെട്ടതിലുള്ള വേദനയാൽ ആ കുട്ടിയുടെ ഖബറിനടുത്ത് പൊട്ടിക്കരഞ്ഞുകൊണ്ട് നിൽക്കുന്ന ഒരു സ്ത്രീയെ നബിതിരുമേനി (സ) കാണാനിടയായി. വിലപിക്കുന്ന ആ സ്ത്രീയോട് നബി(സ) ക്ഷമ കൈക്കൊള്ളുവാനും അല്ലാഹുവിന്റെ വിധി ഏറ്റവും വലുതായി കാണുവാനും ഉപദേശിച്ചു. തന്നോട് സംസാരിച്ചുകൊണ്ട് നിൽക്കുന്നത് റസൂൽ തിരുമേനി(സ) യാണെന്ന് ആ സ്ത്രീക്ക് അറിയില്ലായിരുന്നു. "എന്നെപ്പോലെ താങ്കൾക്കാണ് ഒരു കുട്ടി നഷ്ടപ്പെട്ടതെങ്കിൽ അപ്പോൾ മാത്രമേ വിരഹദു:ഖം എത്ര വലുതാണെന്ന് താങ്കൾക്ക് മനസ്സിലാകൂ" എന്ന് ആ സ്ത്രീ പൊട്ടിത്തെറിച്ചു. നബിതിരുമേനി(സ) പ്രതിവചിച്ചു. "ഞാൻ ഒരു കുട്ടിയുടേതല്ല, ഏഴ് കുട്ടികളുടെ വിയോഗം കണ്ട് നില്ക്കേണ്ടിവന്നവനാണ്". ഇത് പറഞ്ഞുകൊണ്ട് നബിതിരുമേനി(സ) നടന്നു നീങ്ങി. ഇങ്ങനെയുള്ള സന്ദർഭങ്ങളിലല്ലാതെ ഒരിക്കലും റസൂൽ തിരമേനി(സ) സ്വന്തം നഷ്ടങ്ങളുടെയോ നിർഭാഗ്യങ്ങളുടെയോ കഥ പരാമർശിക്കുമായിരുന്നില്ല. അത്തരം നഷ്ടങ്ങൾ അദ്ദേഹത്തിന് ഒരു ചർച്ചാവിഷയമേ ആയിരുന്നില്ല. മാനവരാശിക്ക് വേണ്ടിയുള്ള ഇടതടവില്ലാത്ത സേവനോത്സുകതയേയോ ഉത്തരവാദിത്വങ്ങൾ കയ്യാളുവാനുള്ള അഭിനിവേശത്തേയോ ഇത്തരം വേദനകൾ ഒരിക്കലും പ്രതികൂലമായി ബാധിച്ചതുമില്ല.

## നബി(സ)തിരുമേനിയുടെ ആത്മനിയന്ത്രണം

നബി(സ)തിരുമേനി എപ്പോഴും ആത്മനിയന്ത്രണം പാലിച്ചിരുന്നു. ഭരണാധികാരിയായപ്പോൾ എല്ലാവരുടെയും പരാതികൾ ക്ഷമാപൂർവ്വം കേട്ടു. ആരെങ്കിലും അദ്ദേഹത്തോട് ധിക്കാരത്തോടെ പെരുമാറിയാൽ അത് സഹിക്കുകയല്ലാതെ ഒരിക്കലും തിരിച്ചടിക്കുവാൻ മുതിർന്നിരുന്നില്ല. പൗരസ്ത്യ രാജ്യങ്ങളിലുള്ളവർ ഒരു സംബോധന ചെയ്യുമ്പോൾ അയാളോടുള്ള ബഹുമാനം സൂചിപ്പിക്കുവാൻ അയാളുടെ സ്വന്തം പേര് വിളിക്കുകയില്ല. മുസ്ലിംകൾ റസൂൽ(സ) തിരുമേനിയെ "യാ റസൂലല്ലാഹി!" (അല്ലയോ അല്ലാഹുവിന്റെ ദുതരേ) എന്നാണ് സംബോധന ചെയ്തിരുന്നത്. അമുസ്ലീംകൾ അദ്ദേഹത്തെ 'അബുൽ ഖാസിം' (ഖാസിമിന്റെ പിതാവ്) - മുഹമ്മദ് നബിയുടെ ഒരു മകന്റെ പേര് ഖാസിം എന്നായിരുന്നു - എന്നും വിളിക്കുമായിരുന്നു. ഒരിക്കൽ ഒരു ജൂതൻ മദീനയിൽ വരികയും നബി(സ)യുമായി ചർച്ചയാരംഭിക്കുകയും ചെയ്തു. ചർച്ചക്കിടയിൽ ആ ജൂതൻ നബിതിരുമേനി(സ)യെ 'യേ മുഹമ്മദ്, യേ മുഹമ്മദ്' എന്ന് വിളിച്ചുകൊണ്ടിരുന്നു. ഈ സംബോധനയെ നബി(സ) ഗൗരവമായെടുക്കാതെ ക്ഷമയോടെ ചർച്ച തുടർന്നു. പക്ഷേ, നബി(സ) ന്റെ അനുയായികൾ "യേ മുഹമ്മദ്, യേ മുഹമ്മദ്'

എന്ന് വിളിച്ചുകൊണ്ടുള്ള അയാളുടെ പെരുമാറ്റത്തിൽ അയാളോട് ദേഷ്യപ്പെട്ടു. അവരിൽ തീരെ സംയമനം പാലിക്കാൻ കഴിയാത്ത ഒരാൾ പേര് വിളിക്കാതെ അബുൽഖാസിം എന്ന് സംബോധന ചെയ്യണമെന്ന് ആജ്ഞാപിച്ചു. 'രക്ഷിതാക്കളിട്ട പേര് മാത്രമേ ഞാൻ അദ്ദേഹത്തെ വിളിക്കൂ! എന്ന് ജൂതനും വാശിപിടിച്ചു. അപ്പോൾ പുഞ്ചിരിച്ചുകൊണ്ട് നബിതിരുമേനി(സ) അനുയായികളോട് ഇങ്ങനെ പറഞ്ഞു. "അദ്ദേഹം പറഞ്ഞതാണ് ശരി. ഞാൻ ജനിച്ചപ്പോൾ മുഹമ്മദ് എന്നാണ് എനിക്ക് പേരിട്ടത്. ആ പേരിൽ എന്നെ വിളിക്കുന്നതിൽ നിങ്ങളിങ്ങനെ അസ്വസ്ഥരാകേണ്ട ആവശ്യമില്ല"

ചിലപ്പോൾ ചിലർ നബിതിരുമേനി(സ)യെ വഴിയിൽ നിർത്തിക്കൊണ്ട് സംഭാഷണത്തിലേർപ്പെടും. അവരുടെ ആവശ്യങ്ങൾ നിരത്തിവെച്ചുകൊണ്ടും അഭ്യർത്ഥനകൾ പരിഗണിക്കണമെന്നാവശ്യപ്പെട്ടുമായിരിക്കും അവർ സംസാരിക്കുക. അദ്ദേഹം ക്ഷമയോടെ നില്ക്കുകയും അവർ സംസാരം നിർത്തി പോയ ശേഷം മാത്രം സ്ഥലം വിടുകയും ചെയ്യും. ചിലർ നബി(സ) യുടെ കൈപിടിച്ച് കുലുക്കിയ ശേഷം പിടിത്തം വിടാതെ കുറെ നേരം അങ്ങനെ നില്ക്കും. സമയം വെറുതെ പാഴായിപ്പോകുന്നതിൽ അസ്വസ്ഥനാണെങ്കിലും നബിതിരുമേനി (സ) ഒരിക്കലും കൈ പുറകോട്ട് വലിക്കുമായിരുന്നില്ല. ജനങ്ങൾ സ്വതന്ത്രമായി അദ്ദേഹത്തിന്റെ അടുത്ത് ചെല്ലുകയും അവരുടെ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും നിരത്തിവെക്കുകയും സഹായമഭ്യർത്ഥിക്കുകയും ചെയ്യുമായിരുന്നു. അവ പരിഗണനാർഹമായിരിക്കുകയുമില്ല. എന്നാലും കഴിവുള്ളിടത്തോളം അപേക്ഷകൾ പരിഗണിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ, ആവശ്യപ്പെട്ട സഹായം നൽകിയശേഷം,. അല്ലാഹുവിൽ എല്ലാ ഭാരവും അർപ്പിക്കണമെന്നും മറ്റുള്ളവരോട് സഹായാഭ്യർത്ഥന നടത്തുന്നത് നിർത്തണമെന്നും ഉപദേശിക്കുകയും ചെയ്യും. ഒരു ഭക്തനായ മുസ്ലിം പല അവസരങ്ങളിലായി തിരുനബി (സ) മുമ്പാകെ പണം ചോദിച്ചുകൊണ്ടിരിക്കുകയും അപ്പൊഴെല്ലാം സഹായിക്കുകയും ചെയ്തു. അവസാനം തിരുനബി (സ) ഇങ്ങനെ ഉപദേശിച്ചു. "എല്ലാം അല്ലാഹുവിൽ അർപ്പിക്കുകയും സഹായാഭ്യർത്ഥന നടത്തുന്നത് ഒഴിവാക്കുകയുമാണ് ഒരു മനുഷ്യന് ഏറ്റവും ഉത്തമമായത്. ആ വ്യക്തി വളരെ വിശ്വസ്തനായിരുന്നു. അദ്ദേഹം തനിക്ക്, മുമ്പ് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ തിരിച്ചു നൽകിയില്ലെങ്കിലും റസൂൽ തിരുമേനി (സ)യുടെ ഉപദേശം ഉൾക്കൊണ്ടുകൊണ്ട്, താൻ ഒരു കാരണവശാലും ആരോടും ഒരുവിധത്തിലുള്ള സഹായവുമഭ്യർത്ഥിക്കുകയില്ലെന്ന് സ്വയം പ്രതിജ്ഞയെടുക്കുകയുണ്ടായി. വർഷ

ങ്ങൾക്കു ശേഷം അയാൾ കുതിരപ്പുറത്തിരുന്നു യുദ്ധം ചെയ്യുകയായിരുന്നു. വാളുകൾ കൂട്ടിമുട്ടുന്ന കിലുകിലാരവം. ചുറ്റും ശത്രുക്കൾ വലയം ചെയ്തുനിൽക്കുന്നു. പെട്ടെന്ന് അയാളുടെ കയ്യിൽനിന്ന് കുതിരയുടെ കടിഞ്ഞാൺ താഴെ വിണുപോയി. നിന്നുകൊണ്ട് യുദ്ധംചെയ്യുകയായിരുന്ന ഒരു ഭടൻ ഇതുകണ്ട്, കടിഞ്ഞാണെടുത്തുകൊടുക്കാൻ തുനിഞ്ഞു. പക്ഷേ, ആ സഹായം നിഷേധിച്ചുകൊണ്ട് അതിവേഗത്തിൽ അയാൾ കുതിരപ്പുറത്തുനിന്നിറങ്ങി കടിഞ്ഞാൺ കൈയിലെടുത്തു എന്നിട്ട് പറഞ്ഞു. "ഞാൻ ഇനിയൊരിയ്ക്കലും യാതൊരു സഹായാഭ്യർത്ഥനയും ആവശ്യപ്പെടുകയില്ലെന്ന് റസൂൽ(സ) തിരുമേനിയോട് വാഗ്ദത്തം ചെയ്തിട്ടുണ്ട്. കുതിരയുടെ കടിഞ്ഞാൺ നിങ്ങളെനിക്ക് എടുത്ത് തന്നാൽ പരോക്ഷമായിട്ടെങ്കിലും താങ്കളോട് ഞാൻ സഹായമാവശ്യപ്പെട്ടതായി കണക്കാക്കാം. അതാവട്ടെ എന്റെ വാഗ്ദാനത്തിന്റെ ലംഘനമായിത്തീരും".

## നീതിയും ന്യായവും

പക്ഷപാതം വലിയ അളവിൽ അറബികൾക്കിടയിലുണ്ടായിരുന്നു. ആളും തരവും നോക്കിയുള്ള ഒരു പെരുമാറ്റമായിരുന്നു അവരുടേത്. ഇന്നും പരിഷ്കൃതരാജ്യങ്ങളിൽ പോലും ഉയർന്നവർക്കൊരു നീതി, താഴ്ന്നവർക്ക് മറ്റൊരു നീതി എന്ന സമീപനമുണ്ട്. എന്നാൽ, മുഹമ്മദ് നബി(സ) തുല്യരീതിയിലുള്ള നീതിനിർവ്വഹണം നടത്തുന്നതിലും ന്യായമായി പെരുമാറുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ ഒരു പരാതി നബിതിരുമേനി(സ)യുടെ മുമ്പാകെ വന്നു. ഉന്നതകുലജാതയായ ഒരു സ്ത്രീ മോഷണം നടത്തി എന്നതായിരുന്നു അത്. ഈ സംഭവം പലരിലും അമ്പരപ്പുളവാക്കി. ചെറുപ്പക്കാരിയായ ആ സ്ത്രീക്ക് അവളർഹിക്കുന്ന ശിക്ഷ വിധിക്കുകയാണെങ്കിൽ ഒരു പ്രമുഖ കുടുംബം എളിമയിലായിത്തീരും. അപമാനിതരാവുകയും ചെയ്യും. കുറ്റവാളിക്കുവേണ്ടി പലരും റസൂൽതിരുമേനി(സ)യോട് ശിപാർശ ചെയ്യണമെന്നാഗ്രഹിച്ചു. പക്ഷേ, അതിന്നു മുന്നിട്ടിറങ്ങുമ്പോൾ എല്ലാവർക്കും ഭയമായിരുന്നു. ഒടുവിൽ ഈ ദൗത്യവുമായി നബി(സ) തിരുമേനിയെ സമീപിക്കുവാൻ ഹദ്റത്ത് ഉസാമ(റ)യെ നിയോഗിച്ചു. ഹദ്റത്ത് ഉസാമ(റ) റസൂൽ തിരുമേനി(സ) യുടെ അടുത്ത് ചെന്നുവെങ്കിലും റസൂൽ(സ) ഉസാമ(റ) യുടെ ആഗമനോദ്ദേശ്യം അറിഞ്ഞപ്പോൾ വളരെ കോപിഷ്ഠനായി. തിരുമേനി (സ) പറഞ്ഞു, "നിങ്ങളുടെ ശ്രമം ഉപേക്ഷിക്കുന്നതാണ് നല്ലത്. ഉന്നതവ്യക്തികൾക്ക് ആനുകൂല്യം നല്കുകയും അതേ സമയം സാധാരണ ജനതയുടെ മേൽ നിയമം കർശനമായി അടിച്ചേൽപ്പിക്കുകയും ചെയ്യുകവഴി, രാജ്യം മോശമായ സ്ഥിതിയിലെത്തി

ച്ചേർന്നിരിക്കുന്നു. ഒരിക്കലും ഇസ്ലാം ആ പക്ഷപാതനയം അനുവദി ച്ചുകൊടുക്കുന്നില്ല. അതിനാൽ ഞാൻ തീർച്ചയായും ഈ കാര്യത്തിൽ വിട്ടുവീഴ്ച കാണിക്കുന്നതുമല്ല. എന്റെ സ്വന്തം മകൾ ഫാത്തിമയാണ് ഈ കുറ്റം ചെയ്തതെങ്കിൽ, തീർച്ചയായും ഞാൻ അവളർഹിക്കുന്ന ശിക്ഷ നൽകുന്നതിൽ ഒരിക്കലും മടികാണിക്കുകയില്ല." *(ബുഖാരി).*

റസൂൽ (സ) തിരുമേനിയുടെ പിതൃവ്യൻ അബ്ബാസ് ബദർ യുദ്ധ ത്തിൽ തടവുകാരനായി പിടിക്കപ്പെട്ടപ്പോൾ ഓടി രക്ഷപെടാതിരിക്കാൻ മറ്റു തടവുകാരെ ചെയ്തതുപോലെ, അദ്ദേഹത്തെയും കയർ കൊണ്ട് ബന്ധിക്കുകയുണ്ടായി. കയറിന്റെ കെട്ട് കൂടുതൽ മുറുകിയിരുന്നതി നാൽ അബ്ബാസ് വേദനകൊണ്ട് ഞരങ്ങുകയും മൂളുകയും ചെയ്തുകൊ ണ്ടിരുന്നു. അദ്ദേഹത്തിന്റെ ഞരക്കം കാരണം നബി തിരുമേനി(സ) ക്ക് ഉറങ്ങുവാൻ സാധിച്ചില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയ സഹാ ബാക്കൾ അബ്ബാസിനെ കെട്ടിയിട്ട കയറിന് അല്പം അയവ് വരുത്തി. നബിതിരുമേനി(സ) ഇതറിഞ്ഞപ്പോൾ തടവുകാരോട് ഒരേ രീതിയിൽ പെരുമാറണമെന്നും തന്റെ ബന്ധുവിന്റെ നേരെ പ്രത്യേക പരിഗണന കാണിക്കേണ്ട ആവശ്യമില്ലെന്നും പറയുകയുണ്ടായി. ഒന്നുകിൽ എല്ലാ യുദ്ധതടവുകാരുടെയും കെട്ടുകൾ അയവ് വരുത്തണമെന്നും അല്ലെ ങ്കിൽ മറ്റുതടവുകാരെപ്പോലെ അബ്ബാസ്സിന്റേയും കയർ മുറുക്കിക്കെട്ട ണമെന്നും നബി(സ) കൽപ്പിച്ചു. നബി തിരുമേനി(സ) ക്ക് അബ്ബാസ് മുഖേന അസ്വസ്ഥതയുണ്ടാകരുതെന്ന് കരുതി സഹാബാക്കൾ തടവു കാർക്ക് കാവൽ നിൽക്കാൻ പ്രത്യേകം ഏർപ്പാട് ചെയ്യുകയും എല്ലാതട വുകാരുടേയും കെട്ടുകൾക്ക് അയവ് വരുത്തുകയും ചെയ്തു.

*(സുർഖാനി വാള്യം 3, പേജ് 279).*

യുദ്ധം നടന്നുകൊണ്ടിരിക്കുന്ന അടിയന്തിരാവസരങ്ങളിൽ പോലും നിയമങ്ങളും കീഴ്‌വഴക്കങ്ങളും കൃത്യമായിത്തന്നെ അനുഷ്ഠിക്കുവാൻ നബിതിരുമേനി(സ) പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ അദ്ദേഹം അനുയായികളിൽ ചിലരെ ശത്രുനിരീക്ഷണത്തിനായി അയച്ചു. അവർ യാത്രക്കിടയിൽ ശത്രുപക്ഷത്തെ ഏതാനും വ്യക്തികളെ കണ്ടുമുട്ടി. അത് റജബ് എന്നപുണ്യമാസത്തിലെ അവസാനത്തെ ദിവസമായിരു ന്നു. ശത്രുക്കളെ രക്ഷപ്പെടാനനുവദിച്ചാൽ തങ്ങളെക്കുറിച്ചുള്ള വാർത്ത മക്കയിലെത്തുമെന്നും അത് തങ്ങൾക്ക് ആപത്തായിരിക്കുമെന്നും മന സ്സിലാക്കിയ അവർ ശത്രുസംഘത്തെ ആക്രമിക്കുകയും എതിരാളിക ളിൽ ഒരാളെ വധിക്കുകയും ചെയ്തു. ഇവർ മദീനയിൽ തിരിച്ചെത്തിയ ശേഷം, മുസ്‌ലിംകൾ പരിശുദ്ധ മാസത്തിൽ തങ്ങളിലൊരാളെ വധി ച്ചു കളഞ്ഞു എന്ന്പറഞ്ഞ് ശത്രുഭാഗം പ്രതിഷേധിക്കുവാൻ തുടങ്ങി.

മക്കക്കാർ മുമ്പ് പലസന്ദർഭങ്ങളിലും സൗകര്യം കിട്ടിയപ്പോഴെല്ലാം പുണ്യമാസത്തിന്റെ പരിശുദ്ധിയെ കളങ്കപ്പെടുത്തിക്കൊണ്ട്, മുസ്ലിം കളെ ആക്രമിച്ചിട്ടുണ്ടായിരുന്നു. പരിശുദ്ധമാസത്തിൽ മക്കക്കാർ തങ്ങ ളുടെ മേൽ ആക്രമണം നടത്തിയെന്നും അതിനാൽ ഈ മാസത്തിന്റെ പരിശുദ്ധി തങ്ങൾ ശ്രദ്ധിച്ചില്ലെന്നും അതുകൊണ്ട് ഇപ്പോൾ അവർ പരാതിപ്പെടുന്നതിലർത്ഥമില്ലെന്നും പറഞ്ഞു മുസ്ലിംകൾക്ക് ഒഴിയാ വുന്നതേയുള്ളു. പക്ഷേ, നബി (സ) ഇങ്ങനെയുള്ള മറുപടിയല്ല നൽകി യത്. അവിടന്ന് പ്രസ്തുത നിരീക്ഷണസംഘത്തിലെ അംഗങ്ങളെ കഠി നമായി ശാസിക്കുകയും ശത്രുക്കളിൽ നിന്നും പിടിച്ചെടുത്ത മുതൽ പറ്റെ നിഷേധിക്കുകയും കൊല്ലപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നല്കുകയും ചെയ്തതായി ഒരു നിവേദനത്തിൽ രേഖ പ്പെടുത്തിയിട്ടുണ്ട്. ഇതെത്തുടർന്ന് അല്ലാഹുവിൽ നിന്നുള്ള അറിയി പ്പുകൾ (വി.ഖുർആൻ 2:108) അവതരിച്ചതോടെയാണ് ഈയൊരു കാര്യ ത്തിൽ വ്യക്തതയുണ്ടായത്.

ജനങ്ങൾ പൊതുവെ തങ്ങളുടെ സുഹൃത്തുക്കളുടെയും ബന്ധുക്ക ളുടെയും വികാരങ്ങൾ വ്രണപ്പെടുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധി ക്കും. പക്ഷേ, നബിതിരുമേനി(സ) ഈ കാര്യത്തിലും ശ്രേഷ്ഠമായ ഒരു മാതൃക കാണിച്ചിരുന്നു. എതിരാളികളുടെ വികാരങ്ങളും താല്പ ര്യങ്ങളും പോലും നബിതിരുമേനി(സ) പരിരക്ഷിച്ചിരുന്നു. ഒരിക്കൽ ഒരു ജൂതൻ, നബി(സ)യുടെ അടുത്തുവന്ന് മുഹമ്മദിന്ന് മോശയേ ക്കാൾ (മൂസാനബി) അല്ലാഹു ഉന്നതപദവി നൽകി അനുഗ്രഹിച്ചിരി ക്കുന്നു എന്നു പറഞ്ഞുകൊണ്ട് അബൂബക്കർ തന്റെ മനസ്സിനെ വ്രണ പ്പെടുത്തിയിരിക്കുന്നു" എന്ന് പരാതിപ്പെടുകയുണ്ടായി. നബി(സ) ഉടനെ അബൂബക്കറിനെ വിളിപ്പിക്കുകയും എന്താണ് സംഭവിച്ചതെ ന്നാരായുകയും ചെയ്തു. ഹദ്റത്ത് അബൂബക്കർ(റ)പറഞ്ഞു: "ഈ ജൂതൻ മോശയുടെ പേരിൽ ആണയിട്ടുകൊണ്ട് അല്ലാഹു മോശയെ സർവ്വമനുഷ്യരിലും വച്ച് ഉന്നതസ്ഥാനീയനാക്കിയിരിക്കുന്നു എന്നു പറഞ്ഞപ്പോൾ അല്ലാഹുവിന്റെ റസൂലിന്റെ പേരിൽ ആണയിട്ടുകൊണ്ട് അല്ലാഹുവിന്റെ റസൂലിനെ മോശയേക്കാൾ അല്ലാഹു ഉന്നതസ്ഥാനീ യനാക്കിയിരിക്കുന്നു എന്ന് ഞാൻ പറഞ്ഞത് ശരിതന്നെയാണ്". നബി തിരുമേനി(സ) ഉടനെ പറഞ്ഞു, "മറ്റുള്ളവരുടെ വികാരങ്ങളെ ബഹു മാനിക്കേണ്ടത് നമ്മുടെ കടമയാണ്. താങ്കൾ ഇത് പറയേണ്ടതില്ലായി രുന്നു. അവിടന്ന് പറഞ്ഞു. മോശയേക്കാൾ ഉന്നതസ്ഥാനക്കാരനാ ണെന്ന് ആരും പറയരുത്. *(ബുഖാരി)* സത്യത്തിൽ, റസൂൽ തിരുമേനി (സ) മോശയേക്കാൾ ഉന്നതസ്ഥാനമലങ്കരിക്കുന്ന വ്യക്തിയല്ല എന്ന്

ഇതിനർത്ഥമില്ല. പക്ഷെ ഒരു ജൂതനെ സംബോധന ചെയ്തുകൊണ്ട് ഇങ്ങനെ ഉറപ്പിച്ചു പറയുമ്പോൾ അയാളുടെ മനസ്സിനെ വേദനിപ്പിക്കുമെന്നതിനാൽ അത്തരം സംസാരങ്ങൾ ഒഴിവാക്കണമെന്നേ ഇതിന്നർത്ഥമുള്ളു.

## സാധു സംരക്ഷണം

സമുദായത്തിലെ ദരിദ്രജനതയുടെ പുരോഗതിയിലും സമൂഹത്തിൽ അവരുടെ പദവി ഉയർത്തുന്നതിലും നബിതിരുമേനി (സ) എപ്പോഴും ശ്രദ്ധാലുവായിരുന്നു. ഒരിക്കൽ മുഹമ്മദ് നബി(സ) കൂട്ടുകാരോടൊപ്പം ഇരിക്കുന്ന അവസരത്തിൽ ഒരു ധനികൻ ആ വഴി കടന്നുപോയി. തങ്ങളുടെ സഹാബിമാരിൽ ഒരാളോട് ആ കടന്നുപോയ ആളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ് എന്ന് നബി(സ) അന്വേഷിച്ചു. ആ സഹാബി മറുപടി നൽകി "അയാൾ നല്ല പിടിപാടുള്ള ധനികനാണ്. അയാൾ വിവാഹാഭ്യർത്ഥനയുമായി ആരെ സമീപിച്ചാലും ആ അഭ്യർത്ഥന അനുകൂലമായിതന്നെ പരിഗണിക്കപ്പെടും. അയാൾ ആർക്കെങ്കിലും വേണ്ടി ശിപാർശ ചെയ്താൽ അത് സ്വീകരിക്കപ്പെടും". കുറച്ചു സമയം കഴിഞ്ഞപ്പോൾ കാഴ്ചയിൽ വളരെ ദരിദ്രനും നിരാലംബനുമായി തോന്നുന്ന ഒരു മനുഷ്യൻ അതുവഴി കടന്നുപോയി. നബി(സ) അതേ സഹാബിയോട് അപ്പോൾ കടന്നുപോയ മനുഷ്യനെപ്പറ്റി എന്തുതോന്നുന്നു എന്ന് തിരക്കി. അദ്ദേഹം മറുപടി പറഞ്ഞു. "അല്ലാഹുവിന്റെ ദൂതരേ! അയാൾ ഒരു ദരിദ്രനാണ്. അയാൾ വിവാഹാഭ്യർത്ഥന നടത്തിയാൽ തന്നെ അത് ആരും പരിഗണിക്കുന്നില്ല. അയാൾ ആർക്കെങ്കിലും വേണ്ടി വാദിച്ചാൽ ആ വാദം നിരസ്സിക്കപ്പെടുന്നു. അയാൾ ആരോടെങ്കിലും സംഭാഷണത്തിലേർപ്പെടാൻ ശ്രമിച്ചാൽ പോലും ആരും അത് ശ്രദ്ധിക്കുന്നില്ല". ഇതു കേട്ടപ്പോൾ റസൂൽ തിരുമേനി (സ) പറഞ്ഞു. "ലോകം മുഴുവനുമുള്ള സ്വർണ്ണത്തേക്കാൾ വില ഈ ദരിദ്രനായ മനുഷ്യനുണ്ട്" *(ബുഖാരി).*

ദരിദ്രനായ ഒരു മുസ്‌ലിം സ്ത്രീ മദീനയിലെ പള്ളി അടിച്ചു വൃത്തിയാക്കാറുണ്ടായിരുന്നു. നബിതിരുമേനി(സ) ആ സ്ത്രീയെ കുറച്ചുദിവസങ്ങളായി പള്ളിയിൽ കാണാഞ്ഞപ്പോൾ അവരെപ്പറ്റി തിരക്കി. ആ സ്ത്രീ മരണപ്പെട്ടുപോയി എന്ന വിവരം കിട്ടി. അപ്പോൾ നബിതിരുമേനി(സ) പറഞ്ഞു, "അവർ മരണമടഞ്ഞ വിവരം എന്നെ എന്തുകൊണ്ട് അറിയിച്ചില്ല? ഞാൻ അവരുടെ മയ്യിത്തു നമസ്ക്കാരത്തിൽ പങ്കെടുക്കുമായിരുന്നുവല്ലോ!. ഒരുപക്ഷെ, ആ സ്ത്രീ ദരിദ്രയായിരുന്നതിനാൽ, ഒരു പരിഗണനയുമർഹിക്കാത്ത വ്യക്തിയായി കണക്കാക്കിയിരിക്കാം. ഇതേതായാലും ശരിയായില്ല. നബി(സ) പറഞ്ഞു. അവരുടെ ഖബറി

നടുത്തേക്ക് എന്നെ കൂട്ടിക്കൊണ്ടുപോകുക." തുടർന്നു നബി(സ) ആ സ്ത്രീയുടെ ഖബറിന്നടുത്തേക്ക് പോവുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. *(ബുഖാരി)* മുഹമ്മദ് നബി(സ) പറയുമായിരുന്നു. "പാറിപ്പറന്ന മുടിയുമായി, ദേഹമാസകലം പൊടിമൂടിയ ചില മനുഷ്യരുണ്ട്, ധനികരാൽ ഒരിക്കലും സ്വാഗതം ചെയ്യപ്പെടാത്ത മനുഷ്യർ, പക്ഷേ, അല്ലാഹു അവരെ വളരെ വിലമതിക്കുന്നു. അല്ലാഹുവിന്റെ സ്നേഹത്തിൽ വിശ്വാസമർപ്പിക്കുന്ന അവർ അല്ലാഹുവിന്റെ നാമത്തിൽ എന്തെങ്കിലും ആണയിട്ടുകൊണ്ട് പറഞ്ഞാൽ അല്ലാഹു അവരെ തീർച്ചയായും പിന്താങ്ങും. (മുസ്ലിം), നബി(സ)തിരുമേനിയുടെ ചില അനുയായികൾ (അവർ സ്വതന്ത്രരാക്കപ്പെട്ട അടിമകളായിരുന്നു) ഒരിക്കൽ ഒന്നിച്ചിരുന്നു സംസാരിക്കുന്ന അവസരത്തിൽ ആ വഴി അബൂസുഫ്യാൻ (ഖുറയ്ശികളുടെ നേതാവും, മക്ക ജയിച്ചടക്കപ്പെടുന്നതുവരെ മുസ്ലീംകൾക്കെതിരെ യുദ്ധം ചെയ്യുകയും അതിനു ശേഷം ഇസ്ലാമിൽ പ്രവേശിക്കുകയും ചെയ്ത വ്യക്തി) കടന്നുപോയി. ഈ അനുയായികൾ, അബൂസുഫ്യാനെ സംബോധന ചെയ്തുകൊണ്ട്, അല്ലാഹു ഇസ്ലാമിന് നൽകിയ വമ്പിച്ച വിജയം ശ്രദ്ധയിൽപ്പെടുത്തി. ഇത് അബൂബക്കർ(റ) കേൾക്കാനിടയായി. ഖുറൈശികളുടെ തലവനെ നാണിപ്പിക്കുന്ന തരത്തിൽ, കഴിഞ്ഞ സംഭവം ഓർമ്മിപ്പിച്ചത് ഹദ്റത്ത് അബൂബക്കർ(റ) ന് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം അവരെ ശാസിക്കുകയും ഈ സംഭവം നബി(സ) തിരുമേനിയുടെ സന്നിധിയിലെത്തിക്കുകയും ചെയ്തു. തിരുമേനി(സ) പറഞ്ഞു. "അല്ലയോ അബൂബക്കർ!..അല്ലാഹുവിന്റെ ദാസന്മാരുടെ മനസ്സിനെ താങ്കൾ വേദനിപ്പിച്ചു എന്ന് ഞാൻ ഭയപ്പെടുന്നു. അങ്ങനെയാണെങ്കിൽ അല്ലാഹു താങ്കളുടെ നേരെ അതൃപ്തിയുള്ളവനായിരിക്കും" ഹദ്റത്ത് അബൂബക്കർ(റ) ഉടനെത്തന്നെ ആ ആൾക്കൂട്ടത്തിനടുത്തേക്കു പോയി അവരോടന്വേഷിച്ചു. "അല്ലയോ എന്റെ സഹോദരൻമാരെ! ഞാൻ പറഞ്ഞതു നിങ്ങളുടെ മനസ്സിനെ വേദനിപ്പിച്ചുവോ?" അവർ ഉത്തരം നല്കി, "താങ്കളുടെ വാക്കുകൾ ഞങ്ങളെ വേദനിപ്പിച്ചിട്ടില്ല, അല്ലാഹു താങ്കൾക്ക് പൊറുത്തുതരട്ടെ"! *(മുസ്ലിം)*

സാധുജനങ്ങളെ ആദരിക്കണമെന്നും അവരുടെ വികാരങ്ങളെ വ്രണപ്പെടുത്തരുതെന്നും അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുവാൻ പ്രയത്നിക്കണമെന്നും ഒരു ഭാഗത്ത് അനുയായികളെ ഉപദേശിക്കുമ്പോൾ, നബി(സ)തിരുമേനി, സാധുക്കളിൽ, അവരുടെ വ്യക്തിത്വം കാത്തുസൂക്ഷിക്കുവാൻ പരിശ്രമിക്കുകയും ആനുകൂല്യങ്ങൾക്കായി യാചിക്കരുതെന്ന് അവരെ ഉണർത്തുകയും ചെയ്തു പോന്നു. ഒന്നോ

രണ്ടോ ഈത്തപ്പഴത്തിനു വേണ്ടിയോ ഒരല്പം ഭക്ഷണത്തിനു വേണ്ടിയോ ഒരു ദരിദ്രൻ മറ്റുള്ളവരുടെ സഹായമഭ്യർത്ഥിക്കുന്നത് ഒരിക്കലും ഉചിതമായ കാര്യമല്ല എന്നും, എത്ര കഠിനമായി പരീക്ഷിക്കപ്പെട്ടാലും സംയമനം പാലിക്കുകയാണ് വേണ്ടതെന്നും നബിതിരുമേനി(സ) പറയുമായിരുന്നു. *(ബുഖാരി)* മറുവശത്ത് ദരിദ്രരായ കുറച്ചുപേരെങ്കിലും ക്ഷണിക്കപ്പെടാത്ത വിരുന്ന് ഒരിക്കലും അനുഗ്രഹിക്കപ്പെടുകയില്ലെന്നും തിരുമേനി(സ) പറയുമായിരുന്നു. ഒരു ദരിദ്രസ്ത്രീ അവരുടെ രണ്ടു പെൺമക്കളോടൊപ്പം തന്റെ അടുത്തുവന്ന ഒരു സംഭവം ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുകയുണ്ടായി. ആ സമയത്ത് ഹദ്റത്ത് ആയിശയുടെ പക്കൽ ഒരു കാരക്കയല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. അത് ആ സ്ത്രീക്ക് നൽകി. ആ സ്ത്രീ കാരക്ക നേർപകുതിയാക്കി രണ്ടു പെൺമക്കൾക്ക് വീതിച്ചു കൊടുത്തു. റസൂൽ തിരുമേനി (സ) വീട്ടിൽ വന്നപ്പോൾ ഹദ്റത്ത് ആയിശ(റ) ഈ സംഭവം അനുസ്മരിച്ചു. അപ്പോൾ നബി(സ) അരുളി. "ഒരു ദരിദ്രനായ മനുഷ്യന് പെൺമക്കളുണ്ടായിരിക്കുകയും അയാൾ അവരെ തുല്യരീതിയിൽ പരിഗണിക്കുകയും ചെയ്താൽ അല്ലാഹു അയാളെ നരകാഗ്നിയിൽ നിന്ന് രക്ഷിക്കുന്നതാണ്" നബി(സ) തുടർന്ന് പറഞ്ഞു. "രണ്ടു മക്കളെയും തുല്യമായി പരിഗണിക്കുകവഴി ആ സ്ത്രീക്ക് അല്ലാഹു സ്വർഗ്ഗത്തിൽ സ്ഥാനം നൽകി അനുഗ്രഹിക്കുന്നതാണ്". (മുസ്‌ലിം). ഒരിക്കൽ, തിരുനബി (സ) യുടെ അനുയായികളിൽപ്പെട്ട ഒരാളും നല്ല ധനികനുമായ സഅദ് മറ്റുള്ളവർക്ക് താൻ നല്കുന്ന സഹായങ്ങളെപ്പറ്റി ഊറ്റം കൊള്ളുന്നതായി ഒരാൾ തിരുനബി(സ)യുടെ ശ്രദ്ധയിൽപ്പെടുത്തി. തിരുനബി (സ) ഇതറിഞ്ഞപ്പോൾ ഇങ്ങനെ പറഞ്ഞു. "ധനം, പ്രതാപം, അധികാരം ഇവ സ്വന്തം കഴിവുകൊണ്ടോ പരിശ്രമം കൊണ്ടോ ലഭ്യമായതാണെന്ന് നിങ്ങളാരും കരുതരുത്. നിങ്ങളുടെ ശക്തിയും സ്ഥാനമാനങ്ങളും നിങ്ങളുടെ ധനവും എല്ലാം ദരിദ്രരിലൂടെ നിങ്ങൾ നേടിയെടുക്കുന്നതാണ്".

നബി(സ) തിരുമേനിയുടെ പ്രാർത്ഥനകളിലൊന്ന് ഇതായിരുന്നു. "അല്ലാഹുവേ! ഞാൻ ജീവിച്ചിരിക്കുമ്പോൾ എന്നെ വിനയാന്വിതനായി നിലനിർത്തേണമേ! വിനയാന്വിതനായി എന്നെ മരിപ്പിക്കേണമേ! വിധി നിർണ്ണയിക്കുന്ന നാളിൽ എന്നെ വിനയാന്വിതരുടെ കൂടെ ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്യേണമേ!" (തിർമിദി).

അത്യുഷ്ണകാലത്ത് ഒരിക്കൽ നബി(സ) തിരുമേനി തെരുവിലൂടെ നടന്നുപോകുന്ന അവസരത്തിൽ വളരെ ദരിദ്രനായ ഒരു മുസ്‌ലിം, ഭാരമേറിയ ചുമട് ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് ഏറ്റിക്കൊണ്ടു

പോകുന്നത് കാണുകയുണ്ടായി. അയാളുടെ മുഖം വാടിയിരുന്നു. വിയർപ്പും പൊടിയും കാരണം അയാളുടെ മുഖം കൂടുതൽ അനാകർഷകവും ആയിരുന്നു. അയാൾ തീർത്തും ദു:ഖിതനായിരുന്നു. നബി (സ)തിരുമേനി അയാളുടെ ദൃഷ്ടിയിൽ പെടാതെ അയാളുടെ പിന്നിൽ പോയി നില്ക്കുകയും, ചെറിയ കുട്ടികൾ തമാശയായി ചെയ്യുന്നതു പോലെ ഇരുകരങ്ങൾ കൊണ്ട് അയാളുടെ കണ്ണുകൾ പൊത്തിപ്പിടിക്കുകയും ചെയ്തു. ആരാണ് കണ്ണുകൾ പൊത്തിപ്പിടിച്ചതെന്ന് അയാൾ ഊഹിക്കട്ടെ എന്ന് കരുതിയാണിങ്ങനെ ചെയ്തത്. അയാൾ തന്റെ രണ്ടു കൈകളും പിന്നിലേക്കിട്ടുകൊണ്ട് പിന്നിലുള്ള ആളെ തടവി നോക്കുകയും അതു നബി(സ) തിരുമേനിയാണെന്ന് തിരിച്ചറിയുകയും ചെയ്തു. തന്നെപ്പോലുള്ള ഒരു മനുഷ്യനോട് നബി(സ) തിരുമേനി അല്ലാതെ മറ്റാരും ഇത്ര സ്നേഹം പ്രകടിപ്പിക്കുകയില്ലെന്നും അയാൾ ഊഹിച്ചിരിക്കണം. സന്തോഷത്താൽ വികാരാധീനനായി അയാൾ നബിതിരുമേനി(സ)യുടെ ദേഹം സ്വന്തം ദേഹത്തോട് ചേർത്ത് കെട്ടിപ്പുണർന്നു. പൊടിയും വിയർപ്പുമണിഞ്ഞ ദേഹം തിരുനബി(സ)യുടെ ശരീരത്തിൽ ഉരസാൻ തുടങ്ങി. തടസ്സമൊന്നും പറയാതെ എത്രനേരം നബി(സ) തിരുമേനി, തന്നെ ഇങ്ങനെ കെട്ടിപ്പുണരാൻ അനുവദിക്കും എന്ന് അയാൾ ആഗ്രഹിച്ചുകാണും. നബി(സ) തിരുമേനി പുഞ്ചിരിച്ചു നിന്നതല്ലാതെ അയാളോട് പിൻമാറുവാൻ ആവശ്യപ്പെട്ടതേയില്ല. അയാൾ സ്വയം സന്തുഷ്ടനും സംതൃപ്തനും ആയെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ നബി(സ) തിരുമേനി ഉറക്കെ വിളിച്ച് ചോദിച്ചു. “എനിക്ക് ഒരു അടിമയുണ്ട്, അയാളെ വിലക്കെടുക്കുവാനാരെങ്കിലുമുണ്ടോ”? ചോദ്യം കേട്ടപ്പോൾ അയാൾ അമ്പരന്നുപോയി. വെറുമൊരു കൂലിപ്പണിക്കാരനായ തന്നെ നബി(സ)തിരുമേനിയല്ലാതെ ഈ ലോകത്ത് മറ്റാരും തന്നെ ഒരു മേന്മയും കാണുകയില്ലെന്ന് മനസ്സിലായപ്പോൾ അയാൾ ദു:ഖത്തോടെ പറഞ്ഞു. “അല്ലയോ അല്ലാഹുവിന്റെ ദുതരേ! ഈ ഭുമുഖത്ത് എന്നെ ആർക്കാണു വേണ്ടത്? നബി(സ) അരുളി. “അല്ല, അല്ല, താങ്കളങ്ങനെ പറയരുത്, അല്ലാഹുവിന്റെ കണ്ണിൽ താങ്കൾ വളരെ വിലപ്പെട്ടവനാണ്.” *(ശറഫുൽ സുഹത്ത്).*

ദരിദ്രരുടെ കാര്യത്തിൽ നബി(സ) തിരുമേനി സ്വയം ശ്രദ്ധ ചെലുത്തുക മാത്രമല്ല ചെയ്തത്, മറ്റുള്ളവരോടും അങ്ങനെ ചെയ്യുവാൻ പ്രത്യേകം നിർദ്ദേശിച്ചു. ആരെങ്കിലും ആവശ്യങ്ങളുമായി നബി(സ) തിരുമേനിയെ സമീപിക്കുകയും സഹായാഭ്യർത്ഥന നടത്തുകയും ചെയ്താൽ, തന്റെ ചുറ്റുമുള്ള അനുയായികളോട് അദ്ദേഹം ഇങ്ങനെ പറയാറുണ്ടായിരുന്നു എന്ന് ഹദ്റത്ത് അബൂമൂസാ അശ്അരി (റ) നിവേ

ദനം ചെയ്യുന്നു. നിങ്ങൾ അയാളുടെ അഭ്യർത്ഥന ചെവിക്കൊള്ളണം, എങ്കിൽ ഒരു നല്ലകാര്യം ചെയ്യുന്നതിൽ നിങ്ങൾക്കും പങ്കാളിയാകുവാൻ സാധിച്ചു എന്ന മേന്മ കരസ്ഥമാക്കുവാൻ കഴിയും". *(ബുഖാരി, മുസ്‌ലിം).* ഒരു ഭാഗത്ത് തന്റെ അനുയായികൾക്കിടയിൽ ദരിദ്രസഹോദരരെ സഹായിക്കുവാനുള്ള ആകാംക്ഷയുണ്ടാക്കണമെന്നും മറുവശത്ത് ദരിദ്രജനങ്ങളുടെ മനസ്സിൽ, തങ്ങളുടെ ധനിക സഹോദരൻമാരുടെ ഹൃദയങ്ങളിൽ തങ്ങളോട് സ്നേഹവും ദയയും കുടികൊള്ളുന്നുണ്ടെന്ന വിശ്വാസം ഉറപ്പിക്കണമെന്നും ആയിരുന്നു ഈ അഭ്യർത്ഥനയിലൂടെ തിരുമേനി(സ) ഉദ്ദേശിച്ചത്.

## ദരിദ്രരുടെ താല്പര്യസംരക്ഷണം

അറേബ്യയുടെ ബഹുഭൂരിഭാഗവും ഇസ്ലാംമതവിശ്വാസം അംഗീകരിക്കപ്പെട്ടതോടെ, റസൂൽ(സ)തിരുമേനിക്ക് ധാരാളം ഉപഹാരങ്ങൾ ലഭിച്ചുതുടങ്ങി. എന്നാൽ, അവയെല്ലാം അപ്പപ്പോൾത്തന്നെ ആ പുണ്യാത്മാവ് യഥാർത്ഥ ആവശ്യക്കാർക്കിടയിൽ വിതരണം ചെയ്യുകയാണ് ചെയ്തത്. ഒരിക്കൽ മകൾ ഹദ്റത്ത് ഫാത്തിമ തിരുനബി(സ)യുടെ അടുക്കൽ വന്ന് വളരെ മിതമായ ഒരാവശ്യമുണർത്തി. തനിയ്ക്ക് വഹിക്കാൻ കഴിയാത്ത നിലയ്ക്ക് ജോലിയുണ്ടെന്നും, ഇപ്പോൾ തന്നെ ധാന്യങ്ങൾ പൊടിച്ച് തന്റെ കൈക്ക് തഴമ്പുകെട്ടിയിരിക്കുന്നു എന്നും അവർ പറഞ്ഞു. തഴമ്പുകെട്ടിയ കൈ പിതാവിനു കാണിച്ചുകൊടുത്തുകൊണ്ട് തനിയ്ക്ക് സഹായിയായി ഒരടിമയെ അനുവദിച്ചുതരണമെന്നും അവർ ആവശ്യപ്പെട്ടു. നബി(സ) പറഞ്ഞു. "ഒരിടമയെക്കൊണ്ട് ലഭിക്കുന്നതിനേക്കാൾ വലിയ നന്മ ലഭിക്കുന്ന മറ്റൊരു കാര്യം ഞാൻ നിനക്ക് പറഞ്ഞ്തരാം. ഉറങ്ങാൻ കിടക്കുമ്പോൾ സുബ്ഹാനല്ലാഹ് 33 തവണ, അൽഹംദുലില്ലാഹ് 33 തവണ, അല്ലാഹു അക്ബർ 34 തവണ നീ ഉരുവിടുക. ഒരടിമയുടെ സാന്നിദ്ധ്യത്തേക്കാൾ പ്രയോജനം അതുകൊണ്ട് നിനക്ക് ലഭ്യമാകും." *(ബുഖാരി)*

നബി(സ) ഒരിക്കൽ ദാനധർമ്മങ്ങൾ നടത്തുകയായിരുന്നു. അപ്പോൾ കയ്യിൽ നിന്നും ഒരു നാണയം നിലത്തുവീണു. അല്പം കഴിഞ്ഞ് അദ്ദേഹം നമസ്ക്കരിക്കാൻ പള്ളിയിലേക്ക് പോയി. സാധാരണ, നമസ്ക്കാരത്തിനുശേഷം അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് അല്പസമയം പള്ളിയിൽ ചെലവഴിക്കുക അവിടത്തെ പതിവായിരുന്നു. അതിന്നുശേഷം, ജനങ്ങൾക്ക് എന്തെങ്കിലും സംശയനിവർത്തി വരുത്തുവാനോ സഹായഭ്യർത്ഥനകൾ ചെയ്യുവാനോ വേണ്ടി വീണ്ടും സമയം നല്കും. പക്ഷേ, ആ ദിവസം നബി(സ) തിരുമേനി നമസ്കാരം പൂർത്തിയാക്കിയ ഉടനെ എഴുന്നേല്ക്കുകയും പുറത്തേയ്ക്ക് പോവുകയും ചെയ്തു. കൈ

മോശം വന്ന നാണയം പരതി കണ്ടെടുത്തശേഷമേ അവിടന്ന് പള്ളിയിലേക്ക് തിരിച്ചുവന്നുള്ളു. അത് ആവശ്യക്കാരന് അദ്ദേഹം നല്കുകയും ചെയ്തു. എന്നിട്ടിങ്ങനെ പറഞ്ഞു. "പാവങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നതിനിടയിൽ ഈ നാണയം എന്റെ കൈയിൽ നിന്നും വീഴുകയും ഉരുണ്ട് ദൃഷ്ടിയിൽ നിന്ന് മറയുകയും ചെയ്തു. അത് ഞാൻ മറന്ന് പോയി. നമസ്ക്കാരത്തിന്നിടയിൽ പെട്ടെന്ന് അത് ഓർമ്മ വന്നു. ഈ നാണയം കണ്ടുപിടിച്ചു അതർഹിക്കുന്ന ആൾക്ക് നൽകുന്നതിനു മുമ്പേ ഞാൻ മരിക്കാനിടയായാൽ അല്ലാഹുവിന്റെ സന്നിധിയിൽ ഞാൻ കണക്കു പറയേണ്ടി വരുമല്ലോ എന്ന ചിന്ത എന്നെ അസ്വസ്ഥനാക്കി. അതിനാലാണ് നമസ്ക്കാരം പൂർത്തിയാക്കിയ ഉടനെ ഞാൻ ആ നാണയം വീണ്ടെടുക്കുവാനായി പള്ളി വിട്ടിറങ്ങിപ്പോയത്." *(ബുഖാരി).*

ദരിദ്രരുടെയും അഗതികളുടെയും താൽപര്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ നബി തിരുമേനി(സ) അതീവ തല്പരനായിരുന്നു. മുസ്ലിംകൾ തമ്മിൽ തമ്മിൽ സ്നേഹവും വിശ്വാസവും, അർപ്പിച്ചുകൊണ്ട് ജീവിക്കണമെന്നും, തങ്ങൾക്കിടയിൽ വസിക്കുന്ന സാധുക്കൾക്കും അഗതികൾക്കും വേണ്ട സഹായസഹകരണങ്ങൾ നല്കണമെന്നും എങ്കിൽ മാത്രമേ യഥാർത്ഥ ദാനധർമ്മങ്ങളാവുകയുള്ളുവെന്നും അവിടന്ന് പറയുമായിരുന്നു.

ഒരിക്കൽ ഒരാൾ ദാനം ചെയ്യുന്നതിനു വേണ്ടി നബി(സ) തിരുമേനിക്ക് കുറച്ച് കാരക്ക എത്തിച്ചുകൊടുത്തു. ആ സമയത്ത് വെറും രണ്ടരവയസ്സ് മാത്രം പ്രായമായിരുന്ന പേരക്കിടാവ് ഇമാം ഹസൻ അദ്ദേഹത്തിന്റെ സമീപത്ത് ഇരിപ്പുണ്ടായിരുന്നു. ഇമാം ഹസൻ ഒരു കാരക്കയെടുത്ത് വായിലിട്ടു. ഉടനെ നബി കരീം(സ) കുട്ടിയുടെ വായിലേക്ക് വിരലിട്ട് ആ കാരക്ക വെളിയിലേക്ക് തോണ്ടിയിട്ടുകൊണ്ട് പറഞ്ഞു. മോനേ! ഇതിൽ നമുക്ക് ഒരു അവകാശവുമില്ല. ഇത് അല്ലാഹുവിന്റെ സൃഷ്ടികളിൽപ്പെട്ട സാധുക്കൾക്കുവേണ്ടിയുള്ളതാണ്."

## അടിമകളെ പരിചരിക്കൽ

അടിമകളെ ദയാപൂർവ്വം പരിചരിക്കണമെന്ന് ഉടമകളോട് നബിതിരുമേനി(സ) നിഷ്കർഷിക്കുമായിരുന്നു. ഏതെങ്കിലും ഉടമ, തന്റെ അടിമയെ അടിക്കുകയോ ശകാരിക്കുകയോ ചെയ്യുകയാണെങ്കിൽ അതിനുള്ള പരിഹാരം ആ അടിമയെ സ്വതന്ത്രനാക്കിവിടുക മാത്രമാണെന്ന് നബിതിരുമേനി(സ) കൽപ്പിച്ചിരുന്നു. (മുസ്ലിം) നബി(സ) അടിമകളുടെ സംരക്ഷണമേൽക്കുകയും അവരെ സ്വതന്ത്രരാക്കി വിടുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അദ്ദേഹം ഇങ്ങനെ പറഞ്ഞു. "അടിമ കൈവശമുള്ള ഒരാൾ അവനെ സ്വതന്ത്രനാക്കി വിടുകയാ

ണെങ്കിൽ, പ്രതിഫലമായി അല്ലാഹു അയാളുടെ ഉടലിലെ ഓരോ അവയവവും ആ അടിമയുടെ അവയവങ്ങൾക്ക് പകരമെന്നോണം നരകാഗ്നിയിൽ നിന്നും രക്ഷിക്കുന്നതാണ്". എളുപ്പം ചെയ്തുതീർക്കുവാൻ സാധിക്കുന്ന തരത്തിലുള്ള ജോലികൾക്ക് മാത്രമേ ഒരടിമയെ നിയോഗിക്കുവാൻ പാടുള്ളുവെന്നും കൂടുതൽ ഭാരിച്ച ജോലിയാണെങ്കിൽ അവന്റെ ഉടമകൂടി ആ പ്രവൃത്തിയിൽ അവനെ സഹായിക്കേണ്ടതാണെന്നും അപ്പോൾ, ആ അടിമക്ക് താനെടുക്കുന്ന ജോലി അപമാനകരമായോ വിഷമകരമായോ അനുഭവപ്പെടുകയില്ലെന്നും നബിതിരുമേനി (സ) കൽപിച്ചു. (മുസ്‌ലിം) ഒരു യജമാനൻ തന്റെ അടിമയോടൊപ്പം യാത്രപോകുകയാണെങ്കിൽ ആ യാത്രയ്ക്കുപയോഗിക്കുന്ന വാഹനത്തിൽ (കുതിരപ്പുറത്തോ ഒട്ടകപ്പുറത്തോ) ഒന്നിച്ചിരുന്നു യാത്ര ചെയ്യുകയോ മാറി മാറിയിരുന്ന് യാത്ര ചെയ്യുകയോ ചെയ്യേണ്ടതാണ്. മുസ്ലിമായതിന്നുശേഷം തന്റെ മുഴുവൻ സമയവും നബി (സ)തിരുമേനിയോടൊപ്പം ചെലവഴിക്കുകയും അടിമകളോടെങ്ങനെ പെരുമാറണം, അവരെ എങ്ങനെ പരിലാളിക്കണം എന്ന നിർദ്ദേശങ്ങൾ തുടരെത്തുടരെ കേൾക്കുകയും ചെയ്തിരുന്ന അബ്ദുല്ലാഹിബ്നു ഹുദൈഫ(റ) ഇങ്ങനെ പറയുകയുണ്ടായി. "എന്റെ ജീവൻ ആരുടെ കയ്യിലാണോ ആ അല്ലാഹുവിനെ സാക്ഷിയാക്കി ഞാൻ പറയുന്നു, പരിശുദ്ധയുദ്ധങ്ങളിൽ പങ്കെടുക്കുകയും ഹജ്ജ് കർമ്മം നിർവ്വഹിക്കുകയും എന്റെ വൃദ്ധയായ മാതാവിനെ പരിചരിക്കുകയും ചെയ്യേണ്ടതില്ലായിരുന്നുവെങ്കിൽ ഞാൻ ഒരടിമയായി ജീവിച്ച് മരണം വരിക്കുവാൻ ആഗ്രഹിച്ചുപോകുമായിരുന്നു. കാരണം നബികരീം(സ) അത്രയ്ക്ക് ദയയോടെ അടിമകളോട് പെരുമാറണമെന്ന് നിഷ്കർഷിക്കാറുണ്ടായിരുന്നു." *(മുസ്‌ലിം)* മഅ്മുദിബ്നു സുബൈദ് നിവേദനം ചെയ്യുന്നു. "നബിതിരുമേനി(സ) യുടെ അനുയായിയായ ഹദ്റത്ത് അബൂദർ ഗഫ്ഫാരി(റ) അദ്ദേഹത്തിന്റെ അടിമകൾ ധരിക്കുന്ന അതേ തരം വസ്ത്രങ്ങൾ തന്നെ ധരിക്കുന്നത് ഞാൻ കണ്ടു. നബികരിം(സ) ന്റെ ഉപദേശം അദ്ദേഹത്തിൽ സൃഷ്ടിച്ച വമ്പിച്ച സ്വാധീനമായിരുന്നു അതിന്നു കാരണം. അദ്ദേഹം പറഞ്ഞു. തിരുനബി(സ) യുടെ ജീവിതകാലത്ത് ഞാനൊരിക്കൽ അടിമയായിരുന്ന ഒരാളെയും അയാളുടെ മാതാവിനെയും കഠിനമായി അധിക്ഷേപിക്കുകയുണ്ടായി. ഇക്കാരണത്താൽ തിരുനബി(സ) എന്നെ ശാസിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു. "നീ ഇപ്പോഴും ഇസ്‌ലാമിന്നു മുമ്പത്തെ നിന്റെ സ്വഭാവമാണ് കാണിക്കുന്നത്. ആരാണീ അടിമകൾ? അവർ നിങ്ങളുടെ സഹോദരൻമാരും നിങ്ങളുടെ ശക്തിയുടെ ഉറവിടവുമാണ്. അല്ലാഹു നിങ്ങൾക്ക് അവരുടെ

മേൽ ഒരു താൽക്കാലികാധികാരം നൽകിയെന്നു മാത്രം. അങ്ങനെ തങ്ങളുടെ സഹോദരന്മാരുടെ മേൽ അവകാശാധികാരമുള്ളവർ അവരെ സമന്മാരെപ്പോലെ കരുതണം. നിങ്ങൾ കഴിക്കുന്ന അതേ ഭക്ഷണം അവർക്ക് നൽകണം. നിങ്ങൾ ധരിക്കുന്ന അതേ വസ്ത്രവും അവർക്ക് നല്കണം. നിങ്ങൾക്ക് ചെയ്യാൻ കഴിയാത്ത ജോലി അവരെക്കൊണ്ട് ചെയ്യിക്കാതിരിക്കുകയും അവരോട് ചെയ്യാൻ കല്പിക്കുന്ന ജോലിയിൽ നിങ്ങൾ പങ്കുചേർന്ന് സഹായിക്കുകയും ചെയ്യണം. മറ്റൊരവസരത്തിൽ നബി(സ) പറഞ്ഞു. "നിങ്ങളുടെ ഭൃത്യൻ നിങ്ങൾക്കുവേണ്ടി ആഹാരം പാകം ചെയ്തുകൊണ്ട് നിങ്ങൾക്ക് വിളമ്പിത്തരുമ്പോൾ അയാളോട് ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുവാൻ ആവശ്യപ്പെടുക. ചുരുങ്ങിയപക്ഷം അതിലൊരു ഭാഗമെങ്കിലും നിങ്ങളൊടൊപ്പമിരുന്ന് കഴിക്കുവാനാവശ്യപ്പെടുക. നിങ്ങൾക്ക് വേണ്ടി ഭക്ഷണം പാകം ചെയ്യുക വഴി, ആ ഭക്ഷണത്തിൽ അയാൾ അവകാശം സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. *(മുസ്‌ലിം).*

## സ്ത്രീകളോടുള്ള പെരുമാറ്റം

സമുദായത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം ഉയർത്തുന്നതിലും അവർക്ക് മാന്യമായ പദവി ഉറപ്പുവരുത്തുന്നതിലും ന്യായവും പക്ഷപാതരഹിതവുമായ പരിചരണം നല്കുന്നതിലും നബികരിം(സ) പ്രത്യേകം ശ്രദ്ധചെലുത്തിയിരുന്നു. സ്ത്രീകൾക്ക് പിന്തുടർച്ചാവകാശം ഉറപ്പുവരുത്തിയ ആദ്യത്തെ മതമാണ് ഇസ്‌ലാം. മാതാപിതാക്കളുടെ സ്വത്തിന് ആൺമക്കളോടൊപ്പം പെൺമക്കൾക്കും പിന്തുടർച്ചാവകാശം വിശുദ്ധഖുർആൻ നൽകുന്നുണ്ട്. അതേപോലെ ആൺമക്കളുടെയും പെൺമക്കളുടെയും സ്വത്തിൽ മാതാവിന്നും ഭർത്താവിന്റെ സ്വത്തിൽ ഭാര്യക്കും അവകാശമുണ്ട്. ഒരു സഹോദരന്നു മരണമടഞ്ഞ അയാളുടെ സഹോദരന്റ സ്വത്തിൽ അവകാശം ലഭിക്കുന്നതുപോലെ സഹോദരിക്കും അവകാശമുണ്ട്. ഇസ്‌ലാമിന് മുമ്പ് ഒരു മതവും ഇങ്ങനെ സ്ത്രീകൾക്ക് പിന്തുടർച്ചാവകാശവും സ്വത്ത് കൈകാര്യം ചെയ്യുവാനുള്ള അധികാരവും ഇത്രയും വ്യക്തമായ തരത്തിൽ അനുവദിച്ചിരുന്നില്ല. ഇസ്‌ലാമിൽ സ്ത്രീക്ക് അവളുടെ സ്വത്തിന്റെ മേൽ പൂർണ്ണാധികാരമുണ്ട്. ബന്ധത്തിന്റെ പേരിൽ മാത്രമായി അവളുടെ ഭർത്താവിന് അവളുടെ സ്വത്ത് കൈവശപ്പെടുത്തുവാനോ നിയന്ത്രിക്കുവാനോ അധികാരമില്ല. ഇഷ്ടാനുസരണം സ്വത്ത് കൈകാര്യം ചെയ്യുവാൻ സ്ത്രീക്ക് പൂർണ്ണസ്വാതന്ത്ര്യമുണ്ട്.

നബി(സ) തിരുമേനി സ്ത്രീകളുടെ നേരെ ദയാപൂർവ്വമായ പരിചരണം ഉറപ്പുവരുത്തുവാൻ ശ്രദ്ധ ചെലുത്തിയപ്പോൾ, മുമ്പ് സ്ത്രീകളെ

ഒരു സഹായിയായോ കൂട്ടുകാരിയായോ കണക്കാക്കി പരിചയിച്ചിട്ടി ല്ലാത്ത ജനത, സ്ത്രീകൾക്ക് നബി(സ) തിരുമേനി നിഷ്കർഷിക്കുന്ന തരത്തിലുള്ള സ്ഥാനം നൽകുവാൻ പാടുപെടുകയായിരുന്നു. ഹദ്റത്ത് ഉമർ(റ) നിവേദനം ചെയ്യുന്നു. "എന്റെ ഭാര്യ എന്റെ വ്യക്തിപരമായ കാര്യങ്ങളിൽ ചിലപ്പോൾ ചില ഉപദേശങ്ങളുമായി ഇടപെടുമായിരു ന്നു. അറബികൾ ഒരിക്കലും അവരുടെ സ്വകാര്യകാര്യങ്ങളിൽ അവ രുടെ സ്ത്രീകൾ ഇടപെടുന്നത് അനുവദിക്കാറില്ല എന്നു പറഞ്ഞു കൊണ്ട് ഞാനവരെ ശാസിച്ചു. അപ്പോൾ അവരുടെ പ്രതികരണമിതാ യിരുന്നു "അതൊക്കെ പഴയ കാര്യം. നബിതിരുമേനി അവിടത്തെ ഭാര്യമാരെ തങ്ങളുടെ കാര്യങ്ങളിൽ ഉപദേശിക്കുവാനനുവദിക്കാറുണ്ട്, അവിടന്ന് വിലക്കാറുമില്ല, എന്തുകൊണ്ട് നിങ്ങളും ആ മാതൃക പിന്തു ടരുന്നില്ല?" എന്റെ മറുപടി ഇങ്ങനെയായിരുന്നു. "ഹദ്റത്ത് ആയിശ (റ) യെ സംബന്ധിച്ചിടത്തോളം അവരോട് നബിതിരുമേനിക്ക് ഒരു പ്രത്യേക പ്രിയമുണ്ട്, പക്ഷേ, നിന്റെ മകൾ ഹഫ്സ ഇത് ചെയ്യുകയാ ണെങ്കിൽ അവളുടെ അധികപ്രസംഗത്തിന്റെ അനന്തരഫലം അവൾ തന്നെ അനുഭവിക്കേണ്ടതായി വരും". ഇതിനുശേഷം ഒരിക്കൽ നബി തിരുമേനി(സ) എന്തോ മനോവിഷമം കാരണം അൽപദിവസം ഭാര്യ മാരിൽ നിന്നും അകന്നു കഴിച്ചുകൂട്ടുവാൻ തീരുമാനിച്ചു. ഇതറി ഞ്ഞപ്പോൾ ഞാൻ ഭാര്യയോട് പറഞ്ഞു. "ഞാൻ ഭയപ്പെട്ടിരുന്നത് സംഭ വിച്ചിരിക്കുന്നു". ഇതും പറഞ്ഞ് ഞാൻ ഹഫ്സയുടെ വീട്ടിലേക്ക് പോയി. അവൾ കരഞ്ഞു കൊണ്ടിരിക്കുന്നതാണ് കണ്ടത്. എന്താണ് സംഭവി ച്ചതെന്നും അവളെ നബിതിരുമേനി(സ) വിവാഹമോചനം നടത്തിയോ എന്നും ഞാൻ അന്വേഷിച്ചു. അവൾ പറഞ്ഞു. "വിവാഹമോചനത്തെ പറ്റിയൊന്നും എനിക്കറിയില്ല. പക്ഷേ, തിരുമേനി(സ) കുറച്ച് ദിവസം ഞങ്ങളിൽ നിന്നും അകന്നു ജീവിക്കുവാൻ തിരുമാനിച്ചിരിക്കയാണ്". ഇതുകേട്ടപ്പോൾ ഞാൻ മകളോട് പറഞ്ഞു "ആയിശയെപ്പോലെ അതേ തരത്തിലുള്ള സ്വാതന്ത്ര്യം നീ നബിതിരുമേനിയോട് കാണിക്കരുതെന്ന് ഞാനെപ്പോഴും പറയാറില്ലേ? ഇപ്പോൾ ഞാൻ ഭയപ്പെട്ടതുപോലെതന്നെ നീ വരുത്തി വെച്ചിരിക്കുന്നു". തുടർന്ന് ഞാൻ നബിതിരുമേനിയുടെ സന്നിധിയിലേക്ക് പോയി. തിരുമനസ്സ് നിലത്ത് ഒരു പരുക്കൻ പായ യിൽ കിടക്കുന്നതാണ് കണ്ടത്. കുപ്പായമൊന്നും ധരിച്ചിരുന്നില്ല, അതി നാൽ പായയുടെ അടയാളം തിരുമേനിയുടെ ദേഹത്ത് വ്യക്തമായി പതിഞ്ഞു കിടന്നിരുന്നു. ഞാനദ്ദേഹത്തിന്റെ സമീപത്തിരുന്നുകൊണ്ട് പറഞ്ഞു. "അല്ലാഹുവിന്റെ ദൂതരേ! അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തെല്ലും അർഹിക്കാത്ത കൈസറും കിസ്രായും വളരെ സുഖസൗകര്യ

ങ്ങളോടെ ജീവിക്കുന്നു. അല്ലാഹുവിന്റെ തിരുദൂതരായ താങ്കൾ ഇത്ര ക്ലേശപൂർണ്ണമായി ദിനങ്ങൾ തള്ളിനീക്കുന്നു". നബിതിരുമേനി(സ) പ്രതിവചിച്ചു. "അങ്ങനെയല്ല! അല്ലാഹുവിന്റെ ദൂതന്മാർ സുഖസമ്പു ഷ്ടമായി ദിനങ്ങൾ കഴിച്ചുകൂട്ടേണ്ടവരല്ല. അത്തരം ജീവിതം ഭൗതിക രായ രാജാക്കന്മാർക്കുള്ളതാണ്". തുടർന്നു ഞാൻ വിഷയത്തിലേക്ക് കടന്നു. അപ്പോൾ ചിരിച്ചുകൊണ്ട് നബി(സ) അരുളി "ഞാനെന്റെ ഭാര്യമാരെ വിവാഹമോചനം നടത്തിയെന്നത് ശരിയല്ല. അവരിൽ നിന്നും അല്പനാൾ അകന്നു നില്ക്കുന്നത് നന്നായിരിക്കുമെന്ന് ഞാൻ വിചാരിച്ചു" *(ബുഖാരി).*

സ്ത്രീകളുടെ അഭീഷ്ടങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ നബി(സ) പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. ഒരിക്കൽ നബി കരീം(സ) നേതൃത്വം നല്കിക്കൊണ്ട് നമസ്ക്കാരം നടന്നുകൊണ്ടിരിക്കെ പള്ളിക്കകത്തു നിന്നും ഒരു കുട്ടിയുടെ കരച്ചിൽ കേൾക്കുവാനിടയായി. അതിനാൽ നമസ്ക്കാരം വേഗത്തിൽ പൂർത്തിയാക്കിക്കൊണ്ട് തിരുമേനി(സ) ഇങ്ങ നെ വിശദീകരിച്ചു. "കുട്ടിയുടെ കരച്ചിൽ കേട്ടപ്പോൾ അത് കുട്ടിയുടെ മാതാവിനെ വേവലാതിപ്പെടുത്തുമെന്നതിനാൽ, കുട്ടിയെ ആശ്വസി പ്പിക്കുവാനായി അവർ വേഗം കുട്ടിയുടെ അടുത്തെത്തിക്കൊള്ളട്ടെ എന്ന് കരുതിയാണ് ഞാൻ നമസ്ക്കാരം വേഗത്തിൽ പൂർത്തിയാക്കിയത്".

യാത്രകളിൽ സ്ത്രീകളുണ്ടെങ്കിൽ യാത്രാസംഘത്തെ നയിക്കുന്നവ രോട് വളരെ സാവധാനത്തിൽ മാത്രം നീങ്ങുവാനും ഇടത്താവളങ്ങ ളിൽ നിർത്തി വീണ്ടും യാത്ര തുടരുവാനും നബി(സ) പ്രത്യേകം നിർദ്ദേശിക്കാറുണ്ടായിരുന്നു. അത്തരം യാത്രകളിൽ പുരുഷന്മാർ മു മ്പോട്ടു കുതിക്കുവാൻ വ്യഗ്രത കാട്ടുമ്പോൾ തിരുമേനി(സ) പറയുമാ യിരുന്നു. "പളുങ്കുകളെ ശ്രദ്ധാപൂർവ്വം പരിരക്ഷിക്കുക" അതായത് സ്ത്രീകൾ സംഘത്തിലുണ്ടെങ്കിൽ ഒട്ടകങ്ങളും കുതിരകളും കുതി ച്ചോടിയാൽ അവയുടെ കുലുക്കം കാരണം സ്ത്രീകൾ ബുദ്ധിമുട്ടി പ്പോകും *(ബുഖാരി).*

ഒരിക്കൽ ഒരു യുദ്ധത്തിനിടയിൽ കുതിരപ്പുറത്തും ഒട്ടകപ്പുറത്തുമിരു ന്നുകൊണ്ട് യുദ്ധം ചെയ്യുകയായിരുന്ന ഭടന്മാർക്കിടയിൽ സംഭ്രമമു ണ്ടാകുകയും മൃഗങ്ങൾ നിയന്ത്രണാതീതമാകുകയും ചെയ്തു. മുഹ മ്മദ് നബി(സ) കുതിരപ്പുറത്തു നിന്ന് താഴെ വീണു. അതേ അവസര ത്തിൽ ചില സ്ത്രീകളും അവരുടെ സവാരി മൃഗങ്ങളുടെ പുറത്തു നിന്നും നിലംപതിച്ചു. നബിതിരുമേനി(സ)യുടെ തൊട്ടുപിന്നിൽ കുതി രപ്പുറത്തിരുന്ന് യുദ്ധം ചെയ്യുകയായിരുന്ന ഒരു സഹാബി ഉടനെ ചാടി യിറങ്ങുകയും നബി തിരുമേനി(സ)യുടെ സമീപത്തെത്തി ഇങ്ങനെ

ചോദിക്കുകയും ചെയ്തു. “അല്ലാഹുവിന്റെ ദൂതരേ! ഞാൻ താങ്കളെ സഹായിക്കട്ടെയോ?” നബി(സ)യുടെ പാദം അപ്പോഴും, കാൽ കൊളുത്തിയിടുവാൻ കുതിരയുടെ ദേഹത്ത് തൂങ്ങിക്കിടക്കുന്ന കൊളുത്ത് പോലെയുള്ള ഉപകരണത്തിൽ (Footrest) കുടുങ്ങിക്കിടക്കുകയായിരുന്നു. സാവധാനത്തിൽ തന്റെ പാദം സ്വയം വിമുക്തമാക്കിക്കൊണ്ട് നബിതിരുമേനി(സ) ആ സഹാബിയോട് പറഞ്ഞു. “എന്നെപ്പറ്റി നിങ്ങൾ വ്യാകുലപ്പെടേണ്ട. വേഗം പോയി ആ സ്ത്രീകളെ സഹായിക്കൂ”.

“നിങ്ങൾ സ്ത്രീകളോട് വളരെ ദയാപൂർവ്വം വിട്ടുവീഴ്ചാ മനോഭാവത്തോടെ മാത്രമേ പെരുമാറാവൂ” എന്നതായിരുന്നു നബി(സ) അദ്ദേഹത്തിന്റെ വഫാത്തിന്ന് അല്പം മുമ്പ് മുസ്‌ലീംകളെ സംബോധന ചെയ്തുകൊണ്ട് നൽകിയ കല്പനകളിലൊന്ന്. “ഒരാൾക്ക് പെൺമക്കളുണ്ടായിരിക്കുകയും അവർക്ക് വിദ്യാഭ്യാസം നല്കുവാനുള്ള ഏർപ്പാട് ചെയ്യുകയും അവരെ പരിപാലിച്ച് ഉയർത്തിക്കൊണ്ട് വരുന്നതിനുവേണ്ടി ത്യാഗം വരിക്കുകയും ചെയ്താൽ അല്ലാഹു അയാളെ നരകാഗ്നിയിലെ ദുരിതങ്ങളിൽനിന്നും വിമുക്തനാക്കുന്നതാണ്” എന്ന് തിരുമേനി(സ) ആവർത്തിച്ചാവർത്തിച്ച് ഉദ്ബോധിപ്പിക്കുമായിരുന്നു *(തിർമദി).*

ഏതു നിസ്സാരകുറ്റത്തിനും സ്ത്രീകളെ കഠിനമായി ദേഹോപദ്രവമേൽപ്പിക്കുക എന്നത് അറബികൾക്കിടയിൽ സർവ്വസാധാരണമായിരുന്നു. സ്ത്രീകൾ അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും അവർ പുരുഷന്മാർക്ക് തുല്യരാണെന്നും അല്ലാതെ പുരുഷന്മാരുടെ അടിമകളല്ലെന്നും അവരെ പീഢിപ്പിക്കരുതെന്നും നബിതിരുമേനി(സ) പഠിപ്പിച്ചു. ഈ വിവരം സ്ത്രീകളറിഞ്ഞപ്പോൾ, അവർ അഹങ്കാരത്തിന്റെ മൂർദ്ധന്യത്തിലെത്തുകയും എല്ലാ കാര്യങ്ങളിലും പുരുഷന്മാരെ എതിർക്കുവാൻ തുടങ്ങുകയും ചെയ്തു. അങ്ങനെ അധിക വീടുകളിലും കുടുംബസമാധാനം നഷ്ടപ്പെട്ടു. ഹദ്റത്ത് ഉമർ(റ) നബിതിരുമേനി(സ)യുടെ സന്നിധിയിൽ ഈ വിവരം പരാതിയുടെ രൂപത്തിൽ അവതരിപ്പിക്കുകയും അടിയന്തരഘട്ടങ്ങളിൽ സ്ത്രീകളെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്തില്ലെങ്കിൽ അവരെ അടക്കിനിർത്താനാവാത്ത വിധത്തിൽ അവർ നിയന്ത്രണാതീതരായിത്തീരുമെന്ന് ആക്ഷേപം പറയുകയും ചെയ്തു. സ്ത്രീകളോട് എങ്ങനെയാണ് പെരുമാറേണ്ടതെന്ന വിശദമായ ഇസ്‌ലാമിക നിയമം ആ സന്ദർഭത്തിൽ അവതരിച്ചിട്ടുണ്ടായിരുന്നില്ല. അതിനാൽ, ഒരു സ്ത്രീ അതികഠിനമായ കുറ്റകൃത്യത്തിലേർപ്പെടുകയാണെങ്കിൽ അവളെ ശിക്ഷിക്കാവുന്നതാണ് എന്ന് നബിതിരുമേനി(സ) അരുൾചെയ്തു. തൽഫലമായി പുരുഷന്മാർ പല ഘട്ട

ങ്ങളിലും പഴയ അറബികളെപ്പോലെ സ്ത്രീകളോട് പ്രാകൃതമായി തന്നെ പെരുമാറി. തുടർന്ന് സ്ത്രീകളുടെ ഊഴമായിരുന്നു. അവർ നബി തിരുമേനി(സ)യുടെ ഭാര്യമാരുടെ മുമ്പാകെ സങ്കടം ബോധിപ്പിച്ചു. ഇതിനെത്തുടർന്ന് നബികരീം(സ) പുരുഷന്മാരെ ശാസിക്കുകയും, സ്ത്രീകളോട് ദയാപൂർവ്വം പെരുമാറാത്തവർ ഒരിക്കലും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിൽ വിജയിക്കുകയില്ലെന്ന് വിധിക്കുകയും ചെയ്തു. ഈ സംഭവത്തിന്നുശേഷം സ്ത്രീകളുടെ അവകാശങ്ങൾ സ്ഥാപിച്ചുകൊടുക്കപ്പെട്ടു. ചരിത്രത്തിലാദ്യമായി സ്ത്രീകൾ അവരുടെ അവകാശങ്ങൾ വെച്ചുപുലർത്തുവാനധികാരമുള്ള സ്വതന്ത്രവ്യക്തികളായി അംഗീകരിക്കപ്പെട്ടു *(അബൂദാവൂദ്).*

ഹദ്രത്ത് മആവയ്യത്തുൽ ഖുറൈശി(റ) നിവേദനം ചെയ്യുന്നു. “എന്റെ ഭാര്യക്ക് എന്റെ മേൽ എന്തെല്ലാം അവകാശങ്ങളാണ് ഉള്ളത്” എന്ന് ഞാൻ നബി(സ)തിരുമേനിയോട് ചോദിച്ചു. നബിനായകർ മറുപടി നൽകി. “ആഹാരമായി അല്ലാഹു നിനക്ക് എന്തെല്ലാം നൽകി അനുഗ്രഹിച്ചിട്ടുണ്ടോ അത് അവളെ തീറ്റുകയും വസ്ത്രമായി അല്ലാഹു നിനക്ക് എന്തെല്ലാം അനുഗ്രഹിച്ചിട്ടുണ്ടോ അത് അവളെ ധരിപ്പിക്കുകയും ചെയ്യുക. അവളെ അടിക്കുകയോ ചീത്തപറയുകയോ വീട്ടിൽ നിന്നും പുറത്താക്കുകയോ ചെയ്യരുത്.” സ്ത്രീകളുടെ മനോവിഷമങ്ങളിലും വേദനകളിലും നബി(സ) പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. ദീർഘയാത്ര ചെയ്യുന്നവർ അവരുടെ ദൗത്യം കഴിയുന്നത്ര വേഗം പൂർത്തിയാക്കി സ്വന്തം വീട്ടിൽ മടങ്ങിയെത്തണമെന്നും സ്ത്രീകളെയും കുട്ടികളെയും കൂടുതൽ വിരഹദുഃഖത്തിന്നിരയാക്കരുതെന്നും നിഷ്കർഷിച്ചിരുന്നു. നബി(സ) ദീർഘയാത്ര കഴിഞ്ഞ് മടങ്ങിയെത്തിയാൽ പകൽ സമയം തന്നെ വീട്ടിൽ എത്തിച്ചേരുമായിരുന്നു. യാത്ര കഴിഞ്ഞ് തിരിച്ചെത്തുമ്പോൾ രാത്രിയാകാറായി എന്നു കണ്ടാൽ നബിതിരുമേനി(സ) മദീനക്ക് വെളിയിൽ രാത്രി കഴിച്ചുകൂട്ടുവാനായി തമ്പടിക്കുകയും പകൽസമയത്ത് മാത്രം മദീനയിൽ പ്രവേശിക്കുകയും ചെയ്യും. ‘ദീർഘയാത്ര കഴിഞ്ഞ് മടങ്ങുമ്പോൾ വീട്ടുകാരെ വിവരമറിയിക്കാതെ പെട്ടെന്ന് വീട്ടിൽ കയറിച്ചെല്ലരുതെന്ന്’ നബി(സ) അനുയായികളെ ഉപദേശിച്ചു. **(ബുഖാരി, മുസ്ലിം)** ഭാര്യാഭർതൃബന്ധം വളരെയധികം വൈകാരികമായ ഒന്നാണ്. ഭർത്താവിന്റെ അഭാവത്തിൽ ഭാര്യ പലപ്പോഴും വസ്ത്രധാരണത്തിലും ശരീരസംരക്ഷണത്തിലും അലസമായേക്കാം. അപ്രതീക്ഷിതമായി ഭർത്താവ് വീട്ടിലേക്ക് കയറിച്ചെന്നാൽ ഭാര്യയുടേയോ ഭർത്താവിന്റെയോ വികാരങ്ങൾ വ്രണപ്പെട്ടു എന്നുവരും. അതുകൊണ്ട് ഒരാൾ യാത്രകഴിഞ്ഞ് വീട്ടിൽ വരുന്നത് മുൻകൂട്ടി

അറിയിച്ചുകൊണ്ട് തന്നെ ആവണമെന്നും കഴിയുന്നതും പകൽ സമയംതന്നെ തിരിച്ചെത്തണമെന്നും നബിതിരുമേനി(സ) നിഷ്കർഷിക്കുകയുണ്ടായി. അങ്ങനെ വരുമ്പോൾ യാത്രകഴിഞ്ഞ് മടങ്ങിയെത്തുന്ന ആ ആൾക്ക് അർഹിക്കുന്ന രീതിയിലുള്ള ഒരു വരവേല്പ് നൽകുവാൻ കുടുംബത്തിന് കഴിയും.

## പരേതരോടുള്ള കടപ്പാടുകൾ

തന്റെ മരണശേഷം താനുമായി ബന്ധപ്പെട്ട കാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെ സംബന്ധിച്ച് ഒരോ വ്യക്തിയും ഒരു ഒസ്യത്ത് മുൻകൂട്ടി തയ്യാറാക്കിവെക്കണമെന്നും അങ്ങനെയായാൽ അവരുടെ മരണശേഷം വളരെ പരിമിതമായ അസൗകര്യങ്ങളേ അവരുടെ ബന്ധുക്കൾക്ക് നേരിടേണ്ടതായി വരികയുള്ളൂവെന്നും തിരുമേനി(സ) കല്പിച്ചു.

മരിച്ചവരെപ്പറ്റി മോശമായ രീതിയിൽ കുറ്റപ്പെടുത്തി സംസാരിക്കരുത്. അവരുടെ ഗുണഗണങ്ങൾ എടുത്തുപറയുകയാണ് വേണ്ടത്. ബലഹീനതകളോ കുറ്റങ്ങളോ ചൂണ്ടിക്കാണിക്കുന്നത് ആശാസ്യമല്ല. അവരുടെ സൽപ്രവൃത്തികൾ ഉദ്ധരിക്കുകയാണെങ്കിൽ ജനങ്ങൾക്ക് പരേതനുവേണ്ടി പ്രാർത്ഥിക്കാനുള്ള പ്രോത്സാഹനം ലഭിക്കും. *(ബുഖാരി).* ഇതായിരുന്നു നബിതിരുമേനി(സ) യുടെ നിർദ്ദേശം. മൃതശരീരം മറവുചെയ്യുന്നതിന്നു മുമ്പുതന്നെ പരേതന്റെ കടബാദ്ധ്യതകൾകൊടുത്തുതീർക്കണമെന്നും അദ്ദേഹം പ്രത്യേകം ഊന്നിപ്പറഞ്ഞു. നബിതിരുമേനി(സ) അതേസമയം പരേതരുടെ കടങ്ങൾ സ്വയം വിട്ടുവീഴ്ച ചെയ്തു തൃപതിപ്പെടുകയും ചെയ്തു. ഇതു സാദ്ധ്യമല്ലാത്ത സ്ഥിതിയാണുള്ളതെങ്കിൽ, പരേതന്റെ പിന്തുടർച്ചാവകാശികളോ ബന്ധുക്കളോ മറ്റുള്ളവരോ ഇങ്ങനെ അവരുടെ ബാദ്ധ്യതകൾ ഒഴിവാക്കിക്കൊടുക്കേണ്ടതാണെന്നും പരേതന്റെ ബാദ്ധ്യതകൾ തീർത്തുകൊടുക്കാതെ മയ്യിത്ത് നമസ്കാരമനുഷ്ഠിക്കരുതെന്നും താക്കീത് നൽകുകയും ചെയ്തു.

## അയൽവാസികളോടുള്ള പെരുമാറ്റം

തിരുനബി(സ) തന്റെ അയൽവാസികളോട് വളരെ ദയയോടും പരിഗണനയോടുംകൂടി പെരുമാറി. അയൽപക്കക്കാരോട് സ്നേഹപൂർവ്വം പെരുമാറണമെന്നും അവരുടെ വികാരങ്ങൾ പരിഗണിക്കണമെന്നും അടിക്കടി ജിബ്രീൽ(അ) ഉണർത്തിക്കൊണ്ടിരുന്നത് ശ്രദ്ധിച്ചപ്പോൾ അവർക്ക് തങ്ങളുടെ സ്വത്തിൽ പങ്കു നൽകാൻ കല്പിക്കപ്പെടുമോ എന്ന് താൻ സംശയിച്ചുപോയതായി നബി തിരുമേനി(സ) പറയുകയുണ്ടായിട്ടുണ്ട്. നബിതിരുമേനി(സ) തന്നോട് ഇപ്രകാരം പറഞ്ഞ

തായി ഹദ്റത്ത് അബൂബക്കർ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. "അബൂബക്കർ! നിങ്ങളുടെ കുടുംബത്തിന്നായി സൂപ്പ് പാകം ചെയ്യുമ്പോൾ, അതിലല്പം കൂടി വെള്ളം ചേർക്കുക, എങ്കിൽ, നിങ്ങളുടെ അയൽപക്കക്കാർക്കും കൂടി അതിൽനിന്ന് ഒരു വീതം നൽകാൻ കഴിയും". മറ്റുള്ള ആഹാരസാധനങ്ങൾ ഭക്ഷിക്കുവാനായി അയൽവാസികളെ ക്ഷണിക്കേണ്ടതില്ല, എന്നല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. അറബികൾ പൊതുവെ ദേശാന്തരഗമനം നടത്തുന്നവരാകയാൽ അവരുടെ ഇഷ്ടഭോജ്യമായിരുന്നു സൂപ്പ്. അതുകൊണ്ടാണ് നബിതിരുമേനി(സ) ഈ ആഹാരത്തെപ്പറ്റി എടുത്തു പറഞ്ഞുകൊണ്ട്, അതിലൽപം രുചിക്കുറവുണ്ടായേക്കാമെങ്കിലും അയൽവാസികൾക്ക് കൂടി ഒരു പങ്ക് നല്കണമെന്ന് നിർദ്ദേശിച്ചത്.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ നബി (സ) പറഞ്ഞു. "അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് ഞാൻ പറയുന്നു, അവൻ ഒരു സത്യവിശ്വാസിയല്ല. അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് ഞാൻ പറയുന്നു, അവൻ ഒരു സത്യവിശ്വാസിയല്ല." ഇങ്ങനെ മൂന്നുതവണ ആവർത്തിച്ചു പറഞ്ഞപ്പോൾ സഹാബിമാർ തിരക്കി "അല്ലയോ അല്ലാഹുവിന്റെ ദൂതരേ! ആരാണവൻ? തിരുനബി(സ) മറുപടി നൽകി. "ഏതൊരാളുടെ ഉപദ്രവത്തിൽനിന്ന് തന്റെ അയൽവാസിക്ക് അഭയമില്ലയോ അവൻ". ഒരിക്കൽ നബി(സ) സ്ത്രീകളെ അഭിസംബോധന ചെയ്തു സംസാരിക്കവേ പറഞ്ഞു "ഒരാടിന്റെ കാല് മാത്രം കറിവെക്കാൻ കിട്ടിയാലും അയാൾ അവന്റെയോ അവളുടെയോ അയൽവീട്ടുകാർക്ക് ഒരു വിഹിതം നൽകേണ്ടതാണ്." അയൽവാസികളുടെ കന്നുകാലികൾ നിങ്ങളുടെ പറമ്പിൽവന്ന് മേയുന്നതിനെ തടയരുതെന്നും നിങ്ങൾക്ക് കഷ്ടനഷ്ടങ്ങൾക്കിടയാകുമെന്ന് കണ്ടാലല്ലാതെ നിങ്ങളുടെ പറമ്പ് താൽകാലികമായി ഉപയോഗിക്കുന്നതിൽ നിന്നും അയൽക്കാരെ തടയരുതെന്നും നബിതിരുമേനി(സ) നിർദ്ദേശിച്ചിരുന്നു. അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. തിരുനബി (സ) പറഞ്ഞു "ആർ അല്ലാഹുവിലും വിധിനിർണ്ണയ നാളിലും വിശ്വസിക്കുന്നുവോ അയാൾ ഒരിക്കലും അയൽവാസികൾക്ക് അസൗകര്യമുണ്ടാക്കുന്ന യാതൊന്നും ചെയ്യുകയില്ല. ആര് അല്ലാഹുവിലും അന്ത്യനാളുകളിലും വിശ്വസിക്കുന്നുവോ അയാൾ തന്റെ അതിഥികൾക്ക് അഹിതമായതൊന്നും ചെയ്യുകയില്ല. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവൻ നന്മനിറഞ്ഞ കാര്യങ്ങൾ സംസാരിക്കുകയോ അല്ലെങ്കിൽ മൗനം ദീക്ഷിക്കുകയോ ആണ് വേണ്ടത്.

## ബന്ധുപരിചരണം

വിവാഹം കഴിക്കുകയും വേറെ വീടുവെച്ച് താമസമാക്കുകയും ചെയ്യുന്നതോടെ പലരും അവരുടെ മാതാപിതാക്കളെ അവഗണിച്ചുകളയുന്നു. അതിനാൽ നബി(സ) തിരുമേനി പ്രശംസാർഹമായ രീതിയിൽ മാതാപിതാക്കളെ സേവിക്കുവാനും അവരോട് ദയയോടും പരിഗണനയോടും കൂടി പെരുമാറുവാനും പ്രത്യേകം നിഷ്കർഷിച്ചു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. "ഒരിക്കൽ നബിതിരുമേനി (സ)യുടെ അടുക്കൽ ഒരാൾ വന്ന് ആരാണ് എന്റെ ഏറ്റവും നല്ല സഹവാസത്തിനു കടപ്പെട്ടവൻ" എന്നു ചോദിച്ചു. നബിതിരുമേനി(സ) പറഞ്ഞു. "താങ്കളുടെ മാതാവ്". ആ മനുഷ്യൻ ചോദിച്ചു "അതു കഴിഞ്ഞാൽ പിന്നെ ആര്?" നബിതിരുമേനി(സ) ആവർത്തിച്ചു. "നിങ്ങളുടെ മാതാവ് തന്നെ." മൂന്നാമതും അയാൾ ചോദിച്ചു "എന്റെ മാതാവിനു ശേഷം പിന്നെ ആര്?" നബി(സ) ആവർത്തിച്ചു "നിങ്ങളുടെ മാതാവ് തന്നെ". നാലാമതായി അയാൾ ആ ചോദ്യം ആവർത്തിച്ചപ്പോൾ തിരുനബി(സ) പറഞ്ഞു "നിങ്ങളുടെ പിതാവ്". അതിന്നുശേഷം താങ്കളുടെ അടുത്ത ബന്ധുക്കൾ, അതിന്നുശേഷം താങ്കളുടെ അകന്ന ബന്ധുക്കൾ"

നബിതിരുമേനി(സ)ക്ക് മാതാപിതാക്കളും പിതാമഹനും മറ്റും ശൈശവത്തിലേ നഷ്ടപ്പെട്ടിരുന്നു. എങ്കിലും ചില ഭാര്യമാരുടെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടായിരുന്നു. അവരോട് പ്രത്യേക പരിഗണനയോടും ആദരവോടും കൂടി മാത്രമേ അവിടന്ന് പെരുമാറിയിരുന്നുള്ളൂ. മക്കാ വിജയത്തെത്തുടർന്ന് റസൂൽ തിരുമേനി(സ) വിജയശ്രീലാളിതനായി മക്കാ പട്ടണത്തിൽ പ്രവേശിച്ചപ്പോൾ അബൂബക്കർ സിദ്ദീഖ്(റ) അദ്ദേഹത്തിന്റെ പിതാവിനെയും കൂട്ടി തിരുമേനി(സ) യെ കാണാനായി വന്നു. അപ്പോൾ നബി(സ) ഹദ്റത്ത് അബൂബക്കർ(റ) നോട് പറഞ്ഞു. 'താങ്കളെന്തിനാണ് എന്റെ അടുത്ത് വരാനായി താങ്കളുടെ പിതാവിനെ ബുദ്ധിമുട്ടിച്ചത്? ഞാൻ സന്തോഷത്തോടെ അദ്ദേഹമുള്ളിടത്തേക്ക് പോകുമായിരുന്നല്ലോ!" (ഹൽബിയ്യാ) നബി(സ) പറഞ്ഞു. "ഒരാളുടെ മാതാപിതാക്കൾ വാർദ്ധക്യകാലം വരെ ജീവിക്കുകയും എന്നിട്ടും അയാൾക്ക് സ്വർഗ്ഗം പ്രാപിക്കുവാൻ സാധിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ എത്ര നിർഭാഗ്യവാനാണ്." അതായത് മാതാപിതാക്കളെ, പ്രത്യേകിച്ച് അവരുടെ വാർദ്ധക്യകാലത്ത് പരിചരിക്കുകയാണെങ്കിൽ അങ്ങനെയുള്ള ആൾ തീർച്ചയായും അല്ലാഹുവിന്റെ അനുഗ്രഹത്തിനും ആനുകൂല്യങ്ങൾക്കും അർഹനായിത്തീരും എന്നതാണ് ഇവിടെ നബിതിരുമേനി(സ) ഉദ്ദേശിച്ചിരിക്കുന്നത്. വാർദ്ധക്യ

കാലത്ത് മാതാപിതാക്കളെ സംരക്ഷിക്കുവാൻ അവസരം ലഭിക്കുകയും ആ അവസരം നല്ല നിലയിൽ ഉപയോഗപ്പെടുത്തുകയും ചെയ്താൽ അയാൾ ശരിയായ മാർഗ്ഗത്തിൽ ജീവിക്കുന്നവനായി അംഗീകരിക്കപ്പെടുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതനായിത്തീരുകയും ചെയ്യുന്നതാണ്.

"താൻ തന്റെ ബന്ധുക്കളോട് എത്ര കൂടുതൽ ഔദാര്യം കാണിച്ചാലും അവർ കൂടുതൽ ശത്രുതയാണ് ഇങ്ങോട്ട് തിരിച്ചു തരുന്നത്. അവരോട് എത്ര ദയാപൂർവ്വം പെരുമാറിയാലും അവർ എന്നെ കൂടുതൽ പീഡിപ്പിക്കുന്നു. അവരോട് എത്രതന്നെ സ്നേഹം പ്രകടിപ്പിച്ചാലും അവർ പകരം അമർഷവും കോപവും മാത്രം പ്രകടിപ്പിക്കുന്നു" എന്ന് ഒരാൾ നബി(സ) യുടെ മുമ്പാകെ പരാതിപ്പെട്ടു. അപ്പോൾ തിരുനബി (സ) പറഞ്ഞു "ഈ പറഞ്ഞത് വാസ്തവമാണെങ്കിൽ നിങ്ങൾ മഹാഭാഗ്യവാനാണ്. നിങ്ങൾ എന്നുമെന്നും അല്ലാഹുവിന്റെ സഹായത്തിന്ന് പാത്രമായിരിക്കും". (മുസ്ലിം). ഒരിക്കൽ നബിതിരുമേനി(സ) ജനങ്ങളോട് ദാനധർമ്മാനുഷ്ഠാനങ്ങളെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കെ സഹാബിമാരിലൊരാളായ ഹദ്റത്ത് അബൂതൽഹാ അൻസാരി(റ) നബി(സ)യെ സമീപിച്ചുകൊണ്ട്, തന്റെ ഒരു ഫലവൃക്ഷത്തോപ്പ് ദാനമായി നൽകുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. നബിതിരുമേനി (സ) വളരെ സന്തുഷ്ടനായിക്കൊണ്ട് പറഞ്ഞു. "എത്ര നല്ല ദാനധർമ്മം". ഇത് ആവർത്തിച്ച് മൂന്നു പ്രാവശ്യം പറഞ്ഞു. തുടർന്ന് നബി(സ) ഇങ്ങനെ പറഞ്ഞു. "സാധുജനസേവനത്തിനായി താങ്കൾ ഈ ഫലവൃക്ഷത്തോപ്പ് ദാനം ചെയ്തിരിക്കെ, ഇത് താങ്കളുടെ തന്നെ സാധുക്കളായ ബന്ധുക്കൾക്കിടയിൽ വീതിച്ചു കൊടുക്കുവാൻ ഞാൻ ആവശ്യപ്പെടുകയാണ്." *(ബുഖാരി)* ഒരിക്കൽ ഒരാൾ തിരുമേനി(സ)യെ സമീപിച്ചുകൊണ്ട് പറഞ്ഞു "അല്ലാഹുവിന്റെ ദൂതരേ! ഞാൻ ഹിജ്റ പോകുവാനും ധർമ്മയുദ്ധത്തിൽ പങ്കെടുക്കുവാനും അങ്ങനെ അല്ലാഹുവിന്റെ പ്രീതിയാർജ്ജിക്കുവാനും പ്രതിജ്ഞയെടുക്കുവാൻ സന്നദ്ധനാണ്." അയാളുടെ മാതാപിതാക്കളാരെങ്കിലും ജീവിച്ചിരിപ്പുണ്ടോ എന്ന് നബി(സ) തിരക്കിയപ്പോൾ അവർ രണ്ടുപേരും ജീവിച്ചിരിപ്പുണ്ടെന്ന് അയാൾ മറുപടി നല്കി. അപ്പോൾ നബി(സ) ചോദിച്ചു. "അല്ലാഹുവിന്റെ പ്രീതിയാർജ്ജിക്കുവാൻ താങ്കൾ ആത്മാർത്ഥമായും ആഗ്രഹിക്കുന്നുണ്ടോ?" 'ഉണ്ട്' എന്ന് അയാൾ മറുപടി നൽകിയപ്പോൾ നബി കരിം (സ) പറഞ്ഞു. "എങ്കിൽ നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളുടെ അടുത്തേക്ക് പോയി അവരെ നല്ലവണ്ണം പരിചരിക്കുക. ഹദ്റത്ത് അബൂബക്കർ(റ) ന്റെ ഭാര്യമാരിൽ ഇസ്ലാം മതമാശ്ലേഷിച്ചിട്ടില്ലാത്ത സ്ത്രീ തന്റെ മകൾ

അസ്മയെ സന്ദർശിക്കുവാനായി വന്നു. അപ്പോൾ അസ്മ റസൂൽ തിരുമേനി(സ)യോട്, ഞാൻ അവരെ സ്വീകരിക്കുകയും പാരിതോഷികങ്ങൾ നൽകുകയും ചെയ്യേണ്ടതുണ്ടോ എന്ന് തിരക്കി. അപ്പോൾ തിരുനബി (സ) അരുളി. “തീർച്ചയായും, അവർ നിന്റെ മാതാവാണല്ലോ”! *(ബുഖാരി).*

നബിതിരുമേനി(സ) തന്റെ അടുത്ത ബന്ധുക്കളോട് മാത്രമല്ല, അകന്ന ബന്ധുക്കളോടും അവരുമായി ബന്ധപ്പെട്ടവരോടും വളരെ പരിഗണനയോടെയാണ് പെരുമാറിയിരുന്നത്. മൃഗങ്ങളെ ഖുർബാൻ ചെയ്യുമ്പോഴെല്ലാം മാംസത്തിന്റെ ഒരു ഭാഗം പരേതയായ ഭാര്യ ഹദ്റത്ത് ഖദീജ (റ)യുടെ സുഹൃത്തുക്കൾക്ക് പോലും കൊടുത്തയക്കുമായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ അവരെ അവഗണിക്കരുതെന്ന് അദ്ദേഹം ഭാര്യമാരോട് പറയുകയും ചെയ്തു. ഹദ്റത്ത് ഖദീജ(റ) യുടെ മരണത്തിന് വളരെ വർഷങ്ങൾക്കു ശേഷം ഒരിക്കൽ നബി(സ) തന്റെ സുഹൃത്തുക്കളോടൊപ്പം ഇരിക്കുമ്പോൾ ഹദ്റത്ത് ഖദീജ(റ) യുടെ സഹോദരി ഹാല അദ്ദേഹത്തെ കാണാനായി വരികയും അകത്തു പ്രവേശിക്കുവാനുള്ള അനുമതി തേടുകയും ചെയ്തു. ആ സ്ത്രീയുടെ ശബ്ദം കേട്ടപ്പോൾ റസൂൽ തിരുമേനി(സ)ക്ക് സ്വന്തം ഭാര്യ ഖദീജയുടെ ശബ്ദം പോലെ തോന്നി എന്റെ റബ്ബേ ഇതാര്, ഖദീജയുടെ സഹോദരി ഹാലയോ”! നബിതിരുമേനി(സ) ആഹ്ളാദത്തോടെ പറഞ്ഞു. ഖദീജയോടുള്ള യഥാർത്ഥമായ സ്നേഹം കലവറയില്ലാത്ത നിലയിൽ ഇവിടെ പ്രകടമാവുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

യാത്രക്കിടയിൽ ഒരിയ്ക്കൽ താൻ ജറീറിബ്നു അബ്ദുല്ലയുടെ കൂട്ടത്തിൽപ്പെട്ടപ്പോൾ ഒരു യജമാനനെ തന്റെ ഭൃത്യൻ പരിചരിക്കുന്നതുപോലെ അദ്ദേഹം തന്നെ പരിചരിക്കുകയുണ്ടായി എന്ന് ഹദ്റത്ത് അനസിബ്നു മാലിക്ക്(റ) നിവേദനം ചെയ്യുന്നു. ഹദ്റത്ത് ജറീറിബ്നു അബ്ദുല്ലയുടെ ഈ പരിചരണത്തിൽ ഹദ്ത്ത് അനസ്(റ) പ്രതിഷേധിക്കുകയും ജറീർ ഇങ്ങനെ ചെയ്യരുതെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അപ്പോൾ ജറീർ മറുപടി നല്കി. “എത്ര ഭക്തിയോടെയാണ് അൻസാറുകൾ നബി(സ) യോട് പെരുമാറിയിരുന്നത് എന്ന് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് എപ്പോഴെല്ലാം ഞാൻ അൻസാറുകളോടൊപ്പം ഉണ്ടാകുന്നുവോ അപ്പോഴെല്ലാം ഞാൻ ഒരു ഭൃത്യനെപ്പോലെ അവരെ പരിചരിക്കുമെന്ന് പ്രതിജ്ഞയെടുത്തിട്ടുണ്ട്. അതുകൊണ്ട് ഞാൻ എന്റെ പ്രതിജ്ഞ നിറവേറ്റുക മാത്രമാണ് ചെയ്യുന്നത്. ദയവുചെയ്ത് താങ്കളെന്നോട് പിന്തിരിയുവാൻ പറയരുത്” (മുസ്ലിം). ഒരാൾ എത്രയധികം മറ്റൊരാളെ സ്നേഹിക്കുന്നുവോ, ആ സ്നേഹം അവരെ

പരിചരിക്കുന്നവരിലേക്കും നീണ്ടുപോകുമെന്ന് വിളിച്ചറിയിക്കുന്ന ഒരു സംഭവമാണിത്. അതേപോലെ ആര് അവരുടെ മാതാപിതാക്കളെ യഥാർത്ഥ രൂപത്തിൽ സ്നേഹിക്കുന്നുവോ അവർ അവരുടെ മാതാപിതാക്കളുമായി ബന്ധപ്പെട്ടവരെയും പ്രത്യേകനിലയിൽതന്നെ സ്നേഹപൂർവ്വം പരിഗണിക്കുന്നതാണ്. ഒരാൾ തന്റെ പിതാവിന്റെ സുഹൃത്തുക്കളെ ബഹുമാനിച്ചാദരിക്കുന്നത് ഉത്കൃഷ്ട സ്വഭാവഗുണമാണെന്ന് റസൂൽ തിരുമേനി(സ) അരുളുകയുണ്ടായി. ഇത് പറയുമ്പോൾ സഹാബികളുടെ കൂട്ടത്തിൽ ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമറുമുണ്ടായിരുന്നു. വളരെ വർഷങ്ങൾക്കു ശേഷം അദ്ദേഹം ഹജ്ജ് കർമ്മം നിർവ്വഹിക്കുവാനായി പോകുന്ന അവസരത്തിൽ അദ്ദേഹം കൂടാരങ്ങളിൽ താമസിക്കുന്ന ഒരു നാടൻ അറബിയെ കണ്ടുമുട്ടി. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ ഉടനെ തന്റെ ഒട്ടകപ്പുറത്തുനിന്നുമിറങ്ങി ആ നാടൻ അറബിക്ക് ഇരിപ്പിടം നൽകുകയും തന്റെ തലപ്പാവ് സമ്മാനിക്കുകയും ചെയ്തു. അദ്ദേഹം അമിതമായ ഉദാരതയാണ് കാണിച്ചതെന്നും ഒരു കാട്ടറബി വളരെക്കുറച്ചേ മറ്റുള്ളവരോട് ആദരവ് പ്രകടിപ്പിക്കാറുള്ളുവെന്നും അബ്ദുല്ലാഹിബ്നു ഉമറിന്റെ ഒരു സുഹൃത്ത് ഈ സംഭവത്തെ വിലയിരുത്തി. അപ്പോൾ ഹസ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ പറഞ്ഞു. "ഈ മനുഷ്യന്റെ പിതാവ് എന്റെ പിതാവിന്റെ സുഹൃത്തായിരുന്നു. ഒരാൾ അയാളുടെ പിതാവിന്റെ സുഹൃത്തിനെയും ബഹുമാനിച്ചാദരിക്കുന്നത് ഒരു സൽപ്രവൃത്തിയാണെന്ന് നബികരീം(സ) അരുൾ ചെയ്യുന്നത് ഞാൻ കേട്ടിട്ടുണ്ട്".

## നല്ല സംസർഗ്ഗം

സൽഗുണ സമ്പന്നരായ വ്യക്തികളുടെ സംസർഗ്ഗം അവിടന്ന് കൂടുതലിഷ്ടപ്പെട്ടു. തിരുനബി(സ) യുടെ സഹചരരിൽ എന്തെങ്കിലും വികലസ്വഭാവം കാണുകയാണെങ്കിൽ അവരെ അദ്ദേഹം സൗമ്യമായ രീതിയിൽ രഹസ്യമായി ശാസിക്കുമായിരുന്നു. അബുമൂസാ അശ്അരി(റ) നിവേദനം ചെയ്യുന്നു. "നല്ല സുഹൃത്തുക്കളുമായും സൽഗുണ സമ്പന്നരായ കൂട്ടുകാരുമായുമുള്ള സമ്പർക്കത്തിൽ നിന്നും ലഭിക്കുന്ന പ്രയോജനത്തെപ്പറ്റിയും ദുഷ്ടരായ സുഹൃത്തുക്കളും അധർമ്മികളായ കൂട്ടുകാരുമായുള്ള സഹവാസത്തിൽ നിന്നും പറ്റാവുന്ന നഷ്ടത്തെപ്പറ്റിയും റസൂൽ തിരുമേനി(സ) ഉദാഹരണസഹിതം വിവരിക്കുകയുണ്ടായി. റസൂൽ തിരുമേനി(സ) പറഞ്ഞു. "നല്ല കൂട്ടുകെട്ടുള്ള ഒരാൾ കസ്തൂരി കയ്യിൽ കൊണ്ടുനടക്കുന്നവനെപ്പോലെയാണ്. കസ്തൂരി കൈവിട്ടാലും അതിൽ നിന്നുള്ള പ്രയോജനം ലഭിക്കും. അയാൾ അത് വിൽക്കുകയാണെങ്കിൽ നല്ല ലാഭമുണ്ടാക്കാം. അത് വെറുതെ കൈയിൽ

ത്തന്നെ വെക്കുകയാണെങ്കിൽ അതിൽ നിന്നും ഉയരുന്ന സുഗന്ധം ആസ്വദിക്കുകയും ചെയ്യാം. അതേ അവസരത്തിൽ ദുഷ്ടനായ വ്യക്തിയുമായാണ് കൂട്ടുകൂടുന്നതെങ്കിൽ കരിയടുപ്പ് കത്തിക്കുന്നവനായി അയാൾ മാറും. ആ അടുപ്പിൽ നിന്ന് തെറിക്കുന്ന തീപ്പൊരികൾ അയാളുടെ വസ്ത്രത്തിൽ പതിച്ചാൽ അയാളുടെ വസ്ത്രമാകെ തീപ്പിടിക്കും. അതല്ലെങ്കിൽ എപ്പോഴും ചൂടിന്നടുത്തിരിക്കുന്നതുകൊണ്ട് അയാളുടെ മസ്തിഷ്കത്തിന് ഹാനിതട്ടും". ഒരു മനുഷ്യന്റെ സ്വഭാവം അയാളുടെ കൂട്ടുർ ഏതുതരക്കാരാണ് എന്നതിൽ നിന്നും മനസ്സിലാക്കാമെന്നും അതിനാൽ നല്ല കൂട്ടുകാരുടെ കൂടെ മാത്രം ഒഴിവുസമയം ചെലവഴിക്കുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്നും നബി (സ) ഉപദേശിക്കുമായിരുന്നു. *(ബുഖാരി, മുസ്‌ലിം)*

## ജനങ്ങളുടെ വിശ്വാസം സംരക്ഷിക്കൽ

മനുഷ്യമനസ്സിൽ പെട്ടെന്ന് ഉരുണ്ടുകൂടിയേക്കാവുന്ന തെറ്റായ ധാരണകളിൽ നിന്നും സുരക്ഷിതനാവാൻ വേണ്ടി മുഹമ്മദ്നബി(സ) പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ നബിതിരുമേനി(സ)യെ കാണാനായി ഭാര്യ ഹദ്റത്ത് സഫ്യ(റ) പള്ളിയിൽ വന്നു. തിരിച്ചുപോകാറായപ്പോൾ നേരം ഇരുട്ടിയിരുന്നു. അതിനാൽ നബി(സ) അവരെ വീടുവരെ അനുഗമിക്കുവാൻ തീരുമാനിച്ചു. വഴിയിൽവെച്ച് രണ്ടുപേർ നബി(സ)യെ കടന്നുപോയി. അവർക്ക് എന്തെങ്കിലും സംശയത്തിന്നിടം നല്കേണ്ടെന്നു കരുതി നബി(സ) അവരോടു പറഞ്ഞു. "ഇത് എന്റെ ഭാര്യ സഫ്യയാണ്". അവർ പറഞ്ഞു "അല്ലാഹുവിന്റെ തിരുദൂതരേ! അങ്ങയെപ്പറ്റി ഞങ്ങൾക്ക് തെറ്റുധാരണയുണ്ടാകുമെന്ന് അങ്ങ് എന്തിനാണ് സംശയിക്കുന്നത്?" നബി(സ) മറുപടി നല്കി "ശൈത്താൻ പലപ്പോഴും മനുഷ്യരക്തത്തിലൂടെ സഞ്ചരിക്കും. നിങ്ങളുടെ വിശ്വാസത്തെ അത് ബാധിച്ചേക്കുമോ എന്ന് ഞാൻ ഭയപ്പെട്ടു". *(ബുഖാരി)*

## മറ്റുള്ളവരുടെ തെറ്റുകൾ അവഗണിക്കൽ

നബിതിരുമേനി(സ) ഒരിക്കലും മറ്റുള്ളവരുടെ തെറ്റുകളോ വീഴ്ചകളോ പ്രമാദമായി കരുതിയിരുന്നില്ല. അവരവരുടെ തെറ്റുകൾപോലും മറ്റുള്ളവരെ വിളിച്ചറിയിക്കരുതെന്ന് അവിടന്ന് പറയുമായിരുന്നു. അവിടന്ന് ഇങ്ങനെ പറയുന്നു. "ഒരാൾ മറ്റൊരാളുടെ കുറ്റങ്ങൾ മറച്ചുവെക്കുകയാണെങ്കിൽ അല്ലാഹു അന്ത്യനാളിൽ അയാളുടെ തെറ്റുകൾ മറച്ചുവെക്കുന്നതാണ്. എന്റെ അനുയായികളിൽ മുഴുവൻ പേർക്കും പാശ്ചാത്തപത്തിലൂടെയും സ്വഭാവരൂപാന്തരണത്തിലുടെയും അവരുടെ തെറ്റുകളുടെ അനന്തരഫലങ്ങളിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുന്നതാണ്. പക്ഷേ, സ്വന്തം തെറ്റുകൾ വിളംബരം ചെയ്തു നടക്കുന്നവർക്ക്

ഈ ഭാഗ്യം ലഭിക്കുന്നതല്ല." ഈ കാര്യം കൂടുതൽ വിശദമാക്കിക്കൊണ്ട് തിരുനബി(സ) അരുളി. "ഒരു മനുഷ്യൻ രാത്രി ഒരു തെറ്റ് ചെയ്യുകയും അല്ലാഹു അത് മറച്ചുവക്കുകയും ചെയ്യുന്നു. എന്നാൽ രാവിലെ അയാൾ തന്റെ സുഹൃത്തുക്കളെ കാണുമ്പോൾ 'ഇന്നലെ രാത്രി ഞാനീ കാര്യം ചെയ്തു, ഇന്നലെ രാത്രി ഞാൻ ആ കാര്യം ചെയ്തു' എന്ന് വീമ്പിള ക്കിക്കൊണ്ട് പറയുകയാണെങ്കിൽ അല്ലാഹു മറച്ചുവെച്ചതിനെ അയാൾ സ്വയം വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്". *(ബുഖാരി)*

പാപങ്ങൾ വിളിച്ചുപറഞ്ഞു നടന്നാൽ അത് പ്രായശ്ചിത്തമായി എന്ന് ചിലർ വിചാരിക്കുന്നു. എന്നാൽ, ഇത് അയാളുടെ ആഭാസത്തരത്തെ പോഷിപ്പിക്കുകയാണ് ചെയ്യുന്നത് എന്നതാണ് സത്യം. ദുഷ്കൃത്യങ്ങ ളെല്ലാം പാപമാണ്. ഇതിലേക്ക് വഴുതിവീഴുന്നവൻ യഥാർത്ഥത്തിൽ കുറ്റബോധത്തോടെ മനം നൊന്ത് പശ്ചാത്തപിക്കുകയാണെങ്കിൽ അവന് പരിശുദ്ധിയിലേക്കും ധർമ്മനിഷ്ഠയിലേക്കും തിരിച്ചുവരാൻ സാധി ക്കുന്നതാണ്. ആര് സ്വന്തം കുറ്റകൃത്യങ്ങൾ സ്വയം വിളംബരപ്പെടു ത്തുകയും ആ തെറ്റിൽ അഹങ്കരിക്കുകയും ചെയ്യുന്നുവോ, അവന് ന ന്മയും തിന്മയും വേർതിരിച്ചറിയുവാനുള്ള വിവേചനശക്തി നഷ്ടപ്പെ ടുകയും, പശ്ചാത്തപിക്കുവാൻ അശക്തനായിത്തീരുകയും ചെയ്യുന്നു.

ഒരിക്കൽ ഒരാൾ നബിതിരുമേനി(സ) യെ സമീപിച്ചു ഇങ്ങനെ പറ ഞ്ഞു. "ഞാൻ വ്യഭിചാരവൃത്തിയിലേർപ്പെട്ടു പോയിരിക്കുന്നു". ഈ മനുഷ്യന്റെ കുറ്റസമ്മതം കേട്ടപ്പോൾ നബി(സ) അത് കേട്ടതായി ഭാവി ക്കാതെ അയാളിൽ നിന്നും അകന്നുമാറി. സ്വന്തം തെറ്റ് പരസ്യമായി വിളിച്ചറിയിക്കുകയല്ല ആ തെറ്റിനുള്ള പ്രതിവിധി എന്ന നിലയിലായി രുന്നു നബിതിരുമേനി(സ) യുടെ ഈ ഒഴിഞ്ഞുമാറ്റം. പക്ഷേ, ആ മനു ഷ്യൻ ഈ സംഗതി മനസ്സിലാക്കാതെ, നബി(സ) തന്റെ സംസാരം കേട്ടിരിക്കയില്ലെന്ന് കരുതി ആ പുണ്യാത്മാവിന്റെ മുമ്പിൽ പോയി ആ കുറ്റസമ്മതം ആവർത്തിച്ചു. അപ്പോഴും നബി(സ) മുഖം തിരിച്ചു കളഞ്ഞു. ഇങ്ങനെ നാലുതവണ ഈ കുമ്പസാരം അയാൾ ആവർത്തി ച്ചപ്പോൾ റസൂൽ(സ) പറഞ്ഞു. "അല്ലാഹു ഇയാളെപ്പറ്റി അവന്റെ തീരു മാനമറിയിക്കാത്തിടത്തോളം ഈ മനുഷ്യൻ തന്റെ ദുഷ്ചെയ്തികളെ പ്പറ്റിയുള്ള പ്രഖ്യാപനം സ്വയം നടത്തരുതെന്ന് ഞാൻ ആഗ്രഹിച്ചിരു ന്നതാണ്. ഏതായാലും തന്റെ കുറ്റസമ്മതം നാലുതവണ ആവർത്തിച്ച നിലക്ക് ഞാൻ തക്കതായ നടപടിയെടുക്കുവാൻ നിർബന്ധിതനായി രിക്കുന്നു"

കുറ്റകരമായ പാപകൃത്യങ്ങൾക്കെതിരെ മാത്രമാണ് നിയമം കർശന മായി നടപ്പാക്കേണ്ടത് എന്ന് നബി(സ) നിഷ്കർഷിച്ചിരുന്നു. യുദ്ധ

വേളയിൽ മുസ്ലിംകളെ ഒറ്റക്ക് കിട്ടിയാൽ പതിയിരുന്ന് ആക്രമിക്കുകയും നിഷ്കരുണം വധിക്കുകയും ചെയ്തിരുന്ന ഒരു അവിശ്വാസിയെ ഒരിക്കൽ ചില മുസ്ലിംകൾ കണ്ടുമുട്ടി. ആ അവസരത്തിൽ ഹദ്റത്ത് ഉസാമത്തിബ്നുസയ്ദ്(റ) അയാളെ പിന്തുടർന്ന് കീഴ്പ്പെടുത്തുകയും കൊല്ലാനായി തന്റെ വാൾ ഉറയിൽനിന്നും ഊരിയെടുക്കുകയും ചെയ്തു. രക്ഷപ്പെടുവാനുള്ള പഴുതൊന്നുമില്ലെന്ന് ആ അമുസ്ലിമിന് ബോദ്ധ്യമായപ്പോൾ മുസ്ലിംകളുടെ കലിമയുടെ ആദ്യഭാഗം ഉരുവിടുവാൻ തുടങ്ങി. അതായത് "അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല" എന്ന് ചൊല്ലുകയും താൻ ഇസ്ലാംമതമാശ്ലേഷിച്ചിരിക്കുന്നുവെന്ന് സൂചിപ്പിക്കുകയും ചെയ്തു. ഇതൊന്നും ശ്രദ്ധിക്കാതെ ഹദ്റത്ത് ഉസാമ അയാളെ വധിച്ചു. തങ്ങളുടെ പര്യടനത്തിടയിലുണ്ടായ സംഭവങ്ങൾ വിവരിക്കുന്നതിനിടയിൽ ഈ കാര്യം കൂടി അനുയായികൾ നബിതിരുമേനി(സ) യെ അറിയിച്ചപ്പോൾ നബി(സ) ഹദ്റത്ത് ഉസാമത്തിബ്നു സൈദ്(റ) നെ വിളിച്ചുവരുത്തി ചോദ്യം ചെയ്തു. താൻ കേട്ടത് സത്യമാണെന്ന് മനസ്സിലായപ്പോൾ നബി(സ) പറഞ്ഞു. "ഉസാമാ! അന്ത്യനാളിൽ അയാളുടെ വിശ്വാസപ്രഖ്യാപനം അയാൾക്കനുകൂലമായി സാക്ഷ്യം വഹിക്കുകയാണെങ്കിൽ (അതായത്, ആ മനുഷ്യൻ ആത്മാർത്ഥമായും മാനസാന്തരപ്പെട്ട്, ഇസ്ലാമിക കലിമ ചൊല്ലിയതാണെങ്കിൽ) നിങ്ങളുടെ സ്ഥിതിയെന്തായിരിക്കും?" ഹദ്റത്ത് ഉസാമ(റ) മറുപടി നൽകി. "അല്ലാഹുവിന്റെ ദുതരേ! അയാൾ മുസ്ലികളുടെ ഘാതകനായിരുന്നു. അയാളുടെ, ആ കലിമ ചൊല്ലൽ രക്ഷപ്പെടുവാനുള്ള ഒരു സൂത്രം മാത്രമായിരുന്നു". പക്ഷെ നബിതിരുമേനി(സ) ആവർത്തിച്ചു പറഞ്ഞു. "ഉസാമാ! അന്ത്യനാളിൽ അയാളുടെ വിശ്വാസ പ്രഖ്യാപനം അയാൾക്കനുകൂലമായി സാക്ഷ്യം വഹിക്കുകയാണെങ്കിൽ നിങ്ങളുടെ സ്ഥിതിയെന്തായിരിക്കും?"

ആ മനുഷ്യന്റെ മരണത്തിന് കാരണക്കാരനായ ഉസാമയോട് അല്ലാഹു കണക്ക് പറയാനാവശ്യപ്പെട്ടേക്കും എന്നായിരുന്നു സൂചന. അയാൾ മുസ്ലിംകളുടെ ഘാതകനായിരുന്നുവെങ്കിലും, അയാളുടെ കലിമാമന്ത്രണം തന്റെ കുറ്റകൃത്യങ്ങളിൽ താൻ പശ്ചാത്തപിക്കുന്നു എന്ന സൂചനയായി കണക്കാക്കപ്പെട്ടേക്കാം. ഹദ്റത്ത് ഉസാമ, തിരുനബി(സ)യുടെ അഭിപ്രായത്തിൽ വിയോജിപ്പ് പ്രകടിപ്പിക്കുകയും, ആ ശത്രുവിന്റെ കലിമാ മന്ത്രണത്തോടെയുള്ള കുറ്റസമ്മതം മരണത്തിൽ നിന്നു രക്ഷപ്പെടാനുള്ള ഒരടവ് മാത്രമായിരുന്നു എന്നും പാശ്ചാത്താപത്തിന്റെ സൂചനയായിരുന്നില്ലെന്നും ആവർത്തിച്ച് പറയുകയും ചെയ്തു. ഇതു കേട്ടപ്പോൾ നബി(സ) ചോദിച്ചു. "അയാൾ പറയുന്നത് ആത്മാർത്ഥ

മായാണോ അല്ലയോ എന്നറിയുവാൻ നിങ്ങളയാളുടെ ഹൃദയം പിളർന്ന് നോക്കിയോ?" തിരുമേനി(സ) വീണ്ടും ആവർത്തിച്ചു. "അയാളുടെ വിശ്വാസപ്രഖ്യാപനം താങ്കൾക്കെതിരായുള്ള തെളിവായി തീരുകയാണെങ്കിൽ വിധിനാളിൽ അല്ലാഹുവിന്റെ ചോദ്യത്തിന് എന്താണ് ഉത്തരം നൽകുക?" ഹദ്റത്ത് ഉസാമ പറയുന്നു "റസൂൽ(സ) ഈ കാര്യം ആവർത്തിച്ചാവർത്തിച്ച് പറയുന്നത് കേട്ടപ്പോൾ ആ നിമിഷത്തിനുശേഷമായിരുന്നു ഞാൻ ഇസ്ലാം മതം സ്വീകരിച്ചിരുന്നതെങ്കിൽ എന്നെനിക്ക് തോന്നി." (മുസ്ലിം).

ജനങ്ങളുടെ തെറ്റുകളും അതിക്രമങ്ങളും പൊറുത്ത് കൊടുക്കുവാൻ നബി(സ) സദാ സന്നദ്ധനായിരുന്നു. റസൂൽ(സ) തിരുമേനിയുടെ ഭാര്യ ഹദ്റത്ത് ആയിശാ(റ)ക്കെതിരെയുണ്ടായ അപവാദപ്രചാരണത്തിന്റെ പിന്നിൽ പ്രവർത്തിച്ച വ്യക്തി, ഹസ്റത്ത് അബൂബക്കർ സിദ്ദീഖി (റ)ന്റെ (ആയിശായുടെ പിതാവിന്റെ) ഔദാര്യത്തെ ആശ്രയിച്ച് കഴിയുന്ന ആളായിരുന്നു. ഹദ്റത്ത് ആയിശാ(റ) ക്ക് എതിരെയുള്ള ആരോപണം അടിസ്ഥാനരഹിതമാണെന്ന് വ്യക്തമായും സ്ഥാപിക്കപ്പെട്ടപ്പോൾ അബൂബക്കർ(റ) ആ മനുഷ്യന് നൽകിയിരുന്ന സഹായം നിർത്തൽ ചെയ്തു. ഇതു ഹദ്റത്ത് അബൂബക്കർ(റ) സ്തുത്യർഹമായ ആത്മനിയന്ത്രണവും സംയമനവുമായിരുന്നു. സാധാരണ മനുഷ്യനായിരുന്നുവെങ്കിൽ സ്വന്തം മകൾക്ക് അപകീർത്തിയുണ്ടാക്കുവാൻ ശ്രമിച്ച ഒരു ആശ്രിതന് നേരെ ഇതിനേക്കാൾ കൂടുതൽ കടുത്ത ശിക്ഷ നൽകുമായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) തന്റെ ആശ്രിതന് നേരെ എടുത്ത നടപടി അറിഞ്ഞപ്പോൾ റസൂൽ തിരുമേനി(സ) അദ്ദേഹത്തോട് സംസാരിക്കുകയും ആ മനുഷ്യൻ തെറ്റാണ് ചെയ്തതെങ്കിലും അബൂബക്കറിനെപ്പോലെയുള്ള ഒരാൾ അയാളുടെ ജീവനാംശം നിർത്തൽ ചെയ്തുകൊണ്ട് ഇങ്ങനെ മറ്റൊരു തെറ്റ് ചെയ്യരുതായിരുന്നെന്ന് പറയുകയും ചെയ്തു. ഇതുകേട്ട് ഹദ്റത്ത് അബൂബക്കർ, സ്വന്തം മകൾക്കെതിരെ അപവാദ ശരങ്ങൾ തൊടുത്തുവിട്ട ആ മനുഷ്യന് തുടർന്നും സഹായം നൽകിത്തുടങ്ങി.

## സഹിഷ്ണുത

മുഹമ്മദ് നബി(സ) ഇങ്ങനെപറയാറുണ്ടായിരുന്നു. "ഒരു മുസ്ലിമിന് ജീവിതം നന്മകൊണ്ട് നിറഞ്ഞതായിരിക്കും. ഒരു യഥാർത്ഥവിശ്വാസിയെ മാത്രമേ ഇങ്ങനെയുള്ള ഒരു പദവിയിൽ കാണാൻ കഴിയൂ. അവൻ വിജയം കൈവരിക്കുമ്പോൾ അല്ലാഹുവിനോട് നന്ദിയുള്ളവനായിരിക്കുകയും കൂടുതൽ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നവനായിത്തീരുകയും ചെയ്യും. നേരെ മറിച്ച് അവൻ ദു:ഖിക്കുകയോ കഠിനമാ

യ ദുരിതം അനുഭവിക്കുകയോ ചെയ്യുകയാണെങ്കിൽ ക്ഷമാപൂർവ്വം സഹനം കൈക്കൊള്ളുകയും അതുവഴി അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് വീണ്ടും പാത്രീഭൂതനായി തീരുകയും ചെയ്യും". നബി(സ) തിരുമേനിയുടെ അന്ത്യം അടുത്ത സമയത്ത്, മരണഞരക്കമനുഭവപ്പെട്ടപ്പോൾ, മകൾ ഫാത്തിമ(റ) തനിക്ക് ഈ സ്ഥിതി കണ്ടുകൊണ്ടുനിൽക്കുവാൻ കെല്പില്ലെന്ന് പറഞ്ഞുകൊണ്ട് വിലപിച്ചു. അപ്പോൾ നബി(സ) ഇങ്ങനെ പറഞ്ഞു "ക്ഷമ കൈക്കൊള്ളുക. ഇന്നുകൂടി കഴിഞ്ഞാൽ നിന്റെ പിതാവ് ഒരു വേദനയും സഹിക്കേണ്ടതായി വരില്ല". അതായത് അവിടത്തെ എല്ലാവേദനകളും ഈ ലോകത്ത് മാത്രം നിലനിൽക്കുന്നതാണെന്നും ഈ ഐഹികജീവിതത്തിൽ നിന്നും വിരമിക്കുകയും തന്റെ സ്രഷ്ടാവിന്റെ സവിധത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്ന നിമിഷം മുതൽ താനൊരു വേദനയും അനുഭവിക്കേണ്ടതായി വരികയില്ലെന്നും സൂചിപ്പിക്കുകയായിരുന്നു നബി(സ). നാട്ടിൽ പകർച്ചവ്യാധി പടർന്ന് പിടിക്കുന്ന അവസരങ്ങളിൽ ജനങ്ങൾ നാട് വിട്ട് ദൂരദേശങ്ങളിലേക്ക് ഓടിപോകുന്നതിനെ നബി(സ) ഒരിക്കലും അനുകൂലിച്ചിരുന്നില്ല. അത് പകർച്ചവ്യാധി പടരുന്ന സ്ഥലങ്ങളുടെ വ്യാപ്തി കൂട്ടുകയേയുള്ളു. പകർച്ചവ്യാധി പടർന്ന് പിടിച്ചാൽ എല്ലാവരും അവരവരുടെ സ്വന്തം സ്ഥലങ്ങളിൽ തന്നെ ഉറച്ചുനിന്നുകൊണ്ട് അത് ബാധിക്കാത്ത സ്ഥലങ്ങളിലേക്ക് വ്യാപിക്കാതെ നോക്കണമെന്നും അങ്ങനെ സാംക്രമിക രോഗത്താൽ സ്വയം മരണംവരിക്കുകയാണെങ്കിൽ ഒരു രക്തസാക്ഷിയായി കണക്കാക്കപ്പെടുമെന്നും നബി തിരുമേനി(സ) പറയുമായിരുന്നു. *(ബുഖാരി)*

## പരസ്പര സഹകരണം

താനുമായി ബന്ധമില്ലാത്ത കാര്യങ്ങളിൽ അനാവശ്യമായി ഇടപെടാതിരിക്കുകയും മറ്റുള്ളവരെ വിമർശിക്കാതിരിക്കുകയും ചെയ്യുന്നത് ഏറ്റവും നല്ല ഇസ്ലാമികഗുണങ്ങളിൽപ്പട്ടതാണെന്ന് റസൂൽ തിരുമേനി(സ) പഠിപ്പിച്ചു. ഈ പാഠം പൊതുവെ അംഗീകരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്താൽ ലോകത്ത് ക്രമേണ ശാശ്വത സമാധാനവും അച്ചടക്കവും ഉണ്ടാകുന്നതാണ്. ജനങ്ങളിൽ ഭൂരിഭാഗത്തിന്റെ അതിരുകടന്ന ഇടപെടലുകളും കൊടുംവിപത്ത് കാലത്ത് ആശ്വാസ പ്രവർത്തനങ്ങൾ ആവശ്യമായി വരുമ്പോഴുള്ള നിസ്സഹകരണവുമാണ്, നമ്മിൽ കാണുന്ന ദുരിതങ്ങളിൽ ഏറിയഭാഗവും ഉടലെടുക്കുവാൻ കാരണം.

പരസ്പര സഹകരണത്തിന് നബി(സ) പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. ആരെങ്കിലും പിഴചുമത്തിയ വകയിൽ ഏതാനും സംഖ്യ അടച്ച് തീർക്കുവാൻ ബാക്കിയുണ്ടെങ്കിൽ, അയാൾക്ക് പ്രസ്തുത തുക മുഴു

വൻ അടച്ചുതീർക്കുവാൻ സാധിക്കുകയില്ലെന്ന് കണ്ടാൽ, അയാളുടെ അയൽവാസികളും നാട്ടുകാരും ഗോത്രക്കാരും സംഭാവന പിരിച്ചെടുത്തുകൊണ്ട് അയാളെ തുകയടക്കാൻ സഹായിക്കേണ്ടതാണെന്ന ഒരു നിയമം തന്നെ നബി(സ) നടപ്പിലാക്കിയിരുന്നു. ചില അവസരങ്ങളിൽ ജനങ്ങൾ അവരുടെ മുഴുവൻ സമയവും ഇസ്‌ലാമിക സേവനത്തിനായി സമർപ്പിച്ചുകൊണ്ട്, റസൂൽ തിരുമേനി(സ)യുടെ വസതിക്കടുത്തായി താമസമുറപ്പിക്കാറുണ്ടായിരുന്നു. നബിതിരുമേനി(സ) അത്തരക്കാരുടെ ബന്ധുക്കളുമായി കൂടിയാലോചിക്കുകയും അവരുടെ ആവശ്യങ്ങൾ ലളിതമായ രീതിയിലെങ്കിലും നിറവേറ്റുന്നതിൽ സഹകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി(സ) യുടെ കാലത്ത് രണ്ട് സഹോദരൻമാർ ഇസ്‌ലാം മതം സ്വീകരിക്കുകയും അവരിലൊരാൾ നബി(സ)യോടൊപ്പം താമസിക്കുകയും മറ്റെയാൾ തന്റെ പതിവായുള്ള ജോലിയിൽ തുടരുകയും ചെയ്തു. ജീവിതവൃത്തിയിലേർപ്പെട്ട സഹോദരൻ ഒരു ദിവസം നബി(സ)യുടെ അടുത്ത് വന്ന് തന്റെ സഹോദരൻ അലസനായി സമയം കഴിച്ചുകൂട്ടുകയാണെന്ന് പരാതിപ്പെട്ടു. അപ്പോൾ നബി(സ) അരുളി, “താങ്കളുടെ സഹോദരന്നുവേണ്ടിയുള്ളവ കൂടി, അല്ലാഹു താങ്കൾക്ക് സംഭരിച്ചു നൽകുന്നുണ്ട്. ഇസ്‌ലാമിന്നുവേണ്ടി സേവനം ചെയ്യാനായി അവനെ വിട്ടുകൊണ്ട് താങ്കളുടെ സമ്പാദ്യത്തിൽ നിന്നും ഒരു വിഹിതം അവന് നൽകുന്നതാണ് ഉചിതമായിരിക്കുക” *(തിർമദി)*

യാത്രാവേളയിൽ ഒരിക്കൽ, ഒരു താല്ക്കാലിക താവളത്തിൽ നബി (സ)തിരുമേനിയും സംഘവും എത്തിയപ്പോൾ, അവിടെ രാത്രി തങ്ങുവാനുള്ള ഒരുക്കങ്ങൾ ചെയ്യുന്ന ജോലിയിൽ അനുയായികളെല്ലാം വ്യാപൃതരായിക്കണ്ടു. നബി(സ) പറഞ്ഞു. “നിങ്ങൾ ഒരു ജോലിയും എനിക്കായി നീക്കിവച്ചിട്ടില്ലല്ലോ, ഏതായാലും ഞാൻ പോയി ആഹാരം പാകം ചെയ്യുവാനുള്ള വിറക് സംഭരിച്ചു കൊണ്ടുവരാം.” സഹാബിമാർ ഉടനേ പറഞ്ഞു. “അല്ലാഹുവിന്റെ ദുതരേ! ആവശ്യമുള്ള ഏത് ജോലിയും ചെയ്യുവാൻ ഞങ്ങളെല്ലാം ഇവിടെയുള്ളപ്പോൾ അങ്ങ് എന്തിനാണ് ഇതിന്നിറങ്ങിത്തിരിക്കുന്നത്?”. നബി(സ) പറഞ്ഞു. “അങ്ങനെയല്ല, നിങ്ങൾ ചെയ്യുന്നതുപോലെ ജോലി ചെയ്യേണ്ടത് എന്റെയും കൂടി കടമയാണ്. നബിതിരുമേനി(സ) കാട്ടിൽപോയി പാചകത്തിന്നാവശ്യമായ വിറക് സംഭരിച്ചു കൊണ്ടുവന്നു*(സുർഖാനി)*

## സത്യസന്ധത

മുമ്പ് പ്രസ്താവിച്ചതുപോലെ മുഹമ്മദ് നബി(സ) സത്യസന്ധത

യുടെ കാര്യത്തിൽ വളരെ കണിശക്കാരനായിരുന്നതിനാൽ ജനങ്ങൾക്കിടയിൽ അദ്ദേഹം 'വിശ്വസ്തൻ' എന്നും 'സത്യസന്ധൻ' എന്നുമാണ് അറിയപ്പെട്ടിരുന്നത്. സത്യസന്ധതയുടെ കാര്യത്തിൽ അതേ നിലവാരം തന്നെ മുസ്‌ലിംകളെല്ലാവരും കാത്തുസൂക്ഷിക്കണമെന്നതിൽ നബി(സ) വളരെ ഉത്സുകനായിരുന്നു. എല്ലാ സൽഗുണങ്ങളുടെയും നന്മയുടെയും സൽസ്വഭാവത്തിന്റെയും അടിസ്ഥാനം സത്യമാണ് എന്ന് അദ്ദേഹം വിശ്വസിച്ചു. സത്യത്തിൽ അടിയുറച്ചു നിൽക്കുകയും അല്ലാഹുവിന്റെ മുമ്പിൽ സത്യവാനായി എണ്ണപ്പെടുകയും ചെയ്യുന്ന വ്യക്തിയാണ് യഥാർത്ഥത്തിൽ സത്യസന്ധൻ എന്ന് നബി തിരുമേനി(സ) പഠിപ്പിച്ചു.

ഒരിക്കൽ, നിരവധി മുസ്‌ലിംകളെ കൊന്നൊടുക്കിയ ഒരു കുറ്റവാളിയെ തടവുകാരനായി പിടിച്ചുകൊണ്ട് നബി(സ)യുടെ സന്നിധിയിൽ കൊണ്ടുവന്നു. ആ സമയത്ത് അവിടെ ഹാജരുണ്ടായിരുന്ന ഹദ്റത്ത് ഉമർ(റ) ആ കുറ്റവാളി തീർച്ചയായും വധശിക്ഷ അർഹിക്കുന്ന ഒരാളാണെന്ന് ഉറച്ചുവിശ്വസിച്ചിരുന്നു. അയാളെ എന്തായാലും വധശിക്ഷക്ക് വിധിക്കുമെന്ന പ്രതീക്ഷയിൽ ഹദ്റത്ത് ഉമർ(റ) നബിതിരുമേനി (സ)യെ കൂടെക്കൂടെ ഉറ്റുനോക്കി. എന്നാൽ, റസൂൽ തിരുമേനി(സ) ആ കുറ്റവാളിയെ വിട്ടയക്കുകയാണുണ്ടായത്. 'അയാളെ വധിക്കേണ്ടതായിരുന്നുവെന്നും വധശിക്ഷ മാത്രമാണ് അയാളർഹിക്കുന്ന ശിക്ഷയെന്നും ഹദ്റത്ത് ഉമർ(റ) അപ്പോൾ വിനീതനായി പറഞ്ഞു. നബി(സ) പ്രതിവചിച്ചു "അങ്ങനെയാണ് വേണ്ടതെങ്കിൽ നിങ്ങളെന്തുകൊണ്ട് അയാളെ കൊന്നില്ല?" ഉമർ(റ) മറുപടി നൽകി. "അല്ലാഹുവിന്റെ ദുതരേ! അങ്ങ് അങ്ങയുടെ കൺപോളകൾ ചലിപ്പിച്ചുവെങ്കിൽ ഞാനതുചെയ്യുമായിരുന്നു". ഇതിനു മറുപടിയായി നബി(സ) ഇങ്ങനെയാണ് പറഞ്ഞത് "ഒരു പ്രവാചകന് അങ്ങനെ അവ്യക്തമായ സൂചന നൽകാൻ പാടില്ല. എന്റെ നാവുകൾ അവനോട് സ്നേഹപൂർവ്വം സംസാരിക്കുവാൻ ഉപയോഗപ്പെടുത്തികൊണ്ടിരിക്കെ അവനെ വധിക്കുവാനുള്ള സൂചന നൽകുന്നതിനായി ഞാനെങ്ങനെ എന്റെ കണ്ണുകളെ ഉപയോഗപ്പെടുത്തും?" *(ഹിശാം)*

ഒരിക്കൽ ഒരാൾ നബിതിരുമേനി(സ)യുടെ അടുക്കൽ വന്ന് ഇങ്ങനെ പറഞ്ഞു "അല്ലയോ അല്ലാഹുവിന്റെ ദൂതരേ! എനിക്ക് മൂന്ന് ദുശ്ശീലങ്ങളുണ്ട് കള്ളം പറയൽ, മദ്യപാനം, വ്യഭിചാരം എന്നിവയാണത്. ഈ ദുശ്ശീലങ്ങളിൽ നിന്നും മുക്തിനേടുവാൻ ഞാൻ ആവുന്നത്ര ശ്രമിച്ചിട്ടും ഞാനതിൽ പരാജയപ്പെടുന്നു. ഇനി ഞാനെന്തു ചെയ്യണമെന്ന് അങ്ങ് തന്നെ കല്പിച്ചരുളിയാലും!" നബി(സ) മറുപടി നല്കി. "നീ ഏതെ

ങ്കിലും ഒന്ന് കയ്യൊഴിക്കുവാൻ തയ്യാറാണെന്ന് വാഗ്ദത്തം ചെയ്യുകയാണെങ്കിൽ ബാക്കി രണ്ടു ദുർഗുണങ്ങളിൽ നിന്നും നീ മോചിതനാകുമെന്ന് ഞാൻ ഉറപ്പു നൽകാം". ആ മനുഷ്യൻ സമ്മതിക്കുകയും ആദ്യം ഏത് ദുർഗുണമാണ് കയ്യൊഴിയേണ്ടതെന്ന് പ്രവാചകരോട് ചോദിക്കുകയും ചെയ്തു. നബിതിരുമേനി(സ) അരുൾ ചെയ്തു. "കള്ളം പറയുന്നത് നിർത്തുക" അല്പകാലത്തിനു ശേഷം ആ മനുഷ്യൻ നബി(സ)യുടെ അരികിൽ വരികയും അങ്ങയുടെ ഉപദേശം അനുസരിച്ചതിലൂടെ ഞാൻ എന്റെ മൂന്ന് ദു:സ്വഭാവങ്ങളിൽ നിന്നും വിമുക്തി നേടിയതായി അറിയിക്കുകയും ചെയ്തു. അയാളുടെ ക്ലേശകരമായ ഉദ്യമത്തിന്റെ വിശദവിവരം നബി(സ) അന്വേഷിച്ചപ്പോൾ അയാൾ പറഞ്ഞു.'ഒരു ദിവസം എനിക്ക് മദ്യം കഴിക്കണമെന്ന് തോന്നി, അതിന്നായി ഒരുങ്ങുകയും ചെയ്തു. അപ്പോൾ ഞാൻ അങ്ങേക്ക് നല്കിയ വാഗ്ദാനത്തെപ്പറ്റി ഓർത്തു ഏതെങ്കിലും സുഹൃത്ത് താൻ മദ്യപിച്ചിരുന്നോ എന്ന് എന്നോട് ചോദിച്ചാൽ എനിക്കത് സമ്മതിക്കേണ്ടതായി വരും. കാരണം ഞാനിനി കള്ളം പറയുവാൻ പാടില്ലല്ലോ. മദ്യപിച്ചു എന്ന് ഞാൻ സമ്മതിച്ചാൽ എനിക്ക് അവരുടെ ഇടയിലുള്ള സൽപേരിന് കളങ്കം വന്നുചേരും. ഭാവിയിൽ അവരെന്നെ അകറ്റി നിർത്തുകയും ചെയ്യും. ഇക്കാരണത്താൽ ഞാനെന്റെ മദ്യപാനം മറ്റൊരവസരത്തിലേക്ക് മാറ്റിവെക്കുവാൻ തീരുമാനിച്ചു. അങ്ങനെ എനിക്ക് മദ്യപാനാസക്തിയിൽ നിന്നും രക്ഷപെടുവാൻ സാധിച്ചു. ഇതേപ്രകാരം എനിക്ക് പരസ്ത്രീകളുമായി ലൈംഗികവേഴ്ചയിലേർപ്പെടണമെന്ന് ആഗ്രഹമുണ്ടായപ്പോൾ എന്റെ സുഹൃത്തുക്കൾക്കിടയിൽ എനിക്കുള്ള ബഹുമാനത്തിന് കോട്ടം തട്ടുന്ന വിധത്തിലുള്ള പ്രതികരണമായിരിക്കുകയില്ലേ ഈ ദുശ്ശീലം മൂലം ഉണ്ടായിരിക്കുക എന്ന് ഞാനെന്റെ മനസ്സാക്ഷിയോട് സ്വയം ചോദിച്ചു. അല്ലെങ്കിൽ അവർ ചോദിച്ചാൽ ഞാനവരോട് കള്ളം പറയേണ്ടതായിവരും. അത് താങ്കൾക്ക് നൽകിയ വാഗ്ദാനത്തിന് വിരുദ്ധമായിത്തീരും. അതുമല്ലെങ്കിൽ ഞാനെന്റെ പാപം താങ്കളുടെ മുമ്പാകെ ഏറ്റു പറയേണ്ടതായിവരും. ഇങ്ങനെ, ഞാൻ താങ്കളോടുള്ള പ്രതിജ്ഞക്കും, മദ്യപാനം, വ്യഭിചാരം എന്നിവയിൽ മുഴുകണമെന്ന അഭിലാഷത്തിനുമിടയിൽ ഒരു സമരം തന്നെ നടത്തി. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഈ ദുശ്ശീലങ്ങളിൽ ലയിക്കുക എന്ന സ്വഭാവം എന്നിൽനിന്നും വിട്ടുമാറുവാൻ തുടങ്ങി. അങ്ങനെ ഞാൻ കള്ളം പറയുകയില്ല എന്ന എന്റെ പ്രതിജ്ഞ, മറ്റു രണ്ട് തെറ്റുകൾ ചെയ്യുന്നതിൽ നിന്നും എന്നെ രക്ഷിച്ചു..

## അതിജിജ്ഞാസ

നബി(സ) ജനങ്ങൾ അതിജിജ്ഞാസ കാണിക്കുന്നതിനെതിരെ ശക്തമായി ഉപദേശിക്കുകയും അന്യോന്യം നല്ല കാര്യങ്ങൾ മാത്രം ചിന്തിക്കുവാനാവശ്യപ്പെടുകയും ചെയ്തു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി തിരുമേനി(സ) പറഞ്ഞു, "മറ്റുള്ളവരുടെ കുറ്റങ്ങളെയും കുറവുകളെയും പറ്റി പരിചിന്തനം നടത്തുന്നതിൽ നിന്നും നിങ്ങൾ സ്വയം രക്ഷനേടുക, കാരണം ഇതേറ്റവും വലിയ പാപമാകുന്നു. നിങ്ങൾ അന്യോന്യം ചുഴിഞ്ഞുനോക്കുന്നതിലും അവഹേളനാത്മകമായ വിശേഷണപദങ്ങളുപയോഗിക്കുന്നതിലും നിന്ന് അകലുക, നിങ്ങൾ അസൂയാലുക്കളാകരുത്, അവജ്ഞയുണ്ടാക്കുകയുമരുത്. നിങ്ങളോരോരുത്തരും സ്വയം ഞാൻ അല്ലാഹുവിന്റെ ദാസനാണെന്ന് കരുതുക. അല്ലാഹുവിന്റെ ആജ്ഞപ്രകാരം മറ്റുള്ളവരെ സഹോദരൻമാരാണെന്ന് കണക്കാക്കുക. ഓർക്കുക, ഓരോ മുസ്ലിമും മറ്റൊരു മുസ്ലിമിന്റെ സഹോദരനാകുന്നു. ഒരു മുസ്ലിം മറ്റൊരുവനെതിരെ അതിക്രമം കാണിക്കരുത്. ആപത്തു വരുമ്പോൾ പിന്മാറിക്കളയുകയുമരുത്, ധനശേഷി കുറഞ്ഞവരോടും അറിവില്ലാത്തവരോടും മറ്റു ബലഹീനരോടും കാർക്കശ്യത്തോടെ പെരുമാറരുത്. പരിശുദ്ധി ഹൃദയത്തിൽ നിന്നും ഉത്ഭവിക്കുന്നു. നിങ്ങളുടെ സഹോദരനിൽ നിന്നും മുഖം തിരിച്ചാൽ, അതുമതി, ആ മനുഷ്യന്റെ ഹൃദയത്തെ അശുദ്ധമാക്കാൻ. ഓരോ മുസ്ലിമും മറ്റൊരു മുസ്ലിമിന്റെ ജിവിതവും മാന്യതയും സ്വത്തും, പവിത്രമായും അഭേദ്യമായും കണക്കാക്കേണ്ടതാണ്. അല്ലാഹു നിങ്ങളുടെ ദേഹത്തെയോ മുഖഭാവത്തെയോ ബാഹ്യചേഷ്ടകളെയോ അല്ല, നിങ്ങളുടെ ഹൃദയങ്ങളെയാണ് നോക്കികാണുന്നത്."*(മുസ്ലിം)*

## തുറന്ന മനസ്സോടെയുള്ള പെരുമാറ്റം

മുസ്ലിംകൾ വ്യാപാരങ്ങളിൽ ചതിയും വഞ്ചനയും കാണിക്കുന്നതിനെതിരെ നബിതിരുമേനി(സ) ഉത്കണ്ഠ കാണിച്ചിരുന്നു. ഒരിക്കൽ നബി(സ) ചന്തസ്ഥലത്തുകൂടി നടന്നുപോകുമ്പോൾ ലേലം വിളിച്ച് വില്ക്കുവാനായി ധാന്യം കൂമ്പാരമായി കൂട്ടിയിരിക്കുന്നത് കാണുവാനിടയായി. അദ്ദേഹം ധാന്യകൂമ്പാരത്തിനുള്ളിലേക്ക് കൈകടത്തി നോക്കിയപ്പോൾ പുറമെ ഉണക്കമുള്ളതായിരുന്നെങ്കിലും ഉൾഭാഗത്ത് ധാന്യം നനവുള്ളതായി കണ്ടു. ഉടനെ നബി(സ) കാരണം അന്വേഷിച്ചു. പെട്ടെന്നുള്ള മഴ കാരണമാണ് ഇങ്ങനെ സംഭവിച്ചതെന്ന് ധാന്യത്തിന്റെ ഉടമസ്ഥൻ തിരുമേനി(സ)യോട് വിശദീകരിച്ചു. അങ്ങനെയാണെങ്കിൽ നിങ്ങൾ നനഞ്ഞ ധാന്യത്തിന്റെ അട്ടി പുറമെ കാണത്തക്കവണ്ണം ഇടേ

ണ്ടതാണെന്നും എങ്കിൽ ഇത് വാങ്ങാൻ വരുന്ന വ്യക്തിക്ക് ധാന്യത്തിന്റെ ശരിയായ ഗുണനിലവാരം മനസ്സിലാക്കാൻ സാധിക്കുമെന്നും തിരുമേനി(സ) ആ വ്യാപാരിയോട് പറഞ്ഞു. നബി(സ) തുടർന്നു, “മറ്റുള്ളവരോട് നീതിരഹിതമായുള്ള ഇടപാടുകൾ നടത്തുന്നവന് സമുദായത്തിലെ ഉപകാരിയായ അംഗമായിത്തീരുവാൻ ഒരിക്കലും സാധിക്കയില്ല”. *(മുസ്‌ലിം)* വാണിജ്യവും തൊഴിലും വഞ്ചനാത്മകമായ പ്രക്രിയയിൽ നിന്നും വിമുക്തമായിരിക്കണമെന്ന് നബി(സ) നിഷ്ക്കർഷിച്ചു. സാധനങ്ങൾ വാങ്ങുന്നവർക്ക്, അവർ വാങ്ങുന്ന സാധനങ്ങൾ സൂക്ഷ്മമായി പരിശോധിക്കുവാനുള്ള അവസരം നൽകണമെന്ന് നിർദ്ദേശിക്കുകയും ഒരാളുമായി കച്ചവടമുറപ്പിക്കുവാനുള്ള കൂടിയാലോചന നടക്കുന്നതിനിടയിൽ വേറൊരു വ്യക്തിയുമായി കൂടിയാലോചന നടത്തുവാൻ തുടങ്ങുന്നതിനെ വിലക്കുകയും ചെയ്തു. വിപണിയിലുള്ള വസ്തുക്കൾക്ക് വിലക്കയറ്റമുണ്ടാക്കണമെന്ന ഉദ്ദേശത്തോടെ ചരക്കുകൾ അമിതമായി സംഭരിച്ചുവെക്കുന്നതിനെ നബി(സ) വിരോധിക്കുകയും സാധനങ്ങൾ തടസ്സമന്യെ ചന്തയിൽ എത്തിച്ചുകൊണ്ടിരിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തു.

## ദോഷൈകദൃഷ്ടിത്വം (Pessimism)

നബിതിരുമേനി(സ) ദോഷൈകദൃഷ്ടിത്വം (ലോകം മുഴുവൻ നന്മയേക്കാൾ തിന്മനിറഞ്ഞതാണെന്ന വിശ്വാസം) ഒരിക്കലും അംഗീകരിച്ചിരുന്നില്ല. ഇത് ജനങ്ങളിൽ പ്രചരിപ്പിക്കുന്നവരാണ് യഥാർത്ഥത്തിൽ ജനങ്ങളുടെ അധ:പതനത്തിന് ഉത്തരവാദികൾ എന്ന് നബി(സ) പറയാറുണ്ടായിരുന്നു. കാരണം ഈ വിശ്വാസം മനുഷ്യരെ നിരുത്സാഹപ്പെടുത്തുകയും മനുഷ്യപുരോഗതിക്ക് വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നു. (മുസ്‌ലിം) അവിടന്ന് ഒരു വശത്ത് അഹംഭാവത്തിനും ആത്മപ്രശംസക്കുമെതിരെയും മറുവശത്ത് ദോഷൈകദൃഷ്ടിത്വത്തിനെതിരെയും ശക്തമായി താക്കീത് ചെയ്തു. ഇവ രണ്ടിനുമിടയിൽ മിതമായ ഒരു പാത സ്വീകരിക്കുവാൻ നബിതിരുമേനി(സ) ജനതയെ ഉപദേശിച്ചു. തങ്ങളുടെ ശ്രമങ്ങൾക്ക് അല്ലാഹു നല്ല ഫലം നൽകിക്കൊണ്ട് അനുഗ്രഹങ്ങൾ ചൊരിയുമെന്ന ആത്മവിശ്വസത്തോടെ മുസ്‌ലിംകൾ ജീവിക്കണം. ഓരോരുത്തരും കഠിനാദ്ധ്വാനത്തിലൂടെ മുന്നേറുകയും ചെയ്യണം. അതേസമയം എല്ലാവരും അഹംഭാവമെന്ന വികാരത്തിൽ നിന്നും ആത്മപ്രശംസയിൽ നിന്നും അകന്നു നില്ക്കേണ്ടതുമാണ്.

## മൃഗങ്ങളോടുള്ള ക്രൂരത

മൃഗങ്ങളോട് ക്രൂരത കാണിക്കുന്നതിനെതിരെ നബി(സ) താക്കീത് നൽകുകയും അവയോട് കാരുണ്യപൂർവ്വം പെരുമാറണമെന്ന് ഉപദേ

ശിക്കുകയും ചെയ്തു. ഒരു പൂച്ചയെ പട്ടിണിക്കിട്ട് കൊന്നുവെന്ന കാരണത്താൽ ഒരു ജൂതസ്ത്രീ അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമായ സംഭവം ഉദാഹരണമായി നബിതിരുമേനി(സ) എടുത്തുദ്ധരിക്കുമായിരുന്നു. കൂടാതെ, ആഴമുള്ള ഒരു കിണറ്റിന്നരികെ ദാഹിച്ചു വലഞ്ഞു നിൽക്കുന്ന നായയെക്കണ്ട ഒരു സ്ത്രീയുടെ കഥയും നബി (സ) എടുത്ത് പറയുമായിരുന്നു. ആ സ്ത്രീ തന്റെ ഷൂ അഴിച്ച് കിണറ്റിലേക്ക് താഴ്ത്തിക്കൊണ്ട് അല്പം വെള്ളം വലിച്ചെടുത്ത് ദാഹിച്ചു വലഞ്ഞ ആ നായക്ക് നൽകി. ഈ സൽപ്രവൃത്തി കാരണം ആ സ്ത്രീ ചെയ്ത എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തു കൊടുക്കുന്നതിന് കാരണമായി.

അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) നിവേദനം ചെയ്യുന്നു. “ഞങ്ങൾ ഒരിക്കൽ റസൂൽ തിരുമേനി (സ)യോടൊപ്പം യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ ഞങ്ങൾ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെ ഒരു കൂട്ടിനകത്ത് കാണുകയും അവയെ പിടിക്കുകയും ചെയ്തു. അവ രണ്ടും വളരെ ചെറുതായിരുന്നു. അവയുടെ തള്ളപ്പക്ഷി കൂട്ടിലേക്ക് തിരിച്ചുവന്നപ്പോൾ കുഞ്ഞുങ്ങളെ കാണായ്കയാൽ അത് നിയന്ത്രണം വിട്ട നിലയിൽ വട്ടമിട്ട് പറക്കുവാൻ തുടങ്ങി. തള്ളപ്രാവിന്റെ വെപ്രാളം നബി(സ) ന്റെ ദൃഷ്ടിയിൽപ്പെട്ടപ്പോൾ ആ പുണ്യാത്മാവ് പറഞ്ഞു, ‘ഈ പക്ഷിയുടെ കുഞ്ഞുങ്ങളെ നിങ്ങളാരെങ്കിലും പിടിച്ചിട്ടുണ്ടോ എങ്കിൽ അതിനെ ഉടനെ സ്വതന്ത്രമാക്കി വിടുക. (അബുദാവൂദ്) അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ഇങ്ങനെയും നിവേദനം ചെയ്യുന്നു. “ഒരിക്കൽ ഒരു ഉറുമ്പിൻപുറ്റ് കണ്ടപ്പോൾ ചിലർ അതിന്റെ മുകളിൽ കുറച്ച് ചില്ലകൾ കൂട്ടിവച്ച് തീകൊടുക്കുകയുണ്ടായി. ഇക്കാരണത്താൽ നബി(സ) അവരെ കഠിനമായി ശാസിച്ചു. വേറൊരിക്കൽ മുഖത്ത് തീപൊള്ളിച്ച വടുവുമായി ഒരു കഴുതയെ നബി(സ) കണ്ടു. അദ്ദേഹം ഇതിനുള്ള കാരണം തിരക്കി. ഉന്നത കുടുംബത്തിൽ വളർത്തുന്ന മൃഗങ്ങളെ തിരിച്ചറിയുവാനായി റോമക്കാർ ഇങ്ങനെ ചെയ്യാറുണ്ടെന്ന് പ്രസ്താവിക്കപ്പെട്ടു. മുഖം ഒരു ജീവിയുടെ ദേഹത്തിന്റെ ഏറ്റവും മൃദുലമായ ഭാഗമാണെന്നും അതിനാൽ മൃഗങ്ങളുടെ മുഖത്ത് ഇങ്ങനെ പൊള്ളിക്കരുതെന്നും, അഥവാ അങ്ങനെ തിരിച്ചറിയാനായി അടയാളമിട്ടേ തീരു എന്നുണ്ടെങ്കിൽ അത് നിതംബഭാഗത്ത് മാത്രമേ ചെയ്യാവു എന്നും നബി (സ) നിർദ്ദേശിച്ചു. (അബുദാവൂദ്, തിർമദി) അതിന്നുശേഷം മുസ്ലിംകൾ മൃഗങ്ങളുടെ നിതംബത്തിനു മാത്രം ചൂട് പൊള്ളിച്ച് അടയാളമിടുവാൻ തുടങ്ങി. ഈ മുസ്ലിം ആചാരത്തെ അനുകരിച്ചുകൊണ്ട് യൂറോപ്യൻമാരും പിന്നീട് ഇങ്ങനെ ചെയ്യുവാൻ തുടങ്ങി.

## മതകാര്യങ്ങളിലുള്ള സഹിഷ്ണുത

നബി(സ) തിരുമേനി മതകാര്യങ്ങളിൽ അങ്ങേയറ്റം സഹിഷ്ണുത കാണിക്കണമെന്ന് ഊന്നിപ്പറയുക മാത്രമല്ല അതിന്ന് ഉത്തമമായ മാതൃക കാണിക്കുക കൂടി ചെയ്തു. ഒരിക്കൽ നജ്റാനിൽ നിന്നുള്ള ഒരു ക്രൈസ്തവ സംഘം മതകാര്യങ്ങളിൽ അഭിപ്രായ വിനിമയം നടത്തുവാനായി മദീനയിൽ നബി(സ)യുടെ അടുത്ത് വരികയുണ്ടായി. ആ സംഘത്തിൽ പല വൈദികരുമുണ്ടായിരുന്നു. പള്ളിയിൽ വച്ച് നടന്ന ആ സംഭാഷണം പല മണിക്കൂറുകൾ നീണ്ടുപോയി. ആ ദൗത്യസംഘത്തിന്റെ തലവൻ ദൂരെ സൗകര്യമുള്ള സ്ഥലത്ത് തങ്ങളുടെ മതാചാരപ്രകാരമുള്ള പ്രാർത്ഥന നടത്തുന്നതിനായി, പള്ളി വിട്ടു പോകാൻ അനുവാദം ചോദിച്ചു. പ്രാർത്ഥനക്കായി മുസ്‌ലിംകളുടെ പള്ളിവിട്ട് പോകേണ്ടുന്ന ആവശ്യമില്ലെന്നും ഈ പള്ളി അല്ലാഹുവിനെ ആരാധിക്കാനുള്ള സ്ഥലം തന്നെയാണെന്നും അവർക്ക് ഈ മുസ്‌ലിം ദേവാലയത്തിൽ വെച്ചുതന്നെ തങ്ങളുടെ കുർബാന നടത്താവുന്നതാണെന്നും നബിതിരുമേനി (സ)അവരോട്പറയുകയുണ്ടായി. *(സുർഖാനി)*

## ധീരത

റോമക്കാർ ആക്രമണത്തിനായി ഒരു വലിയ സൈന്യവ്യൂഹത്തെ ഒരുക്കികൊണ്ടിരിക്കുകയാണ് എന്ന കിംവദന്തി ഒരിക്കൽ മദീനയിലാകെ പരന്നു. അതിനാൽ മുസ്‌ലിംകൾ രാത്രി സമയത്ത് പ്രത്യേകം ജാഗ്രത പുലർത്തിയിരുന്നു. ഒരു രാത്രി മരുഭൂപ്രദേശത്ത് നിന്നും ഒരു ഇരമ്പൽ ശബ്ദം കേൾക്കുകയുണ്ടായി. മുസ്‌ലിംകൾ വീട് വിട്ട് പുറത്തിറങ്ങുകയും അവരിൽ ചിലർ പള്ളിയിൽ സമ്മേളിച്ചുകൊണ്ട് അടിയന്തിരഘട്ടത്തിൽ വേണ്ടുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുവാനായി നബി (സ) യുടെ വരവും കാത്തിരിക്കുകയും ചെയ്തു. കോലാഹലം കേട്ട ഭാഗത്തുനിന്നും നബി തിരുമേനി (സ) കുതിരപ്പുറത്ത് വരുന്നതാണ് അവർ കണ്ടത്. ആ ശബ്ദം കേട്ട ഉടനെതന്നെ നബി(സ) കുതിരപ്പുറത്ത് കയറികൊണ്ട് വല്ല അടിയന്തിരാവസ്ഥയുമുണ്ടോ എന്നറിയുവാൻ വേണ്ടി ശബ്ദമുയർന്ന ഭാഗത്തെ ലക്ഷ്യമാക്കി പോയി മടങ്ങിവരികയായിരുന്നു എന്ന് അനുയായികൾ മനസ്സിലാക്കി. അനുയായികളെ അത്യാവശ്യമുണ്ടെങ്കിൽ മാത്രം കൂട്ടിക്കൊണ്ടുപോയാൽ മതിയല്ലോ എന്നുകരുതിക്കൊണ്ട് നബി(സ) അവരെ കാത്തുനില്ക്കാതെ ഒറ്റക്ക് കുതിക്കുകയാണ് ചെയ്തത്. പള്ളിയിൽ തിരിച്ചുവന്ന നബി(സ) യാതൊരു ആപൽ സൂചനയുമില്ലെന്ന് അനുചരർക്ക് ഉറപ്പ് നൽകുകയും എല്ലാവർക്കും അവരവരുടെ വീടുകളിലേക്ക് മടങ്ങിപ്പോയി സുഖമാ

യുറങ്ങാമെന്ന് അവരെ ധൈര്യപ്പെടുത്തുകയും ചെയ്തു.*(ബുഖാരി)*

## സംസ്കാരരഹിതരുടെ നേരെയുള്ള പരിഗണന

എങ്ങനെ പെരുമാറണമെന്നറിയാത്തവരും സാംസ്ക്കാരികമായി വേണ്ടത്ര ശിക്ഷണം ലഭിച്ചിട്ടില്ലാത്തവരുമായ ആളുകളോട് അദ്ദേഹം പ്രത്യേകം പരിഗണന കാണിച്ചിരുന്നു. ഒരു മരുഭൂനിവാസിയും പുതുതായി ഇസ്ലാമിൽ പ്രവേശിച്ച വ്യക്തിയുമായ ഒരാൾ ഒരിക്കൽ നബിതിരുമേനി (സ) യുടെ സന്നിധിയിൽ പള്ളിയിലിരിക്കുകയായിരുന്നു. ആ മനുഷ്യൻ എഴുന്നേറ്റുപോയി പള്ളിയുടെ ഒരു മൂലയിലിരുന്ന് മൂത്രമൊഴിക്കുവാൻ തുടങ്ങി. പെട്ടെന്ന് നബി(സ)യുടെ അനുയായികളിൽ ചിലർ എഴുന്നേറ്റ്പോയി അയാളെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചു. മൂത്രമൊഴിക്കുന്നതിന്നിടയിൽ പെട്ടെന്ന് തടഞ്ഞാൽ അയാൾക്ക് അസുഖമുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് നബി(സ) അവരെ തടഞ്ഞു. അയാളെ വെറുതെ വിടുവാനും പള്ളി പിന്നീട് കഴുകി വൃത്തിയാക്കുവാനും നബി(സ) അനുയായികളോട് പറയുകയും ചെയ്തു.

## പ്രതിജ്ഞ പൂർത്തിയാക്കൽ

പ്രതിജ്ഞകൾ പൂർത്തിയാക്കുന്ന കാര്യത്തിൽ നബി(സ) പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. ഒരിക്കൽ ഒരു പ്രത്യേക ദൗത്യവുമായി ഒരു സന്ദേശവാഹകൻ നബിതിരുമേനി(സ)യുടെ അടുക്കൽ വന്നു. അയാൾ അല്പദിവസം നബി(സ)യുടെ കൂടെ കഴിച്ചുകൂട്ടി. ഇസ്ലാം മതത്തിന്റെ സത്യം താൻ പൂർണ്ണമായും മനസ്സിലാക്കിയെന്നും അതിനാൽ താനതിൽ അടിയുറച്ചു നിൽക്കുവാനായി ആഗ്രഹിക്കുന്നുവെന്നും അയാൾ അറിയിച്ചു. പക്ഷേ, അദ്ദേഹം ഒരു പ്രതിനിധിയെന്ന നിലയിൽ വന്നിരിക്കുന്നതിനാൽ ഇങ്ങനെ മതപരിവർത്തനം ചെയ്യുന്നത് ഉചിതമായിരിക്കയില്ലെന്നും ഒരു പുതിയ ബന്ധം സ്ഥാപിക്കാതെ തന്നെ തന്റെ ഗവർമെന്റ് ഹെഡ്ക്വാർട്ടേഴ്സിലേക്ക് തിരിച്ചുപോകാൻ അയാൾ ബാദ്ധ്യസ്ഥനാണെന്നും നബി(സ) അയാളെ അറിയിച്ചു. വീട്ടിലേക്ക് തിരിച്ചു പോയ ശേഷവും ഇസ്ലാമിലുള്ള സത്യത്തിൽ വിശ്വാസം നിലനില്ക്കുന്നുണ്ടെങ്കിൽ ഒരു സ്വതന്ത്രവ്യക്തിയെന്ന നിലയിൽ തിരികെ വന്നുകൊണ്ട് തന്റെ വിശ്വാസം പ്രഖ്യാപിക്കാവുന്നതാണെന്നും അയാളോട് പറയുകയുണ്ടായി. *(അബൂദാവൂദ്)*

## മനുഷ്യ സേവകരോടുള്ള പരിഗണന

തങ്ങളുടെ സമയവും സമ്പത്തും മനുഷ്യരുടെ നന്മക്കായി അർപ്പണം ചെയ്ത വ്യക്തികളോട് നബി(സ) പ്രത്യേകം പരിഗണന കാണിച്ചിരുന്നു. അറബ് ഗോത്രമായ 'ബനൂതായി' നബി തിരുമേനി (സ)യോട്

ശത്രുത പുലർത്തുകയും തുടർന്നു നടന്ന യുദ്ധത്തിൽ അവരുടെ സേന ദയനീയമായി പരാജയമടയുകയും ചിലർ തടവുകാരായി പിടിക്കപ്പെടുകയുമുണ്ടായി. അങ്ങനെ തടവുകാരായി പിടിക്കപ്പെട്ടവരിൽ, അറബികൾക്കിടയിൽ ഉദാരമനസ്കതയിൽ പ്രത്യേകം വ്യക്തിമുദ്ര പതിപ്പിച്ചിരുന്ന ഹാത്തിംതായിയുടെ മകളുമുണ്ടായിരുന്നു. ഹാത്തിമിന്റെ മകൾ റസൂൽ തിരുമേനി(സ)യെ, തന്റെ പൂർവ്വികരുടെ പദവിയും സ്ഥാനവും വിശദമായി അറിയിച്ചപ്പോൾ, അവളെ പ്രത്യേക പരിഗണനയോടെ സ്വീകരിക്കുകയും, അവളുടെ ഇടപെടൽ കാരണത്താൽ, അവളുടെ അക്രമം മൂലം അവരുടെ ആൾക്കാരായ തടവുകാരുടെ മേൽ ചുമത്തിയിരുന്ന എല്ലാ പിഴകളും നബി(സ) സ്വയം അടക്കുകയും ചെയ്തു. (ഹൽഹബി)

## എന്റെ ഗുരു

ആരുടെ തേജസ്സിപ്പാരിടത്തെ
ആഭായമാക്കുന്നതെന്റെ ഗുരു!
നാമാഭിധാനം മുഹമ്മദു താൻ
പ്രാണപ്രിയനിതു തന്നെയല്ലോ!
ആ ദിവ്യദീപ്തിയ്ക്കു മുമ്പിലിതാ
തെണ്ടമാക്കീടുന്നെൻ ജീവഭാരം
ഞാനെന്റെ പ്രാണനാം നായകന്റെ
സ്വന്തമായി കഴിഞ്ഞുവല്ലോ!
അങ്ങാണ്! ഞാനൊരു തുച്ഛനത്രെ
മതി, മതി, വിധിയിതുതന്നെയല്ലോ!

ഹദ്റത്ത് അഹ്മദ് (അ)

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

സയ്യിദുനാ **ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)** തിരുമേനിയുടെ പ്രവചനപ്രകാരം ആഗതരായ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ് (അ) മുഖേന സ്ഥാപിക്കപ്പെട്ട പ്രസ്ഥാനമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. ദീനുൽ ഇസ്‌ലാമിന്റെ ആഗോള വിജയത്തിനുവേണ്ടി ഒരു ഖലീഫയുടെ നേതൃത്വത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അനുപദം മുന്നേറുകയാണ്.

5 ഭൂഖണ്ഡങ്ങളിലെ 202 രാജ്യങ്ങളിൽ നൂറ്കണക്കിന് ഇസ്‌ലാം മത പ്രചാരകരെ വിന്യസിച്ച് മനുഷ്യാത്മാവിനേയും ധിഷണയേയും ചലനം കൊള്ളിക്കുന്ന അനിഷേധ്യമായ ഇസ്‌ലാമിക സാഹിത്യങ്ങൾ പ്രചരിപ്പിച്ചും ഇലക്ട്രോണിക് ഉപഗ്രഹ വാർത്താ മാധ്യമങ്ങൾ ഉപയോഗപ്പെടുത്തിയും **നബി(സ) തിരുമേനി**യുടെ അജയ്യമായ സത്യപതാക ലോകത്തിന്റെ നെറുകയിൽ നാട്ടാൻ സുദൃഢമായ ചുവടുവെപ്പുകളിലൂടെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മുന്നോട്ടു കുതിക്കുകയാണ്.

സയ്യിദുനാ ഹദ്റത്ത് **മുഹമ്മദ് മുസ്തഫാ (സ)** തിരുമേനിയുടെ വിയോഗാനന്തരം ഹദ്റത്ത് അബൂബക്കർ (റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉസ്മാൻ(റ), ഹദ്റത്ത് അലി(റ) എന്നീ സച്ചരിതരായ ഖലീഫമാർ അനുക്രമം അവരോധിതരായി. ഇതിനുശേഷം **റസൂൽ (സ) തിരുമേനി** ദീർഘദർശനം ചെയ്തതു പോലെ രാജ്യാധിപത്യത്തിന്റെയും ഏകാധിപത്യത്തിന്റെയും മാർഗത്തിലേക്ക് ഇസ്‌ലാമിക ഖിലാഫത്തിന് ഗതിഭ്രംശം സംഭവിച്ചു. അമവിയ്യ, അബ്ബാസിയ്യ ഖിലാഫത്തുകൾക്ക് ശേഷം പതിമൂന്ന് നൂറ്റാണ്ടുകൾ കഴിഞ്ഞ് ഒന്നാം ലോക മഹായുദ്ധത്തോടുകൂടി ഇസ്‌ലാമിക ചൈതന്യം പൂർണ്ണമായി നശിച്ച് ഉസ്മാനിയ ഖിലാഫത്തും തിരോഭവിക്കുകയുണ്ടായി. ഇക്കാലഘട്ടത്തിൽത്തന്നെ വിശുദ്ധഖുർആന്റെയും റസൂൽ (സ) തിരുമേനിയുടെയും പ്രവചനപ്രകാരം വാഗ്ദത്ത മഹ്ദിയും മസീഹുമായി ഹദ്റത്ത് അഹ്മദ് (അ)നെ അല്ലാഹു നിയോഗിക്കുകയും നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് (ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ) പുനസ്ഥാപിക്കപ്പെടുകയും ചെയ്തു.

1908ൽ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ് (അ)ന്റെ വിയോഗാനന്തരം ഹദ്റത്ത് അൽഹാജ് മൗലാനാ ഹകീം നൂറുദ്ദീൻ(റ) ഖലീഫയായി നിയോഗിതനായി. തുടർന്ന് യഥാക്രമം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ), ഹദ്റത്ത് ഹാഫിസ് മിർസാ നാസിർ അഹ്മദ് (റ), ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്) എന്നിവർ ഖിലാഫത്തിന്റെ അനുഗൃഹീത പദവിയിൽ നിയോഗിതരായി. 2003 ഏപ്രിൽ 23ന് അഞ്ചാമത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ഖിലാഫത്ത് പദവിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഖലീഫാ തിരുമനസിന്റെ ദിവ്യ നേതൃത്വത്തിൽ തൗഹീദിന്റെ ധ്വജവാഹകരായിക്കൊണ്ട് ഈ ദൈവീക ജമാഅത്ത് അതിശീഘ്രം മുന്നേറുകയാണ്.